വാഴൂർ ഗ്രാമപഞ്ചായത്ത്

വികസനരേഖ

57--

വാഴൂർ ഗ്രാമപഞ്ചായത്ത്

വികസന രേഖ

1996

Printed at Learners' Offset Press, CMS College Road, Kottayam © 567438

കോട്ടയം ജില്ല



വാഴൂർ ഗ്രാമപഞ്ചായത്ത് വികസനരേഖ

വാഴൂർ ഗ്രാമപഞ്ചായത്ത്

വാഴൂർ ഗ്രാമപഞ്ചായത്ത് വികസനരേഖ

വാഴൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി

ശ്രീമതി ശാരദാ രവീന്ദ്രൻ
വൈസ് പ്രസിഡൻറ്
(വാർഡ് 6)

ശ്രീമതി തങ്കമ്മ അലക്സ് കരുനാട്ട്
പ്രസിഡൻറ്
(വാർഡ് 3)

ടി.എം. മാത്യു, താരാമംഗലം
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ
(വാർഡ് 10)



ശ്രീ. കെ.കെ. സുരേഷ്
(വാർഡ് 1)



ശ്രീ. കെ.ആർ. മോഹൻകുമാർ
കുന്നേൽ പുറന്തറ
(വാർഡ് 2)

ശ്രീമതി കുഞ്ഞുഞ്ഞമ്മ ടീച്ചർ
(വാർഡ് 4)

ശ്രീമതി ടി.ജി. പൊന്നമ്മ
തൈയ്ക്കാത്ത്
(വാർഡ് 5)

ശ്രീ. കെ.എൻ. ആൻറണി
കടപ്പൂര് (വാർഡ് 7)



ശ്രീ. കെ.എസ്. ശിവപ്രസാദ്
പൊട്ടനാനിയിൽ (വാർഡ് 8)



ശ്രീ. പി. റ്റി. തോമസ്, പൂനാട്ട്
(വാർഡ് 9)

ഈ പഞ്ചായത്തിൽ ഉൾപ്പെടുന്ന ജനപ്രതിനിധികൾ



രമേശ് ചെന്നിത്തല എം.പി.



പ്രൊഫ. കെ. നാരായണക്കുറുപ്പ് എം.എൽ.എ.

അഡ്വ. കെ.പി. ശ്രീകുമാർ
ജില്ലാ. പഞ്ചാ. സ്റ്റാൻറിംഗ് കമ്മറ്റി
ചെയർമാൻ

ശ്രീമതി. എം.എച്ച്. റംല
ജില്ലാ പഞ്ചാ. മെമ്പർ



ശ്രീ. മോഹൻ ചേന്ദംകുളം
ബ്ലോക്ക്. പഞ്ചാ. വൈസ് പ്രസിഡൻറ്

ശ്രീമതി. ആൻസി ജയിംസ്
ബ്ലോക്ക് പഞ്ചാ. മെമ്പർ

സ്വാതന്ത്ര്യ സമരസേനാനിയും
ആഭ്യന്തരമന്ത്രിയുമായിരുന്ന
ശ്രീമത് പി.ടി. ചാക്കോ

പ്രഥമ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. പി.റ്റി. വർക്കി പുനാട്ട്
തിരുവിതാംകൂർ രാജപ്രമുഖനുമൊത്ത്

വാഴൂർ ഗ്രാമപഞ്ചായത്തിലെ മുൻ പ്രസിഡൻറുമാർ

ശ്രീ. പി. റ്റി വർക്കി പൂനാട്ട്
1953 - 1960
17.7.53 - 8.10.60



ശ്രീ. കെ.ജെ. ഐപ്പ്
1961 - 1963
15.2.1961 - 18.12.63



ശ്രീ. പി.ആർ. ഗോവിന്ദൻ നായർ
പനച്ചിക്കൽ
1963 - 65 (19.12.63 - 15.6.65)



ശ്രീ. ടി.എം. മാത്യു
താരാമംഗലം
1965-1986 (27.9.65 - 86)



ശ്രീ. ജോസഫ് സ്കറിയ
തഴയ്ക്കമറ്റം
1988-1989 (23.1.88 - 16.7.89)



ശ്രീ. ബാബു തോമസ്
വെട്ടുവേലിൽ
17.7.89 - 30.9. 91



ശ്രീ. തോമസ് തോമസ്
മൈലാങ്കൽ
30.9.91 - 30.9.95

ഉള്ളടക്കം

1. ആമുഖം
2. ചരിത്രപശ്ചാത്തലം
3. കൃഷിയും, ജലസേചനം, മൃഗസംരക്ഷണം, ക്ഷീരവികസനം
4. വ്യവസായം
5. സഹകരണം
6. വിദ്യാഭ്യാസം
7. ആരോഗ്യവും കുടിവെള്ളവും
8. ഊർജ്ജവും വാർത്താവിനിമയവും
9. ഗതാഗതം
10. പാർപ്പിടവും സാമൂഹ്യക്ഷേമവും
11. സംസ്കാരം
12. വനിത
13. പട്ടികജാതി/വർഗ്ഗ ക്ഷേമം
14. വിഭവസമാഹരണം

ആമുഖം

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണവും നിർവഹണവും, നമ്മുടെ സംസ്ഥാനത്ത് ജനപങ്കാളിത്തത്തോടെ നടപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ജനകീയ ആസൂത്രണ പ്രസ്താവനത്തിന് രൂപം നൽകിയത്. കൊല്ലവർഷം 1192 ചിങ്ങമാസം ഒന്നാം തീയതി 1996 ആഗസ്റ്റ് 17-ന് തിരുവനന്തപുരത്തു വച്ചാണിതിന്റെ ഉൽഘാടനം നടന്നത്.

വിഭവങ്ങൾ പരിമിതവും ആവശ്യങ്ങൾ അനവധിയും ആകുന്നതുകൊണ്ടാണ് പദ്ധതി നിർവഹണത്തിൽ ആസൂത്രണം വേണ്ടി വരുന്നത്. ഇതു വരെ പഞ്ചവത്സരപദ്ധതികൾ എല്ലാം കേന്ദ്രീകൃത രീതിയിലായിരുന്നു ആസൂത്രണം നടത്തിയിരുന്നത്. വിവിധ വകുപ്പുകൾ പരസ്പരബന്ധമില്ലാതെ തയ്യാറാക്കുന്ന പദ്ധതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തന്നെ നടപ്പാക്കുകയാണ് ചെയ്തിരുന്നത്.

ജനപങ്കാളിത്തത്തോടെ പദ്ധതികൾ നിർദ്ദേശിച്ചു പ്രോജക്ടുകൾ നടപ്പാക്കുക എന്നതാണ് ജനകീയ ആസൂത്രണപ്രസ്ഥാനത്തിൽ വിഭാവന ചെയ്യാതിരിക്കുന്നത്. ഇക്കാര്യത്തിൽ ജനങ്ങളെ പ്രാപ്തരാക്കാൻ ഉള്ള വൈദഗ്ദ്ധ്യവും ആഴമേറിയതുമായ പരിശീലന നടപടികളായിരുന്നു തുടർന്നു നടന്ന പ്രവർത്തനങ്ങൾ.

ഈ ഒന്നാം ഘട്ട പരിശീലനത്തെ തുടർന്നു 1996 ഒക്ടോബർ രണ്ടാം തീയതി ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്പെഷ്യൽ ഗ്രാമസഭകൾ ഉണ്ടായി. ഒമ്പതാം പഞ്ചവത്സരപദ്ധതി കാലത്ത് തങ്ങളുടെ വാർഡുകളിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ ഗ്രാമസഭകളിൽ നടന്ന വിവിധ വിഷയഗ്രൂപ്പുകളിൽ നിന്നും നിർദ്ദേശിക്കപ്പെട്ടു.

ഗ്രാമസഭകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെയും ദീർഘിത വിവരശേഖരണം പഠന പരിയടനം നിലവിലുള്ള പദ്ധതികളുടെ വിലയിരുത്തൽ, ചരിത്രപഠനം ഇവയിലൂടെ ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വികസന രേഖ തയ്യാറാക്കുക എന്നതാണ് ആദ്യ ഘട്ടം.

വൈദഗ്ദ്ധ്യമേറിയ പഠനവും അതിലേറെ ക്ഷമയോടെ ഉള്ള കഠിനാദ്ധ്വാനവും ആവശ്യമുള്ള പ്രവർത്തനങ്ങളാണ്, വികസന രേഖ തയ്യാറാക്കുന്നതിന് ആവശ്യം. ഇതിനാവശ്യമുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും രേഖ തയ്യാറാക്കുന്നതിനും നമ്മുടെ പഞ്ചായത്തിലെ വളരെ അധികം ജനങ്ങൾ നേരിട്ടും അല്ലാതെയും സഹകരിച്ചിട്ടുണ്ട്. അവരോടെല്ലാം പഞ്ചായത്തും പൊതുജനങ്ങളും കടപ്പെട്ടിരിക്കുന്നു. വിശദവും വസ്തുനിഷ്ഠവുമായ പഠനങ്ങളിലൂടെയും, ചർച്ചകളിലൂടെയും ഗവേഷണങ്ങളിൽ കൂടിയ ഈ രേഖ കൂടുതൽ സംപുഷ്ടവും വിപുലവും ആക്കേണ്ടതുണ്ട്. അതിനായി സഹകരിക്കണമെന്നും ഒമ്പത് പഞ്ചവത്സപദ്ധതി ജനകീയ പദ്ധതിയാക്കുന്നതിന് സങ്കുചിത വിഭാഗിയ ചിന്തകൾക്ക് അതീതമായി എല്ലാവരും കഴിയുംവിധം പ്രവർത്തനങ്ങൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

അല്പം വൈകിയാണെങ്കിലും ഈ വികസനരേഖ പുറത്തിറക്കാൻ സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്ന എല്ലാവർക്കും ഞാൻ കൃതജ്ഞതയോടെ സ്മരിക്കുന്നു.

വാഴൂർ
15-1-97

തങ്കമ്മ അലക്സ്
പഞ്ചായത്ത് പ്രസിഡൻറ്
വാഴൂർ

ചരിത്രപശ്ചാത്തലം



കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് വാഴൂർ ഗ്രാമപഞ്ചായത്ത്. വാഴ്വി -ന്റെ ഉര് - ഐശ്വര്യത്തിന്റെ ഗ്രാമം എന്നർത്ഥം വാഴൂരിനുണ്ട്. ഒരുകാലത്ത് ഈ പ്രദേശം ഐശ്വര്യ സമ്പൂർണ്ണമായിരുന്നു.

കാർഷികവൃത്തി ഒരു സാധനയും തപസ്യയും ആയി അംഗീകരിച്ചിട്ടുള്ള ആളുകളാണ് ഇവിടെയുള്ളത്. ഒരുകാലത്ത് അദ്ധ്വാനശീലരായ കൃഷീവലൻമാർ ഇവിടുത്തെ വയലുകളിൽ കരിമ്പും കാട് വെട്ടിത്തെളിച്ച് മുതിരയും വരകുംകൃഷിചെയ്തിരുന്നു. 500 വർഷം മുമ്പ് ഈ ദേശവാസികളിൽ ചിലർ തമിഴ്നാടുമായി വ്യാപാരബന്ധത്തിൽ ഏർപ്പെട്ടിരുന്നു. പൊൻകുന്നം, കാഞ്ഞിരപ്പള്ളി, തുടങ്ങിയ പ്രദേശങ്ങളിലൂടെയാണ് അക്കാലത്ത് വ്യാപാരികൾ തമിഴ്നാട്ടിലേക്ക് കാൽനടയായി യാത്രചെയ്തിരുന്നത്.

AD 1300കളിൽ നിലയ്ക്കൽ നിന്ന് വാഴൂരും, കാഞ്ഞിരപ്പള്ളിയിലും ആളുകൾ കുടിയേറിപ്പാർത്തിരുന്നതായി വിശ്വസിച്ചിരിക്കുന്നു. ഓച്ചിറ, കല്ലൂപ്പാറ, കായംകുളം, കോട്ടയം, തുമ്പമൺ, തോട്ടയ്ക്കാട്, പുതുപ്പള്ളി, പൂഞ്ഞാർ, പാലാ, മണർകാട്, വൈക്കം തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് അരനൂറ്റാണ്ടിന് മുമ്പ് അനേകം കുടുംബങ്ങൾ വാഴൂർ സ്ഥലംവാങ്ങി സ്ഥിരതാമസ് ആയി. ദൂരെനിന്നും വന്ന പലർക്കും എല്ലാവിധ സഹായസഹകരണങ്ങളും പ്രോത്സാഹനങ്ങളും ഇന്നാട്ടിലെ ഔദാര്യനിധികളും സംസ്കാരസമ്പന്നരുമായ സവർണ്ണ ഹിന്ദുക്കൾ ചെയ്തുകൊടുത്തു.

കെ. കെ. റോഡ് വെട്ടുന്നതിന് മുമ്പ് 3 അടിമാത്രം വീതിയുള്ള പാതയിലൂടെയാണ് ജനങ്ങൾ സഞ്ചരിച്ചിരുന്നത്. ബ്രിട്ടീഷുകാർ ഇൻഡ്യഭരിച്ചിരുന്ന അക്കാലത്ത് സായ്പൻമാരും മദാമ്മമാരും കുതിരപ്പുറത്ത് ഈ വഴിയിലൂടെ സവാരിചെയ്തു. ആ കാഴ്ച ഇവിടുത്തെ ബാലികമാർക്ക് ഒരു ഹരമായിരുന്നു. ശബരിമല തീർത്ഥാടകർ കാൽനടയായിട്ടാണ് പോയിരുന്നത്. കൊടുങ്ങൂർ ക്ഷേത്രപരിസരങ്ങളിലും മഠത്തിൽപുരയിടങ്ങിലും അവർ വിശ്രമം കണ്ടെത്തി.

ഹൈറേഞ്ചിൽ യൂറോപ്യൻമാർ വൻകിടതോട്ടങ്ങൾ ഉണ്ടാക്കിയതോടെയാണ് കെ. കെ. റോഡിന്റെ ആശയം ഉദിക്കുന്നത്. ആദ്യകാലത് പോത്തുവണ്ടികളിലൂടെയായിരുന്നു കെ. കെ. റോഡിലൂടെയുള്ള ഗതാഗതം. വില്ലുവണ്ടികളും അപൂർവ്വമായി കണ്ടിരുന്നു. കൊടുങ്ങൂർ മണിമല റോഡ് ഉണ്ടാകുന്നതിൽ ശ്രീ. മങ്ങാട്ട് ഗോവിന്ദപിള്ള വഹിച്ച പങ്ക് മറക്കാവുന്നതല്ല. റബ്ബർ, കാപ്പി, എന്നീ കൃഷികൾ ബ്രിട്ടീഷുകാർ പ്രോത്സാഹിപ്പിച്ചതോടെ കാർഷിക വ്യവസ്ഥയ്ക്ക് സാരമമായ മാറ്റം വരാൻ തുടങ്ങി.

ഹിന്ദുക്കളും ക്രിസ്ത്യാനികളും മുഹമ്മദീയരും ഏകോദര സഹോദരങ്ങളെപോലെയാണ് ഈ നാട്ടിൽ ജീവിക്കുന്നത്. സർവ്വ സമുദായ മൈത്രിക്ക് പണ്ടുമുതൽക്കെ പുകൾപെറ്റ പ്രദേശമാണ് വാഴൂർ.

മലയാളത്തിൽ ആദ്യം ബൈബിൾ വിവർത്തനം ചെയ്ത് ശ്രീ. ചാത്തുമേനോന്റെ (പിൽക്കാലത്ത് ജോസഫ്ഫെൻ) കുടുംബക്കാരിൽ ഭൂരിപക്ഷം പേരും വാഴൂരാണ് വസിക്കുന്നത്. വാഴൂർ ഗവൺമെന്റ് പ്രസ്സിന്റെ ശിലാസ്ഥാപനം നടന്ന അവസരത്തിൽ ശ്രീ. ഡി. സി. കിഴക്കേമുറി "ബൈബിൾ വിവർത്തനംകൊണ്ട് ശ്രദ്ധേയനായ ചാത്തുമേനോന്റെ കുടുംബക്കാർ പാർക്കുന്ന ഈ സ്ഥലത്ത് പ്രസ്സ് ആരംഭിക്കുന്നത് സുമിചതമാണ്" എന്ന് പ്രസ്താവിക്കുകയുണ്ടായി. "ആജ്ഞാനകൂടാരം" എന്ന ഭാഷ ഗാനത്തിന്റെ കർത്താവും ശ്രീ. ചാത്തുമേനോൻ തന്നെ. മഹാകവി ഉള്ളൂരിന്റെ കേരള സാഹിത്യ ചരിത്രത്തിലും ഈ കാവ്യത്തെപറ്റി പരാമർശിച്ചിട്ടുണ്ട്.

സാക്ഷരതയിൽ ഈ പ്രദേശം മുന്നിട്ട് നില്ക്കുന്നു. ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ പ്രാരംഭിക്കുന്ന അനേകം പേരുണ്ട്. എല്ലാ രാജ്യങ്ങളിലും

ജോലിചെയ്തു ജീവിക്കുന്ന വാഴൂർക്കാരെ കാണാം. അഭിഭാഷകർ, അദ്ധ്യാപകർ, എൻജിനീയർമാർ, ജഡ്ജിമാർ, കർഷകർ, ഡോക്ടർമാർ, പത്രപ്രവർത്തകർ, നിയമപാലകർ, വൈദികർ, അങ്ങനെ പോകുന്നു നീണ്ട പട്ടിക. അസ്യതത്തിന്റെ മഹാത്മ്യം മനസ്സിലാക്കിയവരാണവർ.

പഞ്ചായത്ത്

1953-ൽ വാഴൂർ പഞ്ചായത്ത് നിലവിൽവന്നു. ആദ്യത്തെ പ്രസിഡണ്ട് ശ്രീ. പി. റ്റി. വർക്കി പൂനാട് ആയിരുന്നു. അതിനുശേഷം ശ്രീ. കെ. ജെ. അയ്പ് കല്ലറയ്ക്കൽ, ശ്രീ. പി. ആർ ഗോവിന്ദൻ നായർ പനച്ചിക്കൽ, ശ്രീ. റ്റി. എം. മാത്യു താരാമംഗലം, ശ്രീ. ജോസഫ് സഖറിയ തഴയ്ക്കമറ്റം, ശ്രീ. ബാബുതോമസ് വെട്ടുവേലിൽ ശ്രീ. തോമസ് മൈലാങ്കൽ എന്നിവർ പ്രസിഡണ്ടുമാരായി സേവനം അനുഷ്ഠിച്ചു.

ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീമതി. തങ്കമ്മ അലക്സ് കരുന്നാട്ട് ആണ്. ഈ കാലയളവിൽ ഏറ്റവും കൂടുതൽക്കാലം (21 വർഷം) പ്രസിഡണ്ടായി സേവനം അനുഷ്ഠിച്ച വ്യക്തിയാണ് ശ്രീ. റ്റി. എം. മാത്യു താരാമംഗലം.

1991-ലെ കാനേഷുമാരികണക്കനുസരിച്ച് ഈ പഞ്ചായത്തിൽ 11212 പുരുഷന്മാരും 11372 സ്ത്രീകളും ഉൾപ്പെടെ ജനസംഖ്യ 22584 ആണ്.

പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ

വാഴൂർ പഞ്ചായത്തിന്റെ ഇടംപ്രദവുമുള്ള പ്രവർത്തനങ്ങൾകൊണ്ട് സാമൂഹികസാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ കാര്യമായ പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. കൊടുങ്ങൂരിന്റെ ഹൃദയഭാഗത്ത് 59 സെന്റ് സ്ഥലം റെവന്യൂ ഡിപ്പാർട്ട്മെന്റിൽനിന്നു പഞ്ചായത്തിന് വാങ്ങുവാൻ കഴിഞ്ഞു എന്നുള്ളത് സുപ്രധാന നേട്ടങ്ങളിലൊന്നാണ്. ഈ സ്ഥലത്ത് ആധുനിക രീതിയിലുള്ള ഒരു മൂന്ന് നിലകെട്ടിടം പണിയുവാൻ പഞ്ചാത്തിന് കഴിഞ്ഞു ഇപ്പോൾ പഞ്ചായത്തിന്റെ പ്രവർത്തനം മൂന്നാം നിലയിലാണ് പ്രവർത്തിക്കുന്നത്.. ചാമംപതാലിൽ 45 സെന്റ് സ്ഥലം മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനുവെണ്ടി വിലയ്ക്കുവാങ്ങിയിട്ടുണ്ട്. ചാമംപതാൽ ആയുർവേദ ആശുപത്രിക്ക്വേണ്ടി പൊതുജന പങ്കാളിത്തതത്തോടെ 25 സെന്റ് സ്ഥലം വാങ്ങിയതാണ്. മറ്റൊരു എടുത്തുപറയത്തക്കനേട്ടം.

പഞ്ചായത്തിന്റെ 96, 97 ലെ ബഡ്ജറ്റ് അനുസരിച്ചുള്ള വരുമാനം 60,41,362 രൂപയാണ്.

വിദ്യാഭ്യാസം.

1950 രൂപ ശേഷം ഈ രംഗത്ത് വാഴൂരിന്റെ മുഖചരായതന്നെ മാറി പല വിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാർ ഓഫീസുകളും വായനശാലകളും സാംസ്കാരിക കേന്ദ്രങ്ങളു ഉണ്ടായി. സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്തിൽ വാഴൂർ NSS കോളേജ്. തീർത്ഥ പാദപുരത്ത് സ്ഥിതി ചെയ്യുന്നു "കുതിരവെട്ടം" എന്നും തീർത്ഥപാദപുരത്തിനെ വിളിപ്പെരുണ്ട്. "കുതിരവെട്ടം" മാണ് പിൽക്കാലത്ത് കുതിരവട്ടമായി മാറിയതെന്നു കരുതുന്നു. ഒരു കാലത്ത് വാഴൂരിലെയും പ്രാന്തപ്രദേശങ്ങളിലെയും ശ്മശാനമായിരുന്നു. കുതിരവട്ടമിന്ന് ഒരു വൈജ്ഞാനിക മേഖലയായി പ്രശോഭിക്കുന്നു. പ്രശസ്ത നിലയിൽ പ്രവർത്തിക്കുന്ന മൂന്ന് ഹൈസ്കൂളുകൾ ഈ പഞ്ചായത്തിലുണ്ട്. എൻ. എസ്. എസ്. ഹൈസ്കൂൾ, ടി. പി. പുരം, സെന്റ് പോൾസ് ഹൈസ്കൂൾ പുളിക്കൽ കവല, ഗവണ്മെന്റ് ഹൈസ്കൂൾ കൊടുങ്ങൂർ എന്നിവയാണ്. മൂന്ന് യു. പി. സ്കൂളുകളും ഏഴ് എൽ. പി. സ്കൂളുകളും ഈ ഗ്രാമത്തിലെ വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്ക് വിജ്ഞാനത്തിന്റെ വെളിച്ചം നൽകുന്നു. നമ്മുടെ പിഞ്ചുകുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തെ ലക്ഷ്യമാക്കി സ്കുളുകളും സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി മഹിളാ സമാജങ്ങളും പ്രവർത്തിക്കുന്നു.

തീർത്ഥപാദപുരം ആശ്രമം ഇവിടുത്തെ മറ്റൊരു വിജ്ഞാന ക്ഷേത്രമാണ്. ശ്രീ. ചട്ടമ്പിസ്വാമികളുടെ ശിഷ്യപ്രമുഖരും പ്രസിദ്ധ സംസ്കൃത പണ്ഡിതരും ആയിരുന്ന ശ്രീ. വിദ്യാനന്ദതീർത്ഥ പാദസ്വാമികളാണ് ഈ ആശ്രമം സ്ഥാപിച്ചത്.

വായനശാലയും ക്ലബ്ബുകളും

ഒരു പഞ്ചായത്തിന്റെ അവിടുത്തെ വായനശാലകളും ക്ലബ്ബുകളും വഹിക്കുന്ന പങ്ക് വിലപ്പെട്ടതാണ്. വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും പ്രകാശഗോപുരങ്ങലായിട്ടാണ് അവയെ സഹൃദയ കേരളം കാണുന്നത്. നോവൽറ്റിക്ലബ്ബ് പുളിക്കൽ കവല, കർഷക ഗ്രന്ഥശാല കന്നുകഴി, എൻ.ജി.പി.എം തീർത്ഥപാദപുരം, യെംഗ്മെൻസ് ക്ലബ്ബ് ആന്റ് റീഡിംഗ് റൂം 17-ാം മൈൽ, പഞ്ചായത്ത് പബ്ലിക് ലൈബ്രറി കൊടുങ്ങൂർ, 1965ൽ സ്ഥാപിച്ച ചാമംപതാലിൽ പ്രവർത്തിച്ചുവരുന്നു. P. T. ചാക്കോ മെമ്മോറിയൽ ആർട്ട്സ് & സ്പോർട്സ് തുടങ്ങിയവ വായനശാലകൾ ഈ പഞ്ചായത്തിലെ സാംസ്കാരിക കേന്ദ്രങ്ങളാണ്.

ശാസ്ത്രം അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന

ഇക്കാലത്ത് ശാസ്ത്ര സംബന്ധമായ വിഷയങ്ങൾ പഠിക്കുവാൻ അഭൂതപൂർവ്വമായ താത്പര്യം ജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുണ്ട്, ഈ രംഗത്ത് ശാസ്ത്ര സാഹിത്യ പരിക്ഷത്ത് വഹിക്കുന്ന പങ്ക് നിസ്തുലമാണ്. വാഴൂർ പഞ്ചായത്തിൽ പരിക്ഷത്ത് ഏതാനും വർഷങ്ങളായി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

SBT യുടെയും സെൻട്രൽ ബാങ്കിന്റെയും ഫെഡറൽ ബാങ്കിന്റെയും കാർഷിക വികസനബാങ്കിന്റെയും ഓരോ ശാഖ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

വാഴൂർ സർവ്വീസ് സഹകരണ ബാങ്ക് ഈ നാട്ടിലെ ഒരു മഹത് സ്ഥാപനമാണ്. കാർഷിക സാമ്പത്തിക രംഗങ്ങളിൽ നിർണ്ണായക പങ്ക് വഹിക്കുന്ന ഈ സ്ഥാപനം അര നൂറ്റാണ്ട് കാലമായി അതിന്റെ സ്തുത്യർഹമായ സേവനം തുടരുന്നു. പുളിക്കൽ കവലയിലുള്ള ഹെഡ് ആഫീസ് കൂടാതെ, നാലുശാഖകളും വാഴൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിനുണ്ട്.

തിരുവിതാംകൂർ സർക്കാരിന്റെ തപാലുരുപ്പെടികൾ കൈകാര്യം ചെയ്തിരുന്ന അഞ്ചലാപ്പീസും ബ്രിട്ടീഷ് സർക്കാരിന്റെ പോസ്റ്റ് ഓഫീസും ഇവിടെ പ്രവർത്തിച്ചുവരുന്നു. അരയിൽ മണിയുംകെട്ടി സബ്ദം ഉണ്ടാക്കി അഞ്ചൽ ഉരുപ്പടികൾ വിതരണം നടത്തിയിരുന്ന അഞ്ചലോട്ടക്കാരനെ നമ്മുടെ പഴയ മനസ്സുകൾ മറന്നിട്ടില്ല.

ദേവീക്ഷേത്രം

ചരിത്രപ്രസിദ്ധമായ ദേവീക്ഷേത്രം വാഴൂരിന്റെ ഹൃദയഭാഗത്തായ കൊടുങ്ങൂരിൽ സ്ഥിതിചെയ്യുന്നു. മേജർ ക്ഷേത്രമായി ഇത് വളർന്ന് കഴിഞ്ഞിരിക്കുന്നു. മീനപ്പൂര മഹോത്സവം ഇവിടുത്തെ പ്രധാന ആഘോഷമാണ്.

ശാസ്താംകാവ് ക്ഷേത്രവും പഞ്ചായത്തിലെ എണ്ണപ്പെട്ട ക്ഷേത്രങ്ങളിൽ ഒന്നാണ്. മറ്റുപല ഹൈന്ദവ ക്ഷേത്രങ്ങളും വാഴൂർ ഉണ്ട്. NSS കരയോഗങ്ങളും, SNDP ശാഖായോഗങ്ങളും മറ്റ് ഹൈന്ദവ സംഘടനകളും സമൂഹ്യനന്മയെ ലാക്കാക്കി പ്രവർത്തിക്കുന്നു.

ചാമംപതാലിൽ മുസ്ലീങ്ങൾക്ക് ഒരു പള്ളി ഉണ്ട്. കലൂതെക്കേലും ഒരു ആരാധനായവും ഉണ്ട്. മുസ്ലീങ്ങളുടെ സാമൂഹ്യവും സാസ്കാരികവുമായ പുരോഗതിയ്ക്കുവേണ്ടി ചില സംഘടനക്കും പ്രവർത്തിക്കുന്നു.

ക്രൈസ്തവദേവാലയങ്ങൾ

വിവിധ ക്രൈസ്തവ ദേവാലയങ്ങളും പ്രാർത്ഥനാലയങ്ങളും വാഴൂരിൽ പലഭാഗങ്ങളിലും കാണാം. ഇവയോട് അനുബന്ധിച്ച് പല ഭക്തസംഘടനയും ആധ്യാത്മിക സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിലും വിലപ്പെട്ട സേവനങ്ങൾ നിർവഹിച്ചു കൊണ്ടിരുന്നു.

വാഴൂർ നിയോജക മണ്ഡലം കേരള രാഷ്ട്രീയത്തിലെ പ്രഗത്ഭരായ ഒട്ടേരെ നേതാക്കളെ വാർത്തെടുത്തിട്ടുണ്ട്. ഈ നിയോജക മണ്ഡലത്തിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട ശ്രീ. പി. റ്റി. ചാക്കോ, മന്ത്രിയായി സേവനനമനുഷ്ഠിച്ചിട്ടുണ്ട്. പ്രമുഖ സ്വാതന്ത്ര്യസമരസേനാനിയും രാഷ്ട്രീയ നേതാവും ആയിരുന്ന ശ്രീ. പി. റ്റി. ചാക്കോ സംസ്ഥാന പ്രതിപക്ഷ നേതാവായും കേരള ആഭ്യന്തര മന്ത്രിയായും ശോഭിച്ചു. ശ്രീ. കാനംരാജേന്ദ്രൻ MLA യായും സേവനം ചെയ്തു.

ശ്രീ. കെ. നാരായണക്കുറുപ്പാണ് നമ്മുടെ ഇപ്പോഴത്തെ MLA അഞ്ചു വർഷക്കാലം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായും സെവനമനുഷ്ഠിച്ചിട്ടുണ്ട്.

ശ്രീ. പി. സി. തോമസ് എം. പി. ഈ നാടിന്റെ അരുമ സന്താനമാണ്. മൂവാറ്റുപുഴ പാർലമെന്റ് നിയോജകമണ്ഡലത്തിൽനിന്നും വീണ്ടും തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം കേരളത്തിലെ കൃഷിക്കാരുടെ ആവശ്യങ്ങൾക്കായി ശബ്ദമുയർത്തുന്ന ശ്രദ്ധേയനായ എം. പിയാണ്.

ആതുരരംഗം

ഒരു നാടിന്റെ വികസന പട്ടികയിൽ അവിടുത്തെ ആരോഗ്യ സ്ഥാപനങ്ങൾക്ക് അതിപ്രധാനമായ ഒരു സ്ഥാനമാണ് ഉള്ളതെന്ന് പറയേണ്ടതില്ലല്ലോ. അര നൂറ്റാണ്ട് കാലം ആതുരസേവനരംഗത്ത് മഹത്തായ സംഭാവനകൾ അർപ്പിച്ച ഏറ്റവും വലിയ സ്ഥാപനമാണ്. തിരുവല്ലാ മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ. വാഴൂരിൽ 1944 സെപ്റ്റംബർ 14-ാം തീയതി ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാതായിരുന്ന ഈ നാട്ടിൽ ആശുപത്രി ആരംഭിച്ചു. ആരംഭകാലം മുതൽ നല്ല രീതിയിലാണ് ഇതിന്റെ പ്രവർത്തനം നടന്നിരുന്നത്. 24 മണിക്കൂർ സമയവും വൈദ്യസഹായം ലഭ്യമാക്കുന്ന സ്ഥാപനമാണ് ഇത്.

ചാമംപതാലിൽ ആയുർവേദ ആശുപത്രി മറ്റൊരു ആതുരാലയമാണ്. ഇത് 1954 ൽ ആരംഭിച്ചതാണ്. വാടക കെട്ടിടത്തിലാണ്. ഇതിന്റെ പ്രവർത്തനം നടത്തിയിരുന്നതു രണ്ടുമാസങ്ങൾക്കു മുമ്പ് പഞ്ചായത്ത് വക സ്ഥലത്ത് ആശുപത്രിക്ക്വേണ്ടി പണിതീർത്ത പുതിയകെട്ടിടത്തിലാണ് പ്രവർത്തനം.

തേക്കാനം മൃഗാശുപത്രി, കാപ്പുകാട് ഹെൽത്തു സെന്റർ മുതലായ സ്ഥാപനങ്ങളുടെ എണ്ണപ്പെട്ടവത ന്നെ.

കാർഷികരംഗം

നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളും കർഷകരും, കർഷകതൊഴിലാളികളാണ്. പ്രധാന കൃഷി റബ്ബർ ആണ് നെല്ല്, തെങ്ങ്, വാഴ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, മുതലായകൃഷികൾ ഇവിടെയുണ്ട്. കാർഷിക ഉത്പന്നങ്ങൾക്ക് വില ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിയ്ക്കണമെന്ന് ഒരു നിർദ്ദേശം ഉള്ളതാണ്. കർഷകരുടെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി 'കൃഷിഭവൻ' പുളിക്കൽ കവലയിൽ പ്രവർത്തിക്കുന്നു. കൃഷിഭവനിൽനിന്നും അർഹരായ കൃഷിക്കാർക്ക് നല്ലയിനം വിത്തുകളും വളം മുതലായവയും ഇവിടെ നിന്നും വിതരണം ചെയ്യുന്നു.

അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ എണ്ണം വളരെ കൂടുതലാണ്. ഇത് പരിഹരിയ്ക്കാത്തപക്ഷം തൊഴിലില്ലാത്തവരുടെ ഇടയിൽ അസ്വസ്ഥത, നൈരാശ്യബോധം, ആത്മഹത്യ പ്രവണത തുടങ്ങിയ ദോഷങ്ങൾ ഉണ്ടാകാനിടയുണ്ട്. അതിനാൽ തൊഴിൽ സാധ്യത വർദ്ധിപ്പിച്ചേ മതിയാകൂ. ചെറുകിട വ്യവസായങ്ങളും തൊഴിൽമേഖലകളും കണ്ടെത്തി ശാശ്വതമായ പരിഹാരം കണ്ടെത്തണം.

കുടിവെള്ളം

രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ്. എല്ലാ വാർഡുകളിലും ജലശ്രോതസ്സുകൾ കണ്ടെത്തി ജലം ഏവർക്കും ലഭ്യമാക്കാനുള്ള ചെറിയ പദ്ധതികൾക്ക് രൂപംകൊടുത്ത് ഈ പ്രശ്നം പരിഹരിക്കാം.

വൈദ്യുതി.

നമ്മുടെ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല എന്നുള്ളത് ദുഃഖസത്യമാണ്. വൈദ്യുതി എത്തിക്കാനുള്ള തീവ്രശ്രമം വിദ്യുത്ഛക്തി വകുപ്പ് നടത്തുമെന്ന് പ്രതീക്ഷിക്കുന്നു.

ഗ്രാമീണ റോഡുകൾ

മിക്ക ഗ്രാമീണ റോഡുകളും ഗതാഗതയോഗ്യമല്ല. പല റോഡുകളും കുണ്ടുംകുഴിയുമായിട്ടാണ് കിടക്കുന്നത്. ഇപ്പോൾ ഈ പഞ്ചായത്ത് അതിർത്തിയിൽ ആകെ 95.62 കി. മീ. റോഡാണ് നിലവിലുള്ളത്. ഇതിൽ 72.738 മീറ്ററുകളും മൺറോഡുകളാണ്. മെറ്റൽ നിരത്തി ഉറപ്പിച്ചു ടാറിംഗ് നടത്തിയും ഗതാഗതയോഗ്യമാക്കണം.

കോളനികൾ

പിന്നോക്ക വിഭാഗങ്ങൾ താമസിക്കുന്ന പല കോളനികൾ ഈ പഞ്ചായത്തിലുണ്ട്. ഔദ്യോഗികമായ പ്രഖ്യാപിച്ചിട്ടുള്ളതും അല്ലാത്തതുമായ കോളനികളിൽ വെള്ളവും വെളിച്ചവും മറ്റു പ്രാഥമിക സൗകര്യങ്ങളും ചെയ്തുകൊടുത്ത് നീതി പുലർത്തെണ്ടത് അവിശ്യമാണ്.

പാർപ്പിടസൗകര്യം

സ്ഥലവും കിടപ്പാടവു ഇല്ലാത്ത ഹതഭാഗ്യരായ കുറെ ആളുകൾ നമ്മുടെ ഇടയിൽ ഉണ്ട് അവർക്ക് സ്ഥലവും വീടും നൽകി പാർപ്പിട സൗകര്യം ഉണ്ടാക്കണം.

◆❑◆

കൃഷി

വിസ്തൃതമായ ചെരിവുകളും സമതലപ്രദേശങ്ങളും ഇടകലർന്നാണ് പഞ്ചായത്തിന്റെ കൃഷിഭൂമികൾ. പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയിൽ കൂടി വടക്കു നിന്ന് തെക്കോട്ട് ഒഴുകുന്ന വാഴൂർ തോട് എന്നറിയപ്പെടുന്ന വല്ല്യതൊട്. പടിഞ്ഞാറുഭാഗത്തുകൂടി ചാമംപതാൽ തോട്. ഉള്ളായം തോട്, വടക്കു ഭാഗത്തുകൂടി പന്നകം തോട്, ഇവ കടന്നുപോകുന്നു. ഈ തോടുകളുടെ കൈതോടുകളായ പനം പുന്നതോട്, 18-ാം മൈൽ തോട്. 19-ാം മൈൽ തോട്. എന്നീ തോടുകളും മറ്റനേകം നീർച്ചാലുകളും ഉണ്ട്. ഇവയെല്ലാം മണിമലയാറിൽ ചേരുന്നു. എല്ലാ നീരൊഴുക്കുകളും വേനൽക്കാലത്ത് വറ്റിവരളുന്നവയാണ് ആയതിനാൽ വേനൽക്കാലത്ത് പൂർണ്ണ വരൾച്ച അനുഭവപ്പെടുന്നു. നീർവാർച്ച കൂടുതൽ ഉള്ള ചീങ്കൽ മണ്ണാണ് ഭൂരിഭാഗവും കാണപ്പെടുന്നത്. കല്ലും, മണ്ണും, ഇടക്കലർന്ന ഭാഗങ്ങളും പാറക്കൂട്ടങ്ങളും, ചെറിയ, ചെറിയ കുന്നുകളും താഴ്വരകളും ഇടകലർന്നുകാണാം. ജൂൺ, ജൂലൈ ആഗസ്റ്റ് സ്പെറ്റംബർ മാസങ്ങളിൽ നവംബർ മാസങ്ങളിൽ, തുലാ വർഷവും അനുഭവപ്പെടുന്നു. ഡിസംബർ ജനിവരി മാസങ്ങളിൽ മഞ്ഞുകാലവും ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കടുത്ത ചൂടും മെയ് മാസത്തിൽ സമശിതോഷ്ണവും അനുഭവപ്പെടുന്നു ഹരിത ഭൂമിയാണെങ്കിലും പ്രകൃതി പൂക്കൾ കൊണ്ട് അലംകൃതമായി ഹരിത ചൂടുന്ന അവസ്ഥ ഇപ്പോൾ തീരെ കാണാറില്ല.

മേൽകാണിച്ചു ഋതുക്കൾക്ക് ചിലപ്പോഴെങ്കിലും മാറ്റങ്ങൾ സംഭവിക്കാറുണ്ട്. ആണ്ടിൽ ശരാശരി 320 സെ.മി. മഴ ലഭിക്കുന്ന ഭൂപ്രദേശമാണ് നമ്മുടെ പഞ്ചായത്ത്.

ഭൂമി സംബന്ധിച്ച വിവരങ്ങൾ

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ വാഴൂർ വില്ലേജിലു കങ്ങഴവില്ലേജിലും പെട്ട് കെ.കെ. റോഡിന് ഇരുവശത്തായി സ്ഥിതി ചെയ്യുന്നതും, എലിക്കുളം, ചിറക്കടവ്, വെള്ളാവൂർ, കങ്ങഴ, നെടുകുന്നം, പാമ്പാടി, കൂരോപ്പട, പള്ളിക്കത്തോട് എന്നീ പഞ്ചായത്തുകൾക്കിടയിൽ 3433 ഹെക്ടർ പുരയിടമായും 10 ഹെക്ടർ നിലമായും 30 ഹെക്ടർ കൃഷിയോഗ്യതരിശുഭൂമിയായും 62 ഹെക്ടർ കൃഷിയോഗ്യമല്ലാത്തതായും മൊത്തം 3535 ഹെക്ടർ ഭൂമി 30 ചതുരശ്ര കി.മീ. മീ വിസ്തീർണ്ണത്തിൽ സ്ഥിതി ചെയ്യുന്നതാണ് വാഴൂർ പഞ്ചായത്ത്.

പട്ടിക - 1

പഞ്ചായത്ത വിസ്തീർണ്ണം	പുരയിടം	തിലം	പുറംപോക്ക്	കൃഷിയോഗ്യ മല്ലാത്ത തരിശുഭൂമി	കൃഷിയോഗ്യ തരിശുഭൂമി
3535 ഹെക്ടർ	3433 ഹെ	10 ഹെക്ടർ	60 ഹെക്ടർ	30 ഹെക്ടർ	62 ഹെക്ടർ

പട്ടിക 2

കൈവശാവശി വിവരം

5 ഏക്കറിനു മുകളിൽ ഭൂമി ഉള്ളവർ	1 ഏക്കറിനു മുകളിൽ ഭൂമി ഉള്ളവർ	1 ഏക്കറിനു താഴെഭൂമി ഉള്ളവർ	എസ്റ്റേറ്റ് ഉടമകൾ	ആകെ അവകരാശികൾ
400	2300	3610	1	6311

പട്ടിക 3

പ്രധാന കൃഷികളും വിളവിസ്തീർണ്ണവും ഉത്പാദന ക്ഷമതയും കാണിക്കുന്ന പട്ടിക

വിള	വിസ്തീർണ്ണം
നെല്ല്	5 ഹെക്ടർ
റബ്ബർ	3073 ഹെക്ടർ
തെങ്ങ്	200 ഹെക്ടർ
കുരുമുളക്	40 ഹെക്ടർ
മരച്ചീനി	50 ഹെക്ടർ
കുടിവാഴ	15 ഹെക്ടർ
ഏത്തവാഴ	

കൊക്കോ	30 ഹെക്ടർ
കാപ്പി	10 ഹെക്ടർ
കമുക്	15 ഹെക്ടർ
പൈനാപ്പിൾ	5 ഹെക്ടർ

ഏകദേശം 150 വർഷങ്ങൾക്ക് മുൻപ് വാഴൂർ പഞ്ചായത്തിലെ കൃഷി ഭൂമികൾ താഴെ പറയുന്ന ചേരിക്കൽ പല ജന്മിമാരുടെ പക്കൽ നിന്ന് ദേഹണ്ഡങ്ങൾക്കായും, വാക്കാൽ (കിളച്ചുപാതി) കുടിയാന്മാർക്ക് കൊടുത്തിരുന്നു. അങ്ങനെ കൃഷി ഭൂമിയുടെ ഉടമകൾ ആയവരുടെ പിന്മുറക്കാരാണ് ഇന്നത്തെകൃഷിക്കാർ.

എരുമത്തല ചേരിക്കൽ	കൂട്ടുങ്കൽ കുടുംബക്കാർ ജന്മികളായിരുന്നു
വെങ്ങാല്ലൂർ ചേരിക്കൽ	മഠത്തിൽ രാമപ്പണിക്കർ വക ജന്മിത്തം
കൊടുങ്ങൂർ വൈരമല ചേരിക്കൽ	കറുകുടി കർത്താക്കന്മാർ ജന്മികൾ സായ്പുമാർ വഴിതോപ്പിൽ കുടുംബം.
കടവും കുന്ന് ചേരിക്കൽ	കല്ലൂതാഴെ കുടുംബക്കാർ. മൂലേകുന്ന് കുടുംബകാർ തൈയ്യിൽ കുടുംബക്കാർ
എളങ്ങോയി ചേരിക്കൽ	കാരിയിൽ കൃഷ്ണപിള്ള കുടുംബക്കാർ
കടവനാപുഴ ചേരിക്കൽ	കാരിയിൽ കൃഷ്ണപിള്ള മുതൽപ്പേർ
കരിങ്ങനാട് ചേരിക്കൽ	മഠത്തിൽ രാമപ്പണിക്കർ കറുകുടികർ.
പൊന്തങ്ങൽ ചേരിക്കൽ	തെക്കനാട്ട് ശങ്കരൻ നായർ വക.
പനന്താനം ചേരിക്കൽ	മങ്ങാട്ട് ഗോവിന്ദപിള്ളയും മഠത്തിൽ രാമപ്പണിക്കരും വക.
എടേകുളം ചേരിക്കൽ	മങ്ങാട്ട് ഗോവിന്ദ പിള്ളയും മഠത്തിൽ രാമപ്പണിക്കരും വക.
ഉള്ളായം ചേരിക്കൽ	(തൊള്ളായിരപ്പറ) വാളിപ്ലാക്കൽ ശങ്കരൻ നായർ വക.
തെക്കനാട്ട് ചേരിക്കൽ	പുതിയ പറമ്പിൽ കാരണവർ വാഴയിൽ ഒരുവിള, ദുമ്മിനി മുതൽ പേരുടെ 4000 ഏക്കർ 450 രൂപയ്ക്ക് മേടിച്ചു.

ഭൂ പരിഷ്ക്കരണനിയമത്തിലൂടെ ഭൂമി ലഭിച്ചിട്ടുള്ള കൃഷിക്കാർ വളരെ അപൂർവ്വമാണ്. എന്നാൽ കുടികിടപ്പു ലഭിച്ചിട്ടുള്ളവരും ഭൂഉടമകളിൽ നിന്ന് മിച്ചഭൂമി സർക്കാർ ഏറ്റെടുത്ത് വിതരണം ചെയ്തിട്ടുള്ളതും സർക്കാർ വിലയ്ക്കെടുത്ത് ഭൂമി ഇല്ലാത്തവർക്ക് വിതരണം ചെയ്തു ഭൂഉടമകളായവർ വളരെ ഉണ്ട്.

പഴയകാലത്ത് ഇവിടുത്തെ പ്രധാന കാർഷികവിളകൾ, തെങ്ങ്, കമുക്, കുരുമുളക്, കാപ്പി, ഇഞ്ചി, മഞ്ഞൾ, തുടങ്ങിയ നാണ്യവിളകളും നെല്ല്, മുതിര പയർ, കപ്പ, കാച്ചിൽ. ചേന, ചേമ്പ്, വാഴാ, പച്ചക്കറികൾ തുടങ്ങിയ ഭക്ഷ്യവിളകളും ആയിരുന്നു. മരച്ചീനി കൃഷിയുടെ ആരംഭം തിരുവതാംകൂറിൽ ശ്രീ വിശാഖം തിരുനാളിന്റെ കാലത്തായിരുന്നു എന്നു പറഞ്ഞുകേൾക്കുന്നു. ഒരു കാലത്ത് തിരുവതാംകൂറിന്റെ ഭക്ഷ്യ മോചിനിയായിരുന്നു മരച്ചീനി, കൃഷി ചെയ്യാതെ തന്നെ പ്രകൃതിയിൽ സുലഭമായി കിട്ടിക്കൊണ്ടിരുന്ന ഈത്തങ്ങ, കൂവപ്പൊടി, പനംപൊടി എന്നിവ, ക്ഷാമകാലത്ത് ഒന്നാന്തരം പോഷകഹാരമായി ആളുകൾ ഉപയോഗിച്ചിരുന്നു. ഇതുപോലെ പോഷകാരത്തിന്റെയും അധ്വാനവൈമനസ്യത്തിന്റെയും പേരിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു കാലാവസ്ഥയെ ആശ്രയിച്ചുള്ള പരമ്പരാഗത കൃഷി രീതികളാണ് ഭൂരിപക്ഷവും കൃഷിക്കാരും സ്വീകരിച്ചുപോരുന്നത്. ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾ തലച്ചുവടായും കാളവണ്ടിയിലും പൊൻകുന്നം മാർക്കറ്റിൽ കൊണ്ടുപോയി വിറ്റഴിച്ച് കർഷകർക്ക് ആവശ്യമുള്ള വീട്ടുസാധനങ്ങൾ വാങ്ങിയിരുന്നു. റബ്ബർബോർഡിന്റെ സാങ്കേതിക സാമ്പത്തിക സഹായം കൃഷിക്കാർക്ക് ലഭ്യമായതോടെ റബ്ബർ കൃഷിയിൽ ശാസ്ത്രീയരീതി സ്വീകരിക്കുവാൻ തുടങ്ങി. പ്രാരംഭകാലത്ത് റബ്ബറിനു ലഭിച്ചിരുന്ന 100 മരത്തിന് 4 റാത്തൽ ഷീറ്റ് എന്ന ഉൽപാദനക്ഷമത 100 മരത്തിന് 10 കിലോ എന്ന തോതിൽ എത്തി നിൽക്കുന്നു. ഇന്ന് ഏറ്റവും കൂടുതൽ ആദായം നൽകുന്ന കൃഷിയാണ് റബ്ബർ കൃഷി, മഴക്കാലത്ത് ടാപ്പിംഗ് സാധ്യമാക്കുന്ന ആധുനിക രീതിയിലുള്ള റെയിൻഗാർഡ് കണ്ടുപിടിച്ച് അതിൽ പേറ്റൻറ് നേടിയത് മുഴുവനും വാഴൂരിലെ ഒരു കൃഷിക്കാരനാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന റെയിൽ ഗാർഡ് സംസ്ഥാനമൊട്ടാകെ ഇന്നു വിറ്റഴിക്കപ്പെടുന്നു. റബ്ബർ പ്രശ്നങ്ങൾ ഏറെയുണ്ട്. മുമ്പില്ലാതിരുന്ന പൂപ്പൽ പട്ടമരവിപ്പ് തുടങ്ങിയ രോഗങ്ങൾ പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾ വിലയിലെ ഏറ്റകുറച്ചിലുകൾ, വർദ്ധിച്ചഉത്പാദന ചിലവ് രാസവളത്തിന്റെ അമിതമായ വിവർദ്ധന ഇവയൊക്കെ കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

പഞ്ചായത്തിലെ 90% കൃഷിഭൂമിയും റബ്ബർകൃഷിക്കായി ഉപയോഗിക്കുന്നു. ഏറ്റവും കൂടുതൽ ആദായം ലഭിക്കുന്ന കൃഷി എന്ന നിലയിൽ മറ്റ് കൃഷികൾ ഉപേക്ഷിച്ച് കൃഷിക്കാർ റബ്ബർകൃഷിയിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നു.

റബ്ബറിന്റെ നാടാണെങ്കിലും റബ്ബർ അധിഷ്ടിതമായ പ്രധാനപ്പെട്ട ഒരു വ്യവസായം പോലും ഈ പഞ്ചായത്തിൽ ഇല്ല. റബ്ബർ അധിഷ്ടിത വ്യവസായം വടക്കേ

ഇൻഡ്യയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഈ രീതി മാറി റബ്ബർ ഉല്പാദനമേഖലയിൽ റബ്ബർ അധിഷ്ടിത വ്യവസായം വളന്നു വന്നെങ്കിലെ റബ്ബർ കൃഷിക്ക് ശോഭനമായ ഒരു ഭാവിയുണ്ടാവും.

നമ്മുടെ പഞ്ചായത്തിൽ തെങ്ങ് കൃഷി വളരെയധികം കുറവാണ്. കാരണം പലവിധത്തിലുള്ള രോഗങ്ങൾ കൊണ്ട് തെങ്ങ് കൃഷി ലാഭകരമല്ല, 3000 ഹെക്ടർ കൃഷി ഭൂമിയുള്ള നമ്മുടെ പഞ്ചായത്തിൽ 200 ഹെക്ടർ സ്ഥലത്ത് മാത്രമെ തെങ്ങ് കൃഷി ഉള്ളു ഇതുതന്നെ മുഴുവനും ഏകവിളത്തോട്ടങ്ങൾ അല്ല. നാളികേരത്തിന്റെ ശരാശരി ഉല്പാദനം തെങ്ങ് ഒന്നിന് വർഷത്തിൽ 15 എന്ന തോതിൽ ആണ്. തമിഴ്നാട്ടിൽ ഇത് 65 ആണ്. ശരാശരി ഒരു തേങ്ങായ്ക്ക് നാലു രൂപാ എന്ന തോതിലാണ് വില ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്. തെങ്ങിൽ ബാധിക്കുന്ന കൂമ്പുചീയൽ, വേരുചീയൽ, തടിപൊട്ടി ഒലിക്കൽ, ഈ രോഗങ്ങളും കാറ്റ് വീഴ്ചയും കീടബാധയും റബ്ബർ ബോർഡിന്റെ ആവർത്തന പുതുകൃഷിയിടങ്ങളിൽലെ ഇതര കാർഷികവിളകളുടെ നിയന്ത്രണവും തേങ്ങായുടെ ആദായകരമല്ലാത്ത അനിശ്ചിത വിലയും കർഷകരെ തെങ്ങ് കൃഷിയിൽ നിന്ന് പിന്തിരിപ്പിക്കുന്നു തെങ്ങ് കൃഷി നിലനില്ക്കണമെങ്കിൽ അടിയന്തിരമായ നടപടികൾ സ്വീകരിച്ചേ മതിയാവൂ. പഞ്ചായത്ത് അടിസ്ഥാനത്തിൽ രോഗപ്രതിരോധ പ്രവർത്തനം സംഘടിപ്പിക്കുക.

ജലസേചന സൗകര്യം വർദ്ധിപ്പിക്കുക സംസ്ക്കരണ വിപണന സൗകര്യങ്ങൾ പൊതു മേഖലയിലും സ്വകാര്യമേഖലയിലും ഉണ്ടാക്കുക ഉല്പാദനമായി ബന്ധപ്പെടുത്തി കൃഷിക്കാരന് നിലനിൽക്കുവാൻ ആവശ്യമായ വില ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക. നാളികേരം ഒരു വ്യവസായിക ഉല്പന്നം കൂടിയാണ് എന്നത് ഇതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നഘടകമാണ്.

നെല്ല്

ഏറ്റവും പ്രധാനപ്പെട്ട കൃഷിയാണ് നെല്ല് മുൻകൊല്ലങ്ങളിൽ പാടത്തും കര ഭൂമിയിലും നെൽകൃഷി ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ തുച്ഛമായ നിലങ്ങൾ മാത്രമുള്ള ഈ പഞ്ചായത്തിൽ നാമമാത്രമായെ നെൽകൃഷി ഉള്ളു. ഈ പഞ്ചായത്തിൽ ആകെ 20 ഏക്കർ പാടങ്ങൾ ഉള്ളതിൽ വെള്ളത്തിന്റെ ലഭ്യത ഇല്ലായ്മകാരണം 13 ഏക്കർ മാത്രമേ നെൽകൃഷി ഉള്ളൂ. ബാക്കിഉള്ള 7 ഏക്കർ പാടം നികത്തി ങ്ങൈകൃഷി ചെയ്യുന്നു. ഇനി അത് പുനസ്ഥാപിക്കുവാൻ കഴിയുകയില്ല. സർക്കാർരിന്റെ land unilization Act കർശനമായി നടപ്പാക്കുന്നതിൽ കാണിച്ചു അലംഭാവമാണ് ഈ സ്ഥിതി ഉണ്ടാക്കുവാൻ കാരണം, കൃഷിക്കാരന് എപ്പോഴും അവനു കൂടുതൽ ലാഭം കിട്ടുന്ന കൃഷിയിലേയ്ക്ക് തിരിയുന്നത് സ്വഭാവികം മാത്രം. നെൽ കൃഷിക്കാരനെ പ്രോത്സാഹിപ്പിച്ച് നിലനിർത്തുവാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാവണം.

കുരുമുളക്

നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 40 ഹെക്ടർ സ്ഥലത്ത് മാത്രമെ കുരുമുളക് കൃഷി ചെയ്യുന്നുള്ളു. ഏകവിള കുരുമുളക് തോട്ടങ്ങൾ ഇല്ലെന്നു പറയാം ഈ കൃഷി പ്രോത്സാഹിപ്പിക്കാൻ വേണ്ടി ആദികാലങ്ങളിൽ വികസന ബ്ലോക്ക് വഴി മാർഗ്ഗനിർദ്ദേശങ്ങളും സാമ്പത്തിക സഹായങ്ങളും നല്കി വന്നിരുന്നു. 1987 മുതൽ പഞ്ചായത്ത് തലത്തിൽ സ്ഥാപിച്ച കൃഷിഭവൻ മുഖേന കർഷകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും സെമിനാറുകൾ വഴി കർഷകരെ ബോധവൽക്കരിക്കുകയും ചെയ്തുവരുന്നു ചെറിയ തോതിൽ സാമ്പത്തിക സഹായങ്ങളും നല്കിവരുന്നു. എങ്കിലും കർഷകർക്ക് കാര്യമായ പുരോഗതി കൈവരിക്കുവാനായിട്ടില്ല ഉൽപാദന ക്ഷമതകുറഞ്ഞ വിത്തിനങ്ങളും, ദ്രുതവാട്ടം എന്ന രോഗവും ഈ കഷിയെ വളരെ ദോഷകരമായി ബാധിച്ചുവരുന്നു. കർഷകരുടെ ,സാങ്കേതിക പരിജ്ഞാനക്കുറവും കുരുമുളകിന്റെ ആകർഷകമല്ലാത്ത അനിശ്ചിതമായ വിലയും ഈ കൃഷിയിൽ നിന്ന് കർഷകനെ പിന്തിരിപ്പിക്കുന്നു. കൃഷിഭവൻ വഴിയുള്ള ആനുകൂല്യം കർഷകന് ലഭിക്കുന്നില. ഈ പ്രശ്നങ്ങൾക്ക് എല്ലാം പരിഹാരം കണ്ടെങ്കിലെ കൃ ി ക്കാരെ ഈ കൃഷിയിലേയ്ക്ക് ആകർഷിക്കാൻ കഴിയൂ. കേന്ദ്രഗവൺമെൻറിന്റെ വിദേശനാണ്യ ശേഖത്തിലേയ്ക്ക് 700 കോടി രൂപാ സംഭാവന ചെയ്തുകൊണ്ടിരിക്കുന്നു, ഈ കൃഷിയെ നിലനിർത്തേണ്ടത് ആവശ്യമാണ്.

കൊക്കോ

സമീപകാലത്ത് കർഷകരെ ആകർഷിച്ച ഒരു കൃഷിയാണ് കൊക്കോ കൃഷി കാഡ്ബറിസ് എന്ന വിദേശ്യ മിഠായി കമ്പനിയാണ് ഈ ഉൽപാദനത്തിന്റെ ഉപഭോക്താക്കൾ ഏതാണ്ട് 20 വർഷങ്ങൾക്ക് മുമ്പ് സർക്കാർ തലത്തിൽ അമിതമായ പ്രോത്സാഹനം നല്കിയതിന്റെ ഫലമായി കൃഷി വ്യാപകമായി. എന്നാൽ ചെടികൾളിൽ നിന്നുള്ള ഉത്പാദനം വർദ്ധിച്ചപ്പോഴേയ്ക്കും ഉല്പന്നത്തിന് സാരമായ വിലയിടിവ് ഉണ്ടാക്കിയതിനെ താല്പര്യം വളരെ കുറഞ്ഞുപോയി. അണ്ണാൻ, എലി, തുടങ്ങിയ ജന്തുക്കളുടെ ശല്യവും ഈ കൃഷിയെ വളരെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഒരു കാലത്ത് റബ്ബർ കൃഷിയേക്കാൾ അഭികാമ്യമായി കൊക്കോകൃഷിയെക്കണ്ട് കർഷകർ റബ്ബർ വെട്ടിമാറ്റി കൊക്കോ കർഷകർ ഇന്ന് നിരാശരാണ് ന്യായമായ വില ലഭ്യമാക്കിയാൽ ഈ കൃഷിക്ക് വലിയ സാദ്ധ്യതയുണ്ട്.

കമുക്

വർഷങ്ങൾക്കു മുൻപ് നമ്മുടെ പഞ്ചായത്തിൽ കമുക് കൃഷി വ്യാപകമായിരുന്നു. എന്നാൽ ഇന്ന് വളരെ കുറച്ചു മാത്രമേ കമുക് കൃഷി ഉള്ളു കൃഷി ഉൽപ്പന്നത്തിന്റെ വില ഇല്ലായ്മയും കേടുകളുമാണ് കർഷകനെ കമുക് കൃഷിയിൽ നിന്ന് പിന്തിരിപ്പിച്ചത്. കമുകിലെ കായ്ഫലം കൊണ്ടുള്ള പ്രയോജനംപോലെ തന്നെ കമുക് തടികൊണ്ട് പ്രയോജനം ഉണ്ട് വിളസംരക്ഷണ വേലികൾ കെട്ടുന്നതിനും ചെറിയ വീടുകൾ നിർമ്മിക്കുന്നതിനും കുരുമുളക് വള്ളിക്ക് താങ്ങുതടിയായും പച്ചക്കറിച്ചെടികൾക്ക് പന്തലിടുന്നതിനും മറ്റും വ്യാപകമായി ഉപയോഗിച്ചിരുന്ന കമുക് തടിയുടെ ദൗർലഭ്യം കർഷകരെ ഇന്ന് വല്ലാതെ വിഷമിപ്പിക്കുന്നു.

മരച്ചീനി

എതാനും വർഷം മുമ്പ് വരെ എല്ലാ പറമ്പുകളിലും മരച്ചീനി കൃഷി ചെയ്തിരുന്നു. കർഷകന്റെ ഏറ്റവും വലിയ ധനാഗമ മാർഗ്ഗവും ഭക്ഷണപദാർത്ഥവുമായിരുന്നു. എന്നാൽ ഇന്ന് ഈ കൃഷി കേവലം 50 ഏക്കർ സ്ഥലത്ത് ഒതുങ്ങിയിരിക്കുന്നു. അന്നജത്തിന്റെ കുറവ് മുഖ്യമായും പരിഹരിച്ചിരുന്നത് മരച്ചീനി കൊണ്ടായിരുന്നു. പണ്ട് സാധാരണക്കാരന്റെ പ്രധാന ആഹാരമായിരുന്ന മരച്ചീനി, ഇന്ന് സമ്പന്നന്റെ പലഹാരമായി മാറിയിരിക്കുന്നു . എലി ശല്യം നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടാണ് പലരും ഈ കൃഷി ഉപേക്ഷിച്ചത്. ഇന്ന് സാമാന്യം നല്ല വില ലഭിക്കുന്നുണ്ടെങ്കിൽ കൂടി റബ്ബർ കൃഷിയുടെ വ്യാപനം മരച്ചീനി കൃഷിയെ മരവപ്പിച്ചു. മരച്ചീനി കൃഷിയുടെ മുഖ്യശത്രുവായ എലിയെ നശിപ്പിക്കുവാൻ കർഷകർകൂട്ടായും വ്യാപകമായ പുതിയ മാർഗങ്ങൾ കണ്ടെത്തണം. ലഭ്യമായ സ്ഥലത്ത് ഏതാനും മൂട് മരച്ചീനിയെങ്കിലും വളർത്തുവാൻ കഴിഞ്ഞാൽ അത് തന്നെ വളരെ പ്രയോജനമായിരിക്കും.

പച്ചക്കറി കൃഷി

മുൻ കാലങ്ങളിൽ പുരയിടങ്ങളിലെല്ലാം വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ കർഷകർതന്നെ ഉൽപാദിപ്പിച്ചിരുന്നു. അതുകൊണ്ട് ശുദ്ധമായ പച്ചക്കറികൾ അന്ന് ലഭ്യമായിരുന്നു. രാസവളങ്ങളും കീടനാശിനികളും അന്ന് ഉപയോഗിച്ചിരുന്നില്ല. പാവൽ, പടവലം, മുളക്, മത്തൻ, വെള്ളരി, വഴുതനങ്ങാ, വെണ്ട, പയർ, നിത്യക്കറി, ചതുരപയർ, കത്രി, ചീര, തഴുതാമ, തുവര, മുരിങ്ങ മുതലായവ പണ്ട് എല്ലാ വീടുകളിലും കൃഷി ചെയ്തിരുന്നു. എന്നാൽ ഇവയിൽ പലതും ഇന്ന് അന്യം നിന്നതുപോലെയായി. നമ്മുടെ പഞ്ചായത്തിൽ ഒരു വർഷം ഏതാണ്ട് ഏറ്റവും കുറഞ്ഞത് 25 ലക്ഷം രൂപയുടെ പച്ചക്കറി തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവന്ന് നമ്മൾ ഉപയോഗിക്കുന്നതിനായി കണക്കാക്കാം. ഏതെങ്കിലും കാരണവശാൽ വാഹനഗതാഗത തടസ്സം ഉണ്ടായാൽ അന്ന് നമ്മൾ കറി വയ്ക്കാതിരിക്കുന്ന അവസ്ഥ അനുഭവപ്പെട്ടിട്ടുണ്ട്. നാം ശ്രമിച്ചാൽ നമുക്ക് ആവശ്യമായ പച്ചക്കറി ഈ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കാവുന്നതാണ് പച്ചക്കറി കൃഷി രംഗത്തുള്ള പ്രധാനപ്രശ്നം മുന്തിയ വിത്തുകളുടെ അഭാവമാണ് അതുപോലെ കീടങ്ങളുടെ ശല്യവും ആവിശ്യത്തിനുള്ള വെള്ളം ലഭ്യമല്ലാതാകുകയും ആണ് കാരണം താല്പര്യമുള്ള കർഷകരെ കണ്ടെത്തി ആവശ്യമായ സാമ്പത്തിക സാങ്കേതികസഹായങ്ങളും മുന്തിയ വിത്തിനങ്ങളും വളവും ജലസേചന സൗകര്യവും നല്കിയാൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ കഴിയും സ്ത്രീകളുടെ ഇടയിലെ തൊഴിൽ ഇല്ലായ്മ ഇല്ലാതാക്കാനും തൽഫലമായി ചെറിയകുടുംബങ്ങൾക്ക് പോലും സാമ്പത്തിക നേട്ടം ഉണ്ടാക്കുവാനും ആരോഗ്യം സംരക്ഷിക്കുവാനും ഇതു സഹായകമാവും .

വാഴകൃഷി

പ്രാരംഭകാലം, മുതലേ നിലനിന്നിരുന്നത് ഇന്ന് അപൂർവ്വമായി നിലനിൽക്കുന്നതുമായ ഒരു കൃഷിയാണ് വാഴകൃഷി. പാളയംകോടൻ, ചുണ്ടില്ലാൻ, ഞാലിപ്പൂവൻങ്കദളി, കരിങ്കദളി, പൂവൻ എന്നീ പരമ്പരാഗത ഇനങ്ങളും ഏത്തൻമോറീസ്, പെനാങ്ക്, ചിങ്ങൻ എന്നീ പുതിയ ഇനങ്ങളും കൃഷി ചെയ്യാറുണ്ട്. ഈ കൃഷിയിൽ ഇതുവരെ ഒരു ശാസ്ത്രീയ സമീപനം ഉണ്ടായിട്ടില്ല. കേവലം 115 ഹെക്ടർ സ്ഥലത്താണ് ഈ പഞ്ചായത്തിലെ 25000 ത്തോളം വരുന്ന ജനങ്ങൾക്കാവിശ്യമായതിന്റെ ചെറിയ ഒരു അംശമായ 1.8 ലക്ഷം ടൺ പഴം ഉല്പാദിപ്പിക്കപ്പെടുന്നത്. ബാക്കി ആവിശ്യമുള്ളത് അന്യസ്ഥലങ്ങളിൽ നിന്ന് കൊണ്ടുവരികയാണ് വാഴകൃഷിക്ക് അനുയോജ്യമായ കാലവസ്ഥയും മണ്ണും ഉള്ള നമ്മുടെ പഞ്ചായത്തിൽ ഉൽപാദനത്തിനും വിതരണത്തിനും ശരിയായ ആസൂത്രണം പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയാൽ ഈ കൃഷി വിപുലീകരിക്കുവാനും കൃഷിക്കാരുടെ വരുമാനമാർഗ്ഗം വർധിപ്പിക്കുവാനും കഴിയും. ആഹാരക്രമത്തിലെ ഔഷധപ്രാധാന്യമുള്ള ഒരിനം എന്ന നിലയിൽ വാഴപ്പഴത്തിന് വളരെ പ്രാധാന്യം ഉള്ളതുകൊണ്ട് ഈ കൃഷിയുടെ വികസനം ജനങ്ങളുടെ (പ്രത്യേകിച്ച് കുട്ടികളുടെ) ആരോഗ്യ സംരക്ഷണത്തിന് വളരെ ഏറെ പ്രയോജനം ചെയ്യും.

പൈനാപ്പിൾ

പഴവർഗ്ഗങ്ങൾ നമ്മുടെ നിത്യ ആഹാരത്തിലെ പ്രധാന

ഘടകമാണന്ന് മുമ്പ് സൂചിപ്പിച്ചല്ലോ. ഈ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ഒരിക്കലും പ്രാധാന്യം നഷ്ടപ്പെടുവാൻ സാധ്യമല്ലാത്ത കൃഷിയാണ് പൈനാപ്പിൾ കൃഷി. നമ്മുടെ പഞ്ചായത്തിൽ പല സ്ഥലങ്ങളിലായി ഉദ്ദേശം 5 ഹെക്ടർ സ്ഥലത്ത്. കൈതകൃഷി ഉണ്ട്. നമ്മുടെ പഞ്ചായത്തിൽ അനുകൂലമായ കാലവസ്ഥയും അനുയോജ്യമായ മണ്ണും ഉണ്ട്. റബ്ബർ തോട്ടങ്ങളിൽ കൃഷിചെയ്യാവുന്നതാണ്. ആവിശ്യമായ സാമ്പത്തിക സഹായവും വിത്തും നല്കിയാൽ ലാഭകരമായി നടത്താവുന്ന ഒരു ഇടവിള കൃഷിയാണ് ഇത് ഇന്നിപ്പോൾ ഇതിന്റെ വിപണി പ്രധാനമായും ബോബെ ആണെങ്കിലും ശാസ്ത്രീയമായ സംസ്കാരണ വിപണന പ്രധാനമായും സ്വീകരിച്ചാൽ ആഭ്യന്തര വിപണിതന്നെ ഉണ്ടാക്കാവുന്നതാണ്. കൂടിൽ വ്യവസായത്തിന് ഏറ്റവും പറ്റിയതാണ് ഇതിന്റെ സംസ്ക്കരണവും വിപണനവും.

കുൺകൃഷി

നമ്മുടെ പഞ്ചായത്തിൽ നിലവിൽ ഇല്ലാത്തതും ശ്രമിച്ചാൽ വളരെയധികം സാധ്യതകൾ ഉള്ളതുമായ ഒന്നാണ് കൂൺകൃഷി. ധാരാളം മാംസ്യം അടങ്ങിയിട്ടുള്ളതാണ്. കൂൺ. താല്പര്യവും പരിപാലന ഔത്സുക്യം ഉള്ള കർഷകരെ കണ്ടെത്തി പരിശീലനവും പ്രോത്സാഹനവും കൊടുത്താൽ ഈ നാട്ടിൽ വളർത്തി എടുക്കുവാൻ കഴിയുന്നതാണ് ഈ കൃഷി.

ഔഷധചെടികൾ

ആയുർവേദ ചികിത്സാരംഗത്തും ഔഷധ നിർമ്മാണ രംഗത്തും ഒരു പുത്തൻ ഉണർവ്വ് വന്ന് തുടങ്ങിയിട്ടുണ്ട്. അതിന് സഹായകമായ വിധത്തിൽ ഇന്ന് മരുന്ന് ചെടികൾ ലഭ്യമല്ലാത്ത സ്ഥിതിയാണുള്ളത്. ഈ കുറവ് പരിഹരിക്കുന്നതിന് നമ്മുടെ പഞ്ചായത്തിന് യോജിച്ചതും നല്ല വരുമാന മുണ്ടാക്കാൻ സാധിക്കുന്നതുമായ ഒരു തൊഴിൽ ആണ് ഔഷധച്ചെടി വളർത്തൽ നമ്മുടെ ആഹാരത്തിലെ പോഷകപ്രാധാന്യമായ ഒരു ഉത്പന്നമായുരുന്നു. കപ്പളങ്ങ (ഓമക്ക) കാർഷിക പ്രാധാന്യമുള്ള ഉത്പന്നമായിരുന്നുവെങ്കിലും പണ്ട് മുതലെ സംരക്ഷിക്കപ്പെടുകയും ഒരു പ്രധാന കറി ഉത്പന്നമായി ഇത് ഉപയോഗിക്കുകയും ചെയ്തിരുന്നു. പക്ഷെ ഇതിന്റെ പോഷകപ്രാധാന്യം മഹാഭൂരിപക്ഷം പേർക്ക് അജ്ഞാതമാണ്. വിപുലമായ പ്രചാരണത്തിലൂടെ ഇത് ബോധ്യപ്പെടുത്താവുന്നതാണ് ഹൽവ്വാ എന്ന മധുരപലഹാര നിർമ്മാണത്തിന് ഇതു വൻതോതിൽ ഉപയോഗിക്കുന്നുണ്ട്. ആന്ധ്രായിൽ മാത്രമാണ് കപ്പളം വ്യാപകമായി കൃഷിചെയ്യുന്നത്. ഇത് നമ്മുടെ പഞ്ചായത്തിലും പരീക്ഷണ വിധേയമാക്കാവുന്നതാണ്.

അലങ്കാര ചെടികൾ

കേരളീയർ പൊതുവെ സൗന്ദര്യ ആരാധകരാണ്. സാമാന്യം സാമ്പത്തികശേഷിയുള്ള ഭവനങ്ങളിലെ പെൺകുട്ടികൾ ഗൃഹാലങ്കാരം പ്രത്യേക കോഴ്സായി പഠിക്കുന്നവരാണ്. അവർക്ക് സ്വന്തം ഭവനങ്ങളിൽ പരീക്ഷിച്ചു നോക്കാവുന്ന ഒന്നാണ് അലങ്കാര ചെടികൃഷി. ഭാവനയും പരിചരണ വാസനയും ചെറുമുടക്കുമുതലുണ്ടെങ്കിൽ വരുമാന മുണ്ടാക്കുവാൻ പറ്റുന്ന ഒരു കൃഷിയാണ്.ഗൃഹാലങ്കാരങ്ങൾക്കും, മറ്റു സന്ദർഭങ്ങൾക്കു ഉപകരിക്കുന്ന ഓർക്കിഡ് ആന്തൂറിയം തുടങ്ങിയ അലങ്കാര ചെടി കൃഷിക്കും മുല്ലാ; റോസ, തുടങ്ങിയ പുഷ്പ കൃഷിക്കും നമ്മുടെ പഞ്ചായത്തിൽ വളരെയേറെ സാധ്യതകളുണ്ട്. കൈയ്റ്റുമതി രംഗത്ത് ഓർക്കിഡ് പോലുള്ള പുഷ്പങ്ങൾക്ക് മറുനാടുകളിൽ വളരെയേറെ പ്രാധാന്യവുമുണ്ട്. നമ്മുടെ പഞ്ചായത്തിലും പുഷ്പകൃഷിക്ക് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങളും ലഭ്യമായാൽ വളരെപേർക്ക് തൊഴിലവസരമുണ്ടാക്കുന്ന കൃഷിയാണ് പുഷ്പകൃഷിയും അലങ്കാരചെടികൃഷിയും.

വൃക്ഷകൃഷി

പഞ്ചായത്തിലെ കാലാവസ്ഥയും മണ്ണിന്റെ ജല നിർഗ്ഗമന സംഭരണ ശേഷിയും വളപുഷ്ടിയും നിയന്ത്രിക്കുന്ന ഒരു പ്രധാന ഘടകമാണ് വൃങ്ങൾ പ്രധാന വച്ചു പിടിപ്പിക്കാവുന്ന പ്രധാന വൃക്ഷങ്ങൾ ആഞ്ഞിലി, പ്ലാവ്, തേക്ക്, മാവ്, മാഞ്ചിയം, മഹാഗണി തുടങ്ങിയവയാണ്. മണ്ണിന്റെ ജൈവഘടന നിലനിർത്തുവാൻ ആവിശ്യമായ പച്ചില സംഭാവന ചെയ്യുക കൊടും കാറ്റിനെ തടഞ്ഞ് നിർത്തുക. ചൂടുക്രമീകരിക്കുക വേരിന്റെ വിന്യാസത്തിലൂടെയും പച്ചില സംഭാവനയിലൂടെയും ജലനിർഗ്ഗമനം കുറയ്ക്കുക കെട്ടിടവും മറ്റും നിർമ്മിക്കുന്നതിനാവിശ്യമനാ തടി നല്കുക എന്നിവയാണ് വൃക്ഷങ്ങൾകൊണ്ടുള്ള പ്രയോജനങ്ങൾ. കൂടാതെ മാവ്, പ്ലാവ്, എന്നിവയിൽ നിന്നും ലഭിയ്ക്കുന്ന മാങ്ങാ, ചക്ക, ഇവ പദാർത്ഥമായി ഉപയോഗിക്കാനും ഇവ പേയോജനപ്പെടുത്താം പഞ്ചായത്തിന്റെ പുറംപോക്ക് വസ്തുവിൽ നിൽക്കുന്ന തടികൾ പഞ്ചായത്തിന്റെ പ്രധാന സമ്പത്തും വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ്. വൃക്ഷങ്ങളുടെ സ്ഥിതിവിവരകണക്കുകൾ കൃത്യമായിസൂക്ഷിക്കുകയും അസന്തുലിതമായ വൃക്ഷനശീകരണ പ്രവണത കർശനമാകുകയും വേണമെന്ന് മേൽക്കാണിച്ച ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാക്കുന്നു.

മണ്ണൊലിപ്പ്

ചെരിവു ഭൂമി കൂടുതലുള്ളതുകൊണ്ടുണ്ടാവുന്ന പ്രധാന പ്രശ്നമാണ് മണ്ണൊലിപ്പ് പുല്ല് പിടിച്ചു ഒരു

പെക്ടർ സ്ഥലത്ത് നിന്നും പ്രതിവർഷം 5 ടൺ മണ്ണും കിളച്ച് ഇളക്കിയ ഒരു ഹെക്ടർ സ്ഥലത്തു നിന്നും ഏകദേശം 8 ടൺ മണ്ണും ഒലിച്ചുപോകുന്നതായി കണാക്കാക്കിയിട്ടുണ്ട്. ഈ രീതിയിൽ നോക്കിയാൽ നമ്മുടെ പഞ്ചായത്തിലെ കൃഷിഭൂമിയിൽ നിന്നും വർഷംതോറും ആയിരകണക്കിന് ടൺ ജൈവവളം അടങ്ങിയ മേൽ മണ്ണാണ് ഒലിച്ചുപോകുന്നത് എന്ന് കാണാം. ഇത് കാർഷിക വിളകളെ പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രശ്നമാണ് ഇത് തടയേണ്ടതാണ്.

ജലസേചനം

നമ്മുടെ പഞ്ചായത്തിൽ പതിനഞ്ചോളം നീരൊഴുക്കുൾ ഉണ്ടെങ്കിലും ഇവയെല്ലാം വേനൽക്കാലത്ത് വറ്റിവരളുന്നവയും മഴക്കാലത്ത് വെള്ളപൊക്ക മുണ്ടാവുന്നവയുമാണ് സ്വഭാവികമായ നീരൊഴുക്കുകളെ ആശ്രയിച്ചുള്ള ജലസേചനമേ ഈ പഞ്ചായത്തിൽ പരിമിതമായ തോതിൽ നടക്കുന്നുള്ളു. കുന്നിൻപ്രദേശങ്ങൾ ആയതുകൊണ്ട് വൻകിട ജലസേചന പദ്ധതികൾ മുടക്കുമുതലിന് അനുസ്യൂതമായ പ്രയോജനം നൽകുകയില്ല. എങ്കിലും വരൾച്ച പരിഹരിക്കുവാൻ ചില പ്രവർത്തനങ്ങൾ നടത്താവുന്നതാണ് മഴവെള്ളം കൃഷിഭൂമിയിൽ നിന്ന് ഒലിച്ചുപോകാതെ പുരയിടങ്ങളിൽ കുഴികൾ കുത്തിയും കാനകൾ കീറിയും വെള്ളംശേഖരിക്കാവുന്നവയാണ്. കൂടാതെ നീരോഴുക്കുകളിൽ തടയണകൾ നിർമ്മിച്ച് വെള്ളം തടഞ്ഞ് നിർത്തി പരിസരപ്രദേശങ്ങളിലെ കുളങ്ങളിലേയും കിണറുകളിലേയും വെള്ളം നിലനിർത്തുവാൻ സാധിക്കും. അതുപോലെ തന്നെ നമ്മുടെ പഞ്ചായത്തിലെ പ്രധാന തോടുകളായ വാഴൂർ തോട്ടിലും, പന്നകം തോട്ടിലും, ചാമംപതാൽ തോട്ടിലും, ഉള്ളായം തോട്ടിലും ചെക്ക് ഡാമുകൾ നിർമ്മിച്ച് വെള്ളത്തെ തടഞ്ഞു നിർത്തി ഈ ചെക്കുഡാമിനോട് ചേർന്ന് കുളങ്ങൾ കുഴിച്ച് ആ കുളങ്ങളിൽ നിന്ന് കുന്നിൻ പ്രദേശങ്ങളിലേയ്ക്ക് വെള്ളം എത്തിച്ച് കൃഷികൾക്ക് ഉപയോഗിക്കാവുന്നതാണ്.

ഇപ്പോൾതന്നെ വാഴൂർ വലിയ തോട്ടതിൽ തള്ളക്കയം ഭാഗത്ത് ഒരു ചെക്കു ഡാം കെട്ടുവാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ സി.സി.ഡി.പി. സ്കീമിലാണ് ഇത്. നമ്മുടെ പഞ്ചായത്തിൽ കൈരളികേര വികസന സമതി എന്ന പേരിൽ ചാമം പതാലിൽ പ്രവർത്തിക്കുന്ന കേര സമതി ഇതിന്റെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതുകൊണ്ട് ആ പ്രദേശത്തെ 80 ഹെക്ടർ തെങ്ങ് കൃഷിക്കാർക്കും മറ്റ് കൃഷികാർക്കും വളരെയേറെ പ്രയോജനങ്ങൾ ലഭിക്കും ഈ പഞ്ചായത്തിലെ 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പുന്നവേലികുളം വിപുലീകരിച്ച് അതിൽ നിന്ന് വെള്ളം പമ്പു ചെയ്താൽ പരിസരപ്രദേശത്തുള്ള കൃഷികാർക്ക് ഉപയോഗിക്കാൻ സാധിക്കും. 10-ാം വാർഡിൽ ഉള്ളായം വാട്ടർ സപ്ലൈ സ്കീം എന്ന പേരിൽ 1980-ൽ 10 ലക്ഷം രൂപ മുടക്കി നടപ്പിലാക്കിയിട്ടുള്ള പദ്ധതി വെള്ളം ലഭ്യമല്ലാത്തതുകൊണ്ട് ഇന്ന് പ്രയോജനരഹിതമാണ്. ആയതിന് ചാമം പതാൽ പ്രദേശത്ത് ചാമംപതാൽ തോട്ടിൽ പഞ്ചായത്ത് പുറം പോക്ക് ഭൂമിയോ സ്വകാര്യവ്യക്തികളുടെ ഭൂമയോ കണ്ടെത്തി കുളം കുഴിച്ച് അതിൽ നിന്ന് വെള്ളം മിച്ചഭൂമിയിൽ ഉള്ളതു ടാങ്കിലേയ്ക്ക് പമ്പ്ചെയ്താൽ ആ പ്രദേശത്തെ കർഷകർക്ക് പ്രയോജനകരമായിരിക്കും.

4-ാം വാർഡൽ കാനം ഭാഗത്ത് വളരെയേറെ വെള്ളം കിട്ടുവാൻ സാധ്യതയുള്ള കണ്ടത്തിൽ ഒരു പൊതു കുളം കുഴിച്ച് അവിടെ നിന്ന് വെള്ളം പമ്പ് ചെയ്താൽ ആ പ്രദേശത്തെ കഷിക്കാർ കൃഷി ആവശ്യത്തിനും ഉപയോഗിക്കാൻ സാധിക്കാവുന്നതാണ്. 1-ാം വാർഡിൽ എരുമത്തല ഭാഗത്ത് പുള്ളോലിക്കൽ പുരയിടത്തിൽ ഏറ്റവും കൂടുതൽ വെള്ളം കിട്ടുന്ന സ്ഥലം കുളം കുത്തുന്നതിനുവേണ്ടിപഞ്ചായത്തിന് സിലണ്ടർ ചെയ്ത് തന്ന സ്ഥലത്ത് കുളം കുത്ത് വെള്ളം പമ്പ് ചെയ്ത് ഉയർന്ന സ്ഥലങ്ങളിലെ കൃഷിക്കാർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. പന്നകം തോട്ടിൽ ചെക്കു ഡാം കെട്ടി അവിടെ നിന്ന് വെള്ളം പമ്പ് ചെയ്താൽ രണ്ടാവാർഡിലെയും മൂന്നാം വാർഡിലേയും കർഷകർക്ക് പ്രയോജനപ്പെടുന്നതാണ് പനംപുന്ന തോട്ടിൽ ചെക്കുഡാം കെട്ടി അവിടുന്ന് വെള്ളം പമ്പ് ചെയ്താൽ 7-ാം വാർഡിലേയും 6-ാം വാർഡിലേയും കർഷകർക്ക്ഉപയോഗപ്പെടുന്നതാണ് 5-ാം വാർഡിലെ കൊടുങ്ങൂർ അമ്പലം സ്ഥിതി ചെയ്യുന്ന ഭാഗത്ത് വെള്ളം ഏറ്റവും കൂടുതൽ കിട്ടുന്ന സ്വാകാര്യവ്യക്തികളുടെ വസ്തു കണ്ടെത്തി ഒരു പൊതു കുളം കുഴിച്ചാൽ ആ പ്രദേശത്തെ കൃഷിക്കാർക്ക് ഉപയോഗപ്രദമാകും. 1983-ൽ സർക്കാരിന്റെ ധനസഹായത്തോടുകൂടി തുടങ്ങിവച്ചിട്ടുള്ള ഈ പഞ്ചായത്തിലെ കടക്കുഴി ഭാഗത്തെ വാട്ടർ സപ്ലൈ സ്കീം വൈദ്യുതി കിട്ടാതെ മുടങ്ങികിടക്കുന്നത്. പുനരുദ്ധരിച്ച് വെള്ളം പമ്പു ചെയ്യുവാൻ സാധിച്ചാൽ ആ പ്രദേശത്തെ കർഷകർക്ക് വളരെയധികം പ്രയോജനം ചെയ്യും.

പ്രകൃതിക്ഷോപം

അതിശക്തമായ കാറ്റും വെള്ളപ്പൊക്കവുമാണ് നമുക്ക് അനുഭപ്പെടുന്നത് പ്രകൃതിക്ഷോഭങ്ങൾ ഇത് മൂലം എല്ലാവർഷവും കർഷകർക്ക് ഭീമമായ നഷ്ടം സംഭവിക്കുന്നുണ്ട് ഇതിനർഹമായ നഷ്ടപരിഹാരം ഒരിടത്തു നിന്നും ലഭിക്കാറില്ല. ഇത് കർഷകരെ അലട്ടുന്ന

പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് ഇതിന് പരിഹാരമായി കാർഷികവിളകൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്താവുന്നതാണ് ഇപ്പോൾ ഉള്ള സ്ക്കീം പരിഷ്കരിച്ച് യഥാർത്ഥ നഷ്ടം ലഭിക്കത്തക്ക രീതിയിൽ പോളിസി തുക ഉയർത്തുകയും പ്രീമിയം തുക കിട്ടുവാനുള്ള നടപടികൾ ലഘൂകരിക്കുകയും ചെയ്യേണ്ടതാണ്.

തൊഴിൽ രംഗം

കർഷക തൊഴിലാളികളെ ലഭിക്കുവാൻ പ്രയാസമാണ് അഥവാ ലഭിച്ചാൽതന്നെ ഏകീകൃത കൂലി സമ്പ്രദായം ഇല്ല. അതുകൊണ്ട് കാലാകാലങ്ങളിൽ കൃഷിപ്പണി നടത്താൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ട് സ്ത്രീകൾക്ക് അൻപതു രൂപാ മുതൽ 60 രൂപാ വരെയും പുരുഷന്മാർക്ക് 80 രൂപാ വരെയുമാണ് നിലവിലുള്ള കൂലി നിരക്കുകൾ കട്ടൻസ്രംഗത്തെ തൊഴിലാളികൾക്കാണ് കാർഷികമേഖലയിൽ ഏറ്റവും കൂടുതൽ കൂലി ലഭിക്കുന്നത്. യൂണിയൻ വ്യവസ്ഥ അനുസരിച്ച് കോൺട്രാക്ടർമാരുമായി ജോലി ചെയ്യുമ്പോൾ 200 രൂപാ മുതൽ 350 രൂപാവരെ കൂലി കിട്ടുന്ന തൊഴിലാളികൾ ഉണ്ട്. അതുകൊണ്ട് കാർഷികമേഖലയിൽ നിന്നും മറ്റ് തൊഴിൽ മേഖലകളിലേയ്ക്ക് കൂടിയേറുന്നതായി കാണാം. ഇതിനൊരു പരിഹാരം കണ്ടില്ലെങ്കിൽ കാർഷിക രംഗത്ത് സ്ഥംഭനാവസ്ഥ ആയിരിക്കും ഫലം. കർഷകതൊഴിലാളികളെ പഞ്ചായത്ത് അടിസ്ഥാനത്തിൽ പേർ രജിസ്റ്റർ ചെയ്യിച്ച് ബോധവൽക്കരണം നടത്തിയാൽ പ്രശ്നപരിഹാരം ഉണ്ടാവും.

സഹകരണം

ആദ്യകാലങ്ങളിൽ അയൽകൃഷിക്കാർ യോജിച്ച് സഹകരിച്ചും അധ്വാനഭാരം കൂടുതലുള്ള ജോലികൾ നിർവ്വഹിച്ചിരുന്നു. ഉദാ: പുരകെട്ട്, വിത്ത് വിതയ്ക്കൽ, കാടുപറിക്കൽ, വെലികെട്ട് തുടങ്ങിയ മാറ്റാൾ പണി നടത്തി പോന്നിരുന്നു. എന്നാൽ ഇന്ന് മാറ്റാൾ പണി നിന്നു പോയിരിക്കുന്നു. അതുപോലെ പണികളും കൂലി അധിഷ്ടിതമായിരിക്കുന്നു. അതുപോലെ പണത്തിന്റെ കൈമാറ്റത്തിനും ബാങ്കുകളും പലിശയും വന്നിരിക്കുന്നു. കാർഷിക വിത്തിനങ്ങൾ ദാനമായോ വായ്പയായോ വാങ്ങിയിരുന്നിടത്ത് ഇന്ന് കച്ചവടവ്യവസ്ഥിതി നിലവിൽ വന്നിരിക്കുന്നു. (10000 ത്തോളം അംഗസംഖ്യയുള്ള വാഴൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് പുളിക്കൽ കവല ആസ്ഥാനമായി പ്രവർത്തിക്കുന്നു. പുളിയ്ക്കൽ കവല, ചാമംപതാൽ, കൊടുങ്ങൂർ, കാനം, വാഴൂർ ഈസ്റ്റ് എന്നിവടങ്ങളിൽ ശാഖകളുമുണ്ട്. ഈ ജില്ലയിലെ അറിയപ്പെടുന്ന ഒരു സഹകരണ പ്രസ്ഥാനമായി പ്രവർത്തിക്കുന്നുണ്ട്) കാർഷിക മേഖലയിൽ പുതിയ കൂട്ടായ്മാ രീതികൾ ആവിഷ്കരിച്ചു നടപ്പാക്കണം.

റിക്കാർഡുകൾ

കർഷകർക്ക് കാർഷിക പ്രവർത്തനങ്ങളുടെ റിക്കാർഡുകൾ സൂക്ഷിക്കുന്ന ശീലം കുറവാണ് ഇല്ലാത്തതുകൊണ്ട് കൃത്യമായ സ്ഥിതിവിവരകണക്കുകളുടെ അഭാവം ആസൂത്രണ പ്രക്രിയ ശാസ്ത്രീയമായി നിർവഹിക്കുന്നതിൽ തടസ്സമാവുന്നുണ്ട്. ഇതിന് പരിഹാരം കണ്ടെതീരു. പഞ്ചായത്തിന്റെ ആസൂത്രണത്തിന് റിക്കാർഡുകൾ ആവശ്യമാണ് അത് സൂക്ഷിക്കുന്നതിനാവശ്യമായ ഫാറം തയ്യാറാക്കി കൃഷിക്കാരുടെ കൈകളിൽ എത്തിച്ച് കാലാകാലങ്ങളിൽ പൂരിപ്പിച്ച് സൂക്ഷിക്കുന്ന തിരിച്ചവാങ്ങിക്കുന്നസമ്പ്രദായം പഞ്ചായത്തിൽ ഉണ്ടാക്കണം.

കൃഷിഭവൻ

1987-ൽ നമ്മുടെ പഞ്ചായത്തിൽ ആദ്യമായി കൃഷിഭവന്റെ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ ഒരു കൃഷി ആഫീസറും മൂന്ന് അസിസ്റ്റന്റെ് മാരും ഉൾപ്പെടെ മൊത്തം 5 പേർ ജോലിചെയ്യുന്നു. ഇത്രയും കാലത്തെ പ്രവർത്തനം പരിശോധിക്കുമ്പോൾ ഈ പഞ്ചായത്തിലെ എല്ലാ കൃഷിക്കാരുമായിബന്ധമുള്ളതായി തോന്നുന്നില്ല. പ്രധാന കാരണം ഈ പഞ്ചായത്തിലെ കൃഷിഭവൻ നമ്മുടെ പഞ്ചായത്തിന്റെ ഏറ്റവും വടക്കെ അതിർത്തിയിൽ പള്ളിക്കത്തോട് പഞ്ചായത്തിന്റെയും അരികിലാണ് പ്രവർത്തിക്കുന്നത് എന്നതാണ് ഓഫീസിലെ കാർഷിക വിദഗ്ദ്ധന്റെ സാങ്കേതിക ജ്ഞാനം കൃഷിക്കാരുമായി പങ്കുവയ്ക്കുവാനുള്ള പരിപാടികൾ ഫലപ്രദമായി ആസൂത്രണം ചെയ്തിട്ടില്ല. തോട്ടം സന്ദർശനമെന്ന ഏർപ്പാട് ഉണ്ടായിരുന്നില്ല. ആഫീസിൽ എത്തുന്ന കാർഷിക വസ്തുക്കളുടെയും അവിടുത്തെ വിതരണത്തെയും സംബന്ധിച്ച വിവരങ്ങൾ യഥാർത്ഥ കർഷകർക്ക് അറിയിക്കുവാനുള്ള സംവിധാനങ്ങളില്ല പെർമിറ്റ് കൊടുക്കലും, റിക്കാർഡ് സൂക്ഷിക്കലും മാത്രമായിരുന്നു ജോലികൾ. ഈ രീതിയ്ക്ക് മാറ്റം ഉണ്ടാകണം തോട്ടം പരിശോധനയും സാങ്കേതിക വിജ്ഞാന വ്യാപനവും ആയിരിക്കണം കാർഷികവിദ്ഗദ്ധന്റെ പ്രധാനജോലി. അതിന് ആവശ്യമായ സ്റ്റാഫും ഏർപ്പാടുകളും ആഫീസ് കേന്ദ്രീകരിച്ച് ഉണ്ടാകണം. കൃഷിഭവൻ ഓഫീസ് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായ കൊടുങ്ങൂർ കവലയിൽ പഞ്ചായത്ത് കെട്ടിടത്തോട് ചേർന്നുള്ള സ്ഥലത്ത് പ്രവർത്തിച്ചെങ്കിൽ മാത്രമേ ഈ പഞ്ചായത്തിലുള്ള എല്ലാ കർഷകർക്കും ഈ കൃഷിഭവൻ കൊണ്ട് ശരിയായ രീതിയിൽ പ്രയോജനം ഉണ്ടാവുകയുള്ളു. അതുപോലെ തന്നെ ഇപ്പോൾ വിവിധ ഡിപ്പാർട്ടുമെൻറിൽ കൂടി നടക്കുന്ന കാർഷിക പ്രവർത്തനങ്ങൾ കൃഷിഭവനിൽ കൂടി മാത്രമായി കൃഷികാർക്ക് ലഭിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യണം.

ക്ഷീരവികസനം

നമ്മുടെ സാമ്പത്തിക സാമൂഹിക മേഖലയിൽ പശുക്കൾക്ക് അതിപ്രധാനമായ സ്ഥാനം ഉണ്ട്. ഈ പഞ്ചായത്തിൽ 8% വീടുകളിലെങ്കിലും പശുക്കളെ വളർത്തുന്നുണ്ട്. ഇവയിൽ അതുല്പാദനശേഷിയുള്ളവ 75% ത്തിലധികം വരില്ല. പാൽ വിതരണത്തിന് ഇപ്പോൾ ഈ പഞ്ചായത്തിൽ ക്ഷീരസംഘങ്ങൾ മാത്രമേ ഉള്ളൂ. പാലിന് കിട്ടുന്ന വിലകുറവാണെന്നും സംഭരണകേന്ദ്രങ്ങൾ വേണ്ടത്ര ഇല്ലെന്നും പരാതികളുണ്ട്.

പുല്ലും, കാലിതീറ്റകളും, വൈക്കോലും വിലകൊടുത്തു വാങ്ങുന്നവരാണ് ഭൂരിഭാഗം പേരും. ഈ പഞ്ചായത്ത് പ്രദേശത്ത് തീറ്റപുൽ വളർത്തൽ തീരെയില്ല. ക്ഷീരസംഘങ്ങൾ മുഖേന പ്രതിദിനം 200 ലിറ്ററോളം പാൽ സംഭരിച്ച് വിതരണം ചെയ്യുന്നു.

ക്ഷീരവികസനത്തിൽ മുഖ്യഉദ്ദേശം ജനങ്ങൾക്കാവശ്യമായ പാൽ ഉല്പാദിപ്പിച്ച് കൂടുതൽ വരുമാനം ഉണ്ടാക്കുക എന്നതാണ്. പാലിന്റെയും പാൽ ഉല്പന്നങ്ങളുടെയും ഉപദേശം വഴി കുടുംബാംഗങ്ങളുടെ ആരോഗ്യം വർദ്ധിപ്പിക്കുക എന്നത് പരമപ്രധാനമായ വസ്തുതയാണ്. 1962- 63-ൽ കേരളത്തിലെ പാലിന്റെ ആളോഹരി ലഭ്യത 30 ഗ്രാം ആയിരുന്നു. 1995-96-ൽ അത് 190 ഗ്രാം ആയി ഉയർന്നു.

ലാഭകരമായ ക്ഷീരോല്പാദനത്തിനു ഉൾപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കണം. ഉല്പാദന ക്ഷമതയുള്ള പശുക്കൾ, ശാസ്ത്രീയ തീറ്റക്രമവും, പരിപാലനവും, പാലിന്റെയും പാൽ ഉല്പന്നങ്ങളുടേയും സംഭരണവും വിപണനവും .

8-ാം പഞ്ചവത്സരപദ്ധതിതിക്കാലത്ത് ക്ഷീരവികസന വകുപ്പ് മുഖേന വാഴൂർ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.

I. തീറ്റപുൽ കൃഷി വികസനം

ക്ഷീരകർഷകർ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നംഭാരിച്ച ഉല്പാദനച്ചെലവാണ്. പാലുല്പാദനത്തിൽ കർഷകർ മുടക്കേണ്ട ചിലവിൽ 70% കാലിതീറ്റയ്ക്കാണ് . പച്ചപുല്ല് മതിയായ തോതിൽ നൽകിയാൽ ഈ ചിലവ് 40% ത്തോളം കുറയ്ക്കാൻ സാധിക്കും. ഇതിലേക്ക് ചുവടെ ചേർക്കുന്ന പദ്ധതികൾ പുൽകൃഷി വികസനത്തിനായി നടപ്പിലാക്കി വരണം.

1. ദീർഘ കാല പുൽകൃഷി

ഒരിക്കൽ കൃഷിചെയ്താൽ 6-7 വർഷത്തോളം ആദായകരമായ വിളവുതരണ ദീർഘകാല പുൽ ഇനമായ കോം ഗോസിഗ്നൻ, ഗിനി, ആൺഡ്രോപോഗൺ, അസ്റ്റാലേഗന്നസ് എന്നിവയുടെ വിത്ത് കർഷകർക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്ത് പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നു. വിത്തുവില ഇനത്തിൽ 5 % സബ്സിഡിയും രാസവളസബ്സിഡിയായി ഒരു ഹെക്ടറിന് 500 രൂപയും അനുവദിക്കുന്നു 1996-97 വർഷത്തിൽ പഞ്ചായത്തിലെ ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

2. ഹ്രസ്വകാല പുൽകൃഷി

നെൽപാടങ്ങളിൽ തെങ്ങ്, മരച്ചീനി, ഇഞ്ചി, മുതലായവ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഇടവിളയായും കൃഷി ചെയ്യുന്നതിന് താരതമ്യേന കൂടുതൽ മാസവും ഉള്ള ഹ്രസ്വകാല വിളയായ വൻപയർ വിത്തും, അന്നജം കൂടുതലുള്ള മക്കച്ചോളത്തിന്റെ വിത്തും കാലിതീറ്റ കൃഷിക്കായി കർഷകർക്ക് നൽകുന്നു. വൻപയറിന് വിളവിലയിൽ 50% സബ്സിഡിയും ഹെക്ടർ ഒന്നിന് 300 രൂപ നിരക്കിൽ രാസവള സബ്സിഡിയും നൽകുന്നു. മക്കച്ചോളകൃഷിക്ക് സബ്സിഡി നിരക്കിൽ വിത്തും ഹെക്ടറിന് 700 രൂപ നിരക്കിൽ രാസവള സബ്സിഡിയും നൽകണം.

ഒന്നാം വിള, രണ്ടാം വിള, മൂന്നാം വിള എന്നിങ്ങനെ വർഷത്തിൽ മൂന്ന് തവണ വരെ വൻപയർ മക്കച്ചോളം എന്നിവയുടെ വിത്ത് വിതരണം ചെയ്യുന്നുണ്ട്.

3. തീറ്റപുൽകട ഉപയോഗിച്ചുള്ള പുൽകൃഷി

ഉല്പാദനക്ഷതയുള്ള മേൽത്തരം പുല്ലിനങ്ങളായ കോംഗോസിഗ്നൻ, ഗിനി, ഹൈബ്രിസ് നേപിയർ എന്നിവയുടെ കടകളുപയോഗിച്ച് പുൽകൃഷി നടത്തുന്നു. പുൽകടയുടെ വിലയുടെ 50% സബ്സിഡിയും പരമാവധി ഒരു ഹെക്ടറിന് 500 രൂപ രാസവള സബ്സിഡിയായി ഒരു ഹെക്ടറിന് 500 രൂപയും കർഷകർക്ക് നൽകുന്നു. 96 - 97 ൽ 6 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി.

ഉല്പാദനച്ചെലവ് കുറച്ച് കാലിവളർത്തൽ ലാഭകരമാക്കുവാൻ ഇത്തരത്തിലുള്ള പുൽകൃഷി വികസന പദ്ധതികൾ വളരെയേറെ സാധ്യമാക്കണം. വിത്ത് വിലയും രാസവളവിലയും ഉണ്ടായ വർദ്ധന കണക്കിലെടുത്ത് സബ്സിഡിതുകയിൽ ആനുപാതികമായ വർദ്ധന ഉണ്ടാക്കാവുന്നതാണ്. ജല സോചനസൗകര്യം ലഭ്യമാക്കിയാൽ പുൽകൃഷിയിൽ നിന്നും ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാൻസാധിക്കും.

4. വാണിജ്യാടിസ്ഥാനത്തിൽ ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി

കാലിവളർത്തലുമായി ബന്ധപ്പെട്ട കർഷകരിൽ ഭൂരിഭാഗവും ചെറുകിട പരിമിത കർഷകതൊഴിലാളി

കളാണ്. കൃഷിഭൂമിയുടെ ദൗർലാഭ്യം മൂലം പുൽകൃഷി ചെയ്ത് ആദായകരമായി കാലിവളർത്തുവാൻ ഈ മേഖലയിലുള്ള ബഹുഭൂരിപക്ഷം കർഷകർക്കും സാധിക്കുന്നില്ല. സ്വന്തമായി പുൽകൃഷിക്ക് സ്ഥലമില്ലാത്ത കർഷകർക്ക് പാട്ടത്തിന് സ്ഥലമെടുത്ത് പുൽകൃഷി നടത്തുന്നതിനുള്ള പരിപാടിയാണ് വാണിജ്യാടിസ്ഥാനത്തിലുള്ള പുൽകൃഷികൊണ്ട് ഉദ്ദേശിക്കുന്നത്. ക്ഷീരകർഷകർക്ക് മിതമായനിരക്കിൽ പുല്ല് എത്തിച്ചു കൊടുക്കുന്നതിന് ക്ഷീരസംഘങ്ങൾ ഈ പദ്ധതി നടപ്പാക്കാവുന്നതാണ്. ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്യുന്നതിന് അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കുക, ജലസേചനം, കൃഷിചെലവ്, പാട്ടകൂലി എന്നിവയ്ക്ക് പരമാവധി 15,000 രൂപ ഈ പദ്ധതിയിൽ സഹായം നൽകിവരുന്നു. 96-97-ൽ ഉള്ളായത്ത് ഒരു ഗുണഭോക്താവിനെ തിരഞ്ഞെടുത്തു.

5. ഉണക്കപ്പുല്ല് നിർമ്മാണം

പച്ചപ്പുല്ല് സുലഭമായിരിക്കുന്ന ഒക്ടോബർ നവംബർ മാസങ്ങളിൽ അവശേഖരിച്ച് ജലാംശം നീക്കി പച്ചപുല്ലിന് ദൗർലഭ്യം നേരിടുന്ന കാലങ്ങളിൽ നൽകുവാനായി ഉണക്കി സൂക്ഷിക്കുന്ന പദ്ധതിയാണ്. ഒരു ടണ്ണിന് 200 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

6. വൈക്കോൽ യൂറിയ ചേർത്ത് സംപുഷ്ടമാക്കൽ

വൈക്കോൽ യൂറിയ ചേർത്ത് വൈക്കോലിന്റെ പോഷകഗുണം മെച്ചപ്പെടുത്താനുള്ള പദ്ധതിയാണിത് ഒരു ടണ്ണിന് 200 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. 96-97-ൽ 12 പേരെ ഈ പദ്ധതിയിൽ ഉൾപ്പെത്തി.

7. സൈലേക്ക് നിർമ്മാണം

നാരിന്റെ അംശം കൂടുതലുള്ള പുല്ല്, ചോളം എന്നിവ ഉപ്പ്, മൊളാസസ് (ശർക്കര) എന്നിവയുപയോഗിച്ച് പ്രത്യേക രാസപ്രവർത്തനങ്ങൾ നടത്തുവാൻ അനുവദിച്ച് വായുകയറാനും അറകളിൽ നിശ്ചിത കാലം സൂക്ഷിച്ചു വച്ച് സൈലേക്ക് നിർമ്മിക്കുന്നു. പോഷക മൂല്യമുള്ള ഒരു കാലത്തീറ്റയായി ഇത് ഉപയോഗിക്കാവുന്നതാണ്. ടണ്ണിന് 125 രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

II. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം

രണ്ട് കറവപശുക്കൾ സ്വന്തമായുള്ള കർഷകന് ഡിപ്പാർട്ടുമെന്റിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായമായി ആകെ ചിലവാക്കുന്ന തുകയുടെ മൂന്നിലൊന്ന് അഥവാ 1250 രൂപ ഏതാണോ കുറവ് ആ തുക അനുവദിക്കുന്നു. 96-97-ൽ 5 കർഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

മാതൃകാ ഡയറി യൂണിറ്റ്

രണ്ട് കറവപശുക്കളെയെങ്കിലും വളർത്താൻ താല്പര്യമുള്ള കർഷകന് കറവപശുവിനെ വാങ്ങുന്നതിനും ജലസേചനം, പുൽകൃഷി, തൊഴുത്ത് മുതാലയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി മുടക്കുന്ന തുകയും മൂന്നിലൊന്ന് അഥവാ പരമാവധി7000/- രൂപ ധനസഹായമായി നൽകുന്നു. പദ്ധതി കാലത്ത് 4 കർഷകരെ തെരഞ്ഞെടുത്തു.

ക്ഷീര കർഷകസമ്പർക്ക പരിപാടി

ക്ഷീരകർഷകർക്ക് വിജ്ഞാന വ്യാപനത്തിനും ഉദ്ദേശിച്ചിട്ടുള്ള പരിപാടിയാണിത്. മതിയായ പ്രചാരണം നൽകി പൊതുസ്ഥലത്ത് 30-ൽ കുറയാത്ത ക്ഷീരകർഷകരുള്ള സദസ്സിന് ആവശ്യമായ വിഷയങ്ങളെക്കുറിച്ച് ക്ലാസ് നൽകുകയാണ് പരിപാടിയുടെ ഉദ്ദേശം.

പരിപാടിയുടെ പ്രചാരണത്തിനും പങ്കെടുത്ത കർഷകർക്ക് ലഘുഭക്ഷണം നൽകുന്നതിനുമായി ഒരു ക്ലാസ്സിന്റെ നടത്തിപ്പിന് പരമാവധി 200 രൂപ അനുവദിച്ചിട്ടുണ്ട്. 96-97ൽ 6 പരിപാടി ലക്ഷ്യമിട്ടിരിക്കുന്നു.

നാടൻ ക്ഷീരോല്പന്ന നിർമ്മാണ പ്രദർശന ക്ലാസ്സ്

ക്ഷീരോല്പന്നങ്ങൾ നിർമ്മിച്ച് ഉൽപന്നങ്ങളുടെയും പാലിന്റെയും ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുവ്വേള പ്രദർശന പരിശീലന പരിപാടിയാണിത്. ഒരു പരിപാടി നടത്തുന്നതിനായി പരമാവധി 100 രൂ. ധനസഹായമായി നൽകുന്നു. പാലിൽ നിന്ന് വൈവിധ്യമാർന്ന പാലുൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം കർഷകർക്ക് നൽകുവാൻ ഈ പരിപാടി വളരെയേറെ സഹായിച്ചിട്ടുണ്ട്. 96-97 ൽ 6 പരിപാടികൾ ലക്ഷ്യമിട്ടിരിക്കുന്നു.

1. ധാതുലവണ മിശ്രിത വിതരണം

കറവപശുക്കളുടെയും കിടാക്കളുടെയും ആരോഗ്യ പരിപാലനത്തിനും ഉല്പാദന ക്ഷമതക്കുമായി 50% സബ്സിഡി നിരക്കിൽ ധാതുലവണ മിശ്രിതം വിതരണം ചെയ്യുന്നു. 96-97 ൽ 150 കി. ഗ്രാം വിതരണം ചെയ്തു.

2. വിറ്റാമിൻ സപ്ലിമെൻറ് വിതരണം

കന്നുകുട്ടികളുടെ ശരിയായ വളർച്ചയ്ക്കും ആരോഗ്യ പരിപാലനത്തിനുമായി വിറ്റാമിൻ സപ്ലിമെൻറ് സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നു. 96-97-ൽ 100 കുപ്പി (500 മില്ലി) വീതം വിതരണം ചെയ്തു.

3. ശുദ്ധമായ പാലുല്പാദന കിറ്റ് വിതരണം

ശുദ്ധമായ പാലുല്പാദനം നടത്തുന്നതിനുവേണ്ടി പശുവിനെ കറവക്കുമുമ്പ് വൃത്തിയാക്കുന്നതിനുള്ള ബ്രഷ്, പശുവിന്റെ അകിട്, തൊഴുത്ത് എന്നിവ വൃത്തിയാക്കുന്നതിനുള്ള ലോഷനുകൾ എന്നിവ അടങ്ങിയ

കിറ്റുകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നു. 96-97ൽ 100 കിറ്റ് വിതരണം ചെയ്തു.

6. വനിതാ ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ്

അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ വനിതകൾക്ക് തൊഴിൽ നൽകുന്നതിനും പാലിന്റെയും പാലുല്പന്നങ്ങളുടെയും ഉപഭോഗവും വിപണനവും വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയാണിത്. ഒരു യൂണിറ്റിൽ എസ്.എസ്.എൽ.സി. വരെയെങ്കിലും വിദ്യാഭ്യാസമുള്ള 4 വനിതകൾ ഉണ്ടായിരിക്കും. ക്ഷീരസംഘങ്ങൾ മഹിളാ സമാജങ്ങൾ, വായനശാലകൾ, സന്നദ്ധ സംഘടനകൾ എന്നിവയാണ് ഈ യൂണിറ്റുകളുടെ സ്പോൺസറിംഗ് ഓർഗനൈസേഷനുകളായി പ്രവർത്തിക്കുന്നത്. വിവിധ ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണം, യൂണിറ്റിന്റെ കണക്കു തയ്യാറാക്കൽ, മാർക്കറ്റിംഗ് എന്നീ വിഷയങ്ങളിൽ തെരഞ്ഞെടുക്കുന്ന യൂണിറ്റ് അംഗങ്ങൾക്ക് ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ 15 ദിവസത്തെ പരിശീലനം നൽകുന്നു. പരിശീലനം പൂർത്തിയാക്കുന്ന യൂണിറ്റിന് പരിശീലന ബത്തയായി 1500 രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിന് ആകെ മുതൽ മുടക്കിന്റെ 66% (പരമാവധി 20250 രൂ.)യും കൂടി ആകെ 21750 രൂപ ധനസഹായം നൽകുന്നു. വാഴൂർ പഞ്ചായത്തിൽ ഇത്തരത്തിലുള്ള 3 യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്.

7. പ്രത്യേക ഘടക പദ്ധതി/പ്രത്യേക കേന്ദ്രസഹായ പദ്ധതി

പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽ പെട്ട കർഷകർക്ക് തൊഴിൽലഭിക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഡയറി യൂണിറ്റ് (കാലിതൊഴുത്ത്, കറവപശു എന്നിവ) സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഒരു യൂണിറ്റിന് പരമാവധി 7000/- രൂപ വരെ ധനസഹായം അനുവദിക്കണം. 8 പേർക്ക് ധനസഹായം നൽകി.

ക്ഷീരസംഘങ്ങളുടെ നവീകരണം

ക്ഷീരസംഘങ്ങളുടെ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

1. പ്രവർത്തന മൂലധനം

ക്ഷീരസംഘങ്ങളിലെ ഉല്പാദകർക്ക് പാൽ വില നൽകുന്നതിന് ഉപയോഗിക്കുന്നതിനായി പരമാവധി 10,000 രൂപ വരെ ധനസഹായം നൽകുന്നു. കൊടുങ്ങൂർ ക്ഷീരസംഘത്തിന് 10,000 രൂപ അനുവദിച്ച് നൽകി.

ഫർണീച്ചർ സബ്സിഡി

ക്ഷീരസംഘങ്ങൾക്ക് ഫർണീച്ചർ വാങ്ങുന്നതിന് 5000 രൂപ വരെ ധനസഹായം നൽകുന്നു. കൊടുങ്ങൂർ ക്ഷീരസംഘത്തിന് 5000/- രൂപ ധനസഹായം നൽകി.

കെട്ടിട നിർമ്മാണ സഹായം

മിൽക്കോ ടെസ്റ്റർ, പാൽ പരിശോധനാ വസ്തുക്കൾ, മിൽക്ക് ക്യാനുകൾ എന്നിവ വാങ്ങുന്നതിന് ധനസഹായം - കൊടുങ്ങൂർ, വാഴൂർക്ഷീര സംഘത്തിന് നൽകി.

കാലിത്തീറ്റ ഫാക്ടറി, ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം. വാഴൂർ ക്ഷീരസംഘത്തിന് കാലിത്തീറ്റ ഫാക്ടറി അനുവദിച്ചു. കൊടുങ്ങൂർ സംഘത്തിന് ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു.

നിർദ്ദേശങ്ങൾ

ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിന് ബുദ്ധിമുട്ടില്ല. എന്നാൽ ചില പദ്ധതികളെ സംബന്ധിച്ച് ചില മാറ്റങ്ങൾ വരുത്തിയും ചില പുതിയ പദ്ധതികൾ പഞ്ചായത്ത്തലത്തിൽ നടപ്പിലാക്കിയും വാഴൂർപഞ്ചായത്തിന്റെ ക്ഷീരവികസന മേഖലയിൽ കാര്യമായ മാറ്റം ഉണ്ടാക്കാം.

1. തീറ്റപുൽകൃഷി വികസനം: വാണിജ്യാടിസ്ഥാനത്തിലുള്ള തീറ്റപുൽ കൃഷി.

വാണിജ്യാടിസ്ഥാനത്തിൽ ഒരു ഹെക്ടർ സ്ഥലത്ത് 15,000 രൂപ ധനസഹായത്തോടുകൂടി നടപ്പാക്കുന്ന ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലത്തിന്റെ ലഭ്യത കുറവായതിനാൽ കൃഷി സ്ഥലത്തിന്റെ വിസ്തീർണം കുറച്ച് (ഉദാ. 50 സെന്റ്, ഒരേക്കർ) സബ്സിഡി തുക ആനുപാതികമായി കുറച്ചും നടപ്പിലാക്കിയാൽ ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽ കർഷകർക്ക് ലഭിക്കുന്നതിനും കൂടുതൽ സ്ഥലത്ത് പുൽകൃഷി വ്യാപിപ്പിക്കുന്നതിനും സാധിക്കും. കൂടാതെ പഞ്ചായത്ത് വക പുറംപോക്കുകൾ, തരിശുനിലങ്ങൾ എന്നിവയിൽ, താല്പര്യമുള്ള കർഷകരെ പങ്കെടുപ്പിച്ച് പുൽകൃഷി നടത്തിയാൽ അതിൽ നിന്ന് ലഭിക്കുന്ന പുല്ല് ക്ഷീരസംഘങ്ങൾ വഴി വിറ്റഴിക്കുകയും ചെയ്യാവുന്നതാണ്.

മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം

കാലിത്തൊഴുത്ത് നിർമ്മാണത്തിന് നിലവിൽ അനുവദിച്ചിട്ടുള്ള ധനസഹായം 1250 രൂപയാണ്. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് കണക്കിലെടുത്ത് ഈ സബ്സിഡി ഉയർത്തേണ്ടതാണ്.

കാലിത്തൊഴുത്തു നിർമ്മാണത്തിന് പുറമെ തൊഴുത്തിന്റെ അറ്റകുറ്റ പണികൾക്കു കൂടി ധനസഹായം അനുവദിക്കാവുന്നതാണ്.

കാലിത്തീറ്റക്ക് സബ്സിഡി

പാലുല്പാദനത്തിലുള്ള വർദ്ധിച്ച ചെലവ് പരി

ഗണിച്ച് ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകന് കാലിത്തീറ്റ 50% സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി പഞ്ചായത്ത് വഴി നടപ്പാക്കാവുന്നതാണം. ഇതുമൂലം ക്ഷീരസംഘങ്ങൾ വഴി പാൽ വിപണനം നടത്തുന്നതിന് കർഷകർക്ക് പ്രോത്സാഹനം നൽകുന്നതോടൊപ്പം ക്ഷീരസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സാധിക്കും.

നാട്ടിൽ സുലഭമായി ലഭിക്കുന്ന സാധനങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കാൻ കർഷകർക്ക് കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കാം.

കൂടുതൽ ക്ഷീരസംഘങ്ങൾ ആരംഭിച്ച് പാൽ വിപണന രംഗത്തെ മധ്യവർത്തികളെ ഒഴിവാക്കാം.

ക്ഷീര വികസന ഓഫീസ് ഇപ്പോൾ ബ്ലോക്കു തലത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്ത് തലത്തിൽ ഒരു ക്ഷീരവികസന ഉദ്യോഗസ്ഥന്റെ സേവനം ലഭ്യമാക്കേണ്ടതാണ്.

കാനം, ചാമംപതാൽ, വാഴൂർ ഈസ്റ്റ് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി ആനന്ദ് മാതൃകാ ക്ഷീരോല്പാദക സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

പഞ്ചായത്ത് തലത്തിൽ കന്നുകാലി പ്രദർശനങ്ങൾ നടത്തി കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതും ക്ഷീരകർഷകരെ ആദരിക്കേണ്ടതുമാണ്.

സങ്കരയിനം കന്നുകുട്ടികളെ തിരഞ്ഞെടുത്ത്, ഇൻഷ്വർ ചെയ്ത് കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി പകുതി വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കാവുന്നതാണ്.

ഗർഭിണികളായ പശുക്കൾക്ക് 5% സബ്സിഡിയോടുകൂടി കാലിത്തീറ്റ ലഭ്യമാക്കാവുന്നതാണ്.

പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് ദിവസം 150 ഗ്രാം പാൽ സൗജന്യമായി നൽകി, സമ്പൂർണ്ണ ആഹാരമായ പാൽ എല്ലാ കുട്ടികൾക്കും ലഭ്യമാക്കേണ്ടതാണ്.

ക്ഷീരോല്പാദകരായ കർഷകർക്ക് പാലിന് ന്യായമായ വില ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാഴൂർ ക്ഷീരസംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച് പ്രവർത്തനം മുടങ്ങി കിടക്കുന്ന കാലിത്തീറ്റ ഫാക്ടറി പഞ്ചായത്ത് ഏറ്റെടുത്ത് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

ഈപ്രദേശത്തെ കാർഷിക മേഖലയിൽ കള്ള് ചെത്ത് ഒരു പ്രധാന തൊഴിൽ ആയിരുന്നു. ഈഴവ സമുദായത്തിൽ പെട്ട ഒരു പ്രത്യേക ജനവിഭാഗം കുല തൊഴിലായി പണ്ട് കാലം മുതൽ സ്വീകരിച്ചു വന്നിരുന്ന തൊഴിലായിരുന്നു ഇത്. പണ്ട് കർഷകന് ഇതൊരു വരുമാന മാർഗ്ഗമല്ലായിരുന്നു എങ്കിലും ഇന്ന് ഒരു പ്രധാന വരുമാനമാർഗ്ഗം കൂടിയാണ്. ഒരു അസ്സൽ ഭക്ഷണ പാനീയമാണെങ്കിലും പുളിപ്പിച്ച് ലഹരിക്കുവേണ്ടിയാണ് മഹാഭൂരിപക്ഷം പേരും കള്ള് ഉപയോഗിക്കുന്നത് ഇന്ന് ഷാപ്പുകളിൽ ശുദ്ധമായ കള്ള് കിട്ടുന്നില്ല. കള്ളിന്റെ ഉപത്പന്നമായ പാനിസ്വാദിഷ്ടവും പോഷകസന്തുഷ്ടവുമയ ഒരു പാനീയമാണ്. മനുഷ്യമെ നശിപ്പിക്കുന്ന രീതിയിലുള്ള കള്ളിന്റെ ഇന്നത്തെ ദുരുപയോഗം തടയുവാൻ ശുദ്ധമായ ചെത്തുകള്ള് സംഭരിച്ച് (ഇളം നീർ പന്തലിലെ കരിക്കൻ വെള്ളം പോലെ സംസ്ക്കരിച്ച് ശീതളപാനീയമായി വിപണനം നടത്താവുന്നതാണ്. മദ്യപന്മാരെ സർവ്വ നാശത്തിൽ നിന്ന് രക്ഷിക്കുവാനും ഈ വ്യവസായത്തിലെ തൊഴിലാളികൾക്ക് പണിനഷ്ടപ്പെടാതിരിക്കുവാനും ഇതു മൂലം സാധിക്കും. കാർഷിക മേഖലയിലെ നിലവിൽ ഉള്ള സാഹചര്യങ്ങളുടെ പരിശോധനയിലൂടെയും ഗ്രാമ സഭയിലെ ആഗ്രഹ പ്രകടനങ്ങളിലൂടെയും ഉയർന്നുവന്ന ആശയങ്ങൾ ക്രോഡീകരിച്ച് ഈ രംഗത്തെ പ്രശ്നപരിഹാരത്തിന് ഉതകുമെന്ന് കരുതുന്ന സുപ്രധാന ആക്കമിട്ട് താഴെ പറയുന്നു.

നിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിലെ മുഴുവൻ കാർഷിക ഭൂമികളിലും ഇട കയ്യാലകൾ തീർക്കുന്നതിനുള്ള സഹായം പൂർണ്ണമായ തോതിലും ഭാഗീഗമായും കർഷകരുടെ ധനശേഷിക്ക് അനുപാതികമായി പഞ്ചായത്ത് നല്കണം.
2. പഞ്ചായത്തിലെ എല്ലാ പുരയിടങ്ങളിലും വാട്ടർ ഹാർവെസ്റ്റിംങ്ങ് ടാങ്കുകളും ഫെറസ് ടാങ്കുകളും കർഷകരുടെ സഹകരണത്തോടെ നിർമ്മിക്കാനുള്ള പദ്ധതി തയ്യാറാക്കുക.
3. താല്പര്യമുള്ള പച്ചക്കറി കൃഷി സംരംഭകരെ പഞ്ചായത്ത് അടിസ്ഥാനത്തിൽ കഴിയുമെങ്കിൽ ഫാമിംഗ് ആൻഡ് മാർക്കറ്റിംഗ് സൊസൈറ്റികൾ രൂപീകരിച്ച് അതിലൂടെ ഉയർന്ന ഉത്പാദന ശേഷിയുള്ള വിത്തും വളവും കീടനാശിനികളും സങ്കേതിക സഹായവും സൗജന്യമായി കൊടുക്കുക. പമ്പ് സെറ്റുകൾ സൗജന്യനിരക്കിൽ നല്കുക.
4. ഇന്ന് വിവിധ ഡിപ്പാർട്ട്മെൻറുകളിലൂടെ നടത്തുന്ന വികസന പ്രവർത്തനങ്ങൾ കൃഷി ഭവനിലൂടെ ആക്കി മാറ്റുക പരിശീലനത്തിനും വിജ്ഞാനവ്യാപനത്തിനും കൂടുതൽ പ്രാധാന്യം നല്കുക. കൃഷി ഭവന്റെ ഉത്തരവാദിത്വത്തിൽ എല്ലാ കൃഷിക്കും നഴ്സറികൾ സ്ഥാപിക്കുക ഇവയെ ഉപഭോക്തൃ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്യുക. കൃഷിഭവനിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുകയും നിലവിൽ രൂപം കൊടുത്തു

കൃഷിഭവൻ വഴി നടന്ന നടീൽ വസ്തുക്കളുടെയും ഉത്പാദന ഉപരണങ്ങളുടെയും വിതരണത്തിന്റെയും കണക്ക്

പട്ടിക 4

ഇനവിവരം	90-91	91-92	92-93	93-94	94-95	95-96
തെങ്ങിൻ തൈ	–	1495	–	600	810	1694
ക്കൊക്കോ തൈകൾ	–	–	–	1500	–	160
ഏത്തവാഴ	–	–	–	–	4180	1176
കുരുമുളക്വള്ളി		5500	1100	2000	10000	34400
പമ്പ് സെറ്റുകൾ	–	–	6	7	27	39
റോക്കർ സപ്രേയറുകൾ	1	2	2	2	1	21224
സ്പ്രേയറുകൾ	–	–	1	–	–	–
ഗോബർ ഗ്യാസ് പ്ലാൻറുകൾ	2	5	5	4	3	–
കിണറുകൾ	31	51	13	7	33	61
പച്ചക്കറി പായ്ക്കറ്റുകൾ	400	575	1000	700	836	74
ട്രാക്ടർ	–	–	–	–	–	–
തെങ്ങുകയറ്റുയന്ത്രം	–	–	–	–	–	2

പട്ടിക 5

രാസവള വിതരണം		90-91	91-92	92-93	93-94	94-95	95-96
	N	48	51	55	60mT	62.5mT	67.mT
സഹകരണ മേഖല	P	26	28	30	36mT	38.6mT	45.mT
	K	36	39	41	46	49.3 mT	53.9 mT
	N	5mT	7 ,,	9 ,,	12,,	15.2 ,,	15.9 mT
സ്വകാര്യമേഖല	P	3 ,,	5 ,,	7,,	10	13.4	14.8
	K	4	6 ,,	8 ,,	11	12 mT	13.mT

കൊണ്ടിരിക്കുന്ന കാർഷിക ക്ലബ്ബുകളും പ്രവർത്തനം ശാസ്ത്രീയമാക്കി വിപുലീകരിക്കുകയും അവയുടെ പ്രവർത്തനശേഷിയുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ നല്കുകയും ചെയ്യുക.

5. സാധ്യമായ എല്ലാ രംഗങ്ങളിലും ഫാമിംഗ് ആൻറ് മാർക്കറ്റിംഗ് സൊസൈറ്റികൾ സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കുക.
6. പൊതുസ്ഥലങ്ങളിലെയും ഗൃഹപരിസരങ്ങളിലെയും ജൈവമാലിന്യങ്ങൾ ശേഖരിച്ച് കമ്പോസ്റ്റു നിർമ്മാണ യൂണിറ്റു സ്ഥാപിക്കുക.
7. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കാർഷിക നഷ്ടത്തിന് ഉടനടി നഷ്ടപരിഹാരം കൊടുക്കുക. ഈ പഞ്ചായത്തിലെ 1994-ലും 1995-ലും 1996 ലും ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ നഷ്ടം സംഭവിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരത്തുക അടിയന്തിരമായി എത്തിക്കുക,
8. എല്ലാ കൃഷിക്കും ഇൻഷുറൻസ് ഏർപ്പെടുത്തുക. പോളിസി പ്രീമിയം തുകകൾ ശാസ്ത്രീയമാക്കുക.
9. കാർഷിക വായ്പയ്ക്ക് ഇന്നുള്ള പലിശനിരക്ക് കുറയ്ക്കുക. വായ്പ എടുക്കുന്ന തുക അതാത് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുക.
10. എസ്.സി., എസ്.ടി. വിഭാഗത്തിനു കൊടുക്കുന്ന കാർഷിക ഉപകരണ സഹായം എങ്ങനെ വിനിയോഗിക്കുന്നു എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുക.

പട്ടിക 6

ഇതര സേവന പരിപാടികൾ

	90-91	91-92	92-93	93-94	94-95	95-96
സൗജ്യമായി രാസവളംകിട്ടി എസ്.സി.എസ്.ടി. കുടുംബങ്ങൾ	65	93	65	102	98	105
കുരുമുളക് വികസന പരിപാടി ധനസഹായം ചെയ്ത കുടുംബം	45	120	325	30	30	37
കൊക്കോവികസനം			1	1	1	7 m.s
കർഷകരെ ആദരിക്കൽ	-	-	5	5	5	5
ചങ്ങം കൃഷികാദിന ആചരണം	-	-	നടത്തി	നടത്തി	നടത്തി	നടത്തി
നല്ല കർഷക വിദ്യാർത്ഥികൾക്കു അവരാഡ് വ്തരണം	-	-	-	3 School Ist -200 II nd-150 III nd- 100	3 School Ist -200 II nd-150 III nd-100	3 School Ist -200 II nd-150 III nd- 100
പ്രത്യേക തൊഴിൽ പരിശീലനം പരിപാടി	-	-	-	-	-	2 N.S
റബ്ബർ റോളർ സബ്സിഡി	-	-		-	-	
നഴ്സറി നിർമ്മാണം	-	-		-	-	
കർഷകർക്ക് ധനസഹായം	343	360	475	530	530	560
വിള ഇൻഷ്വറൻസ്	-	-	-	-	-	-
കൃഷിക്കാർക്ക് കിണറുകൾ അനുവദിച്ചത്	31	51	13	33	33	61
	-	-	6	27	27	39

11. പഞ്ചായത്ത് തലത്തിൽ കർഷക തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തി പ്രസ്ഥാനവത്കരിച്ച് വൈദഗ്ധ്യവത്കരണം നടത്തണം.
12. എല്ലാവിധ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും കൃഷിഭവൻ വഴി വിതരണം ചെയ്യണം.
13. പുഷ്പഫല അലങ്കാര ഔഷധച്ചെടികളുടെ കൃഷിക്ക് പരിശീലനവും ധനസഹായവും നല്കുക.
14. കൂൺകൃഷി പ്രോത്സാഹിപ്പിക്കുക.
15. ഉല്പന്നങ്ങൾക്ക് തറവില നിശ്ചയിച്ച് അത് ലഭിക്കുമെന്നുറപ്പുവരുത്തുവാൻ സഹകരണ ബാങ്കുകളെ ഇടപെടുത്തുക.
16. തൊഴിലാളികളുടെയും കർഷകരുടെയും സൗകര്യാർത്ഥം വാഴൂർ ഫാർമേഴ്സ് ബാങ്കിന്റെ ഒരു സായാഹ്ന കൗണ്ടർ ചാമംപതാലിൽ തുടങ്ങുക.
17. കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി ചാർജ് സൗജന്യമാക്കുക.
18. റബ്ബർ കൃഷിക്കുള്ള സബ്സിഡി ഹെക്ടറിന് 30,000 രൂപാ ആയി വർദ്ധിപ്പിക്കുക.
19. ഭക്ഷ്യവിള കൃഷികൾക്ക് സബ്സിഡി നൽകുക.
20. പഞ്ചായത്ത് തലത്തിൽ മണ്ണ് പരിശോധന കേന്ദ്രം സ്ഥാപിക്കുക. മണ്ണു പരിശോധന നടത്തി മാത്രം വളപ്രയോഗം നടത്താൻ കർഷകരെ പ്രേരിപ്പിക്കുക.
21. തോടുകളിൽ നിന്നുള്ള മണൽവാരൽ പൂർണ്ണമായി നിരോധിക്കുക.
22. തെങ്ങ് പുനരുദ്ധാരണ പദ്ധതി പഞ്ചായത്ത് തലത്തിൽ വ്യാപിപ്പിക്കുക. തെങ്ങിനും കമുകിനും കൃഷിഭവന്റെ നേതൃത്വത്തിൽ മരുന്നു തളിക്കാൻ വ്യാപകമായി നടത്തണം.
23. സാമൂഹിക വനവത്കരണ പരിപാടികൾ ഏതെങ്കിലും സന്നദ്ധസംഘടനകളെ ഏൽപ്പിക്കുകയും പുറംപോക്കുകൾ പഞ്ചായത്തിന്റെ അധീനതയിൽ കൊണ്ടുവരികയും ചെയ്യുക.

24. കർഷകരെ കൃഷിസംബന്ധമായ റിക്കാർഡുകൾ സൂക്ഷിക്കുവാൻ പ്രേരിപ്പിക്കുക. ആവിശ്യമായ ഫോറങ്ങൾ തയ്യാറാക്കി കൃഷി ഭവൻ വഴി വിതരണം ചെയ്യുക.
25. കൃഷി ആവിശ്യത്തിന് ജലസേചനത്തിന്റെ കാര്യത്തിൽ റിപ്പോർട്ടിൽ കാണിച്ചിരിക്കുന്ന തോടുകളിൽ ചെക്കുഡാമുകൾ കെട്ടുകയും വെള്ളം ലഭ്യമാകുന്ന സ്ഥലങ്ങളിൽ പൊതുകുളങ്ങൾ കുഴിച്ച് ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കി കൃഷിക്കാവശ്യമായ വെള്ളംഎത്തിച്ച് കൃഷിയെ പ്രോത്സാഹിപ്പിക്കുക.
26. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ സഹകരണ സ്വകാര്യ മേഖലകളിൽ ആരംഭിക്കുക.
27. ഈ പഞ്ചായത്തിലെ സാധാരണക്കാരുടെ ഉന്നമനത്തിനു വേണ്ടി നിത്യോപയോഗസാധനങ്ങൾ വിലയ്ക്കു ലഭ്യമാകുന്നതിന് കൊടുങ്ങൂർ കവലയിൽ ഒരു മാവേലി സ്റ്റോർ സ്ഥാപിക്കുക.
28. ലാൻറ് യൂറ്റിലൈസേഷൻ ആക്ട് കർശനമായി നടപ്പാക്കുക.
29. രജിസ്ട്രേഷൻ വകുപ്പിലെയും മറ്റുവകുപ്പുകളിലേയും നികുതി ഘടന പൊഴിച്ചെഴുതി കർഷകരെ കള്ളം പറയേണ്ടിവരുന്ന സ്ഥിതിയിൽ നിന്ന് മോചിപ്പിക്കുക.
30. ഈ പഞ്ചായത്തിലെ വെള്ളം കൂടുതൽ ലഭ്യമാകുന്ന കുഴൽകിണറുകളിൽ മോട്ടോർ ഘടിപ്പിച്ച് ജലസേചന യോഗ്യമാക്കുക.
31. ഈ പഞ്ചായത്തിലെ കർഷകരുടെ കൃഷി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ന്യായമായ വില കിട്ടുന്നതിനും വേണ്ടി കൊടുങ്ങൂർ ചാമംപതാൽ, പുളിക്കൽ കവല എന്നീ പ്രദേശങ്ങളിൽ അന്തിചിന്തകൾ തുടങ്ങുക. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ഉല്പാദകർക്ക് ന്യായമായ വില കിട്ടുവാൻ ഉറപ്പു വരുത്തുക. പദ്ധതി ആസൂത്രണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ആളുകളുടെ മാനസികാവസ്ഥയെക്കുറിച്ച് ആണ് ആദ്യം ചിന്തിക്കേണ്ടത്. സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സമൂഹത്തെ സൃഷ്ടിച്ചെങ്കിൽ മാത്രമേ ആസൂത്രണത്തിലൂടെ കൂടുതൽ പ്രയോജനം ലഭിക്കുകയുള്ളു. കവി കുറ്റിപ്പുറത്ത് കേശവൻ നായർ കർഷകരെ നാളികേരത്തോടാണ് ഉപമിച്ചിരിക്കുന്നത്. മധുരോതരമായ ഉൾക്കാമ്പും പരുപരുക്കനായ പുറംതോടും കൂടിയതാണ് നാളികേരം. ഇന്നത്തെ കർഷകന് ആലസ്യം വന്നിട്ടുണ്ടെങ്കിൽ അത് മാറ്റി പുതിയയൊരു കാർഷിക സംസ്കാരത്തിന് വഴിയൊരുക്കുവാൻ ത്യാഗസന്നദ്ധരായി നമുക്ക് ഒന്നിച്ച് പ്രതിജ്ഞ എടുക്കാം.

മൃഗസംരക്ഷണം

പശു, ആട്, പന്നി, എരുമ എന്നിവ യാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ, വളർത്തു പക്ഷികൾ കോഴികളാണ് മുൻപന്തിയിൽ 1987 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടെയും പക്ഷികളുടെയും കണക്ക് താഴെകൊടുക്കുന്നു.

ഇനം	എണ്ണം
പശുക്കൾ	6070
ആട്	1937
പോത്ത്	4
എരുമ	243
കോഴി	20728

മൃഗസംരക്ഷണമേഘലയുടെ പ്രാധാന്യം വാഴൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ വലുതാണ്.

മൃഗസംരക്ഷണ മേഖലയുടെ സാദ്ധ്യതകൾ താഴെപ്പറയുന്നവയാണ്.

1. പോഷക പ്രധാനങ്ങളായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനം.
2. വ്യാവസായിക ആവശ്യത്തിനുള്ള തുകൽ, എല്ല്, കൊഴുപ്പ് എന്നിവയുടെ ലഭ്യത.
3. കാർഷിക മേഖലയ്ക്കാവശ്യമായ ജൈവവളം
4. ഊർജ്ജ സ്രോതസ്സ് (ബയോഗ്യാസ്)
5. തൊഴിൽ സാദ്ധ്യതകൾ

പഞ്ചായത്തിലെ മൃഗസംരക്ഷണംമേഖല

ചരിത്രം. പണ്ട് ഉൽപാദനം കുറഞ്ഞ നാടൻ കറവമാടുകളെ ഉണ്ടായിരുന്നുള്ളു. നാട്ടു ചികിത്സാസൗകര്യങ്ങളേ ഉണ്ടായിരുന്നുള്ളു.

ഇന്ന്. അത്യുല്പാദന ശേഷിയുള്ള കറവമാടുകളും ആടുകളും സർവ്വ സാധാരണമായി. ആധുനിക ചികിത്സാസൗകര്യങ്ങൾ ഉള്ള മൃഗാശുപത്രിയും കൃത്രിമ ബീജധാനകേന്ദ്രങ്ങളും ഉണ്ട്.

പഞ്ചായത്തിലെ ഏക മൃഗാശുപത്രി ആറാം വാർഡിലാണ് സ്ഥിതിചെയ്യുന്നത്. കഴിഞ്ഞ ഒരു വർഷത്തെ കണക്കനുസരിച്ച് 700 പശുക്കളെയും 288 കിടാക്കളെയും 12 എരുമകളെയും ഇവിടെ കൃത്രിമബീജധാനത്തിന് വിധേയമാക്കി. 3924 പശുക്കളെയും 157 എരുമളേയും 571 ആടുകളേയും 49 പന്നികളെയും 547 കോഴികളേയും ചികിത്സിച്ചിട്ടുണ്ട്. 40 നായ്ക്കളെ പേവിഷ പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കി.

മൃഗാശുപത്രി 1956 -ാംവർഷമാണ് സ്ഥാപിതമായത് വർഷം പഴക്കമുള്ള കെട്ടിടമാണിത്. വളരെ ജീർണ്ണാവസ്ഥയിലായ കെട്ടിടമാണിത്. ആയതിനാൽ മൃഗസംരക്ഷണത്തിന്റെ ജീവനാഡിയായ മൃഗാശുപത്രികെട്ടിടം എത്രയും വേഗം പുതുക്കിപ്പണിയേണ്ടതാണ്. പുതുക്കിപ്പണിയുമ്പോൾ ഒരു ഓപ്പറേഷൻ തീയേറ്ററും, 25 കർഷകർക്ക് സമ്മേളിയ്ക്കാവുന്ന ഒരു ഹാളും, വേണ്ടതാണ്.

പഞ്ചായത്തിലെ ഏക ഐസി.ഡി.പി. സെൻറർ പുളിയ്ക്കൽ കവലയാലാണ് സ്ഥിതിചെയ്യുന്നത് ഇതിനു സ്വന്തമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിടം അത്യാവശ്യമാണ്.

മൃഗാശുപത്രിയ്ക്ക് സ്വന്തമായി വാഹനം അനുവദിച്ചാൽ കർഷകന്റെ മുറ്റത്തുചെന്ന് അടിയന്തിര സേവന ലഭ്യമാക്കാവുന്നതാണ്. ആശുപത്രിയ്ക്കപ ഒരു ഫോൺ അത്യന്താപേഷിതമാണ്.

പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സരപദ്ധതികാലത്ത് നടപ്പാക്കിയ പദ്ധതികൾ.

1. ഗോ രക്ഷാക്യാമ്പ്
2. വന്ധ്യതാനിവാരണക്യാമ്പ്
3. ഊർജ്ജിത പന്നിവളർത്തൽ പദ്ധതി
4. മാസ്സീവ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ പ്രോഗ്രാം
5. പേവിഷ നിർമാർജ്ജന പദ്ധതി.

പാൽ ഉത്പാദനം

ഒരു വർഷം ഉദ്ദേശം 8 ലക്ഷം ലിറ്റർ പാൽ ഈ പഞ്ചായത്തിൽ ഉത്പാദിപ്പിക്കപ്പെടുന്നു. പാൽ വിപണനത്തിനായി 6 സൊസൈറ്റികൾ പഞ്ചായത്തിലുണ്ട്. കാലിത്തീറ്റയുടെ കുറവ്, വന്ധ്യത അകിടുവീക്കം എന്നിവയാണ് ഈ രംഗത്തെ പ്രതികൂല ഘടകങ്ങൾ.

ഉത്പാദന വർദ്ധനവിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

1. ഒരു വീട്ടിൽ ഒരു പശു.

പശുവളർത്തൽ ഒരു തൊഴിൽ എന്നതിലുപരി ഒരു ജീവിത ശൈലിയായികാണുന്നതിനും വീട്ടിലെ ആവശ്യത്തിനുള്ള പാലുല്പാദിപ്പിക്കുന്നതിനും, ജൈവവള പ്രയോഗത്തിലൂടെ കാർഷികാഭിവൃദ്ധി നേടുന്നതിനും ഇത് പ്രയോജനപ്പെടും. പഞ്ചായത്തിലെ താത്പര്യമുള്ള ത്രകർഷകരെ ഇതിൽ പങ്കാളികളാക്കാവുന്നതാണ്. ഇതിൽ താഴെപ്പറയുന്ന വരവുചെലവുകൾ പ്രതീക്ഷിക്കാം.

ശങ്കരവർഗ്ഗ അത്യുല്പാദന ശേഷിയുള്ള പശുവിന്റെ വില	10000/-രൂപാ
തൊഴുത്ത്	-1500/- ,,
പാത്രങ്ങൾ	500/- ,,
ആകെ	12000/- ,,
ആവർത്തനചെലവ്	14700/- ,,
വരവ്	22960/- രൂ.
ലാഭം	8710/- രൂ.

ഒരു കറവക്കാലത്തെ (305 ദിവസം) ആദായം 6585 രൂപ പത്രീക്ഷിക്കാം.

മിനിയൂണിറ്റ്:- രണ്ടു കറവപ്പശുക്കളെ നല്കുന്നപദ്ധതി ആദ്യം കൊടുത്ത പശുവിന്റെ കറവതീരുമ്പോൾ രണ്ടാമത്തെ പശുവിനെ നല്കുക. സബണസിഡിയും ബാങ്ക് ലോണും നല്കാം. ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കാം. ഒരു പശുവിന്റെവില 10000/- എന്നു കണക്കാക്കി 1/3 ഭാഗം സബ്സിഡി നല്കാം.

3 പശുക്കളെ നല്കിയിച്ചുള്ള പദ്ധതിയും നടപ്പിലാക്കാവുന്നതാണ്. ഇടത്തരം വരുമാനഗ്രൂപ്പിന് ഈ പദ്ധതിപ്രയോജനപ്പെടും. ഗോബർ ഗ്യാസ് പ്ലാൻറും സ്ഥാപിക്കാവുന്നതാണ് ഇതിൽ നിന്ന് അറ്റാദായമായി 20000/- രൂ ലഭിയ്ക്കുമെന്ന് കരുതാവുന്നതാണ്. അത്യാവശ്യം തീറ്റപുൽകൃഷി കൂടി നടത്തിയാൽ ചെലവും പിന്നേയും കുറയ്ക്കാവുന്നതാണ്.

മാംസോല്പാദനരംഗം

മാംസോല്പാദന രംഗത്തിൽ പഞ്ചായത്ത് വളരെ പിന്നിലാണ്. ആവശ്യമുള്ള ഇറച്ചിയുടെ 4 % പോലും ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നില്ല. തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന ഉണങ്ങിവരണ്ട ഉരുക്കളാണ് മാംസോല്പാദനത്തിന്റെ പ്രധാന പങ്ക് വഹിക്കുന്നത്. ഇവ പോഷകശുഷ്കംമാത്രമല്ല. രോഗാണുവാഹകളുമാകാം. അതിനാൽ ശാസ്ത്രീയമായി പോഷകസമൃദ്ധമായ, ശുദ്ധമാ ഇറച്ചിഉല്പാദനം വർദ്ധിപ്പിക്കുവാൻ, താഴെപ്പറയുന്നപദ്ധതികൾ നടപ്പിലാക്കുവാന്നതാണ്.

1. ആടു വളർത്തൽ: ആട്ടിറച്ചി ക്ഷാമം രൂക്ഷമായതിനാൽ ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ രണ്ടു പെണ്ണാടിനെ വീതം വിതരണം ചെയ്യുക. ഒരാടിന്റെ വില 1000/- രൂപാ.

2. പന്നിവളർത്തൽ 45 മുതൽ 60 ദിവസംവെര പ്രായമായ രണ്ട് പന്നികുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യുക. ഒരു പന്നികുഞ്ഞിന്റെ വില 500 രൂപാ.

3. ഊർജ്ജിത പന്നിവളർത്തൽ പദ്ധതി.

5 പെൺപന്നിയും ഒരാൺപന്നിയും ഉൾപ്പെടുന്ന ഒരു യൂണിറ്റ് വീതം. കൂടുപണിയുവാൻ ധന സഹായം നല്കേണ്ടതാണ്. ഹോട്ടൽ വെയിഡും ഉപയോഗ്യശൂന്യമായ പച്ചക്കറികളും ലഭിക്കുന്നവർക്കു ലാഭകരമാണ് ഇതിന് 30000 രൂ. യൂണിറ്റ് പ്രതീക്ഷിക്കാം.

4. **മൂന്ന് മൂരിക്കിടാക്കളെ ഇറച്ചിയ്ക്കായി വളർത്തുക.**

4 മുതൽ 6 മാസംവരെ പ്രായമായ മൂന്നു മൂരിക്കിടാക്കളെ വാങ്ങി ഒരു വർഷം വളർത്തുക. തീറ്റപുൽ വളർത്തുവാൻ സൗകര്യമുള്ളവർക്ക് ഈ പദ്ധതി പ്രയോജനകരമാണ്. തീറ്റപുല്ല് വളർത്തുവാൻ. പഞ്ചായത്തിന്റെ പുറമ്പോക്ക് ഭൂമി പാട്ടത്തിന് ലേലംചെയ്തു കൊടുക്കാവുന്നതാണ്. മൂന്ന് മൂരിക്കിടാക്കളുടെ വില 2500/- രൂപാ.

5. **ഇറച്ചിയ്ക്ക് മുയലുകളെ (ബ്രോയലർ) വളർത്തുക.**

ഒരു ജോഡി മുയലുകളെ വീതം നല്കുക. റബ്ബർ തോട്ടത്തിലെ പയർ മുയനിന് നല്ല ആഹാരമാണ്. കൈത്തീറ്റയും വേണ്ടിവരും. ചെലവ് 500/- രൂപാ.

6. **ഇറച്ചിക്കോഴിവളർത്തൽ**

പഞ്ചായത്തിലെ ഒൻപത്, അഞ്ച്, എട്ട്, മൂന്ന് എന്നീ വാർഡുകളിൽ ഈ പദ്ധതിനടപ്പാക്കുന്നത് കൂടുതൽ നന്നായിരിക്കും. ആഴ്ചയിൽ 250 എന്ന കണക്കിൽ നാലു ബാച്ചുകൾ വീതം കോഴിക്കുഞ്ഞുങ്ങളെ വളർത്തുക.1000 ച: അടി വിസ്തീർണ്ണമുള്ള ഒരു കൂടു വേണം. ഒരു ലക്ഷം രൂപാ മുടക്കുമുതലുണ്ടായിരിക്കണം. സബ്സിഡിനല്കേണ്ടതാണ്.

ഇതുകൂടാതെ 50 എണ്ണം വീതമുള്ള ചെറിയ യൂണിറ്റുകളെയും പ്രോത്സാഹിപ്പിക്കേണ്ടതാണ്. എങ്കിൽ കൂടുതൽ ഇടത്തരക്കാരേയും താഴ്ന്ന വരുമാനക്കാരേയും ആകർഷിക്കാവുന്നതാണ്.

മുട്ടക്കോഴിവളർത്തൽ

വീട്ടുവളപ്പിലെ കോഴിവളർത്തൽ പദ്ധതിയാണ് ഈ പഞ്ചായത്തിന് അനുയോജ്യം. അഞ്ച് കോഴികുഞ്ഞുങ്ങളെ വീടുകളിൽ വളർത്തുന്ന രീതിയാണിത്. അടുക്കളയിലെ മിച്ചം വരുന്ന സാധനങ്ങളും അല്പം കോഴിത്തീറ്റയും നല്കിയാൽ ലാഭകരമാക്കാവുന്നതാണ്. വർദ്ധിച്ചു വരുന്ന മുട്ടവിലയുടെ വില നോക്കിയാൽ ഗാർഹികാവശ്യത്തിനുള്ള മുട്ട ലാഭകരമായി ഉത്പാദിപ്പിക്കാവുന്നതാണ്.

കാടവളർത്തൽ

50 കാടകളെ വളർത്തി മുട്ടഉത്പാദിപ്പിക്കുന്ന പദ്ധതിയാണിത്. കാടമുട്ടകൾക്ക് ഔഷധഗുണം കൂടും 1000/- രൂപായോളം യൂണിറ്റിന് ചെലവുവരും.

മറ്റിതര പദ്ധതികൾ

ശാസ്ത്രീയമായ അറവുശാല ഈ പഞ്ചായത്തിൽ നിർമ്മിക്കേണ്ടതാണ്. പ്രാകൃതരീതിയിലുള്ളതും ഓലപുരകളോടുകൂടിയതുമായ ഇപ്പോഴുള്ള അറവുശാലകൾ നിരോധിച്ച് ഒരു വെറ്റനറിസർജന്റെ പരിശോധനയോടുകൂടിയുള്ള അറവുശാലകളിൽ തുടങ്ങേണ്ടതാണ്.

സമഗ്രപേവിഷ നിർമാർജ്ജന പദ്ധതി.

പേവിഷബാധ എന്ന ഭീകര സത്യം ഇപ്പോഴും നിലനില്ക്കുകയാണ്. രോഗം ബാധിച്ചുകഴിഞ്ഞാൽ, സ്വബോധത്തോടെയുള്ള നരകയാതനകൾ ഓർത്താൽ പേവിഷനിർമാർജ്ജനപദ്ധതിക്ക് എത്ര തുക വേണമെങ്കിലും വകയിരുത്താവുന്നതാണ്. അലഞ്ഞു നടക്കുന്നപട്ടികളെ തിരഞ്ഞുപിടിച്ചു നശിപ്പിക്കുക, പ്രതിരോധ കുത്തിവയ്പു നല്കി ലൈൻസൻസ് നല്കുക. എന്നിവ നിർബന്ധമാക്കേണ്ടതാണ്.

കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

തുച്ഛവരുമാനക്കാരായ കൃഷിക്കാരുടെ അത്യുല്പാദനശേഷിയുള്ള ഉരുക്കൾ ആകസ്മികമായി മരണപ്പെടുന്നത് കനത്ത ആഘാതമാണ്. പ്രീമിയത്തിന് സബ്സിഡിയോടുകൂടി കന്നുകാലിഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

കന്നുകുട്ടിപരിപാലനപദ്ധതി

4 ശതമാനമായ പശുക്കിടാങ്ങളെ ഒന്നര വർഷം പ്രത്യേകമായി കന്നുകാലിത്തീറ്റയും ഭക്ഷണവും നല്കി വളർത്തുക. ഇപ്പോൾ 106 കിടാക്കളുടെ ഈ സ്കീം 1500 എന്ന കണക്കിലേക്കു ഉയർത്തേണ്ടതാണ്.

മൃഗസംരക്ഷണ മേഖലയിൽ വിവിധ ഏജൻസികൾ നടത്തുന്ന പദ്ധതികൾ ഏകോപിപ്പിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

പഞ്ചയത്തുതലത്തിൽ ചെയ്യുന്നവ.

1. മൃഗങ്ങളേയും വളർത്തുപക്ഷികളേയും രോഗപ്രതിരോധ കുത്തിവയ്പിന് സമഗ്രപദ്ധതിതയാറാക്കുക. പദ്ധതിയനുസരിച്ച് കുത്തിവയ്പുകൾ വാർഡുതലത്തിൽ സൗജന്യമായി സംഘടിപ്പിക്കുക.
2. മൃഗാശുപത്രിയോടുചേർന്ന് കോഴി താറാവ് എന്നിവയുടെ മുട്ടകൾ വിരിയിക്കുവാൻ ഇൻകുബേറ്റർ സ്ഥാപിക്കുക.
3. ജീർണ്ണാവസ്ഥയിലെത്തിയ മൃഗാശുപത്രിക്രട്ടിടം പൊളിച്ചു പുതുക്കിപ്പണിയുക. ഓപ്പറേഷൻ തീയേറ്ററും 25 കർഷകർക്കു സമ്മേളന ഹാളും ഉൾപ്പെടുത്തുക.
4. കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക. ഗുണമേൻമയും പൊതുവേ വിലകുറഞ്ഞതുമായ ശാസ്ത്രീയ കാലിത്തീറ്റ ഉത്പാദിപ്പിക്കുവാൻ ചാമംപതാലിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.
5. നല്ല രീതിയിൽ കന്നുകാലികളെയും വളർത്തുപക്ഷികളെയും വളർത്തുന്നവർക്ക് പ്രോത്സാനഹ സമ്മാനം നല്കുക.
6. തൊഴിൽരഹിതരായ പെൺകുട്ടികൾക്കായി വനിതാസഹകരണ സംഘം രൂപീകരിച്ച് കോൾഡ്സ്റ്റോറേജുകൾ തുറക്കുക.
7. പശുക്കറവ ശാസ്ത്രീയമായി പരിശീലിപ്പിക്കുന്നതിന് ബോധവത്കരണക്ലാസ്സുകൾ സംഘടിപ്പിക്കുക.

വ്യവസായം

നമ്മുടെ പഞ്ചായത്തിന്റെ മുഖച്ഛായ മാറ്റി എടുക്കുന്നതിൽ പ്രഥമമായ സ്ഥാനം വ്യവസായത്തിന്റെ വളർച്ചയാണ്. വ്യവസായരംഗത്ത് വാഴൂർ പഞ്ചായത്ത് വളരെ പിന്നോക്കമാണെന്ന് പറയാതെ തരമില്ല. അഭ്യസ്തരായ തൊഴിലില്ലാത്ത അനേകായിരം യുവാക്കളും യുവതികളും തൊഴിലില്ലാതെ അലയുന്ന സ്ഥിതിയാണ് ഇവിടെയുള്ളത്. ഈ ദുസ്ഥിതിക്ക് മാറ്റം വരത്തക്കരീതിയിൽ ഇവിടെ വ്യവസായ സംരംഭങ്ങൾ പുതുതായി ഉണ്ടാകേണ്ടതാണ്. ഈ പഞ്ചായത്തിലെ ഗ്രാമസഭാ റിപ്പോർട്ടുകളിൽ ഇക്കാര്യം വിരൽ ചൂണ്ടുന്നുണ്ട്.

ഇവിടെ വൻകിട വ്യവസായ ശാലകൾ ഒന്നു തന്നെ പ്രവർത്തിക്കുന്നില്ല. ചെറുകിട വ്യവസായങ്ങൾ സ്വകാര്യ മേഖലയിൽ കുറെയൊക്കെ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1. എ. ജി. രാജു അമ്പനാട്ട്, വാർഡ് 6, ക്രോൺക്രീറ്റ് വെൻറിലേഷൽ നിർമ്മാണം.
2. എബി മോൻ പി. ജി. പുത്തൻ പറമ്പിൽ, വാർഡ് 9, ഫർണിച്ചർ നിർമ്മാണം.
3. ജോർജ് ടി. ജേക്കബ്, വാർഡ് 7, സോമിൽ.
4. ഉണ്ണികൃഷ്ണൻ പനച്ചിയ്ക്കൽ, വാർഡ് 5, റബ്ബർ വ്യാപാരം.
5. ബേബിച്ചൻ ഏബ്രഹാം ഇരവികുളങ്ങര പ്ലാസ്റ്റിക് നിർമ്മാണം.
6. മനോജ് മണ്ണൂപറമ്പിൽ, വാർഡ് 2, പ്ലാസ്റ്റിക് വ്യവസായം.
7. ലതാ മോഹൻ പൊന്തൻ പ്ലാക്കൻ റബ്ബർ വ്യാപാരം.
8. മാണി മറിയാദാസൻ ഫ്ളവർ മിൽ
9. സി. സി. ജോസഫ് ക്ഷീരോത്പാദക സഹകരണസംഘം.
10. കെ. ബിനാ അനിതാസദനം പോളീത്തീൻ ബാഗ് നിർമ്മാണം.
11. കെ. എസ്. രാധാകൃഷ്ണൻ, സിമൻറ്, കട്ടനിർമ്മാണം.
12. ഗംഗാധരൻ നായർ റബ്ബർ ബാൻറ് നിർമ്മാണം.
13. സിബി ഏബ്രഹാം, ഇരുമ്പ് വ്യാപാരം
14. വി. വി. സോമനാഥ് ഫ്ളവർ മിൽ
15. പി. കെ. ദിനകരൻ ഫ്ളവർ മിൽ
16. മനോജ് സി. ഏബ്രഹാം ഫ്ളവർ മിൽ
17. വറുഗീസ് ഉമ്മൻ, പി.വി.സി. പൈപ്പ് വ്യാപാരം
18. സ്റ്റീഫൻ ജോർജ്, സോമിൽ
19. കെ. ജെ. രാജു കാക്കനാട്ട്, കാപ്പിപ്പൊടി വ്യവസായം
20. അഞ്ചാനി ടാപ്പിംഗ് ഷെയിഡ്, വാർഡ് 7
21. നെടുമാവ് തീപ്പെട്ടി ഫാക്ടറി
22. കാരയ്ക്കാട്ട് സിനിമാ തീയേറ്റർ.

മുകളിൽ കാണിച്ചിരിക്കുന്ന ചെറുകിട വ്യവസായങ്ങൾ മുഴുവൻ ഭാഗവും സ്വകാര്യ വ്യക്തികളെ ആശ്രയിച്ചിട്ടുള്ളതാണ്. സർക്കാർ മേഖലയിലും സഹകരണ മേഖലയിലും കാര്യമായ ഒരു വ്യവസായവും പഞ്ചായത്തിൽ ഇപ്പോഴില്ല. ഗ്രാമസഭകളിൽ നിന്നു വന്നിട്ടുള്ള ശ്രദ്ധേയമായ അഭിപ്രായങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

1. വാഴൂർ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനെ ഈ പഞ്ചായത്തിൽ ചെറുതും വലതുമായ വ്യവസായങ്ങൾ ആരംഭിക്കുകയും നിലവിലുള്ള വ്യവസായങ്ങളെ പുനരുദ്ധരിക്കുകയും ചെയ്യേണ്ടത് ആവിശ്യമാണ്.
2. ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഖാദി ബോർഡിൽ നിന്നും നടപ്പിലാക്കുന്ന തുകൽ വ്യവസായ യൂണിറ്റ്, ചെരുപ്പ് നിർമ്മാണ യൂണിറ്റ്, കറി പൗഡർ, മെഴുകുതിരി നിർമ്മാണം. എന്നീ ചെറുകിട വ്യവസായ യൂണിറ്റുകൾ ഖാദി ബോർഡിന്റെ സഹായത്തോടെ ആരംഭിക്കുവാനുള്ള നടപടി ഉണ്ടാകണം. ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതു കൊണ്ട് തൊഴിലി

ല്ലായ്മയ്ക്ക് ഒരു പരിധി വരെ പരിഹാരം ഉണ്ടാകും.

3. നമ്മുടെ നാട്ടിൽ സുലഭമായിരിക്കുന്ന റബ്ബ്ര തടി ഇപ്പോൾ കുറഞ്ഞ വിലയ്ക്കാണ് ഇപ്പോൾ കർഷകർക്ക് കിട്ടുന്നത്. ഇതു പഞ്ചായത്തിൽ റബ്ബർ തടി കൊണ്ടുള്ള വ്യവസായം ആരംഭിച്ച തടികൾക്ക് നല്ല വില കിട്ടുകയും തൊഴിവസരങ്ങൾ വർദ്ധിക്കുന്നതിനും വഴിയുണ്ട്.
4. ഈ പഞ്ചായത്തിലെ റബ്ബർ ഷീറ്റ് അതുണ്ടാക്കുന്ന പ്രോഡക്ടറുകൾ ഉണ്ടാക്കുന്ന ഇൻെറർ മിക്സ് ഫാക്ടറി സ്ഥാപിച്ച് റബ്ബർ നല്ല വിലയുണ്ടാക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയുന്നു. റബ്ബർ അധിഷ്ഠിത വ്യവസായങ്ങളായ ക്രംബ്ബ് റബ്ബർ ഫാക്ടറി, ക്രീപ്പ് മിൽ, റബ്ബർ ബാൻറ് നിർമ്മാണം ലാറ്റക്സ് ഫാക്ടറി തുടങ്ങിയ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ എല്ലാ വാർഡുകളിലും ആരംഭിക്കുക.
5. ടാപ്പിംഗിനാവിശ്യമായ പോളിത്തീൻ ഷെയിഡ് ഉണ്ടാക്കുന്ന ഫിലിം ഉത്പാദിപ്പിക്കുന്ന പാക്ടറി ഉപയോഗിക്കുക.
6. ഈ പഞ്ചായത്തിലെ കൊക്കൊ കൃഷിക്കാരെ സഹായിക്കുന്നതിന് ഒരു കൊക്കോ ഫാക്ടറി സ്ഥാപിച്ച് കൊക്കോ വ്യവസായ പുനർജ്ജീവിപ്പിക്കണം.
7. കുടിൽ വ്യവസായങ്ങൾ : ഈ പഞ്ചായത്തിൽ തേനീച്ച വളർത്തൽ പട്ടുനൂൽ വ്യവസായം, വാഴനാരു ഉപയോഗിച്ചുള്ള പ്ലാസ്റ്റിക് വള്ളികൾ, കോഴി വളർത്തൽ, പന്നി വളർത്തൽ തുടങ്ങിയ കുടിൽ വ്യവാസയങ്ങൾ ആരംഭിച്ച് ഗ്രാമീണ ശാലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
8. പഞ്ചായത്തിലെ റബ്ബർ കൃഷി കഴിഞ്ഞാൽ മുഖ്യ കൃഷിയായ നാളികേരം ഉണക്കി എണ്ണയാക്കി കൃഷിക്കാർക്ക് പരമാവധി വില കിട്ടുന്ന വ്യവസായങ്ങൾ തെങ്ങു തടി, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ തുടങ്ങണം.
9. ഈ പഞ്ചായത്തിൽ ഭവനനിർമ്മാണ ഉപകരണങ്ങൾ നിർമ്മിക്കുന്ന വ്യവസായശാലകൾ എല്ലാ വാർഡുകളിലും ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം.
10. നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്നതും വിലക്കുറവുള്ളതുമായ ചക്കപ്പഴം, കൈതച്ചക്ക എന്നിവയുടെ സീസണിൽ പഞ്ചായത്ത് തലത്തിൽ സംഭരിച്ച് സംസ്കരിച്ച് ഉത്പന്നങ്ങളായി മാറ്റുന്ന പ്രൊസ്സസിംഗ് യൂണിറ്റ് ആരംഭിച്ചാൽ കൃഷിക്കാർക്ക് ന്യായമായ വില ലഭിക്കുകയും ഒട്ടനവധി തൊഴിലവസരങ്ങൾ ഉണ്ടാകുകയും ചെയ്യും.
11. ഈ പഞ്ചായത്തിൽ കേടാകത്തതും നല്ലയിനത്തിൽ പെട്ട മത്സ്യവും നല്ല മാംസവും ലഭിക്കുന്നതിന് പഞ്ചായത്തു തലത്തിൽ മത്സ്യ, മാംസ വ്യവസായങ്ങൾ ആരംഭിക്കേണ്ടതാണ്.
12. മോട്ടോർ സ്കെപയർ പാർട്ട്സ്, ടയർ എന്നിവയുടെ വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ ആരംഭിക്കുന്നതാണ്.

സാധ്യതകൾ

1. ഈ പഞ്ചായത്തിൻെറ ഉത്തരവാദത്തിൽ ഒരു ആധുനിക സിനിമാശാലകൾ ഉണ്ടാകണം.
2. റബ്ബർ ഉപയോഗിച്ച് ടയർ ഉണ്ടാക്കുന്ന ഒരു വൻകിട വ്യവസായ ശാലയുടെ പ്രവർത്തനം ആരംഭിക്കണം.
3. സർക്കാർ മേഖലയിലുള്ള വ്യവസായശാലകൾ ഈ പഞ്ചായത്തിൽ ഉണ്ടാകണം.
4. ഹോട്ടൽ വ്യവസായം ആരംഭിക്കണം.
5. കുട വ്യവസായ നിർമ്മാണ ശാലയും വില്പനയും ഉണ്ടാകണം.
6. പി. ഡബ്ല്യൂ. ഡി. റോഡുകൾ, പഞ്ചായത്തു റോഡുകൾ ഇന്ന് കോൺക്രീറ്റ് കൊടുത്തിട്ടുള്ള പണിയെടുപ്പിക്കുന്നതിലെ അപാകതകൾ പരിഹരിക്കുന്നതിന് റോഡുകൾ ഭാഹികമായി അഞ്ച് വർഷത്തേക്ക് നിശ്ചിത വ്യവസ്ഥയ്ക്ക് വിധേയനായി വിദ്യാസമ്പന്നരായ ചെറുപ്പക്കാരെ ഈ പണി ഏൽപ്പിക്കുന്ന വ്യവസായം ഉണ്ടാകണം.

*

സഹകരണം



ആധുനിക ലോകത്ത് മനുഷ്യജീവിതത്തിന്റെ എല്ലാ ആവശ്യങ്ങളും സഹകരണ പ്രസ്ഥാനങ്ങളിൽ കൂടിയാണല്ലോ നടന്നുകൊണ്ടിരിക്കുന്നത്. സഹകരണ മേഖല വാഴൂർ പഞ്ചായത്തിൽ ഇപ്പോൾ അർഹിക്കുന്ന തരത്തിൽ വളർന്നിട്ടില്ല എന്ന പറയാം. ഈ പഞ്ചായത്തിൽ ആദ്യമായുണ്ടായ സഹകരണ പ്രസ്ഥാനം ഇന്ന് വാഴൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക് എന്നറിയപ്പെടുന്ന സ്ഥാപനമാണ്. ഇതിന്റെ പ്രവർത്തനം ആരംഭിച്ചത് 23-12-1121-ൽ ആണ്. ഇവിടെ കാർഷികവായ്പകൾ ഹ്രസ്വകാലമായും മദ്ധ്യകാലമായും ദീർഘകാലമായും നൽകുന്നുണ്ട്. സ്വർണ്ണപ്പണയത്തിന്മേലും ഹ്രസ്വകാല മദ്ധ്യകാല വായ്പകൾ നൽകുന്നു. കൂടാതെ ബിസിനസ്സ് വായ്പകളും വാഹനങ്ങൾ വാങ്ങുന്നതിനുള്ള വായ്പകളും, വീടുപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പകളും സുലഭമായി കൊടുത്തു വരുന്നു. ഈ സംഘത്തിൽ കുട്ട, കീടനാശിനികൾ, വളം, എസ്റ്റേറ്റ് ഉപകരണങ്ങൾ, ജൗളി, ആസിഡ്, സിമൻറ് തുടങ്ങിയ സാധനങ്ങളും വിൽക്കുന്നുണ്ട്. വാഴൂർ പുളിക്കൽ കവലയിൽ ഇതിന്റെ ഹെഡ് ഓഫീസ് പ്രവർത്തിക്കുന്നു. സഹകാരികളുടെ സൗകര്യാർത്ഥം ഈ ബാങ്കിന് വാഴൂർ ഈസ്റ്റ്, കൊടുങ്ങൂർ, ചാമംപതാൽ, കാനം എന്നിവിടങ്ങളിൽ ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്. വർഷങ്ങളായി ശ്രീ ജേക്കബ് പണിക്കർ ഈ ബാങ്കിന്റെ പ്രസിഡൻറ് എന്ന നിലയിൽ സേവനമനുഷ്ഠിച്ചു വരുന്നു. ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഇതര സഹകരണ സംഘങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1. വാഴൂർ ബ്ലോക്ക് വനിതാസംഘം - പ്രവർത്തനം ആരംഭിച്ച വർഷം 11-8-1984 ഇവിടെ വസ്ത്ര വ്യാപാരം, തയ്യൽ പരിശീലനം എന്നിവ നടക്കുന്നു.
2. വാഴൂർ ക്ഷീരോല്പാദകസംഘം 1973-ൽ ആരംഭിച്ചു. പാൽ വാങ്ങലും വിൽപ്പനയുമാണ് ഇവിടെയുള്ള പ്രവർത്തനം.
3. കൊടുങ്ങൂർ ക്ഷീരോല്പാദകസംഘം പ്രവർത്തനം പാൽ വാങ്ങലുംവിൽപ്പനയും.
4. മലനാടു ക്ഷീരോല്പാദകസംഘം പുളിക്കൽ കവല പ്രവർത്തനവർഷം 1995. പ്രവർത്തനം പാൽ വാങ്ങലും വില്പനയും.
5. മലനാട് ക്ഷീരോല്പാദകസംഘം, വാഴൂർ ഈസ്റ്റ്.
6. വാഴൂർ എസ്. വി. ആർ. വി. എൻ. എസ്സ് എസ്. കോ -ഓപ്പറേറ്റീവ് സൊസൈറ്റി. പ്രവർത്തനവർഷം. 1979. പ്രവർത്തനം കുട്ടികൾക്ക്, ബുക്കുകൾ, പുസ്തകങ്ങൾ, സ്റ്റേഷനി സാധനങ്ങൾ എന്നിവ മിതമായ വിലയ്ക്ക് വിൽക്കുന്നു.
7. വാഴൂർ സെൻറ് പോൾസ് ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പുളിക്കൽ കവല. പ്രവർത്തനവർഷം 1977. കുട്ടികൾക്കാവശ്യമായ പുസ്തകങ്ങൾ, ബുക്കുകൾ, സ്റ്റേഷനറി സാധനങ്ങൾ എന്നിവ വിറ്റു വരുന്നു.
8. മലനാട് സമഗ്രവികസന സമിതി പ്രവർത്തന പരിധി വാഴൂർ വാർഡ് 9, 10. പ്രവർത്തനവർഷം 1996.
9. മലനാടു ക്ഷീരോല്പാദകസംഘം, ചാമംപതാൽ പ്രവർത്തനവർഷം 1994- പ്രവർത്തനം പാൽ വാങ്ങലും വിൽപ്പനയും.
10. ചാമംപതാൽ റബ്ബർ ഉൽപാദകംസംഘം - പ്രവർത്തനം-റബ്ബർ പാൽ വാങ്ങലും വിൽപ്പനയും.
11. വാഴൂർ ഈസ്റ്റ് റബ്ബർ ഉൽപാദകസഹകരണസംഘം. പ്രവർത്തനം-റബ്ബർ പാൽ വാങ്ങലും വിൽപ്പനയും വളം, കീടനാശിനികൾ എസ്റ്റേറ്റ് ഉപകരണങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ കൊടുക്കുന്നു.

മേൽപ്പറഞ്ഞ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു എങ്കിലും ഈ സംഘങ്ങളിൽ പലതും ഇന്ന് പ്രവർത്തനരഹിതമെന്നു കാണുന്നു. ഇതിന് പരിഹാരം കാണേണ്ടതാണ്. ഗ്രാമസഭകളിൽ നിന്നുമുണ്ടായ നിർദ്ദേശങ്ങൾ.

1. പഴം, പച്ചക്കറി, മത്സ്യം, മാംസം എന്നിവ ഉൽപ്പാദി

പ്പിക്കുന്നതും വിറ്റഴിക്കുന്നതുമായ പുതിയ സഹകരണ സംഘങ്ങൾ ആരംഭിക്കുക.

2. തരിശായി കിടക്കുന്ന ഭൂമി കൃഷിക്കായി ഉപയോഗിക്കുക. കൃഷി സഹകരണാടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള സഹകരണസംഘങ്ങൾ രൂപീകരിക്കുക.
3. കർഷകർ ബാങ്കിൽ നിന്നും ലോൺ എടുക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുക.
4. കൈത്തൊഴിൽ വ്യവസായ സഹകരണസംഘം രൂപീകരിക്കുക.
5. കോഴി വളർത്തൽ, മുട്ടസംഭരണം, വിൽപ്പന നടത്തുന്ന സംഘങ്ങൾ രൂപീകരിക്കുക.
6. പട്ടികജാതി, പട്ടികവർഗ്ഗകാരുടെ ക്ഷേമസഹകരണസംഘം രൂപീകരിക്കുക.
7. കെട്ടിടനിർമ്മാണസാമഗ്രികൾ നൽകുന്ന സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
8. കൊടുങ്ങൂരിൽ ഒരു റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം സ്ഥാപിക്കുക.
9. കൊടുങ്ങൂർ സഹകരണമേഖലയിൽ ഒരു പ്രിൻറിംഗ് പ്രസ്സ് ആരംഭിക്കുക.
10. സഹകരണബാങ്ക് ഭരണസമിതിയുടെ കാലാവധി അഞ്ചു വർഷമാക്കുക.
11. വാഴൂർ പഞ്ചായത്തിൽ സഹകരണമേഖലയിൽ ഒരു റബ്ബർ ഇൻറർ മിക്സ് ഫാക്ടറി ആരംഭിക്കുക.
12. സോപ്പ്, മെഴുകുതിരി, ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, വിതരണം എന്നിവയ്ക്കുള്ള സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
13. ഈ പഞ്ചായത്തിൽ റബ്ബർ കൃഷിക്കാരുടെ റബ്ബർ തടികൾ വിറ്റഴിക്കുന്നതിന്, റബ്ബർ തടി സംഭരണ വിൽപ്പന സഹകരണസംഘം ആരംഭിക്കുക.
14. ഈ പഞ്ചായത്തിൽ ഒരു സഹകരണ വിദ്യാഭ്യാസ കോളേജ് ആരംഭിക്കുക.
15. ഇവിടെ സഹകരണാടിസ്ഥാനത്തിലുള്ള ഒരു ഹോട്ടൽ ആരംഭിക്കുക.
16. കേരളാ സ്റ്റേറ്റ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻറെ ഒരു ബ്രാഞ്ച് കൊടുങ്ങൂരിൽ ആരംഭിക്കുക.
17. ഈ പഞ്ചായത്തിൽ കെട്ടിടം പണി തൊഴിലാളികൾ, റബർ ടാപ്പിംഗ് പരിചയമുള്ള തൊഴിലാളികൾ, പാചകതൊഴിലാളികൾ എന്നിവരുടെ ലഭ്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിന് ഈ തൊഴിലാളികളെ എല്ലാം സഹകരണസംഘങ്ങൾ വഴി സംഭരിക്കുകയും, സംഘങ്ങൾ വഴി വിട്ടു കൊടുത്ത് ജോലി നോക്കുകയും ചെയ്യുന്ന പരിപാടി നടപ്പിലാക്കുന്ന പുതിയ സഹകരണസംഘം രൂപീകരിക്കുക.
18. വാഴൂർ പഞ്ചായത്തിൽ ബസ് സർവീസ് നടത്തുന്നതും ടാക്സി വണ്ടികൾ ഓടിക്കുന്ന പ്രവർത്തനം നടത്തുന്നതുമായ ഒരു സഹകരണ സംഘം ആരംഭിക്കണം.
19. ഈ പഞ്ചായത്തിൽ നല്ല ഇനം വസ്ത്രങ്ങൾ മിതമായ വിലയ്ക്ക് സംഭരിച്ചു വിതരണം നടത്തുന്ന ഒരു വസ്ത്രസംഭരണ വിതരണ സഹകരണസംഘം ആരംഭിക്കണം.

സാധ്യതകൾ :

1. സ്കൂൾ സഹകരണസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.
2. സഹകരണമേഖലയിൽ കർഷകർക്കു കിട്ടുന്ന ആനുകൂല്യങ്ങളെ പറ്റി ബോധവൽക്കരണം നടത്തുക.
3. സഹകരണ മെഡിക്കൽ സ്റ്റോർ, സഹകരണ ആശുപത്രി സഹകരണ ഔഷധകൃഷി ഇവ നടപ്പിലാക്കുക.
4. ഓരോ ഭവനങ്ങളിലും ഓരോ ചെറുകിട കുടിൽ വ്യവസായയൂണിറ്റ് ആരംഭിക്കുക.
5. തൊഴിൽ രഹിതരായ യുവാക്കളെ സഹകരണ രംഗങ്ങളിൽ കൂടിയുള്ള പ്രവർത്തനത്തിനു സജ്ജമാക്കുക.
6. ടെക്നിക്ക് വിദ്യാഭ്യാസം നേടിയ വരെ ഉൾപ്പെടുത്തി പഞ്ചായത്തു തല നിർമ്മിതി സംഘം രൂപീകരിക്കുക. ✷

വിദ്യാഭ്യാസം



വാഴൂർ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത് കൊടുങ്ങൂരിൽ ഒരു സ്കൂൾ ആരംഭിച്ചതോടെയാണ്. കൊല്ലവർഷം 1088- കന്നിമാസം 11ന് പൊൻകുന്നം മുനിസിപ്പാലിറ്റിയായിരുന്ന ശ്രീ. പി.എൻ. പത്മനാഭപിള്ളയാണ് പ്രസ്തുത സ്കൂളിനു തറക്കല്ലിട്ടത്. കൊടുങ്ങൂർ ശ്രീ മഠത്തി രാമപ്പണിക്കരാണം സ്കൂൾ നിർമ്മാണത്തിന് നേതൃത്വം നൽകിയത്. 1 മുതൽ 7 വരെ ക്ലാസ്സുകളാണ് ആദ്യമുണ്ടായിരുന്നത്.

അതിനുമുമ്പ് വിദ്യാഭ്യാസത്തിനായി കുടിപ്പള്ളിക്കൂടങ്ങൾ മാത്രമാണ് ഈ നാട്ടിൽ ഉണ്ടായിരുന്നത്. കുടിപ്പള്ളിക്കൂടത്തിലെ അദ്ധ്യാപകരെ എഴുത്തുപള്ളി ആശാൻ എന്നാണ് അറിയപ്പെട്ടിരുന്നത്. വാഴൂരിലെ എഴുത്തുപള്ളി ആശാന്മാരിൽ പ്രമുഖർ കാണക്കാലി ആശാൻ, ഒവള്ളിയടത്ത് ആശാൻ, നടുവിലേടത്ത് ആശാൻ, കാരാപ്പുഴ ആശാൻ, ഇടപ്പള്ളി കൊച്ചുപിള്ള ആശാൻ തുടങ്ങിയവരായിരുന്നു. എഴുതാനും വായിക്കാനും പഠിപ്പിക്കുകയും സംഖ്യകൾ കൂട്ടാനും കുറയ്ക്കാനും ഗുണിക്കാനും പരിശീലിപ്പിക്കുകയുമാണ് കുടിപ്പള്ളിക്കൂടങ്ങളിൽ അക്കാലത്ത് ചെയ്തിരുന്നത്. കുടിപ്പള്ളിക്കൂടങ്ങളിൽ ചിന്തം എന്നൊരു ചടങ്ങുകൂടി നടത്തിയിരുന്നു. ആശാന് ഗുരുദക്ഷിണ നൽകുന്ന ദിവസമായിരുന്നു അത്. കുടിപ്പള്ളിക്കൂടത്തിലുള്ള എല്ലാ കുട്ടികൾക്കും ആ ദിവസം അവലും പഴവും വിതരണം ചെയ്തിരുന്നു. അയിത്തം കാരണം അവർണർക്ക് ഈ രീതിയിലുള്ള വിദ്യാഭ്യാസം നിഷേധിച്ചിരുന്നു.

തേക്കാനത്ത് ഇപ്പോൾ ഗവ. എൽ.പി.ജി. സ്കൂൾ സ്ഥിതി ചെയ്യുന്നതിന് എതിർവശത്ത് ഒരു ഗവ. ഹൈസ്കൂൾ അനുവദിച്ചിരുന്നു. അതിന്റെ പണി തീർന്ന് പ്രവർത്തനമാരംഭിക്കാറായപ്പോൾ അയിത്ത ഭ്രാന്തിളകിയ സവർണർ പ്രസ്തുത സ്കൂൾ കെട്ടിടം തീവച്ചു നശിപ്പിച്ചതുകാരണം ഹൈസ്കൂൾ വിദ്യാഭ്യാസ സൗകര്യം വാഴൂരിൽ ലഭ്യമാക്കാൻ പതിറ്റാണ്ടുകൾ കഴിയേണ്ടിവന്നു.

പെൺകുട്ടികൾക്കായി തേക്കാനത്ത് ഇന്നുള്ള ഗവ. എൽ.പി.ജി. സ്കൂൾ പണികഴിപ്പിക്കുന്നതിന് നേതൃത്വം നൽകിയത്എം.എൻ.സി. ആയിരുന്ന ശ്രീ മങ്ങാട്ടു ഗോവിന്ദപ്പിള്ളയായിരുന്നു. അന്ന് സ്ത്രീകളെ സഹവിദ്യാഭ്യാസത്തിന് അനുവദിച്ചിരുന്നില്ല. പക്ഷെ ഈ സ്കൂൾ ഉണ്ടായതുകൊണ്ട് ഈ പ്രദേശത്തും അയിൽ ഗ്രാമങ്ങളിലുമുള്ള ധാരാളം സ്ത്രീജനങ്ങൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിച്ചു. ഈ സ്കൂളിലെ വിദ്യാർത്ഥികളിൽ വിവാഹിതരും, അമ്മമാരും വരെ ഉണ്ടായിരുന്നു. ഇന്ന് മൂന്ന് പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകളും.

വാഴൂർ തീർത്ഥപാദാശ്രമത്തിലെ തീർത്ഥപാദസ്വാമികളും മറ്റു സന്യാസി ശ്രേഷ്ഠന്മാരും ഈ പ്രദേശത്തെ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകിയിരുന്നു.

അക്കാലത്ത് തിരുവിതാംകൂർ സർക്കാരിലെ സ്കൂൾ ഇൻസ്പെക്ടസ് ആയിരുന്ന മഹിളാമന്ദിരം ശ്രീമതി ചിന്നമ്മ ഒരു സ്കൂൾ ആരംഭിക്കുന്നതിന് തീർത്ഥപാദാശ്രമത്തിനു സമീപം ഒരു കെട്ടിടം പണിതു എങ്കിലും ആ മഹതിയുടെ അകാലനിര്യാണം മൂലം പ്രസ്തുത വിദ്യാലയം തുടർന്നുകൊണ്ടുപോകാൻ കഴിഞ്ഞില്ല.

1942 -ൽ ചാമംപതാലിൽ ഇന്നത്തെ പ്രൈമറി സ്കൂളിനെതിർവശം ഒരു ഇംഗ്ലീഷ്സ്കൂൾ താല്ക്കാലികമായി പ്രവർത്തനം ആരംഭിച്ചു.പ്രിപ്രയാറ്ററി, ഫസ്റ്റ് ഫോം ഈ ക്ലാസ്സുകളാണ് ആരംഭിച്ചത്. സ്ഥിരമായ കെട്ടിടമുണ്ടാകാത്തതുകാരണം പ്രസ്തുത സ്കൂളും തുടർന്നുകൊണ്ടുപോകാൻകഴിഞ്ഞില്ല.

18-ാം മൈലിലുള്ള സെൻറ് ജോർജ് യു.പി.എസ്. സി. സ്കൂൾ പനംപുന്ന ജഡ്ജി എന്നറിയപ്പെടുന്ന പി.റ്റി. തോമസ് പണികഴിപ്പിച്ചതാണ്. 1104 ഇടവമാസം 5-ാം തീയതിയാണ് ഇതിനു തുടക്കം കുറിച്ചത്. പഞ്ചായത്തിലെ പല സ്കൂളുകളും സ്ഥാപിക്കുന്നതിൽ ക്രിസ്തീയ സഭകൾ മുൻകൈ എടുത്തിട്ടുണ്ട്. 1925-ൽ ഉള്ളായം എൽ.പി. സ്കൂൾ 1929-ൽ ഇളങ്ങോയിൽ ഹോളിഫാലി എൽ.പി.സ്കൂൾ 1952-ൽ ഉള്ളായം എൽ.പി. സ്കൂൾ

1929-ൽ ഇളങ്ങോയിൽ ഹോളിഫാമിലി എൽ.പി. സ്കൂൾ 1952-ൽ ഉള്ളായ യു.പി. സ്കൂൾ, 1962-ൽ ഹോളിഫാമിലി യു.പി.സ്കൂൾ എന്നിവ പണികഴിപ്പിച്ചു.

നമ്മുടെ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചത് 1953-ൽ മാത്രമാണ്. ചട്ടമ്പി സ്വാമി തിരുവടികളുടെ നാമധേയത്തിൽ ആരംഭിച്ച എസ്സ്.വി.ആർവി. ഹൈസ്കൂളാണിത്. അന്നത്തെ രാജപ്രമുഖൻ ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മയാണ് സ്കൂളിന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചത്. പിൽക്കാലത്ത് ഇത് നായർ സർവീസ് സൊസൈറ്റിക്ക് വിട്ടുകൊടുത്തതോട് എസ്.ആർ.വി.എൻ.എസ്സ്.എസ്സ്. ഹൈസ്കൂൾ എന്നറിയപ്പെടുന്നു. ഈ സ്കൂളിനു സമീപം 1965-ൽ ഒരു ജൂനിയർ കോളജ് എൻ.എസ്സ്.എസ്സ്. മാനേജ്മെൻറിന്റെ കീഴിൽ ആരംഭിച്ചു. ആദ്യം സ്കൂൾ കെട്ടിടത്തിലാണ് പ്രവർത്തനം ആരംഭിച്ചത് എങ്കിലും ഇന്ന് സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കോട്ടയത്തിനു കിഴക്ക് അതിനു മുമ്പ് കോളജുകൾ ഒന്നും ഉണ്ടായിരുന്നില്ല. 1977-ൽ ഡിഗ്രി കോഴ്സ് ആരംഭിച്ചതോടെ ഇത് ഒന്നാം ഗ്രേഡ് കോളജ് ആയി മാറി.

ആറ് ഡിഗ്രി കോഴ്സുകളും ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു. മൂന്നു ഹൈസ്കൂളുകൾ മൂന്നു യു.പി. സ്കൂൾ 7 എൽ.പി. സ്കൂൾ 2 അൺ എയ്ഡഡ് എൽ.പി. സ്കൂൾ ഒരു കോളജ് എന്നിങ്ങനെ 16 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അംഗീകൃത സാങ്കേതിക സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പാരലൽ കോളജുകളും ടൈപ്പറേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ട്യൂഷൻ സെൻററുകളും വ്യക്തികളുടെ ചുമതലയിൽ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രീ-പ്രൈമറി തലത്തിൽ ഏതാനും അൺ എയ്ഡഡ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. രക്ഷകർത്താക്കളുടെ ഇംഗ്ലീഷ് മാദ്ധ്യമഭ്രമം മുതലെടുക്കാനാവണം അവ 'ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂൾ എന്നാണ് അവയെ അറിയപ്പെടുന്നത്. പ്രീ-പ്രൈമറിതലത്തിൽ മാതൃഭാഷ മാത്രമേ ആശയവിനിമയത്തിനു കഴിയൂ. ആ തലത്തിൽ കളികളിക്കുടിയുള്ള പടനം മാത്രമേ ഉദ്ദേശിക്കുന്നുള്ളു. എഴുത്തോ വായനയോ പഠിക്കാൻ ബുദ്ധിപരമായോ ശാരീരികമായോ വളർച്ച പ്രാപിച്ചവരല്ല 5 വയസ്സിൽ താഴെയുള്ള കുട്ടികൾ.ടൈയും സോക്സും ഷൂസും ഇടുപ്പിച്ച് കുട്ടികളെ സ്കൂളിൽ വിടുന്നത് രക്ഷിതാക്കളിൽ പലർക്കും സന്തോഷകരമാണെങ്കിലും കുട്ടികൾക്ക് അത് പീഡനം തന്നെയാണ്.

നമ്മുടെ പഞ്ചായത്തിൽ നിന്നും ധാരാളം കുട്ടികൾ അയൽ പ്രദേശത്തുള്ള സ്കൂളുകളിൽ പോയി പഠിക്കുന്നുണ്ട്. സ്കൂൾ പരിസരത്തുനിന്നും ആ പ്രദേശത്തെ കുട്ടികൾ ബസ്സിൽ കയറി യാത്ര ചെയ്ത്, ഉയർന്ന ഫീസ് ഈടാക്കുന്ന, അദ്ധ്യാപകർക്ക് താരതമ്യേന നിസ്സാര ശമ്പളം കൊടുക്കുന്ന, സ്കൂളിൽ പോകുന്നതിന്റെ കാരണങ്ങൾ ഗൗരവമായി ബന്ധപ്പെട്ടവർ പഠിക്കേണ്ടതുണ്ട്. അയൽപക്ക സ്കൂൾ സമ്പ്രദായം പ്രാവർത്തികമാക്കാൻ വ്യാപകമായ ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുന്നതിനേക്കുറിച്ച് ആലോചിക്കണം. സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം തുടങ്ങി എല്ലാ വിവരങ്ങളും പട്ടികകളിൽ കൊടുത്തിട്ടുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കാത്തവയാണ് ലൈബ്രറികൾ. ലബോറട്ടറികൾ എന്നിവ. വേണ്ടത്ര പഠനോപകരണങ്ങൾ സ്കൂളുകളിൽ ഇല്ല. മൂത്രപ്പുരകളും കക്കൂസുകളും വേണ്ടത്ര ഇല്ല. ഉള്ളവ തന്നെ വൃത്തിയായി സംരക്ഷിക്കുന്നുമില്ല. കായിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പഞ്ചായത്തിലെ സ്കൂളുകൾ മികച്ച നിലവാരം പുലർത്തുന്നില്ല. ചിട്ടയായ പരിശീലനവും പ്രോത്സാഹനവും നൽകിയാൽ കായികതാരങ്ങളെ വളർത്തിയെടുക്കാനുള്ള എല്ലാ സാധ്യതകളും ഈ പ്രദേശത്തുണ്ട്. കലാവിദ്യാഭ്യാസം യുവജനോത്സവ മത്സരങ്ങളെ ലക്ഷ്യമാക്കിയുള്ള പരിശീലനങ്ങളിൽ ഒതുങ്ങി നില്ക്കുന്നു. പരീക്ഷയ്ക്കു വേണ്ടിയുള്ള പഠനവും ട്യൂഷനുമൊക്കെ കഴിഞ്ഞാൽ കലാകായിക വിദ്യാഭ്യാസത്തിന് മിക്ക കുട്ടികൾക്കും സമയം ലഭിക്കുന്നില്ല എന്നത് ദയനീയ വസ്തുതയാണ്. പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെട്ടതാണ് എന്നു പറയാൻ ആവില്ല. കണക്ക്, ഇംഗ്ലീഷ്, സയൻസ് എന്നീ വിഷയങ്ങളിൽ എന്തുകൊണ്ടാണ് വിദ്യാർത്ഥികൾ പിന്നോക്കം നിൽക്കുന്നത് എന്ന് മനസ്സിലാക്കാൻ വിശദമായ പഠനം ആവശ്യമാണ്. ബ്രിട്ടീഷുകാർ ഇന്ത്യവിട്ട് 50 വർഷം ആകാറായെങ്കിലും ഇംഗ്ലീഷ് അറിയില്ല എന്ന ഒറ്റക്കാരണത്താൽ എസ്.എസ്.എൽ.സി. പാസ്സാകാൻ കഴിയാതെ വരുന്നത് ദയനീയം തന്നെ.

പരീക്ഷ ഇന്ന് വിദ്യാർത്ഥികൾക്ക് പേടിസ്വപ്നമാണ്. പരീക്ഷീരീതി മാറിയാലെ വിദ്യാർത്ഥികളുടെ യഥാർത്ഥ കഴിവും അഭിരുചിയും മനസ്സിലാക്കാൻ കഴിയൂ. പുതിയ പരീക്ഷാ മാതൃകകൾ സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. ശാസ്ത്രസാഹിത്യപരിഷത്ത് മുൻകൈയെടുത്ത് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ നടത്തുന്ന വിജ്ഞാന പരീക്ഷകൾ ഇത്തരത്തിലുള്ള ചുവടുവയ്പാണ്. എല്ലാ വർഷവും പഞ്ചായത്തിൽ നടന്നു വരുന്ന വിജ്ഞാന പരീക്ഷയിൽ എല്ലാ സ്കൂളുകളിലെ വിദ്യാർത്ഥികളും പങ്കെടുക്കുന്നുണ്ട്. പുതിയ പരീക്ഷാ മാതൃകകൾ സൃഷ്ടിച്ചുകൊണ്ടു മാത്രമേ വിദ്യാഭ്യാസ രംഗത്ത് ഫലപ്രദമായ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ കഴിയൂ.

ഗ്രാമസഭയിൽ നിന്നു ലഭിച്ച നിർദ്ദേശങ്ങൾ

വാർഡ് 2

പി.റ്റി.എ. വിപുലീകരിച്ച് നാട്ടുകാർ കൂടി പങ്കാളിത്തമുള്ള സമിതി ആക്കണം. വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ഡി.ഐ.ഇ.ടി.ന്റെ കൂടുതൽ സഹായം തേടണം. സ്കൂളുകളിൽ വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും സാംസ്കാരിക നായകന്മാരുടെ പ്രഭാഷണം സംഘടിപ്പിക്കണം. നെടുമാവ് ഐ.എച്ച്.ഡി.പി. കോളനി നെടുമാവ് പുതിയ കോളനി ഇവിടെ അങ്കണവാടികൾ സ്ഥാപിക്കണം.

വാർഡ് 3

കൊച്ചുകാഞ്ഞിരപ്പാറ എൽ.പി. സ്കൂളിനു ചുറ്റുമതിൽ കെട്ടണം. സ്കൂൾ വൈദ്യുതീകരിക്കണം. അങ്കണവാടി പ്രവർത്തനം മെച്ചപ്പെടുത്തണം. കുട്ടികൾക്ക് സൗജന്യ പ്രതിരോധ മരുന്നുകളും കുത്തിവയ്പും നടത്തണം. പാഠഭാഗങ്ങളുടെ എണ്ണം കുറയ്ക്കണം. പാഠപുസ്തകങ്ങളുടെ വലുപ്പം കുറയ്ക്കണം. പാവപ്പെട്ട കുട്ടികൾക്ക് പുസ്തകം സൗജന്യമായികൊടുക്കണം. കലാകായിക രംഗങ്ങളിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള അവസരങ്ങൾ എല്ലാ സ്കൂളിലും നിർബന്ധമാക്കണം.

വാർഡ് 4

കാനം സി.എം.എസ്.എൽ.പി. സ്കൂളിന്റെ അറ്റകുറ്റപ്പണികൾ ചെയ്യണം. കിണർ പുനരുദ്ധരിക്കണം. സ്കൂളിന് ചുറ്റുമതിൽ കെട്ടണം. ലാട്രിൻ, യൂറിനൽ എന്നിവ ഉണ്ടാകണം. സാക്ഷരത സർവ്വേ വടത്തി നിരക്ഷരരെ കണ്ടുപിടിക്കുകയും സാക്ഷരതാക്ലാസ്സുകൾ നടത്തുകയും ചെയ്യണം. ഇറട്ടിക്കൽ ഭാഗം, മൈലാട്ടുപാറ നെടുങ്ങാട്ടുകുന്നേൽ കോളനി എന്നിവിടങ്ങളിൽ അങ്കണവാടികൾ ഉണ്ടാകണം. വികലാംഗരും മന്ദബുദ്ധികളുമായ കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യണം.

വാർഡ് 5

ഗവൺമെൻറ് ഹൈസ്കൂളിലെ പഠന നിലവാരം ഉയർത്തണം. എസ്.എസ്.എൽ.സി. വിജയ ശതമാനം വർദ്ധിപ്പിക്കണം. സ്കൂളിലെ ശുദ്ധജലവിതരണം, ശുചീകരണം ഇവ കാര്യക്ഷമമാക്കണം. തേക്കാനം എൽ.പി.ജി. സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം അടിയന്തിരമായി പണിയണം. കോമ്പൗണ്ട് വോൾ നിർമ്മിക്കണം. മന്ദിരംപടി ഭാഗത്ത് ഒരു അങ്കണവാടി ഉണ്ടാവണം.

വാർഡ് 6

ആറാം വാർഡിൽ രണ്ട് അംഗനവാടികൾ അനുവദിക്കണം. പി.ടി.എ. ൽ താല്പര്യമുള്ള നാട്ടുകാരുടെ പങ്കുകൂടി ഉറപ്പുവരുത്തണം. പഞ്ചായത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങണം. സഹകരണ പാരലൽ കോളജുകൾ ഉണ്ടാവണം.

വാർഡ് 7

വൈരമാല, പാണപുഴ, മൈലാങ്കാവ് ഇവിടങ്ങളിൽ ബാലവാടി സ്ഥാപിക്കണം. സെൻറ് ജോർജ് യു.പി. സ്കൂൾ അപ്ഗ്രേജ് ചെയ്ത് ഹൈസ്കൂളാക്കാണം.

വാർഡ് 8

സഹകരണാടിസ്ഥാനത്തിൽ ഒരു പാരലൽ കോളജ് ഉണ്ടാവണം. ഗവൺമെൻറ് എൽ.പി.ജി. സ്കൂൾ-ന്റെ കെട്ടിടം പണിയണം-ശാസ്താംകാവിനു സമീപമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം കിട്ടുന്നതിന് രണ്ടു കിലോമീറ്റർ ദൂരം നടക്കണം. അതിനാൽ ശാസ്താംകാവു ഭാഗത്ത് സർക്കാർ പ്രൈമറിസ്കൂളും പ്രീ-പ്രൈമറി സ്കൂളും ഉണ്ടാവണം. വാഴൂർ കോളേജ് എൻ.എസ്.എസ്.എച്ച്.എസ്. എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് വാഹനസൗകര്യം ഏർപ്പെടുത്തണം. പാലാ വാഴൂർ കോളജ് റൂട്ടു കൊടുത്തിട്ടുള്ള 'യുവരാജ്' ബസ്സ് കോളജു പടിവരെയോ സർവ്വീസ് നടത്തുന്നുള്ളു. അത് കോളജുവരെ വരുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

വാർഡ് 9

ഹോളിഫാലി യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തണം. കലാകായിക അദ്ധ്യാപകരെ നിയമിക്കണം. കലാകായികാഭ്യാസത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാകണം. ഇളങ്ങോയി സ്കൂളിലെ കുടിവെള്ളം വിതരണം കാര്യക്ഷമമാക്കണം. ഉച്ചക്കഞ്ഞി വിതരണത്തിന് നല്കുന്ന തുക കൂട്ടണം. ഇംഗ്ലീഷ് മീഡിയം വിദ്യാലയം പാടെ നിർത്തലാക്കണം. പത്താം ക്ലാസ്സുവരെയുള്ള പഠനം മാതൃഭാഷയിലാക്കണം. പ്രിയദർശിനി അങ്കണവാടിയിൽ തയ്യൽ ക്ലാസ്സിന് വേറെ സൗകര്യങ്ങൾ ഉണ്ടാവണം.

വാർഡ് 10

ചാമംപതാൽ ഗവ. എൽ.പി.സ്കൂൾ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യണം. അൺ എയ്ഡഡ് സ്കൂളുകളുടെ എണ്ണം നിയന്ത്രിക്കണം. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉച്ചക്കഞ്ഞി വിതരണത്തിനും കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാകണം. പഞ്ചായത്തുതലത്തിൽ പി.ടി.എ.യുടെ ഒരു കേന്ദ്ര കമ്മറ്റി രൂപീകരിക്കുക. പഞ്ചായത്തു തലത്തിൽ സ്കൂൾ കോംപ്ലക്സ് ആരംഭിക്കുക. പി.റ്റി.എ.യുടെ സഹായത്തോടെ പഠനോപകരണങ്ങളും ഫർണിച്ചറുകളും ഉണ്ടാക്കുക.

*

വിദ്യാർത്ഥികൾ, അദ്ധ്യാപകർ

S.No.	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ	കുടിവെള്ളം	മൂത്രപ്പുര	കക്കൂസ്	വൈദ്യുതി
			ആൺ	പെൺ	ആകെ					
1	ഗവ. ഹൈസ്കൂൾ, വാഴൂർ	സർക്കാർ	442	450	892	40	ഉണ്ട്	1	1	ഉണ്ട്
2	S.V.R.V, N.S.S.ഹൈസ്കൂൾ, T.P. പുരം	എയ്ഡഡ്	411	371	782	30	ടി	3	2	ഉണ്ട്
3	സെന്റ് പോൾസ് ഹൈസ്കൂൾ, പുളിക്കൽകവല	ടി	306	266	572	26	ടി	3	3	ഉണ്ട്
4	സെന്റ് ജോർജ് യു.പി. സ്കൂൾ, 18-ാം മൈൽ	ടി	85	83	168	8	ടി	2	ഇല്ല	ഉണ്ട്
5	ഹോളിഫാമിലി യു.പി. സ്കൂൾ, ഇളങ്ങോയി	ടി	95	96	191	10	ഉണ്ട്	2	1	ഉണ്ട്
6	യു.പി. സ്കൂൾ, ഉള്ളായം	ടി	42	35	77	5	ഉണ്ട്	2	ഇല്ല	ഇല്ല
7	സെന്റ് മേരീസ്, എൽ.പി.സ്കൂൾ, 19-ാം മൈൽ	ടി	66	68	134	5	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
8	സെന്റ് പീറ്റേഴ്സ് എൽ.പി.സ്കൂൾ, പുളിക്കൽ കവല	ടി	57	62	119	4	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
9	എസ്സ്.വി.ഗവ. എൽ.പി.സ്കൂൾ, കൊച്ചുകാഞ്ഞിരപ്പാറ	ടി	32	28	60	3	ഇല്ല	1	ഇല്ല	ഇല്ല
10	ഗവ. എൽ.പി.ജി.സ്കൂൾ, (തേക്കാനം) വാഴൂർ	സർക്കാർ	56	64	120	4	ഉണ്ട്	[1] ഉണ്ട്	[1] ഉണ്ട്	ഇല്ല
11	എൻ.എസ്സ്.ഗവ.എൽ.പി.സ്കൂൾ, ചാമംപതാൽ	സർക്കാർ	114	119	233	9	ഉണ്ട്	2	ഇല്ല	ഇല്ല
12	എസ്.എ. എൽ.പി.സ്കൂൾ, ഉള്ളായം	എയ്ഡഡ്	51	52	103	4	ഉണ്ട്	2	2	ഉണ്ട്
13	സെന്റ് മേരീസ് എൽ.പി,സ്കൂൾ, പുളിക്കൽ കവല	അൺഎയ്ഡഡ്	110	110	220	9	ഉണ്ട്	2	ഇല്ല	ഇല്ല
14	എൻ.എസ്സ്.എസ്സ്. ഇംഗ്ലീഷ് മീഡിയം എൽ.പി.സ്കൂൾ, റ്റി.പി.പുരം	ടി	52	44	96		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
15	സി.എം.എസ്., എൽ.പി. സ്കൂൾ, കാനം	എയ്ഡഡ്	68	73	141	3	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല

പട്ടിക 3

അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

സ്കൂളുകളുടെ എണ്ണം	ലൈബ്രറി	ലാബ്	പാഠോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കാർഡർ	ടെലിവിഷൻ	ബ്ലാക്ക്ബോർഡ് ആവശ്യമുള്ളത് സ്കൂൾ	എണ്ണം	മാതൃസംഗമം സജീവം
ഉള്ളത്									
LP	Nil	Nil	2	1	1	Nil	14	65	15
UP	2	7	2	2	Nil	Nil			
HS	3	3	3	3	1	1			
ഇല്ലാത്തത്									
LP	9	9	7	8	8	9			
UP	1	1	1	1	3	3			
HS	Nil	Nil	Nil	Nil	2	3			

ഹൈസ്കൂളിനോടനുബന്ധിച്ചുള്ള എൽ.പി. യു.പി. സ്കൂളിലെ വിദ്യാർത്ഥികളുടെ വിവരം ഇതിൽ പെടുന്നില്ല.

ക്ലാസ്സ്	ആകെ	30% ൽ താഴെ	30 - 40%	40 - 50%	50-60	60% ൽ കൂടുതൽ	സ്കൂൾ	92 - 93	93-94	94-95	95-96
5	243	111	52	34	27	19	ഗവ.ഹൈസ്കൂൾ വാഴൂർ	48%	50%	52%	45%
6	283	148	50	37	21	27					
7	284	108	50	51	46	29					
8	233	123	39	30	25	16	S.V.R.V. N.S.S. ഹൈസ്കൂൾ	83%	73%	74%	92%
9	229	131	35	24	24	15					
10	183	92	52	15	13	11					
							സെൻറ് പോൾസ് ഹൈസ്കൂൾ	67%	68%	63%	55%

ആരോഗ്യം, കുടിവെള്ളം



ജീവന്റെ നിലനിൽപിന് അത്യന്താപേക്ഷിതമായ ഘടകമാണ് ജലം. മനുഷ്യൻ മാത്രമല്ല ഇതര ജന്തുക്കൾക്കും, സസ്യങ്ങൾക്കും ജലം കൂടിയേ തീരു. കുടിക്കാനും, കുളിക്കാനും ആഹാരം പാകം ചെയ്യാനും വസ്ത്രങ്ങൾ അലക്കുവാനും കൃഷിക്കും വ്യവസായത്തിനു എല്ലാം നാം ജലം ഉപയോഗിക്കുന്നു. ചുരുക്കത്തിൽ ജീവനും, ജീവിതത്തിനും ജീവ വികാസത്തിനും ജലത്തെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ലോകാരംഭം മുതൽക്ക് ഇന്നോളമുള്ള മാനവരാശിയുടെ സാമ്പത്തികവും, സാമൂഹികവും, സാംസ്കാരികവുമായ ഉയർച്ചയും താഴ്ച്ചയും എല്ലാം ജലസാമീപ്യവും ലഭ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ജീവനിൽ ജീവനായത് ജലം എന്ന സത്യം ആധുനിക ശാസ്ത്രത്തിന്റെ അടിക്കല്ലാണ്. ആധുനിക മനുഷ്യന്റെ പ്രപഞ്ചരഹസ്യം തേടിയുള്ള യാത്രയിലും മുഖ്യ അന്വേഷണം ജീവനും ജലവുമാണ്. സ്വാതന്ത്ര്യത്തിന്റെ അരനൂറ്റാണ്ടു പിന്നിട്ടിട്ടും നമുക്ക് നിലനില്പിന്റെ ഈ അനിവാര്യതയെ കുറിച്ച് വേണ്ടത്ര ഉൾക്കാഴ്ച ഉണ്ടായിട്ടില്ല. അതിന്റെ ദുരന്തഫലമാണ് നമ്മുടെ ഗ്രാമങ്ങളിൽ ഇന്ന് മനുഷ്യൻ അനുഭവിക്കുന്ന ദാഹജല പ്രശ്നം.

നമ്മുടെ പഞ്ചായത്തിലെ പല പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം ഉണ്ട്. വരൾച്ച ജനങ്ങളിൽ ഭീതിപരത്തുന്ന മഹാവിപത്താണ്. പ്രകൃതിയുടെ വരദാനമായ ജലസമ്പത്ത് യഥാവിധി സംരക്ഷിക്കുന്നതിനും, സംഭരിക്കുന്നതിനും നാം ഇന്നും വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. മഴയുടെ ലഭ്യതയിൽ ഇന്ത്യയിലെഇതര സംസ്ഥാനങ്ങളേക്കാളും സമ്പന്നമാണ് കേരളം. എന്നാൽ ഇന്ന് കേരളത്തെ സംബന്ധിച്ച് ശുദ്ധജലക്ഷാമം ഒരു തുടർക്കഥയായി മാറിക്കഴിഞ്ഞിരിക്കുന്നു. സുലഭമായ മഴയും സമൃദ്ധമായ സ്രോതസ്സുകളും ഉണ്ടെന്ന് അഭിമാനം പൂണ്ടിരുന്ന ഈ നാട്ടിൽ വരൾച്ച മൂലം കാർഷിക വിളകളുടെ നാശത്തിന്റെയും, കുടിവെള്ളം കിട്ടാതുഴറുന്ന ജനങ്ങളുടെയും കഥകൾ വിരോധാഭാസമായി തീർന്നിട്ടുണ്ട്.

ഗ്രാമീണ ജനങ്ങളുടെ കുടിവെള്ളത്തിന്റെ മുഖ്യ സ്രോതസ്സ് കിണറുകളാണം. ജലസമ്പത്ത് ശാസ്ത്രീയമായി പരിരക്ഷിച്ചാൽ ഒരേ സമയം കുടിവെള്ള പ്രശ്നവും ജലസചേന പ്രശ്നവും പരിഹരിക്കാൻ നമുക്ക് കഴിയും. കേരള വാട്ടർ അതോറിറ്റിയുടെ വളരെ ചെറിയ ഒരു ശുദ്ധജല വിതരണ പദ്ധതി മാത്രമാണ് ഇപ്പോൾ ഈ പഞ്ചായത്തിലുള്ളത്. കേവലം ഒന്നോ രണ്ടോ വാർഡുകളിൽ നാമമാത്രമായി എത്തുന്ന 24 വഴിയോര ടാപ്പുകളും 40 ഹൗസ് കണക്ഷനുകളും മാത്രമാണ് ഈ പദ്ധതിയുടെ കീഴിലുള്ളത്. മൊത്തം ആവശ്യത്തിന്റെ വളരെ ചെറിയൊരു ശതമാനം പോലും ഈ പദ്ധതികൊണ്ട് നിറവേറ്റപ്പെടുന്നില്ല. പഞ്ചായത്തിന്റെയും, ബ്ലോക്കിന്റെയും ഗവൺമെന്റിന്റെയും വിവിധ പദ്ധതികൾ പ്രകാരം പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ പൊതുകിണറുകളും, കുഴൽ കിണറുകളും കുഴിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പല കിണറുകളും വെള്ളം കിട്ടാതെ ഉപയോഗശൂന്യമായി കിടക്കുന്നു. പഞ്ചായത്തിൽ നിന്നും വേനൽക്കാലത്ത് ടാങ്കറുകളിൽ കുടിവെള്ളമെത്തിക്കുന്ന പ്രവർത്തനവും നടക്കുന്നുണ്ട്. ഇതുകൊണ്ടൊന്നും പ്രശ്നത്തിന് ശാശ്വതമായ പരിഹാരമായിട്ടില്ല. ജനത്തിന് താൽക്കാലിക ആശ്വാസം മാത്രമേ ലഭിക്കുന്നുള്ളു.

പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും 200 മീറ്ററിനുള്ളിൽ ശുദ്ധജലം ലഭ്യമാക്കിയാൽ മാത്രമേ ജലദൗർലഭ്യം പരിഹരിക്കുവാൻ കഴിയൂ. ഓരോ വ്യക്തിക്കും ജീവൻ നിലനിർത്താൻ മാത്രമായി ഒരു വർഷം ഒരു ക്യൂബിക് മീറ്റർ ജലം ആവശ്യമാണ് എന്നാണ് അന്തർദേശീയ കണക്ക്. എന്നാൽ ജീവിതത്തിന്റെ മറ്റുവിവിധ ആവശ്യങ്ങൾക്കും കൂടിയായി വർഷംപ്രതി വേണ്ടി

വരുന്നത് 28 ക്യൂബിക് മീറ്റർ ജലമാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിൽ ഗ്രാമതല ആസൂത്രണത്തിന് മുഖ്യമായ പങ്ക് ഉണ്ട്. എത്ര ശുദ്ധജലം വാർഡിലും. പഞ്ചായത്തിലും ആവശ്യമാണ്. അതിനാവശ്യമായ ജലസ്രോതസ്സുകൾ ഉണ്ടോ എന്നീ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയെങ്കിൽ മാത്രമേ ജലമേഖലയുടെ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കാൻ കഴിയൂ. നിലവിലുള്ള ജലവിതരണ പദ്ധതിയുടെ പ്രവർത്തനം കൂടുതൽ പ്രയോജനപ്രദമാക്കുകയും വേണം.

പഞ്ചായത്തിലെ ശുദ്ധജല സ്രോതസ്സുകളും ജലലഭ്യതയും മനസ്സിലാക്കി ഹ്രസ്വകാല ദീർഘകാല പദ്ധതികൾ രൂപീകരിച്ച് വികേന്ദ്രീകൃത ജലവിതരണം നടത്തേണ്ടത് അനിവാര്യമായിത്തീർന്നിരിക്കുന്നു.

ഈ പഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങൾ ഉണ്ട്. ഒന്നാം വാർഡിൽ ചേതേപറമ്പിൽപടി, ചാമക്കാട്ട് ഭാഗം, ഇടക്കരഭാഗം, മരത്തണ്ണൂർ ഭാഗം എന്നിവിടങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. ഇവിടങ്ങളിൽ ഓരോ കുഴൽ കിണറുകൾ സ്ഥാപിച്ച് ജലക്ഷാമത്തിനു ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്. ഇവിടെ ധാരാളം ജലം ലഭിക്കുന്ന ഭാഗങ്ങളും ഉണ്ട്. അത് കണ്ടെത്തി കുളമോ, കിണറോ നിർമ്മിച്ച് ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടി അതിലേക്കു വെള്ളം പമ്പ് ചെയ്ത് പൊതുടാപ്പുകളിലൂടെ ജനങ്ങൾക്ക് വെള്ളം എത്തിച്ചാൽ ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാൻ കഴിയും.

മൂന്നാം വാർഡിൽ മുളയ്ക്കൽ കുന്ന്, കോട്ടേപ്പടവ്, കൊച്ചുകാഞ്ഞിരപ്പാറ, കാണാകുളം, അമ്പാട്ടുകുന്ന് എന്നിവിടങ്ങളിലും കുഴൽ കിണറുകൾ സ്ഥാപിച്ച് ജലദൗർലഭ്യം പരിഹരിക്കാവുന്നതാണ്.

നാലാം വാർഡിൽ പരുന്താടുംകുഴി, ഈട്ടിയ്ക്കൽ, നെടുങ്ങാട്ടുകുന്ന്, തവളപ്പാറ മുതൽ ചാമംപതാൽ വരെയുള്ള ഭാഗങ്ങൾ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഈട്ടിയ്ക്കൽ ഭാഗത്തുള്ള നിലവിലുള്ള പൊതുകിണർ ആഴംകൂട്ടി നന്നാക്കിയാൽ ഇവിടുത്തെ ആളുകൾക്ക് പ്രയോജനം കിട്ടും. പുന്തടുംകുഴി, ഈട്ടിയ്ക്കൽ, നെടുങ്ങാട്ടുകുന്ന്, തവളപ്പാറ എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിച്ചാൽ ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ സഹായിക്കും. ഇവിടെ പഴയ കാലത്ത് ഉണ്ടായിരുന്നതും, ഇപ്പോൾ നിന്ന് പോയിട്ടുള്ളതും സ്വകാര്യവ്യക്തിയുടെ കൈവശം ഇരിക്കുന്നതുമായ അമൃതുചിറ എന്നറിയപ്പെട്ടിരുന്ന കുളം ഏറ്റെടുത്ത് പുനരുദ്ധരിച്ച് ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്ത് ജലവിതരണം നടത്തിയാൽ ഈ പ്രദേശത്തെ ജലക്ഷാമത്തിനു പരിഹാരം കാണാൻ സാധിക്കും.

അഞ്ചാംവാർഡിൽ നന്തിയാട്ടുപടി, ഇടപ്പള്ളിത്താഴെ, മംഗലത്ത് കുന്നം, ഇടക്കര പറമ്പ്, പുതുപ്പള്ളിക്കുന്ന്, കൺട്രാച്ചി, മൈലാടുപാറ, ഇടപ്പള്ളിക്കുന്ന്, മലയകുന്ന്, ഇളപ്പുങ്കൽ എന്നീ പ്രദേശങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഈ പ്രദേശങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിച്ച് ജലക്ഷാമത്തിനു പരിഹാരം കാണുവാൻ കഴിയും. ജലം സുലഭമായി ലഭിക്കാൻ സാധ്യതയുള്ള കൊടുങ്ങൂർ അമ്പലം ഭാഗത്ത് സ്വകാര്യവ്യക്തികളുടെ സ്ഥലം ഏറ്റെടുത്ത് കിണറോ, കുളമോ നിർമ്മിച്ച് വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കിയാൽ ഈ പ്രദേശത്തെ ജലക്ഷാമം ശാശ്വതമായി പരിഹരിക്കുവാൻ കഴിയും.

ആറാം വാർഡിൽ 17-ാം മൈൽ, തേക്കാനം, 18-ാം മൈൽ, പുത്തൻ കവല എന്നീ പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. പാലാ റോഡിൽ 1-ാം മൈൽ ഭാഗത്ത് നിലവിലുള്ള പൊതുകിണറിൽ നിന്നും ടാങ്ക് കെട്ടി വെള്ളം പമ്പുചെയ്ത് പൈപ്പ് ലൈനിട്ട് ജലവിതരണം നടത്തിയാൽ ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുവാൻ കഴിയും. 18-ാം മൈൽ നരിയങ്കൽ ഭാഗത്ത് പൈക്കല്ലിൽ തോട്ടിലും, മൂലേതോട് ഭാഗത്തും ഓരോചെക്കുഡാം നിർമ്മിച്ചാൽ പരിസരപ്രദേശങ്ങളിലെ കിണറുകളിൽ ജലവിതാനം ഉയർന്ന് ധാരാളം ആളുകൾക്ക് പ്രയോജനം ലഭിക്കും.

ഏഴാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പാലാ-കൊടുങ്ങൂർ റോഡിൽ ഒന്നാം മൈൽ ഭാഗത്ത് ധാരാളം ജലം ലഭിക്കുന്ന തോപ്പിൽ പുരയിടത്തിൽ നിലവിലുള്ള കുളത്തിൽ നിന്നും പമ്പുസെറ്റ് സ്ഥാപിച്ച് ടാങ്ക് കെട്ടി അതിലേക്കു വെള്ളം പമ്പു ചെയ്ത് ജലവിതരണം നടത്തിയാൽ ഈ വാർഡിന്റെ വളരെയേറെ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുവാൻ സാധിക്കും. പാണപുഴയിലെ പേഴുന്താനം റോഡിലുള്ള കുഴൽകിണറിനു പമ്പുസെറ്റ് സ്ഥാപിച്ച് ടാങ്ക് കെട്ടി വെള്ളം പമ്പു ചെയ്ത് ജലവിതരണം നടത്തിയാൽ ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും. മറ്റപ്പള്ളി ഭാഗം, മിഷ്യൻ പറമ്പ് ഭാഗം, 18-ാം മൈൽ ഭാഗം എന്നിവിടങ്ങളിൽ കുഴൽ കിണറുകൾസ്ഥാപിച്ച് ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്. ഇളംപള്ളി കവലയ്ക്ക് സമീപമുള്ള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പമ്പ് ഹൗസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയും അവിടെ തന്നെ ഒരു കിണർ കൂടി കുഴിച്ച് പമ്പുസെറ്റ് സ്ഥാപിച്ച് ജലസംഭരണശേഷി വർദ്ധിപ്പിച്ചാൽ ഈ വാർഡിലെ മാത്രമല്ല തൊട്ടടുത്തുള്ള വാർഡുകളിലും ജലവിതരണം നടത്തുന്നതിനും ജലക്ഷാമത്തിനു പരിഹാരം കാണുന്നതിനും സഹായിക്കും. വാതല്ലൂർ കോളനിയിൽ ഒരു കിണർ

കുഴിച്ച് ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുന്നതിന് സാധിക്കും. മറ്റപ്പള്ളി തോട്ടിലും, ചെങ്കൽ പള്ളിക്കു സമീപമുള്ള വലിയതോട്ടിലും, 19-ാം മൈൽ തോട്ടിലും കടക്കുഴിക്കടവിലും ഓരോ ചെക്കുഡാമുകൾ നിർമ്മിച്ച് ജലവിതാനം ഉയർത്തിയാൽ ഈ പ്രദേശങ്ങളിലെ വളരെയേറെ ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതുമാണ്.

എട്ടാം വാർഡിൽ തെക്കാനിക്കാട് കോളനി ഏർത്താത്തെയിൽ കുന്ന്, കടവുംകുന്ന് ഭാഗം, തെക്കനൊട്ടപടി, കണ്ടപ്ലാക്കൽ, മൂലയിൽ പുതിയ കോളനി എന്നീ പ്രദേശങ്ങൾ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളാണ്. ധാരാളം ജലം ലഭിക്കുൻ പുന്നവേലിക്കുളം ഏറ്റെടുത്ത് പമ്പുസെറ്റ് സ്ഥാപിച്ച് തീർത്ഥപാദപുരം ഭാഗത്ത് ടാങ്ക് കെട്ടി വെള്ളം പമ്പു ചെയ്ത് ജലവിതരണം നടത്തിയാൽ ഈ പ്രദേശത്തെയും തൊട്ടടുത്തുള്ള വാർഡുകളിലെയും ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന തെക്കാനിക്കാട്ട് കോളനിയിൽ താൽകാലിക പരിഹാരം എന്ന നിലയിൽ ഒരു കുഴൽ കിണർ സ്ഥാപിക്കുകയും, വലിയതോട്ടിൽ വലിയ തറപ്പീടിക ഭാഗത്ത് ഒരു ചെക്കുഡാം നിർമ്മിച്ച് അതിനോടു ചേർന്നം തോട്ടു പുറമ്പോക്കിൽ കിണർ കുഴിച്ച് പമ്പുസെറ്റ് സ്ഥാപിച്ച് തെക്കാനിക്കാട് കോളനിയിൽ ടാങ്ക് കെട്ടി വെള്ളം പമ്പു ചെയ്ത് ജലവിതരണം നടത്തിയാൽ ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുവാൻ കഴിയും.

അതുപോലെ തന്നെ അതിരൂക്ഷമായ ജലക്ഷാമം അനുഭവിക്കുന്ന ഏർത്താത്തെ കുന്നിൽ ഒരു കുഴൽ കിണർ കുഴിക്കുകയും, പയറ്റുകാലായിൽ ഭാഗത്ത് തോടിനു സമീപം ഒരു കിണർ കുഴിച്ച് പമ്പുസെറ്റ് സ്ഥാപിച്ച് കുന്നിനു മുകളിൽ ടാങ്കുകെട്ടി വെള്ളം പമ്പ് ചെയ്ത് ജലവിതരണം നടത്തിയാൽ ഈ പ്രദേശത്തെയും ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും. കടവുംകുന്ന്, തെക്കനൊട്ടുപടി, കണ്ടപ്ലാക്കൽ, പുതിയകോളനി എന്നിവിടങ്ങളിൽ ഓരോ കുഴൽ കിണറുകൾ കുഴിച്ച് ഈ പ്രദേശങ്ങളിലെ ജലക്ഷാമവും പരിഹരിക്കാവുന്നതാണ്.

ഒമ്പതാം വാർഡിൽ പല പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കുടിവെള്ളത്തിനായി 5 കി.മീ. ദൂരം വരെ ആളുകൾക്ക് പോകേണ്ടി വരുന്നു. ഇതിനുപരിഹാരം കാണുവാൻ വാഴൂർതോട്ടിൽ ഇളങ്ങോയി ഭാഗത്ത് തള്ളക്കയത്തും, കന്നുകുഴി ഭാഗത്ത് ചേർപ്പത്ത പാലത്തിന് സമീപവും, കിണറ്റുകുറ്റിയിലും, ചെക്കുഡാമുകൾ നിർമ്മിച്ച് മഴക്കാലത്ത് നഷ്ടമാവുന്ന ജലത്തെ തടഞ്ഞുനിർത്തി സമീപപ്രദേശത്തു ഭൂഗർഭജലവിതാനം ഉയർത്തുകയും തോടിന്റെ കരയിൽ കുളം നിർമ്മിക്കുകയും, അതിൽ നിന്നും വെള്ളം ഇളങ്ങോയി കുന്നിനു മുകളിലും, കന്നുകുഴി ഭാഗത്ത് ഊട്ടുമണ്ണി കുന്നിന് മുകളിലും വാട്ടർ ടാങ്കുകൾ നിർമ്മിച്ച് അതിലേക്ക് പമ്പു ചെയ്ത് ജലവിതരണം നടത്തിയാൽ ഈ വാർഡിലെ മിക്ക പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കും.

പത്താം വാർഡിലെ മിക്ക പ്രദേശങ്ങളിലും അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 1980-81കാലഘട്ടങ്ങളിൽ ഗവൺമെൻറിൽ നിന്നും 14 ലക്ഷം രൂപയോളം ചെലവുചെയ്ത് ഉണ്ടാക്കിയ ഒരു പദ്ധതി വെറും പാഴ്ചെലവായി ഇന്ന് അവശേഷിച്ചിരിക്കുകയാണ്. തൊണ്ടൽകുളം ഭാഗത്ത് കുഴൽകിണറും, പമ്പ് ഹൗസും, പനത്താനം കോളനിയിലെ ടാങ്കും ഈ വാർഡിൽ അങ്ങോളമിങ്ങോളം കുഴിച്ചിട്ടിരിക്കുന്ന പൈപ്പുകളും ഇന്ന് വെള്ളത്തിലെ വരപോലെ പ്രയോജനരഹിതമായി കിടക്കുകയാണ്. ഈ പദ്ധതി പുനരുദ്ധരിച്ചാൽ വളരെയേറെ ആളുകൾക്ക് പ്രയോജനകരമായിരിക്കും. ഈ വാർഡിലെ ഉയർന്ന പ്രദേശങ്ങളായ മുതുകുളംകുഴി, തവളപ്പാറ, പനന്താനം, മങ്ങാട്ട്കാവ് ഉള്ളായം എന്നിവിടങ്ങളിൽ ഓരോ വാട്ടർ ടാങ്കുകൾ നിർമ്മിക്കുകയും, ഈ ടാങ്കുകളിലേക്ക് ചാമംപതാൽ തോടിന്റെ ചാമംപതാൽ, ബ്ലോക്ക് പടി, ഉള്ളായം, ഭാഗങ്ങളിലും, ഉള്ളായംതോടിന്റെ വെട്ടുവേലി, തൊണ്ടൻകുളം, താന്നിക്കൽ പടി എന്നീ സ്ഥലങ്ങളിലും തോട്ടിൽ ഓരോ തടയണകൾ നിർമ്മിച്ച് അതിനടുത്തായി കുളമോ, കിണറോ കുഴിച്ച് പമ്പുസെറ്റ് സ്ഥാപിച്ച് വെള്ളം പമ്പുചെയ്ത് മേൽ പറഞ്ഞ ടാങ്കുകളിലെത്തിച്ച് പൈപ്പ് വഴി ജലവിതരണം നടത്തിയാൽ ഈ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ കഴിയും.

ഉപസംഹാരം

കേരളത്തിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിന് കേരള വാട്ടർ അതോറിട്ടിക്കാണ് പൂർണ്ണ ചുമതല. ചെറുതും വലുതുമായ രണ്ടായിരത്തോളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വാട്ടർ അതോറിട്ടി പറയുന്നു. അതിലൊരു ചെറിയ പദ്ധതിയാണ് നമ്മുടെ പഞ്ചായത്തിലുമുള്ളത്. ഈ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും ത്വരിത ഗതിയിൽ കുടിവെള്ളമെത്തിക്കാൻ ജനപങ്കാളിത്തത്തോടു കൂടിയ പദ്ധതികൾ ആവിഷ്കരിക്കണം. കേന്ദ്രീകൃതമായ ജലവിതരണം ഒരിക്കലും താല്കാലിക പരിഹാരം പോലും ആവുന്നില്ല. പഞ്ചായത്തിൽ ലഭ്യമാകുന്ന ജലസ്രോതസ്സ്, ടാങ്കിലെ ജലസംഭരണശേഷി എന്നിവ കണക്കാക്കി വേണം പദ്ധതി ആവിഷ്കരിക്കുവാൻ. ഇതോടൊപ്പം നിലവിലുള്ള പൊതുകിണറുകളും, കുളങ്ങളും വൃത്തിയായി സൂക്ഷിക്കുകയും, സംരക്ഷിക്കുകയും ചെയ്യുന്നതോടൊപ്പം ജലവിതരണത്തിനായി ഹ്രസ്വകാല ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. മുൻഗണനാ

ടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും, പരമ്പരാഗത മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്യണം. എന്നാൽ ജലവിതരണ പദ്ധതികൾ പുതുതായി സ്ഥാപിക്കുന്ന കാര്യത്തിൽ പോലും രാഷ്ട്രീയ സമ്മർദ്ദത്തിനാണ് ഇന്നും മുൻ തൂക്കം. ഈ നില മാറുന്നതിന് ജനകീയ സമിതികൾ ഉയർന്നു വരണം. ഈ ലക്ഷ്യം സാധൂകരിക്കുന്നതിന് ജനകീയാസൂത്രണം സഹായകമാകട്ടെ.

റബ്ബർ മരങ്ങൾ പച്ചതലപ്പാവ് ഉയർത്തി നിൽക്കുന്ന കർഷകരുടെയും, കർഷക തൊഴിലാളികളുടെയും, ഉദ്യോഗസ്ഥരുടെയും നാടായ 13.5 ചതുരശ്ര മൈൽ വിസ്തൃതിയിൽ 10 വാർഡുകളിലായി പരന്നു കിടക്കുന്ന ഗ്രാമപഞ്ചായത്താണ് വാഴൂർ. ഇവിടെ 6517 വീടുകളിലായി 22584 പേർ വസിക്കുന്നു. 11212 പുരുഷന്മാരും 11372 സ്ത്രീകളും ഉണ്ടെന്നാണ് കൺക്കുകൾ സൂചിപ്പിക്കുന്നത്.

പൊതുജനാരോഗ്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇത്രയും ജനങ്ങൾ വസിക്കുന്ന ഈ പഞ്ചായത്തിലെ ആരോഗ്യ സൗകര്യങ്ങളെക്കുറിച്ച് ഒന്നു വിശകലനം ചെയ്യുന്നത് അഭികാമ്യമായിരിക്കും. ചികിത്സ തേടി 8ഉം 10ഉം കിലോമീറ്റർ സഞ്ചരിക്കേണ്ട അവസ്ഥയാണുള്ളത്. ഈ പഞ്ചായത്തിൽ ഒരു സർക്കാർ പ്രൈമറി ഹെൽത്ത് സെൻററും ഒരു ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറിയും 5 ഫാമിലി വെൽഫെയർ സെൻററുകളും, രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള 4 സ്വകാര്യ ആശുപത്രികളും പ്രവർത്തിക്കുന്നു. 4 സ്വകാര്യ ഹോമിയോ ഡിസ്പെൻസറികളും, 3 സ്വകാര്യക്ലിനിക്കുകളും വേറെയുമുണ്ട്. പ്രൈമറി ഹെൽത്ത് സെൻററിലും ആയുർവേദ ഡിസ്പെൻസറിയിലും രോഗികളെ കിടത്തിചികിത്സിക്കുവാൻ സൗകര്യം ഇല്ലാത്തതുകൊണ്ട് കൂടുതൽ ആളുകളും ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രികളെയാണ് സമീപിക്കുന്നത്.

പ്രൈമറി ഹെൽത്ത് സെൻറർ ഇപ്പോൾ വാടക കെട്ടിടത്തിലേക്ക് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഈ നാട്ടിലെ സാമൂഹ്യ പ്രവർത്തകരും, ഉദാരമതിയുമായിരുന്ന പരേതനായ ശ്രീ. പിറ്റിനാൽ അയ്യപ്പൻ പിള്ളയുടെ സ്മരണയ്ക്കായി അദ്ദേഹത്തിൻെറ പുത്രൻ ശ്രീ ഉണ്ണികൃഷ്ണൻ നായർ ഈ ആരോഗ്യകേന്ദ്രത്തിൻെറ പ്രവർത്തനത്തിനായി ഒരേക്കർ സ്ഥലംസൗജന്യമായി തരികയും ബഹുമാന്യനായ നമ്മുടെ എം.പി. ശ്രീ. രമേശ് ചെന്നിത്തല പ്രാദേശിക വികസന ഫണ്ടിൽ നിന്ന് രണ്ടു ലക്ഷം രൂപ അനുവദിച്ചു തന്നതിൻെറ ഫലമായി ഈ സ്ഥലത്ത് പഞ്ചായത്ത് കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭ പ്രവർത്തനം ആംരഭിക്കുകയും ചെയ്തിരിക്കുകയാണ്. ഇവിടെ കെട്ടിടം പണിത് രോഗികളെ കിടത്തി ചികിത്സിക്കുന്ന ഒരു ആശുപത്രിയാക്കി ഈആരോഗ്യകേന്ദ്രത്തെ ഉയർത്തിയെങ്കിൽ മാത്രമേ ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാകുകയുള്ളു.

അതുപോലെ തന്നെ ഈ പഞ്ചായത്തിൽ ചാമംപതാലിൽ 1975 ൽ നാട്ടുകാരുടെയും പഞ്ചായത്തിൻെറയും സഹകരണത്തോടെ വിലയ്ക്കു വാങ്ങിയ 25 സെൻറ് സ്ഥലത്ത് ഒരു ആയുർവേദ ഡിസ്പെൻസറി പ്രവർത്തിച്ചു വരുന്നു. വർഷങ്ങളോളം വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ ഡിസ്പെൻസറി നമ്മുടെ എം.പി. രമേശ് ചെന്നിത്തലയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ലഭിച്ച രണ്ടു ലക്ഷം രൂപയും, പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒരു ലക്ഷം രൂപയും ഉൾപ്പെടെ മൂന്നു ലക്ഷം രൂപ മുടക്കി മനോഹരമായ ഒരു കെട്ടിടം പണിതീർത്ത് ഇപ്പോൾ അതിൽ പ്രവർത്തിക്കുന്നു. ദിവസവും ധാരാളം രോഗികൾ ഈ ആരോഗ്യ കേന്ദ്രത്തിൽ ചികിത്സക്കായി വന്നുകൊണ്ടിരിക്കുന്നു., ഇതും രോഗികളെ കിടത്തി ചികിത്സിക്കുന്ന ഒരു ആശുപത്രിയിലാക്കി ഉയർത്തിയെങ്കിൽ മാത്രമേ കൂടുതൽ ആളുകൾക്ക് പ്രയോജനപ്പെടുകയുള്ളു. പലപ്പോഴും സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥയും, ജീവനക്കാരും പൊതുജനങ്ങളും തമ്മിലുള്ള സമ്പർക്കമില്ലായ്മയും ആണ് പൊതുജനങ്ങൾ ഇവിടുത്തെ ചികിത്സാ സൗകര്യം പ്രയോജനപ്പെടുത്താത്തത്.

പണലാഭത്തെക്കാൾ ആതുരസേവനത്തിനുവില കല്പിച്ചുകൊണ്ട് വിഷചികിത്സ നടത്തി വരുന്ന കൊട്ടാരത്തിൽ ശ്രീമതി ചിന്നമ്മയുടെ സേവനം പ്രത്യേകം സ്മരണീയമാണ്.

ആരോഗ്യത്തെ സംബന്ധിച്ചു നമ്മുടെ നിലവിലുള്ള കാഴ്ചപ്പാടു തന്നെ മാറേണ്ടിയിരിക്കുന്നു. ഡോക്ടർ, മരുന്ന്, ആശുപത്രി എന്നതാണ് നിലവിലുള്ള ആരോഗ്യവീക്ഷണം. ഈ കാഴ്ചപ്പാട് മാറ്റേണ്ടിയിരിക്കുന്നു. ആരോഗ്യമെന്നത് കുടിവെള്ളം, തൊഴിൽ ശീലങ്ങൾ തുടങ്ങിയ പല ഘടകങ്ങളെയും ആശ്രയിച്ചിരിക്കുന്നു. രോഗം വന്നതിനുശേഷം ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതിരിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ് ഉത്തമം.

പട്ടിക 1

സ്ഥാപനം	എണ്ണം
പ്രാഥമികാരോഗ്യകേന്ദ്രം	1
സർക്കാർ ആശുപത്രി (അലോപ്പതി)	ഇല്ല
സർക്കാർ ആയുർവേദാശുപത്രി	1
സർക്കാർ ഹോമിയോ ആശുപത്രി	ഇല്ല
സർക്കാർ ദന്തരോഗാശുപത്രി	ഇല്ല
സ്വകാര്യ ആശുപത്രികൾ	4
കുടുംബക്ഷേമകേന്ദ്രങ്ങൾ	4
അങ്കണവാടികൾ	8

വാഴൂർ ഗ്രാമപഞ്ചായത്ത് വികസനരേഖ

വാർഡ്	സ്ഥാപനങ്ങളുടെ പേര്	ജീവനക്കാരുടെ എണ്ണം
1	ഇല്ല	
2	ഇല്ല	
3	സർക്കാർ പ്രാഥമിക ആരോഗ്യകേന്ദ്രം	
4	ഇല്ല	
5	കുടുംബക്ഷേമകേന്ദ്രം	
6		
7	കുടുംബക്ഷേമകേന്ദ്രം	1
8	ഇല്ല	
9	സർക്കാർ ആയുർവേദ ഡിസ്പെൻസറി	5

കക്കൂസുകൾ സംബന്ധിച്ചുള്ള വിവരം

വാർഡ്	സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം	വിവിധ പദ്ധതികളിൽ അനുവദിച്ച കക്കൂസിന്റെ എണ്ണം	പൂർത്തീകരിച്ച വയുടെ എണ്ണം	ഇനി കക്കൂസ് വേണ്ട കുടുംബങ്ങളുടെ എണ്ണം
1	180	40	8	80
2	140	35	11	85
3	110	40	13	87
4	80	18	4	56
5	120	22	8	63
6	130	24	7	67
7	90	18	9	65
8	95	23	16	82
9	70	16	8	94
10	135	27	13	103

രോഗം വന്നതിനു ശേഷം ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതിരിക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കുന്നതാണ് ഉത്തമം.

പൊതുജനാരോഗ്യ രംഗത്തെ താഴെപറയുന്ന കാര്യങ്ങൾ നടപ്പിലാക്കണമെന്ന് ഗ്രാമസഭകൾ ആവശ്യപ്പെടുന്നു.

1. നിലവിലുള്ള ആയുർവേദ ആശുപത്രി രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തോടുകൂടി ഉയർത്തുക.
2. പ്രൈമറി ഹെൽത്ത് സെന്ററിന് സ്വന്തമായി കെട്ടിടം പണിയുകയും, രോഗികളെ കിടത്തി ചികിത്സിക്കാമുള്ള എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ആശുപത്രിയായി ഉയർത്തുക.
3. യാതൊരുവിധ ആരോഗ്യകേന്ദ്രങ്ങളും ഇല്ലാത്ത 7-8 എന്നീ വാർഡുകളിൽ ഓരോ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കുക.
4. തുറസ്സായ സ്ഥലത്ത് മലവിസർജനം നടത്തുന്നതു നിമിത്തം ഉണ്ടാകുന്ന മലിനീകരണം തടയുന്നതിന് എല്ലാ വീടുകൾക്കും സുരക്ഷിതമായ കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
5. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
6. വീടുകളിലെയും തൊഴുത്തുകളിലെയും മലിനജലം ഓടകളിലേക്കും തോടുകളിലേക്കും ഒഴുക്കുന്നത് തടയാനുള്ള നടപടി സ്വീകരിക്കുക.
7. കുട്ടികളുടെ ആരോഗ്യസംബന്ധമായ പ്രചോദനം കിട്ടുന്നതിന് പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ കളിസ്ഥലങ്ങൾ ഉണ്ടാക്കുന്നത് പ്രയോജനകരമായിരിക്കും.
8. തോടുകളുടെ സമീപം റബ്ബർ റോളറുകൾ സ്ഥാപിച്ച് ഷീറ്റ് അടിക്കുന്ന മലിനജലം തോടുകളിലേക്ക് ഒഴുക്കുന്ന നടപടികൾ കർശനമായി നിയന്ത്രിക്കുക.
9. പി.എച്ച്.സി.യുടെ കീഴിലുള്ള സബ്സെന്ററുകൾക്ക് സ്ഥലം വാങ്ങി കെട്ടിടം ഉണ്ടാക്കുകയും ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്യുക.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2000-ാമാണ്ടോടെ ഏവർക്കും തൊഴിൽ, ഏവർക്കും ആരോഗ്യം എന്ന മഹത്തായ ലക്ഷ്യം സാക്ഷാത്കരിക്കുക വഴി രോഗവിമുക്തവും, ആരോഗ്യപൂർണ്ണവുമായ ഒരു മാതൃകാപഞ്ചായത്ത് എന്നതായിരിക്കട്ടെ നമ്മുടെ ആഗ്രഹം.

ആരോഗ്യം ഉള്ള ജനതയാണ് ആരോഗ്യമുള്ള സംസ്കാരത്തിന്റെ ഉറവിടം. അതുവഴി ഐശ്വര്യപൂർണ്ണമായ ഒരു ഗ്രാമപഞ്ചായത്തും ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ജനകീയാസൂത്രണം സഹായകമാകട്ടെ.

*

ഊർജ്ജം



കഴിഞ്ഞ ഒരുപതിറ്റാണ്ടിലേറെയായി നമ്മുടെ സംസ്ഥാനം അതിരൂക്ഷമായ ഊർജ്ജ പ്രതിസന്ധിയെ നേരിടുകയാണ്. മഴ പിഴച്ചാലും ഇല്ലെങ്കിലും പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഇന്നും തുടരുന്നു. അപ്രഖ്യാപിത നിയന്ത്രണങ്ങൾ വേറെയുമുണ്ട്. വോൾട്ടേജ് കുറവും ഫ്രീക്വൻസി വ്യതിയാനങ്ങളും ഊർജ്ജത്തിന്റെ പ്രതിസന്ധിയെ കൂടുതൽ വഷളാക്കിയിരിക്കുന്നു.

ഈ അവസ്ഥാവിശേഷങ്ങളിൽ നിന്നും കരകയറണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരാണ് നമ്മൾ ഓരോരുത്തരും ആശയപരവും രാഷ്ട്രീയവുമായ വ്യത്യാസങ്ങൾ ഉൾക്കൊണ്ടുതന്നെ കേരളത്തിന്റെ വളർച്ചയ്ക്കായി ഒത്തൊരുമിക്കേണ്ടതിന്റെ ആവശ്യകത നാം ഓരോരുത്തരും അംഗീകരിക്കുന്നു. അതുകൊണ്ടു തന്നെയാണ് കേരള സംസ്ഥാന രൂപീകരണത്തിന്റെ നാല്പതാം വാർഷികത്തിൽ ആസൂത്രണത്തെയും വികസനത്തെയും അടിസ്ഥാനമാക്കിയുള്ള കൂട്ടായ്മയിൽ അംഗങ്ങളാവാൻ നാമോരുത്തരും തയ്യാറായിരിക്കുന്നത്, എന്ന് ആമുഖമായി ഓർമിപ്പിച്ചുകൊള്ളട്ടെ.

ആറും ഏഴും എട്ടും പഞ്ചവത്സര പദ്ധതികളിലായി ആന്ധ്ര, കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ ഗണ്യമായ താപനിലയശേഷി കൈവരിച്ചു. എന്നാൽ വടക്കേ ഇന്ത്യയിൽ നിന്നും കൽക്കരി കൊണ്ടുവന്ന് വൈദ്യുതി ഉത്പാദനം നടത്തുന്നത് ലാഭകരമല്ലെന്നും താപനിലയത്തെക്കാൾ നല്ലത് ആണവ നിലയങ്ങൾ ആണെന്നും അതു സ്ഥാപിക്കാനുള്ള വ്യഗ്രതയിലായിരുന്നു കെ.എസ്.ഇ.ബി. കഴിഞ്ഞ പതിനഞ്ച് കൊല്ലമായി അന്വേഷിച്ചിട്ടും അന്താരാഷ്ട്ര അണുശക്തി കമ്മിഷനും ഇന്ത്യൻ അണുശക്തി കമ്മിഷന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി ഒരു സൈറ്റ് പോലും കണ്ടെത്താനായില്ലെന്നത് ഒരു ദുഃഖസത്യമാണ്.

കേരളത്തിന് ഗാർഹിക മേഖലയിൽ 71.61% വാണിജ്യമേഖലയിൽ 56.26% വും ലോ-ടെൻഷൻ വ്യാവസായിക മേഖലയിൽ 5.31% വെളിച്ചത്തിനാണ് ഉപയോഗിക്കുന്നത്.

ഈ അവസ്ഥയോട് ബന്ധപ്പെടുത്തി മാത്രമേ വാഴൂർ ഗ്രാമപഞ്ചായത്തിലെ ഊർജ്ജ പ്രശ്നങ്ങളിലേക്ക് നമുക്ക് കണ്ണോടിക്കുവാൻ കഴിയൂ. വിറകിന്റെ ക്ഷാമം മറ്റു പടിഞ്ഞാറൻ പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമാണെങ്കിലും അത്രകണ്ട് രൂക്ഷമല്ല. ഗാർഹിക ഉപയോഗത്തിന് ഇപ്പോഴും മണ്ണെണ്ണ അത്യന്താപേക്ഷിതം തന്നെ. പക്ഷേ ഉപഭോക്താവിന്റെ ആവശ്യങ്ങൾക്കനുസരിച്ച് വിതരണ ശൃംഖല മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. നാമമാത്ര വീടുകളിൽ മാത്രമാണ് ഗ്യാസ് അടുപ്പ് പ്രചാരത്തിലുള്ളത്. വൈദ്യുതി വിതരണം തൃപ്തികരമല്ല. ഇന്ധനക്ഷമത കൂടിയ പുകയില്ലാത്ത അടുപ്പുകൾ ചുരുക്കം ചില വീടുകളിലുണ്ട്.

1996 ഒക്ടോബർ 2-ാം തീയതി പഞ്ചായത്തിലെ 10 വാർഡുകളിലും ഗ്രാമസഭ കൂടിയതിൽ നിന്നും ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം നിർദ്ദേശിക്കുന്ന സ്വാഗതാർഹമായ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു.

വൈദ്യുതി വിതരണത്തിൽ കാര്യക്ഷമത കാണിയ്ക്കേണ്ട ബോർഡ് ഇതിൽ തികഞ്ഞ ഉത്തരവാദിത്വം പ്രകടിപ്പിക്കുന്നില്ല എന്നതായിരുന്നു ജനങ്ങളുടെ മുഖ്യ പരാതി. ഇതിനു മാറ്റം വരുത്തുവാൻ ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ ബോർഡിൽ നിന്നു ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും അതോടൊപ്പം തെരുവു വിളക്കുകൾ പഞ്ചായത്തു തന്നെ വാങ്ങി ദാനം ചെയ്യുകയും ചെയ്യുക. ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം പഞ്ചായത്ത് ബോർഡിന് പണം നൽകുക. ഇപ്പോഴത്തെ അവസ്ഥയിൽ പഞ്ചായത്തിന്റെ 90% തെരുവു വിളക്കുകൾ കത്താതിരിക്കുകയും അതോടൊപ്പം പഞ്ചായത്തിൽ നിന്നു ഭീമമായ തുക ബോർഡ് ഈടാക്കുന്ന അവസ്ഥ ഒഴിവാക്കുകയും ചെയ്യുക.

വെളിച്ചത്തിനായി നമ്മൾ സാധാരണ ഇൻകാൻ ടെസൻറ് ടങ്സ്റ്റൻ ഫിലമെൻറ് വിളക്കുകളാണ് ഉപയോഗിക്കാറ്. എന്നാൽ ഇവയേക്കാൾ ഏറെ വെളിച്ചം കൂടിയ കോംപാക്ട് ഫ്ളൂറസെൻറ് വിളക്കുകൾ ഇന്ന് ലഭ്യമാണ്. ടങ്സ്റ്റൺ വിളക്കുകൾക്ക് പകരം സി.പി.എൽ. ബൾബുകൾ ഉപയോഗിക്കുകയെന്നത് ലോകമെമ്പാടും അംഗീകരിക്കപ്പെടുന്ന ഊർജ്ജ സംരക്ഷണ സാധ്യതയാണ്.

കോംപാക്ട് ഫ്ളൂറസെൻറ് വിളക്കു മാറ്റലിൻെറ സാധ്യത വളരെ വിപുലമാണ്. ഒരു പ്രത്യേക പരിപാടി പ്രകാരം പ്രധാനപ്പെട്ട വിളക്കുത്പാദകരുമായി ചേർന്ന് ഇതു നടപ്പാക്കിയാൽ ചിലവ് ഗണ്യമായി കുറയ്ക്കാൻ സാധിക്കും. കൂടുതൽ ആകർഷകമാകും എന്നർത്ഥം. വൈദ്യുത ബോർഡ് തന്നെ വിളക്കുൾ വാങ്ങി ആവശ്യമെങ്കിൽ ഗ്രാമപഞ്ചായത്തുകൾക്കും ഗാർഹിക ഉപയോക്താക്കൾക്കും സ്വന്തം ഉത്തരവാദിത്വത്തിൽ നൽകാം.

ഒമ്പതാം പഞ്ചവത്സര പദ്ധതിയ്ക്കായുള്ള ഊർജ്ജ ഉത്പാദനം രൂപരേഖയിൽ പ്രധാനമായും ഉൾപെടുത്തേണ്ടത് പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളെപ്പറ്റിയുള്ള പഠന നിരീക്ഷണങ്ങളാണ്. ഇവയിൽ പ്രധാനം കാറ്റും ചെറുകിട ജലസേചന പദ്ധതികളുമാണ്. വാഴൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ചെറുകിട ജലസേചന പദ്ധതിക്ക് സാധ്യത ഇല്ല.

ഊർജ്ജ ദുർവ്യയം തടയുകയും അതിന് പീനൽതാരിഫ് ഏർപ്പെടുത്തുകയും ഇതോടൊപ്പം അവിശ്യമാണ്. ഭൂരിപക്ഷം ഉപഭോക്താക്കൾക്കും ഉത്പാദന ചിലവും നടത്തിപ്പു ചിലവും പൂർണ്ണമായി നൽകേണ്ടി വരും. എന്നാൽ ഗാർഹിക മേഖലയിൽലെ ദരിദ്ര ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകണം.

ഇതുമൂലം ഉണ്ടാകുന്ന നഷ്ടം പീനൽ താരിഫിൽ നിന്നും വാണിജ്യ വ്യാവസായിക ഉപഭോക്താക്കളിൽ നിന്നും അധികമായി വസൂലാക്കണം.

ബയോഗ്യാസ് പ്ലാൻറ്

ഈ പഞ്ചായത്തിലെ വീടുകളിൽ കൈവിരലിലെണ്ണാവുന്ന ചാണകവാതക പ്ലാൻറുകൾ മാത്രമേ ഉപയോഗിക്കുന്നുള്ളു. ഇതിൻെറ പ്രചാരം വർദ്ധിപ്പിച്ചാൽ ഊർജ്ജ ലഭ്യതയോടൊപ്പം കൂടുതൽ പശുക്കളെ വളർത്തുകയും ക്ഷീരോത്പാദനം വർദ്ധിപ്പിക്കുകയും ഇതിലൂടെ ചെറിയ കുടുംബങ്ങൾക്ക് സാമ്പത്തിക ഭദ്രത കൈവരിക്കാൻ സാധിക്കും.

വാഴൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെയധികം ഊർജ്ജ ഉത്പാദന സാധ്യതയുള്ള മാർഗ്ഗമാണ് റബ്ബർഷീറ്റ് ഉറ ഒഴിച്ചതിനു ശേഷം പാഴാക്കി കളയുന്ന ജലം ഉപയോഗിച്ച് ബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കുന്നത്. ഇതിൽ വിജയിച്ച വ്യക്തിയാണ് വാഴൂർ പഞ്ചായത്തിൽ രണ്ടാം വാർഡിൽ കാവുങ്കൽ ശ്രീ നാരായണൻ കുട്ടി കർത്താ. ഇദ്ദേഹത്തിൻെറ അനുഭവത്തിൽ നിന്നും ദൈന്യംദിനം 30 ഷീറ്റുകൾ ഉറയൊഴിക്കുന്നവർക്ക് ഈ പ്ലാൻറ് നിർമ്മിക്കാൻ സാധിക്കും. ഇതിൻെറ ചിലവ് ഏകദേശം 15,000 രൂപയാകും. ഈ പ്ലാൻറിൽ നിന്നും പാചക ആവശ്യത്തിനായ ഊർജ്ജം ലഭിക്കുന്നതാണ് വിജയകരമായ ഈ മാതൃക പിന്തുടർന്നാൽ വാഴൂർ പോലുള്ള ധാരാളം റബ്ബർ കർഷകർ അധിവസിക്കുന്ന സ്ഥലത്ത് ദൈന്യംദിന ആവശ്യത്തിനു വേണ്ട ഊർജ്ജം ഉത്പാദിപ്പിക്കാം.

വിദേശ രാജ്യങ്ങളിൽ വീടുരസ്ഥലങ്ങളിലെ ഒറ്റപ്പെട്ട വീടുകളിൽ വൈദ്യുതി എത്തിയ്ക്കുവാൻ വളരെയധികം പണച്ചിലവ് ഉണ്ടാകുന്നു. അവിടെ ഗാർഹിക ഉപയോഗത്തിനായി സോളാർ സെല്ലുകൾ ഉപയോഗിച്ച് ഊർജ്ജ സമ്പാദനം നടത്തുന്നു. ഈ മാതൃക നമുക്കും പിന്തുടരാവുന്നതാണ്.

പുകയില്ലാത്ത അടുപ്പുകൾ

വാഴൂർ പഞ്ചായത്തിലെ 90% ഗാർഹിക ഉപയോഗങ്ങൾക്കും വിറകാണ് ഉപയോഗിക്കുന്നത്. ഇതിൽ 30% വീടുകൾ ദാരിദ്ര്യരേഖയ്ക്കും താഴെകഴിയുന്നവരുടേതാണ്. ഇവർക്ക് വിറക് വിലകൊടുത്തു വാങ്ങിയ്ക്കേണ്ടി വരുന്നു. ഒരു പതിറ്റാണ്ട് കഴിയുമ്പോഴേക്കും നമ്മുടെ ഗ്രാമത്തിലെ വിറകിൻെറ ലഭ്യത വളരെ കുറയുകയും ഈ പ്രതിസന്ധിയ്ക്ക് വിരാമമിടുവാൻ പുകയില്ലാത്ത ക്ഷമത കൂടിയ അടുപ്പുകളുടെ പ്രചാരം ഒരുബഹുജന പ്രസ്ഥാനമായി നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു. അനാർട്ടിൻെറയും ശാസ്ത്രസാഹിത്യ പരിഷത്തിൻെറയും ഈ രംഗത്തെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

വാഴൂർ ഗ്രാമപഞ്ചായത്തിൽ വൈദ്യുതിയ്ക്ക് നിലവിലുള്ള ഗാർഹിക, വ്യാപാര, വ്യാവസായികം യഥാക്രമം 3630, 506, 66 എന്നിങ്ങനെയാണ്. കാർഷിക മേഖലയിൽ 13 ഉം. ഇനി കണക്ഷൻ ലഭിക്കാൻ കാത്തിരിക്കുന്ന അപേക്ഷകർ ഓർഡിനറി 362, ഒ.ടി.പി. -13, ഒ.വൈ.ഇ.സി.-16 അവസാനം നൽകിയ കണക്ഷൻെറ അപേക്ഷ തീയതി 17.9.'96 ഈ പഞ്ചായത്തിൽ വഴിവിളക്കുകൾ 25, 30, 60, 100 എന്നീ വാൾട്ട് ബൾബുകളുടെ എണ്ണം 565, ട്യൂബുകൾ 45 ഉം സോഡിയം വേപ്പർ ലാമ്പുകൾ 17ഉം ആണ്. മെർക്കുറി വേപ്പർ ലാമ്പുകൾ ഇല്ല. ആകെ വൈദ്യുതീകരിച്ച പട്ടികജാതി കോളനികൾ 3. ഈ വർഷത്തെ കണക്ഷൻ ഓർഡിനറി 38, ഒ.വൈ.ഇ.സി. 120, ഒ.ടി.പി. 13.

പഞ്ചായത്ത് പരിധിയിൽ എൽ.ടി. ട്രാൻസ്ഫോർമറുകൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ. ചെന്നാകുന്ന്,

19-ാം മൈൽ, 18-ാം മൈൽ, 17-ാം മൈൽ, അഞ്ചാനി, കല്ലുതക്കേൽ, കോളജ് പടി, ചാമപതാൽ, ഉള്ളായം, തൊണ്ടൻകുളം, കാപ്പുകാട്, ടെമ്പിൾ, കൊടുങ്ങൂർ, ചെല്ലിമറ്റം, നെടുമാവ്, 14-ാം മൈൽ, 15-ാം മൈൽ.

ഈ പഞ്ചായത്തിനെ എരുമത്തല പട്ടികജാതി കോളനിയിൽ 16 പേർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുകയും 7 പേർക്ക് സൗജന്യ സ്ലാബിൽ വൈദ്യുതി ഉപയോഗിക്കുകയും ചെയ്യുന്നു. പണം നൽകി വൈദ്യുതി ഉപയോഗിക്കുന്നതവരുടെ എണ്ണം 92 ആണ്. നെടുമാവ് കർഷകതൊഴിലാളി കോളനിയിൽ വൈദ്യുതി കണക്ഷൻ ലഭിച്ച ഉപഭോക്താക്കളുടെ എണ്ണം 26 ഉം സൗജന്യ സ്ലാബിൽ ഉപയോഗിക്കുന്നവരുടെ എണ്ണം 7 ഉം അല്ലാത്തവർ 19ഉം ആണ്. 17-ാം മൈൽ പട്ടികജാതി കോളനിയിൽ ഇത് യഥാക്രമം 14, 3, 11 എന്നിങ്ങനെയാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

വാർഡ് 1

1. കങ്ങഴ-കോത്തല റോഡിൽ വഴിവിളക്ക് സ്ഥാപിക്കുക.
2. എരുമത്തല സെറ്റിൽമെൻറ് കോളനിയിലേക്കുള്ള റോഡിൽ വഴിവിളക്കും കോളനിയിൽ ഒരു സോഡിയം വേപ്പർ ലാമ്പും സ്ഥാപിക്കണം.
3. ഈ വാർഡിലെ എല്ലാ വഴികളിലും ആവശ്യമായ വഴിവിളക്കുകൾ സ്ഥാപിക്കുക.

വാർഡ് 2

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ പനച്ചിക്കമുകളേൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
2. എല്ലാ വഴികളിലും വഴിവിളക്ക് സ്ഥാപിക്കണം.
3. ആവശ്യക്കാർക്ക് പുകയില്ലാത്ത അടുപ്പുകൾ പഞ്ചായത്ത് നേതൃത്വത്തിൽ നിർമ്മിച്ച് സൗജന്യനിരക്കിൽ വിതരണം ചെയ്യണം.
4. നെടുമാവ് ഐ.എച്ച്.ഡി.പി. കോളനി വൈദ്യുതീകരിക്കണം.
5. 15-ാം മൈലിലും, തത്തംപള്ളി പടിക്കലും, തുമ്പോണം പടിക്കലും, പേഴുംന്താനത്തും, നെടുമാവ് കോളനി റോഡിൻെറ തുടക്കത്തിലും, പോൾ മെമ്മോറിയൽ റോഡിലും സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണം.
6. കൊടുങ്ങൂർ കേന്ദ്രമാക്കി ഗ്യാസ് ഏജൻസി ആരംഭിക്കണം.
7. മണ്ണെണ്ണ സബ്സിഡി തുകയിൽ നൽകണം.

വാർഡ് 3

1. വഴിവിളക്കുകളില്ലാത്ത എല്ലാ റോഡുകളിലും അടിയന്തിരമായി വഴിവിളക്കുകൾ സ്ഥാപിക്കണം.
2. ചെല്ലിമറ്റത്ത്, കൊച്ചുകാഞ്ഞിപ്പൊറ സ്കൂളിൻെറ അവിടെയും സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.

വാർഡ് 4

1. നെടുങ്ങാട്ടുകുന്നേൽ കോളനിയിലും ഇട്ടിയ്ക്കൽ ഭാഗത്തും വൈദ്യുതി ലഭിക്കാനുള്ള നടപടി സ്വീകരിക്കണം.
2. മൈലാട്ടുപാറ, ധവളപാറ, എം.എൽ.എ.പടി, ടെമ്പിൾ റോഡ്, എന്നിവിടങ്ങളിൽ സോഡിയം വേപ്പർലാമ്പ് വേണം.
3. പ്രവർത്തനരഹിതമായ നിലവിലുള്ള വഴിവിളക്കുകൾക്ക് യുക്തമായ നടപടി സ്വീകരിയ്ക്കണം.
4. കളപുരയിടം പാറന്തോട് റോഡിലും തവളപ്പാറ മൈലാടുപാറ റോഡിലും കൗവുന്നിലം ചെട്ടിയാരപ്പള്ളി റോഡിലും, നെടുങ്ങാട്ടുകുന്നേൽ കോളനിയിലേക്കും വഴിവിളക്കാവശ്യമാണ്.
5. പരിഷത്ത് അടുപ്പുകളുടെ എക്സിബിഷൻ നടത്തി പഞ്ചായത്ത് ചുമതലയിൽ ആവശ്യക്കാർക്ക് ലഭ്യമാക്കണം.

വാർഡ് 5

1. വൈദ്യുതിയില്ലാത്ത കാക്കനാട്ടുകുന്നേൽ നരിപ്പാറകുന്നിൻെറ പടിഞ്ഞാറ് ഭാഗം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയ്ക്കണം.
2. കൊടുങ്ങൂർ-മണിമല റോഡിൽ ബസ് സർവ്വീസ് ആരംഭിക്കണം.

വഴിവിളക്കുകൾ വേണ്ട വഴികൾ

1. കോളേജ്- 2-ാം മൈൽ, അമ്പലം-ചാമംപതാൽ, അമ്പലം-കോളജ് പടി, അമ്പലം-കാഞ്ഞിരത്തുങ്കൽ, മൈലാട്ടുപാറ-2-ാം മൈൽ, മന്ദിരം - വാതല്ലൂർ,
2. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കണം.
3. ഗ്യാസ് ഏജൻസി, പെട്രോൾ പമ്പ് എന്നിവ സ്ഥാപിക്കണം.
4. കോളജ് പടി മലേക്കുന്ന് മൈലാട്ടുപാറ എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
5. പൂവത്തോലിൽ പടിയിൽ സോഡിയം വേപ്പർ ലാംബ് വേണം.
6. ഗോബർഗ്യാസ് പ്ലാൻറ് സ്ഥാപിക്കാൻ കഴിയുന്ന കുടുംബങ്ങൾക്ക് സബ്സിഡി നൽകണം.
7. വാഴൂരിൽ ഒരുസബ്സ്റ്റേഷൻ സ്ഥാപിക്കണം.

വാർഡ് 6

1. വഴിവിളക്കുകളില്ലാത്ത മുഴുവൻ വഴികളിലും ഉടൻ വഴിവിളക്കുകൾ സ്ഥാപിക്കുക.
2. ആശ്രമം പടിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

വാർഡ് 7

1. വഴിവിളക്കുകൾ ഉത്തരവാദിത്തം പ്രദർശിപ്പിക്കാത്ത ബോർഡിലേക്ക് പഞ്ചായത്ത് പണം നൽകേണ്ടതില്ലെന്ന് ഗ്രാമസഭ-ഐക്യകണ്ഠേന നിർദ്ദേശിക്കുന്നു.
2. വഴിവിളക്കില്ലാത്ത 30 പോസ്റ്റിൽ ഉടൻ വഴിവിളക്കുകൾ സ്ഥാപിക്കണം.
3. ഇപ്പോൾ കണക്ഷൻ അപേക്ഷിച്ചിരിക്കുന്നവർക്ക് ഉടൻ കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കണം.
4. പാണപ്പുഴ, വൈരമല, ആനകുത്തിമല എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
5. 19-ാം മൈൽ, ഇളംമ്പള്ളിക്കവല, തൃണാപറമ്പ് കവല, അമ്പാട്ടുപടി, പേഴുംന്താനം എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ ഉപയോഗിക്കുക.

വാർഡ് 8

1. എട്ടാം വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
2. വഴിവിളക്കുകൾ എല്ലാ റോഡിലും സ്ഥാപിക്കുക.
3. ശാസ്താംകാവ് ടി.പി.പുരം റോഡിൽ വാഹനഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.
4. തേക്കാനിക്കാട് കോളനിയിലും തീർത്ഥപാദപുരം ആശ്രമത്തിന്റെ മുൻഭാഗത്തും ഓരോ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.
5. വൈദ്യുതി കണക്ഷനുവേണ്ടി പണം അടച്ചു കാത്തിരിക്കുന്നവർക്ക് എത്രയും വേഗം കണക്ഷൻ നൽകണം.

വാർഡ് 9

1. ഉപയോഗിക്കുന്ന കറണ്ടിന് മാത്രം ചാർജ് ഈടാക്കുകയും സ്ലാബ് സമ്പ്രദായം നിർത്തലാക്കുകയും ചെയ്യുക.
2. സെൽഫ് റീഡിംഗ് സമ്പ്രദായം നിലവിൽ വരുത്തുക.
3. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.
4. പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് ലൈനിലേയ്ക്ക് കിടക്കുന്ന വൃക്ഷതലപ്പുകൾ വെട്ടിമാറ്റുക.
5. സോളാർ ലാമ്പുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.
6. സ്ട്രീറ്റ് ലൈറ്റുകൾ പഞ്ചായത്തിന്റെ ചുമതലയിൽ പെടുത്തുക.
7. ഇളങ്ങോയി ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
8. കൊടുങ്ങൂർ കേന്ദ്രമാക്കി കുക്കിംഗ് ഗ്യാസ് എജൻസി ആരംഭിക്കുക.
9. പുകയില്ലാത്ത അടുപ്പിനെ പ്രോത്സാഹിപ്പിക്കുക.
10. കന്നുകുഴി വായനശാലപടി, ഇളങ്ങോയി ഇവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

വാർഡ് 10

1. ഈ വാർഡിൽ കാനം തടത്തിൽ പടി, കൊച്ചു പ്ലാക്കൽകവല, തൊണ്ടംകുളംകുഴി, മിച്ചഭൂമി പടി, താരാമംഗലം പടി, എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.
2. വിവിധ സ്ഥലങ്ങളിലായി 10 ട്യൂബുലൈറ്റുകൾ സ്ഥാപിക്കണം.
3. വയറിംഗ് നടത്തിയിട്ടിരിക്കുന്നതും അല്ലാത്തതുമായ എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കുക.

വാർത്താവിനിമയം

ഈ പഞ്ചായത്തിൽ വാർത്താവിനിമയ സൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ട്. കൊടുങ്ങൂരിൽ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന പുതിയ ടെലഫോൺ എക്സ്ചേഞ്ച് നിലവിൽ വരുന്നതോടുകൂടി ഈ ലക്ഷ്യത്തിലേക്ക് നമ്മൾ കൂടുതൽ അടുക്കും. ഇപ്പോൾ ഈ പഞ്ചായത്തിൽ ടെലഫോൺ ഉപയോക്താക്കളുടെ എണ്ണം 800 ൽ താഴെയാണ്. പണം അടച്ച് കാത്തിരിക്കുന്നവർ 500ൽ അധികമുണ്ട്. അതുകൊണ്ട് കൊടുങ്ങൂരിലെ പുതിയ ടെലഫോൺ എക്സ്ചേഞ്ചിന്റെ ശേഷി 3000 ആയി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് കേന്ദ്ര കേരള സർക്കാരുകൾക്ക് നിവേദനം നൽകിയിട്ടുള്ളതാണ്. ഇത് നിറവേറ്റപ്പെടണം.

വാഴൂരിൽ വാർത്താപ്രചരണം വർദ്ധിച്ചിട്ടുണ്ട്. കൊടുങ്ങൂരിൽ കേബിൾ ടി.വി. പ്രചാരത്തിൽ ആയിട്ടുണ്ട്. വീടുകളിൽ ടെലിവിഷന്റെ പ്രചാരത്തോടുകൂടി വാർത്താ ബന്ധങ്ങൾ ജനപ്രിയമായിട്ടുണ്ട്. ആസ്വാദനത്തിന്റെയും വിജ്ഞാനത്തിന്റെയും പുതിയ ഉണർവ്വ് ഗ്രാമങ്ങൾക്ക് ദർശിക്കുവാൻ ഇതുകൊണ്ട് സാധിക്കുന്നു. റേഡിയോയുടെ പ്രചാരം ടി.വി.യുടെ കടന്നുകയറ്റത്തെ ബാധിച്ചിട്ടില്ല.

9-ാം വാർഡിൽ -എളങ്ങോയി ഭാഗത്ത് (എൻ.ഇ.എസ്. ബ്ലോക്ക് പടി) ഒരു പോസ്റ്റാഫീസ് തുടങ്ങുക.

*

ഗതാഗതം

വാഴൂർ ഗ്രാമപഞ്ചായത്തിലെ ഗതാഗതപ്രശ്നങ്ങളിലേക്ക് കണ്ണോടിക്കുമ്പോൾ റോഡുകളും ഉപയോഗവും അതോടൊപ്പം ഊർജ്ജ പ്രതിസന്ധി പ്രശ്നങ്ങളും അവഗണിക്കാതെ വയ്യ. വാഴൂരിനെ സംബന്ധിച്ച് ഇവിടെ റോഡ് ഗതാഗതം മാത്രമേയുള്ളു ഈ പഞ്ചായത്തിലൂടെ റെയിൽവേ ഗതാഗതവും ജലഗതാഗതവും ഒട്ടും തന്നെയില്ല. വാഴൂർ പഞ്ചായത്തിന്റെ ഹൃദയത്തിലൂടെയാണ് കോട്ടയം-കുമളി റോഡ് കടന്നുപോകുന്നത്. ഇത് ഈ പഞ്ചായത്തിലെ ഒന്ന്, രണ്ട്, മൂന്നം, അഞ്ച്, ഏഴ്, എട്ട് എന്നീ വാർഡുകളെ വിഭജിക്കുന്നു. 1840-ൽ വാർഡ് ആൻറ് ഓൺ കമ്പിനി സർവ്വേ നടത്തിയതിൻ പ്രകാരം 1860-ൽ തിരുവിതാംകൂർ പൊതുമരാമത്ത് വകുപ്പ് സ്ഥാപിതമായി. പിന്നീട് 1863-ൽ മിസ്റ്റർ ബർട്ടൽ ചീഫ് എൻജിനീയറായി കോട്ടയം-കുമളി റോഡ് പൂർത്തിയാക്കി. ഇക്കാലത്ത് തിരുവിതാംകൂറിൽ രാജഭരണം നടത്തിയിരുന്ന റാണി ഗൗരി ലക്ഷ്മി പാർവ്വതിഭായി ആയിരുന്നു. കെ.കെ. റോഡിന്റെ ആവിർഭാവത്തോടെ വാഴൂർ നിന്ന് ഇവിടുത്തെ കർഷകർക്കും തങ്ങളുടെ ഉത്പന്നങ്ങൾ കോട്ടയത്തും മറ്റും എത്തിക്കുവാൻ സാധിച്ചു. ഇതുപോലെ തന്നെ പഴക്കമേറിയ മറ്റൊരുറോഡാണ് പുലിയന്നൂർ-മണിമല റോഡ്.

വാഴൂർ പഞ്ചായത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ

14-ാം മൈൽ - ചങ്ങനാശ്ശേരി
കെ.കെ. റോഡ്
പുലിയന്നൂർ-മണിമല
ഇളപ്പുങ്കൽ - ഇടപ്പള്ളി
എം.എൽ.എ. റോഡ്
കാനം-കാഞ്ഞിരപ്പാറ റോഡ്
കൊടുങ്ങൂർ-മണിമല
ടെമ്പിൾ-ചാമംപതാൽ
17-ാം മൈൽ- ഇളമ്പള്ളി
19-ാം മൈൽ - ചെന്നാകുന്ന്
ഹൈസ്കൂൾ - കല്ലൂപ്പറമ്പ്
കല്ലുതെക്കേൽ - ശാസ്താംകാവ്, ചെന്നാകുന്ന്
ചാമംപതാൽ - തെക്കേത്തുകവല
ചാമംപതാൽ - കടയനിക്കാട് റോഡ്
നെടുമാവ്- ആനിക്കാട് റോഡ്

പഞ്ചായത്ത് രാജ് അനുസരിച്ച് ഈ പഞ്ചായത്തിലെ വികസന സാധ്യതയുള്ള റോഡുകൾ ഈ നിയമത്തിൽ ഉൾപ്പെടുത്തുവാനും അതോടൊപ്പം ഈ റോഡുകളുടെ അടുത്തുനിന്നു മൂന്ന് മീറ്റർ ദൂരപരിധി പാലിച്ചു മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ അനുവദിക്കുകയുള്ളു. ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന കെ.കെ. റോഡിന്റെ ഭാവിയിൽ വളരെയധികം വികസനസാധ്യതയുള്ളതും സ്റ്റേറ്റ് ഹൈവേ ആകുവാൻ സാധ്യതയുള്ളതുമാണ്. കാരണം ശബരിമല മണ്ഡല സീസൺ കാലത്ത് ടി റോഡിൽ വളരെയധികം വാഹനങ്ങൾ ഗതാഗതം നടത്തുന്നതാണ്. അതുകൊണ്ട് ടി റോഡിൽ ആക്ട് ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് കർശനമായി തടയേണ്ടതാണ്. ഇതിനായി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കുവാൻ ടി. പഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടം പ്രാവർത്തികമാക്കിയാൽ ഒരു പരിധിവരെ സാധിക്കുമെന്ന് കരുതുന്നു.

അതുപോലെ തന്നെ ശബരിമല സീസണിൽ കൂടുതലായി ഉപയോഗിക്കുന്ന മറ്റൊരു റോഡാണ് പുലിയന്നൂർ-മണിമല റോഡ്. ഈ റോഡുകളുടെ ഓരങ്ങളിൽ തീർത്ഥാടകർക്കായി വിവിധ കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നത് അത്യാവിശ്യമാണ്. ഇതിലൂടെ റോഡ് ശുചിത്വംപാലിക്കുവാൻ സാധിക്കും.

ഗതാഗത പ്രശ്നങ്ങളിൽ ഒന്നാണ് ഗതാഗതക്കുരുക്ക്. പഞ്ചായത്തിന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്ന കൊടുങ്ങൂർ കവലയിലെ തിരക്കൊഴിവാക്കുന്നതിനായും പട്ടണം വികസിപ്പിക്കുന്നതിനായും കവലയിലെ പാർക്കിംഗ് സംവിധാനം പാടേ മാറ്റേണ്ടിയിരിക്കുന്നു. കിഴക്കുനിന്ന് എത്തിച്ചേരുന്ന വാഹനങ്ങൾ ദേവസ്വം ബോർഡ് കെട്ടിടങ്ങളുടെ മുൻവശത്തും, പടിഞ്ഞാറ് നിന്നു വരുന്ന വാഹനങ്ങൾ മണിമലയ്ക്ക് തിരിയുന്നകവലയ്ക്കപ്പുറം പാർക്ക് ചെയ്യേണ്ടതും കവലയിലെ ഓട്ടോ, കാർ, ജീപ്പ് എന്നിവയുടെ പാർക്കിംഗിന് ആവശ്യമായ സൗകര്യമുള്ള സ്ഥലം പഞ്ചായത്ത് കണ്ടു പിടിക്കുകയും ഇവിടെ പഞ്ചായത്തുവക ടാക്സി സ്റ്റാൻറ് ഉണ്ടാക്കുകയും ചെയ്യേണ്ടത് അനിവാര്യമാ

ണ്. ഇതിലൂടെ പഞ്ചായത്തിന് പുതിയൊരു വരുമാനമാർഗ്ഗം ഉണ്ടാകും.

ഗ്രാമീണ റോഡുകളുടെ സംരക്ഷണം

പഞ്ചായത്ത് കാലാകാലങ്ങളിൽ ഒരു വൻ തുക ഗ്രാമീണ റോഡുകളുടെ സംരക്ഷണത്തിനായി ഉപയോഗിക്കുന്നുണ്ട്. പക്ഷെ നിർഭാഗ്യവശാൽ ഈ റോഡിനോടൊപ്പം ഈ തുകയും മഴക്കാലം കഴിയുന്നതോടെ നമുക്ക് നഷ്ടമാവുന്നു. കാരണം ഒരു ഭാഗത്ത് തുച്ഛമായ തുകയിൽ നിന്ന് ടെൻടർ പിടിക്കുന്നവരുടെ ലാഭവും മറ്റും കിഴിച്ച് വളരെ കുറച്ചൊരു സംഖ്യ മാത്രമേ റോഡിന്റെ നിർമ്മാണത്തിനായി ഉപയോഗിക്കപ്പെടുന്നുള്ളു. അതുകൊണ്ട് മിക്കപ്പോഴും റോഡുകൾക്ക് ഓടയില്ലാതാകുന്നു. ഇതുകൊണ്ടാണ് റോഡുകൾ തോടുകളായി മാറുന്നത്. ഈ പ്രശ്നത്തിനെ ഒരു പ്രതിവിധിയായ ഗ്രാമീണ റോഡുകളുടെ സംരക്ഷണം റോഡ് ഉപഭോക്താക്കളെ തന്നെ ഏൽപ്പിക്കുക. ഇവർക്ക് പഞ്ചായത്ത് ഏതെങ്കിലും തരത്തിലുള്ള സഹായങ്ങളൊ ഇളവുകളൊ നൽകിയാൽ റോഡ് സംരക്ഷിക്കപ്പെടുമെന്ന് കരുതാം. അല്ലെങ്കിൽ കാർഷിക മേഖലയിൽ പണിയെടുക്കുന്നതിനോടൊപ്പം അവരുടെ റോഡിന്റെ ഓടകൾ സംരക്ഷിക്കാൻ ടി റോഡ് ഉപഭോക്താക്കൾ ശ്രമിക്കുന്നത് നന്നായിരിക്കും..

വാഴൂർ ഗ്രാമപഞ്ചായത്തിൽ 18.885 കി.മീ.ടാറിംഗ് റോഡും 4 കി.മീ. മെറ്റൽ റോഡും 72.738 കി.മി. മൺറോഡും ഉണ്ട്. കലുങ്കുകൾ 87 പാലങ്ങൾ മൂന്നും ഉണ്ട്. ഈ പഞ്ചായത്തിൽ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം വികസന സാധ്യതയുള്ള റോഡുകൾ (3 മീറ്റർ ദൂരപരിധി ബാധകം)

1. കങ്ങഴ-കോത്തല റോഡ്
2. മൂലേപ്പീടിക - പൂവത്തുംകുഴി റോഡ്
3. എരുമത്തല-പൂവത്തുംകുഴി
4. പന്നകം-ഊളമാക്കൽ റോഡ്
5. വെങ്ങാലൂർ - പാട്ടുപാറ റോഡ്
6. 15-ാം മൈൽ - കരിപ്പക്കല്ല് റോഡ്
7. ചെല്ലിമറ്റം റോഡ്
8. കൗവുന്നിലം - കാപ്പുകാട് റോഡ്
9. മൈലാടുപാറ - കൗവുന്നിലം-കാപ്പുകാട് റോഡ്
10. കാനം-പാറാംതോട് റോഡ്
11. പുതുപ്പറമ്പ് - പുത്തൻപുര റോഡ്
12. പുളിക്കൽ കവല - എം.എൽ.എ. റോഡ്
13. കോളജ് പടി -നരിപ്പാറ വഴി കൊടുങ്ങൂർ ക്ഷേത്രം റോഡ്
14. പൂവ്വം -ചെറുവള്ളി റോഡ്
15. തേക്കാനാം - 18-ാം മൈൽ റോഡ്
16. കല്ലുതേക്കേൽ എച്ച്.എസ്.- 17-ാം മൈൽ കുറുക്ക് റോഡ്
17. 2-ാം മൈൽ - പേഴത്തും തകിടി
18. 19-ാം മൈൽ - മറ്റത്തിൽ പടി
19. 19-ാം മൈൽ - ചിറക്കടവ് അമ്പലം റോഡ്
20. ചെങ്കൽ പള്ളി - ശാസ്താംകാവ് റോഡ്
21. ഓണാട്ടുപടി - പൊന്തൻ പ്ലാവ് റോഡ്
22. കോളേജ് - ശാസ്താംകാവ് റോഡ്
23. പേഴത്തുംൽ തകിടി - നെടുംമ്പതാൽ റോഡ്
24. വേങ്ങയ്ക്കൽ പടി - കുമ്പുക്കൽ റോഡ്
25. കടവും കുന്ന് - ശാസ്താംകാവ് റോഡ്
26. തെക്കനാട്ട് വലിയചിറ - പനംപുന്ന റോഡ്
27. ചാമംപതാൽ വഴി ഇളങ്ങോയി 4-ാം മൈൽ
28. കുന്നുകുഴി - ഇളങ്ങോയി റോഡ്
29. ചേർപ്പത്തുകവല - വളഞ്ഞമാക്കൽ പടി റോഡ്
30. കന്നുകുഴി - ഇളങ്ങോയി റോഡ്
31. മുക്കാട്ടുംപടി - തോട്ടംറോഡ്
32. കാളചന്ത-കോണേക്കടവ് (ഉള്ളായം-കോണേക്കടവ്)
33. മാരാംകുന്ന് - വെള്ളാറപ്പള്ളി തവളപ്പാറ
34. പനംമൂട് - താരമംഗലം റോഡ്

ഗ്രാമസഭാ നിർദ്ദേശങ്ങൾ

വാർഡ് 1

1. കങ്ങഴ-കോത്തല റോഡ് ബസ് സർവ്വീസ് ആരംഭിക്കുക.
   ടി റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കണമെന്ന് ഗ്രാമസഭ ഒന്നടങ്കം ആവശ്യപ്പെട്ടു.
2. ഉദയപുരം-എരുമത്തല റോഡ് ടാർ ചെയ്യണം.
3. പൂവത്തുംകുഴി - മരത്തുണ്ണൂർ റോഡ്
   പൂവത്തുംകുഴി - ഇടക്കരപ്പടി റോഡ്
   എരുമത്തല പട്ടികജാതി സെറ്റിൽമെൻറ് കോളനി റോഡിന്റെ ബാക്കിം ടാറിംഗ് പണികൾ ആരംഭിക്കുക.
4. എരുമത്തല-കങ്ങഴ എസ്.ബി.ഐ. ജംഗ്ഷൻ റോഡ് വീതി കൂട്ടി ടാർ ചെയ്യേണ്ടതാണ്.

വാർഡ് 2

1. 2-ാം വാർഡിൽ നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കണം. എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കണം.
2. പുതിയ റോഡുകൾ നെടുമാവ് ആനിക്കാട് റോഡിൽ നിന്നും നെടുമാവ് ഐ.എച്ച്.ഡി.പി. കോളനിയെ ബന്ധപ്പെടുത്തി പന്നകം ഊളമാക്കൽ റോഡിലേക്ക് പുതിയ റോഡ് നിർമ്മിക്കണം.
3. പനച്ചിക്കമുകളേൽ റോഡിൽ നിന്നും കെ.കെ. റോഡിലേയ്ക്ക് നിലവിലുള്ള റോഡ് വികസിപ്പിക്കണം.
4. 15-ാം മൈൽ-കരിപ്പക്കല്ല് റോഡിൽ നിന്നും (തത്തംപള്ളിപ്പടി) വെങ്ങാലൂർ പാട്ടുപാറ റോഡ് ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കണം.
5. പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റ പണികൾ ശ്രമദാനത്തിലൂടെ നടത്താൻ ശ്രമിയ്ക്കണം.

6. 15-ാംമൈൽ-കരിപ്പക്കല്ല് റോഡ്, അമ്പാട്ട്-കരിപ്പക്കല്ല് റോഡും, ടി പഞ്ചായത്തിന്റെ തൊട്ടടുത്ത പഞ്ചായത്തായ പള്ളിക്കത്തോട്ടിലേക്ക് കടന്നുപോകുന്നു. ടി റോഡുകൾ കരിപ്പക്കല്ല് ഗിരിവർഗ്ഗ കോളനി നിവാസികൾക്ക് തൊട്ടടുത്ത കച്ചവട വിപണന കേന്ദ്രമായ കൊടുങ്ങൂർ വളരെയധികം ഉപകാരപ്പെടുന്നതാണ്. ടി. റോഡുകൾ 8 മീറ്റർ വീതിയിൽ വെട്ടിയിട്ടുള്ളതുമാണ്. അതുകൊണ്ട് എസ്.സി.പി.പദ്ധതിയിൽ ഉൾപ്പെടുത്തി മെറ്റലിംഗും ടാറിംഗും നടത്തേണ്ടതാണ്.
7. ടി വാർഡിലെ മറ്റു പ്രധാന റോഡുകളിൽ 8 മീറ്റർ വീതിയിൽ വെട്ടിയതും വികസന സാധ്യതയുള്ളതുമായ വെങ്ങാലൂർ-പാട്ടുപാറ റോഡ് ടാറിംഗ് നടത്തേണ്ടതാണ്.
8. നെടുമാവ് കർഷക തൊഴിലാളി കോളനിയും ഐ.എച്ച്.ഡി.പി. കോളനിക്കും ഒരുപോലെ ഉപയോഗിപ്പെടുന്ന കോളനി റോഡ് എത്രയും പെട്ടെന്ന് ടാറിംഗ് ജോലികൾ പൂർത്തിയാക്കണം.

ടാർ ചെയ്യേണ്ട മറ്റു റോഡുകൾ

1. പോൾ മെമ്മോറിയൽ റോഡ്
2. പനച്ചിമുകളേൽ-പുറന്തറ റോഡ്
3. 15-ാം മൈൽ - പേഴന്താനം റോഡ്
4. 15-ാം മൈൽ - പേഴന്താനം റോഡിലെ കലുങ്ക് പുനർ നിർമ്മിക്കണം.

വാർഡ് 3

1. എം.എൽ.എ. റോഡിൽ നിന്നു എസ്.വി.എൽ.പി. സ്കൂളിലേക്കുള്ള റോഡ് നന്നാക്കണം.
2. കാപ്പുകാട് കാവുന്നിലം റോഡിൽ നിന്നു കാഞ്ഞിരത്തറയിൽ പടിയിൽ ഇലവുങ്കൽ പടിയിലേയ്ക്കുള്ള റോഡ് തുറക്കണം.
3. കാപ്പുകാട് കവലയിൽ നിന്നും ഹെൽത്ത് സെന്ററ് വഴി കോട്ടക്കുഴിയിലെ റോഡ് 8 മീറ്റർ വീതിയിൽ വെട്ടണം.
4. കൗവുന്നിലം ചെട്ടിയാരപ്പള്ളി റോഡ്, കാപ്പുകാട് കാഞ്ഞാകുളം കെ.കെ. റോഡ്, ചെല്ലിമറ്റം റോഡ്, ചേന്നംകുളം-പരുന്താടുംകുഴി റോഡ്, അമ്പാട്ട്-ചൂരനോലിൽ റോഡ്, എം.എൽ.എ.പടി-ചെട്ടിയാപള്ളി റോഡ്, ഇല്ലീക്കാനം - പരുന്താടംകുഴി റോഡ് എന്നിവ നന്നാക്കണം.
5. എം.എൽ.എ. റോഡിൽ കൂടിയുള്ള ബസ്സ് സർവീസ് പുനരാരംഭിക്കണം.
   14-ാം മൈലിൽ നിന്നും കാപ്പുകാട് കൗവുന്നിലം വഴി എരുമേലിക്ക് ബസ്സ് സർവീസ് ആരംഭിക്കണം.

വാർഡ് 4

1. കളപുരയിടം-പാറാംതോട് 8 മീറ്റർ വീതിയിൽ വെട്ടി ജെ.ആർ.വൈ. പദ്ധതിയിൽ പെടുത്തി മെറ്റലിംഗും ടാറിംഗും നടത്തണം.
2. ഹോസ്റ്റൽ പടി-ചൂരനോലിൽ റോഡ്
3. ഒരേക്കർ പടി-ചെട്ടിയാരപ്പള്ളി റോഡ്
4. ഒരേക്കർ പടി-സെമിത്തേരി റോഡ്
   ഒരേക്കർ പടി-തവളപാറ റോഡ് എന്നിവ 8 മീറ്റർ വീതിയിൽ വെട്ടി ടാർ ചെയ്യണം.
5. തവളപാറ-മൈലാടുംപാറ റോഡ്, കൗവുന്നിലം ചെട്ടിയാറപള്ളി ജംഗ്ഷൻ റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കണം.
6. കൗവുന്നിലം-ചെല്ലിമറ്റം റോഡ് 8 മീറ്ററിലും കൊച്ചുകാഞ്ഞിരപ്പാറ - 14-ാം മൈലിന്റെ തടസ്സം നീക്കണം.
7. വട്ടമാക്കൽ പടിയിൽ നിന്നും സി.എം.എസ്. എച്ച്.എസ്.ലേക്ക് ഉള്ള നടപ്പുവഴി ഒന്നര മീറ്റർ വീതിയിൽ ചിറകെട്ടി നടപ്പാത ഉണ്ടാക്കണം.
8. ധവളപ്പാറയിൽ നിന്നും - ടെംബിൾ റോഡിലേക്കുള്ള ഇടവഴി പരിഷ്കരിക്കണം.
9. എം.എൽ.എ. പടി - 14-ാം മൈൽ റോഡ് റീ ടാർ ചെയ്യണം.
10. ഹോസ്റ്റൽ പടി-ചൂരനോലിൽ റോഡിലേയും ഒരേക്കർ പടി-ചെട്ടിയാറപ്പള്ളി റോഡിലേയും കാവുന്നിലം-ചെല്ലിമറ്റം റോഡിലേയും ആവിശ്യം വേണ്ട കലുങ്കുകൾ തീർക്കണം.

വാർഡ് 5

1. തുണ്ടഞ്ഞിപ്പടി-കാക്കനാട്ടുകുന്ന് റോഡ്
   കിഴക്കേകര - പുതുപള്ളികുന്ന് റോഡ്
   അമ്പലം - കോളേജ് പടി റോഡ് എന്നിവ പരിഷ്കരിച്ച് സഞ്ചാരയോഗ്യമാക്കണം.
2. അമ്പലം - മൈലാട്ടുപാറ റോഡിലെ കലുങ്ക് പുനർ നിർമ്മിക്കണം.
3. ഇടപ്പള്ളികുഞ്ഞ്-കോത്താറമല ഭാഗത്ത് പുതിയ റോഡുകൾ നിർമ്മിയ്ക്കണം.

വാർഡ് 6

1. കോളേജ്-പൂവത്തോലിൽ പടി റോഡ്
   2-ാം മൈൽ-പേഴത്തും തകിടി റോഡ്
   കോളേജ്പടി - തോട്ടഭാഗം വഴി കന്നുകുഴി റോഡ് എന്നിവ ടാർ ചെയ്യണം.
2. 18-ാംമൈൽ - വലിയതറ പീടിക പുത്തൻകവല
   18-ാം മൈൽ - പുത്തൻ കവല റോഡ്
   തേക്കാനം - അരീക്കൽ വഴി റോഡ്
   തേക്കാനം - കുന്നപ്പള്ളി റോഡ്
   കല്ലുതക്കേൽ - കോളേജ് റോഡ്
   തേക്കാനം - മൃഗാശുപത്രി - 17-ാം മൈൽ റോഡ്
   17-ാം പട്ടികജാതി കോളനിവഴി - നരിയക്കൽ പടി റോഡ്
   17-ാം മൈൽ 18-ാം മൈൽ റേഷൻകട പടി റോഡ്
   കോളേജ് കോടൻകുഴി - കൊച്ചുപറമ്പ് റോഡ്

എന്നിവ പുനരുദ്ധരിക്കുകയും ടാർ ചെയ്യുകയും വേണം.
മണിമല റോഡിലെ ടാക്സി പാർക്കിംഗ് മാറ്റുക.
കൊടുങ്ങൂർ ഓട്ടോ-ടാക്സി സ്റ്റാൻറ് പണിയുക.
17-ാം മൈൽ, 2-ാം മൈൽ വെയിറ്റിംഗ് ഷെഡ് പണിയുക.
കൊടുങ്ങൂർ-മണിമല റോഡിൽ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ആരംഭിക്കുക. പൊൻകുന്നം കോളജ് പടി കെ.എസ്.ആർ.ടി.സി. ബസ് ആരംഭിക്കുക.

7-ാം വാർഡ്

1. ഏഴാം വാർഡിലെ ചെന്നാകുന്ന് വൈരമല റോഡിൽ കൂടി 19-ാം മൈൽ അമ്പലംവഴി, 19-ാം മൈൽ തച്ചപ്പുഴ റോഡിൽ കൂടെയും ബസ് സർവീസ് ആരംഭിക്കുക.
2. പൊൻകുന്നം-ചങ്ങനാശ്ശേരി റൂട്ടിൽ അടിയന്തിരമായി ആവശ്യമുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ആരംഭിക്കുക. 7-ാം വാർഡിലെ മുഴുവൻ റോഡുകൾക്കും ടാറിംഗിന് ആവശ്യമായ തുക അനുവദിക്കുക.
3. പഞ്ചായത്തുവക പഴയ രജിസ്റ്റർ ആഫീസ് പൊളിച്ച് ഷോപ്പിംഗ് കോംപ്ലക്സ് ഉണ്ടാക്കുകയും മുൻവശത്ത് പുതിയ റോഡ് വെട്ടുകയും ബസ് ഇറങ്ങിക്കയറി പോകുന്ന സംവിധാനം ആരംഭിക്കുമ്പോൾ കൊടുങ്ങൂർ കവലയിലെ ഗതാഗതക്കുരുക്ക് അവസാനിക്കും.
5. അമ്പാട്ട്-കരിപ്പക്കല്ല്, 8 മീറ്റർ വീതിയിൽ വെട്ടിയ റോഡാണ് ഒരു കിലോമീറ്റർ ദൂരവും ഉണ്ട്. ഇതിന് മെറ്റലിംഗും ടാറിംഗും നടത്തേണ്ടതാണ്.
6. പേഴന്താനം-കുറുക്കുടി റോഡിന് 400 മീറ്റർ നീളമുണ്ട്. ഈ റോഡ് മെറ്റലിംഗും ടാറിംഗും നടത്തേണ്ടതാണ്. വൈരമല-കെ.കെ. റോഡിനും 600 മീറ്റർ നീളമുണ്ട്. ഇതും മെറ്റലിംഗും ടാറിംഗും നടത്തേണ്ടതാണ്.
7. കെ.കെ. റോഡ്-കാക്കാംതോട്, 17-ാം മൈൽ- മറ്റപ്പള്ളിമലമാക്കൽ-തച്ചപ്പുഴ, 19-ാം മൈൽ മുണ്ടയ്ക്കൽ പടി പാണാ പരമ്പിൽ പടി-കയ്യൂരി എന്നീ റോഡുകൾക്കും മെറ്റലിഗും ടാറിംഗിനും ആവശ്യമായ തുക അനുവദിക്കണം.

വാർഡ് 8

1. എടുത്ത റോഡുകളുടെ പണികൾ എത്രയും വേഗം പൂർത്തീകരിക്കുക.
2. ടി.പി. പുരം-ശാസ്താംകാവ് റോഡ്, ടി.പി. പുരം-കല്ലൂപ്പറമ്പ റോഡ് ഇവയ്ക്കാവശ്യമായ തുകയനുവദിക്കുക.
3. പേഴത്തുങ്കൽ തകിടി-കൊല്ലകൊമ്പിൽ കടവ് റോഡ് നിലവിലുള്ള വീതിയിൽ ടാർ ചെയ്യണം.
4. ഓണാട്ടുപടി-കുമ്പുക്കൽ റോഡ് പണി നടത്തുകയും പൊട്ടാനാനിക്കടവിൽ ഒരു പാലം തീർക്കുക.
5. ശാസ്താംകാവ്-കടവുംകുന്ന് റോഡ് നിലവിലുള്ള വീതിയിൽ ടാർ ചെയ്യുക.
6. പൂവ്വം-ചെറുവള്ളി റോഡ് മെയിൻറൻസ് ചെയ്യുക.
7. ചെങ്കൽ പള്ളി ശാസ്താംകാവ് റോഡിൽ ടാർ ചെയ്ത ഭാഗത്തെ ഓട വൃത്തിയാക്കുക.
8. പാറയ്ക്കൽ പടിയിൽ നിന്നും താന്നിമൂട്ടിൽ കടവിൽ കൂടിയുള്ള വഴിയിൽ നടപ്പാത നിർമ്മിക്കുകയും റോഡ് പൂർത്തിയാകാത്ത ഭാഗം ഗതാഗതയോഗ്യമാക്കുകയും പൊത്തൻ പ്ലാക്കൽ പടിക്കൽ പാലം വീതികൂട്ടി നിർമ്മിക്കുക.
9. തോണിപ്പാറകടവിൽ കൂടി നാല് അടി വീതിയിലുള്ള നടപ്പാത റോഡാക്കി പുനരുദ്ധരിക്കുക.
10. പനംപുന്ന വലിയതറ റോഡിൻെറ പാലത്തിൻെറ പണി ഉടൻ പൂർത്തിയാക്കുക.
11. കൗത്തൂർ കുടുപ്പിലെ നിവാസികൾക്ക് വൈദ്യുതി വിളക്കുകൾ ലഭ്യമാക്കുക.
12. കല്ലു തെക്കേൽ ശാസ്താംകാവ്-ചെന്നാംകുന്ന് റോഡിൽ ബസ് സർവീസ് ആരംഭിക്കുക.

വാർഡ് 9

1. വാർഡിലെ പ്രധാനപ്പെട്ട റോഡുകളുടെ പുനരുദ്ധാരണ ജോലികൾ കാര്യക്ഷമമായി നിർവഹിക്കുക.
2. ചാമംപതാൽ-ഇളങ്ങായി റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് ഇളങ്ങോയി കാടവ്വഴി തീർത്ഥാടന കേന്ദ്രമായ എരുമേലിയുമായി ബന്ധപ്പെടുത്തുക.
3. പൂവ്വം-ചെറുവള്ളി റോഡ് റീ ടാർ ചെയ്യുക.
4. ചാമംപതാൽ-തെക്കേത്തുകവല റോഡ് ചേർപ്പന്തുപാലം വരെയുള്ള ഭാഗം വീതികൂട്ടി റീ ടാറിംഗ് നടത്തുകയും കന്നുകുഴി കുരിശിൻെറ മുൻഭാഗത്ത് വളവ് വീതികൂട്ടുകയും ചെയ്യുക.
5. 40 വർഷം പഴക്കമുള്ള തോട്ടം പാലയ്ക്കാക്കുഴി റോഡിൻെറയും കന്നുകുഴി കോളജ് റോഡിൻെറയും പണികൾ പൂർത്തിയാക്കി ടാർ ചെയ്യുക.
6. കന്നുകുഴി-തള്ളക്കയം റോഡിൻേറയും ഇളങ്ങോയി പള്ളി-കമ്പിളിക്കയം റോഡിൻെറയും പണികൾ പൂർത്തിയാക്കുക.
7. ഒരപ്പനാകുഴി -കുറ്റുമണ്ണിൽ പടി റോഡ് വീതി കൂട്ടി വെട്ടി പുനരുദ്ധാരണ പണി ചെയ്യുക.
8. മുക്കാട്ടുപടി-കോളേജ് പടി, ചാമംപതാൽ-കല്ലോലിക്കൽ റോഡ് എന്നിവയുടെ പുനരുദ്ധാരണ ജോലികസ് നിർവഹിക്കുക.
9. കന്നുകുഴി-ഇളങ്ങോയി റോഡ് 8 മീറ്റർ വീതി കൂട്ടി പി.ഡബ്ല്യു.ഡി.ക്ക് വിട്ടുകൊടുത്ത് ടാർ ചെയ്യുക.
10. എൻ.ഇ.എസ്. ബ്ലോക്ക് പടിയിൽ നിന്ന് ഇളങ്ങോയി പള്ളി സ്കൂൾ എന്നീ പൊതു സ്ഥാപനങ്ങളിലോട്ട് റോഡ് വെട്ടി പുനരുദ്ധാരണ പണി നടത്തുക.
11. കൈമുണ്ടൻ കാലാപടിയിൽ നിന്ന് തൊടുകപാറയിലേയ്ക്ക് റോഡു വെട്ടുക

നമ്പർ	റോഡിന്റെ പേര്	ടാർ	മെറ്റൽ	മൺ	നീളം	വീതി
1	കങ്ങഴ-കോത്തല റോഡ്					
	(മൂലേപ്പീടിക-പൂവത്തുംകുഴ റോഡ്)	ടാർ	-	-	2.200 മീ.	8 മീ.
2	എരുമത്തല-പൂവത്തുംകുഴി റോഡ്	-	മെറ്റൽ	-	750 മീ.	8 മീ.
3	കാഞ്ഞിരപ്പാറ - കല്ലുറക്കൽ പടി റോഡ്	-	-	മൺ	970 മീ.	6 മീ.
4.	കല്ലുറക്കൽ-വാവോലിക്കൽ പടി റോഡ്	-	-	മൺ	700 മീ.	6 മീ.
5.	പൂവത്തുംകുഴി-ഇടക്കരപ്പടി റോഡ്	-	-	,,	700 മീ.	6 മീ.
6.	ഉദയപുരം-എരുമത്തല റോഡ്	-	-	,,	780 മീ.	4 മീ.
7.	പൂവത്തുംകുഴി - മരത്തണ്ണൂർ റോഡ്	-	-	,,	800 മീ.	4.മീ.
8.	പോൾ മെമ്മോറിയൽ റോഡ്	-	-	,,	1 കി.മീ.	4 മീ.
9.	ഹൈസ്കൂൾ-പ്ലാക്കൽകുന്ന് റോഡ്	ഭാഗികം	-	,,	600 മീ.	3മീ.
10.	പന്നഗം - ഊളമാക്കൽ റോഡ്	ടാർ	-	-	850 മീ.	8 മീ.
11.	നെടുമാവ് കോളനി റോഡ് (വി.റ്റി.സി. ഗ്രാന്റ് ഉപയോഗിച്ച് 300 മീ. ടാർ ചെയ്യാൻ തീരുമാനിച്ചു)				850 മീ.	8 മീ.
12.	15-ാം മൈൽ -പേഴുംന്താനം റോഡ്	-	-	,,	780 മീ.	4 മീ.
13.	പനച്ചിക്കമുകൾ-പുറന്തറ റോഡ്	-	-	,,	750 മീ.	4 മീ.
14.	വെങ്ങാലൂർ-പാട്ടുപാറ റോഡ്	-	-	,,	750 മീ.	8 മീ.
15.	15-ാം മൈൽ-കരിപ്പക്കല്ല് റോഡ്	400 മീ. ടാർ		400 മീ. മൺ	800 മീ.	8 മീ.
16.	ചെല്ലിമറ്റംറോഡ്	-	-	,,	800 മീ.	6 മീ.
17.	കോട്ടേപ്പടവ്-കാപ്പുകാട് റോഡ്	-	-	,,	1 കി.മീ.	6 മീ.
18.	കാഞ്ഞാകുളം റോഡ്	-	-	,,	500 മീ.	4 മീ.
19.	കോട്ടേപ്പടവ്-പരുന്താടുംകുഴി റോഡ്	-	-	,,	700 മീ.	4 മീ.
20.	കാപ്പുകാട്-പരുന്താടും കുഴി റോഡ്	-	-	,,	300 മീ.	4 മീ.
21.	ഷണ്മുഖവിലാസം റോഡ്	-	-	,,	150 മീ.	3.5മീ.
22.	കൗന്നിലം-ചെട്ടിയാതറ റോഡ്	-	-	,,	850 മീ.	6 മീ.
23.	കൗന്നിലം-കാപ്പുകാട് റോഡ്	-	-	,,	900 മീ.	6 മീ.
24.	ചെല്ലിമറ്റം-പരുന്താടുംകുഴി റോഡ്	-	-	,,	1 കി.മീ.	6 മീ.
25.	പാറാംതോട്-കൂപ്പുരയിടം റോഡ്	-	-	,,	1.500 മീ.	8 മീ.
26.	പുതുപ്പറമ്പ്-പുത്തൻപുര റോഡ്	-	-	,,	800 മീ.	4 മീ.
27.	മൈലാടുംപാറ - കൊച്ചുപ്ലാക്കൽ റോഡ്	-	-	,,	750 മീ.	6 മീ.
28.	2-ാം മൈൽ - മൈലാടും പാറ റോഡ്	-	-	,,	1 കി.മീ.	6 മീ.
29.	ഹോസ്റ്റൽ പടി-ചൂരനോലിറോഡ്	-	-	,,	1 കി.മീ.	4.5 മീ.
30.	ചിരട്ടോലിക്കൽ - പള്ളിപ്പടി റോഡ്	-	-	,,	808 മീ.	6 മീ.
31.	കാഞ്ഞിരത്തറ - ചൂരനോലി റോഡ്	-	-	,,	750 മീ.	3 മീ.
32.	ഇളപ്പുങ്കൽ- കുറുക്ക് റോഡ്	-	-	,,	125 മീ.	4 മീ.
33.	ഇളപ്പുങ്കൽ - ഇടപ്പള്ളി റോഡ് പി.ഡബ്ല്യു.ഡി.	,,	-	-	2.600 മീ.	8 മീ.
34.	ടെമ്പിൾ-ചാമംപതാൽ റോഡ് പി.ഡബ്ല്യു.ഡി.	,,	-	-	3.450 മീ.	8 മീ.
35.	ടെമ്പിൾ - മലേക്കുന്ന് റോഡ്	-	-	,,	315 മീ.	6 മീ.

36.	ടെമ്പിൾ - പട്ടിമറ്റം റോഡ്	-	-	,,	860 മീ.	6 മീ.
37.	ടെമ്പിൾ-വഴീപ്ലാക്കൽ റോഡ്	-	-	,,	860 മീ.	6 മീ.
38.	ഗേൾസ് സ്കൂൾ-മുഴുത്തേരി റോഡ്	-	-	,,	700 മീ.	6 മീ.
39.	വകപ്പറമ്പു-പുത്തൻ തെക്കേടത്ത് റോഡ്	-	-	,,	1.200 മീ.	6 മീ.
40.	ടെമ്പിൾ - കോളജുപടി റോഡ്	ടാർ	-	-	1 കി.മീ.	8 മീ.
41.	കൺട്രാച്ചി-ഇടപ്പള്ളി താഴെ റോഡ്	-	-	,,	1 കി.മീ.	8 മീ.
42.	മുഴുത്തേരി-തൊണ്ടമാക്കൽ റോഡ്	-	-	,,	300 മീ.	6 മീ.
43.	പാറാംതോട് - കാട്ടുകുന്ന് റോഡ് (ചെട്ടിയാതറ-കാട്ടുകുന്ന്)		-	,,	500 മീ.	6 മീ.
44.	മന്ദിരം-വാതല്ലൂർ പറമ്പ് റോഡ്	-	-	,,	1 കി.മീ.	6 മീ.
45.	17-ാം മൈൽ - തേക്കാനം റോഡ്	ടാർ ഭാഗികം	-	മൺ	435 മീ.	
46.	കല്ലുതേക്കേൽ-ഹൈസ്കൂൾ റോഡ്	-	-	-	550 മീ.	
47.	17-ാം മൈൽ കുറുക്ക് റോഡ്	-	-	,,	400 മീ.	
48.	18-ാം മൈൽ ഗേൾസ് സ്കൂൾ റോഡ്				400 മീ.	
49.	ഗേൾസ് സ്കൂൾ-കുന്നപ്പിള്ളി റോഡ്				550 മീ.	
50.	തോട്ടം-കോട്ടംകുഴി റോഡ്				500 മീ.	
51.	രണ്ടാം മൈൽ - തോട്ടം റോഡ്				1 കി.മീ.	
52.	2-ാം മൈൽ - പേഴത്തുംതകിടി റോഡ്				920 മീ.	
53.	പൂവത്തോലി - ഹൈസ്കൂൾ റോഡ്				600 മീ.	
54.	18-ാം മൈൽ - മൂലേത്തോട് റോഡ്				700 മീ.	
55.	അമ്പാട്ട് - കരിപ്പക്കൽ റോഡ്			,,	1 കി.മീ.	8 മീ.
56.	17-ാം മൈൽ - വൈരമല റോഡ്			,,	1.25 മീ.	4 മീ.
57.	ആനകുത്തിമല-മണിപ്ലാവ് റോഡ്			,,	1.700 മീ.	4 മീ.
58.	ആനകുത്തിമല - മലമാക്കൽ റോഡ്	-	-	,,	1.250 മീ.	4 മീ.
59.	മൈലക്കാട്ട് റോഡ്	-	-	,,	170 മീ.	5 മീ.
60.	19-ാം മൈൽ - തച്ചപ്പുഴ റോഡ്	ടാർ	-	-	1.300 മീ.	6 മീ.
61.	19-ാം മൈൽ - ചിറക്കടവ് അമ്പലം റോഡ്	ടാർ	-	-	1.400 മീ.	8 മീ.
62.	കയ്യൂരി-കുസുക്കൽ റോഡ്	-	-	,,	500 മീ.	4 മീ.
63.	മുണ്ടയ്ക്കൽ പടി-19-ാം മൈൽ റോഡ്	ടാർ ഭാഗികം	-	,,	800 മീ.	6 മീ.
64.	മുണ്ടയ്ക്കൽപടി-ചിറക്കടവ് റോഡ്	-	-	മൺ	250 മീ.	4 മീ.
65.	വാഴൂർ കോളജ് റോഡ് (പൂവ്വം ചെറുപള്ളി റോഡ്)	-	-	,,	4 കി.മീ	5 മീ.
66.	കല്ലുതേക്കൽ -ശാസ്താകാവ് (കല്ലുതെക്കേൽ-ചെന്നാക്കുന്ന് റോഡ്)	ടാർ	-		2.100 കി.മീ.	8 മീ.
67.	പനംപുന്ന-തെക്കനാട്ട് റോഡ്	-	-	,,	1 കി.മീ.	6 മീ.
68.	കോളേജ് - ശാസ്താംകാവ് റോഡ്	-	-	,,	1.400 മീ.	6 മീ.
69.	ചെങ്കൽ - പൊന്തൻ പ്ലാവ് റോഡ്	-	-	,,	1.350 കി.മീ.	6 മീ.
70.	ഹൈസ്കൂൾ - കല്ലുപ്പറമ്പ് റോഡ്	1 കി.മീ. ടാർ	-	,,	1.875 കി.മീ.	8 മീ.
71.	വേങ്ങക്കൽപടി-കുമ്പുക്കൽ റോഡ്	-	-	,,	1.500 കി.മീ.	4 മീ.

72.	നെടുംപതാൽ റോഡ്	-	-	,,	250 മീ.	5 മീ.
73.	ഓണാട്ടുപടി - ശാസ്താംകാവ് റോഡ്	250 മീ.ടാർ	-	,,	1.150 കി.മീ.	6 മീ.
74.	കടവുംകുന്ന് - ശാസ്താംകാവ് റോഡ്	-	-	,,	800 മീ.	4 മീ.
75.	പി.ടി. ചാക്കോ മെമ്മോറിയൽ റോഡ്	,,	-	-	3.35 കി.മി.	5 മീ.
76.	കന്നുകുഴി-ഇളങ്ങോയി റോഡ്	,,	-	-	800 മീ.	6 മീ.
77.	തോട്ടം - പാലയ്ക്കാക്കുഴി റോഡ്	-	-	,,	1.020 കി.മീ.	4 മീ.
78.	മുക്കാട്ടുപടി - തോട്ടം റോഡ്	-	-	,,	620 മീ.	4 മീ.
79.	കന്നുകുഴി - തള്ളക്കയം റോഡ്	ടാർ 400	-	700 മീ.	1.100 കി.മീ.	6 മീ.
80.	തോട്ടം-കടക്കുഴി റോഡ്	-	-	,,	1.200 കി.മീ.	4 മീ.
81.	തോട്ടം - കന്നുകുഴി റോഡ്	800 മീ.	-	300 മീ.	1.100 മീ.	4 മീ.
82.	ഇളങ്ങോയി - കമ്പിളിക്കയം റോഡ്	300 മീ.	-	680 മീ.	980 മീ.	5. മീ.
83.	ഒരപ്പനാംകുഴി-പുറ്റുമണ്ണിൽ റോഡ്	-	-	800 മീ.	800 മീ	4 മീ.
84.	പുതുപ്പറമ്പിൽ പടി-പടിയറപ്പടി റോഡ്	-	-	800 മീ.	700 മീ.	4. മീ.
85.	താരാമംഗലം-ബ്ലോക്കുപടി റോഡ്	-	-	,,	1 കി.മീ.	
86.	മാങ്ങാട്ടു-വെള്ളാപ്പള്ളി റോഡ്				1.970 കി.മീ.	
87.	കല്ലറക്കൽപടി- കോണേക്കടവ് റോഡ്	ടാർ ഭാഗികം			1.140 കി.മീ.	
88.	വെട്ടുവേലി-മുള്ളൻകുഴി റോഡ്				1 കി.മീ.	
89.	കോണേക്കടവ് - കാളച്ചന്ത റോഡ്				1.400 കി.മീ.	
90.	തടത്തിൽപടി-പള്ളിപ്പടി റോഡ്				740 കി.മീ.	
91.	ചാമംപതാൽ മിച്ചഭൂമി കോളനി റോഡ്				1 കി.മീ.	
92.	മർത്തോമാപള്ളി -കല്ലറക്കൽ പടി റോഡ്				250 മീ.	

പാർപ്പിടവും സാമൂഹ്യക്ഷേമവും

ഭക്ഷണം കഴിഞ്ഞാൽ മനുഷ്യന് പ്രധാന ആവശ്യം പാർപ്പിടമാണ്. പക്ഷിമൃഗാദികൾ വൃക്ഷശിഖരങ്ങളിൽ കൂടുകെട്ടിയും ഗുഹകൾ നിർമ്മിച്ചുമാണ് പാർക്കുന്നത്. കലാമേന്മയിലും സുരക്ഷിതത്വത്തിലും മികച്ച നിലവാരം പുലർത്തുന്നവയാണ് ഈ കൂടുകളും ഗുഹകളും. മനുഷ്യനും ആദികാലങ്ങളിൽ വൃക്ഷശിഖരങ്ങളിലും പിൽക്കാലങ്ങളിൽ ഗുഹകളിലും പാർപ്പിടങ്ങൾ നിർമ്മിച്ച് വിശ്രമിച്ചിരുന്നു. അന്നു മുതൽ ഇന്നു വരെ പാർപ്പിട നിർമ്മാണരീതിയിൽ വന്നിട്ടുള്ള മാറ്റങ്ങൾ വിവരണാതീതമാണ്.

വാഴൂർ പഞ്ചായത്തിൽ മനുഷ്യവാസം തുടങ്ങിയിട്ട് അഞ്ചു നൂറ്റാണ്ടിലേറെ കാലമായിട്ടില്ല. ഇന്നുള്ളതിന്റെ പത്തിലൊന്നു ജനങ്ങൾ മാത്രമേ 100 വർഷം മുമ്പ് നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നുള്ളൂ. തടികൾ സുലഭമായിരുന്ന അക്കാലത്ത് വീടുകൾ പണിയുന്നതിന് പ്രധാനമായും തടികളാണ് ഉപയോഗിച്ചിരുന്നത്. മേൽകൂരയ്ക്ക് തെങ്ങോലയും പനയോലയും പുല്ലും ഉപയോഗിച്ചിരുന്നു. ചുറ്റുപാടും വനങ്ങൾ ആയിരുന്നതുകൊണ്ട് സമ്പന്നരുടെ വീടുകൾ തീ പിടിച്ചാലും മേൽകൂര മാത്രം കത്തി നിരയും അറയും സുരക്ഷിതമായി ശേഷിക്കുന്ന രീതിയിലായിരുന്നു നിർമ്മാണം. ഭൂ ഉടമകൾക്ക് പാർക്കാൻ നല്ല ഗൃഹങ്ങളുണ്ടായിരുന്നെങ്കിലും പണിയാളന്മാർക്കു പാർക്കാൻ കുടിലുകളോ ചാളകളോ മാത്രമാണുണ്ടായിരുന്നത്. കാട്ടുകമ്പുകളും ഓലയോ പുല്ലും മാത്രമാണ് അവ നിർമ്മിക്കാൻ ഉപയോഗിച്ചിരുന്നത്.

ഈ പ്രദേശത്ത് മേൽകൂര മേയുന്നതിന് ഓലയ്ക്കു പകരം ഓടുപയോഗിച്ചു തുടങ്ങിയിട്ട് നൂറു വർഷത്തിലേറെ ആയിട്ടില്ല. ആദികാലത്ത് നായർ തറവാടുകളിൽ കൂട്ടു കുടുംബ വ്യവസ്ഥ നിലനിന്നിരുന്നതു കാരണം വളരെ കുറച്ചു വീടുകളേ ആവശ്യമുണ്ടായിരുന്നുള്ളൂ. മരുമക്കത്തായം അപ്രത്യക്ഷമാവുകയും മക്കത്തായ വ്യവസ്ഥ നിലവിൽ വരികയും ചെയ്തതോടെ ഇന്നു കുടുംബരീതി വ്യാപകമായി. അതോടെ കൂടുതൽ വീടുകൾ ആവശ്യമായി വന്നു.

തടിയുടെ ലഭ്യത കുറഞ്ഞു വന്നതോടെ വീടു നിർമ്മാണസാമഗ്രികളിൽ വലിയ മാറ്റം ഉണ്ടായി. ഇന്ന് ചുവരുകൾക്ക് ചുടുകട്ട, ഹോളോബ്രിക്സ് എന്നിവയാണ് വ്യാപകമായി ഉപയോഗിക്കുന്നത്. മേൽകൂരയ്ക്ക് പ്രധാനമായും കോൺക്രീറ്റും. കഴിഞ്ഞ ഇരുപതു വർഷത്തിനിടയ്ക്ക് കെട്ടിട നിർമ്മാണചെലവിലുണ്ടായ വർദ്ധന ദുസ്സഹമാണ്.

എന്നാൽ ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിനും പ്രചാരം ലഭിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ബേക്കർ സായ്പിന്റെ സേവനം സ്മരണീയമാണ്. നിർമ്മിതികേന്ദ്രം, ഹാബിറ്റാറ്റ് തുടങ്ങി പല സ്ഥാപനങ്ങളും ചെലവു കുറഞ്ഞ കെട്ടിടനിർമാണരീതി പ്രചരിപ്പിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഒട്ടാകെ 6517 വീടുകളാണുള്ളത്. അതിൽ 112 വീടുകൾ മാത്രമാണ് ഒന്നിലധികം നിലകളുള്ളത്. മേൽകൂര കോൺക്രീറ്റു ചെയ്തത് 1473-ഉം (പട്ടിക കാണുക). ആർഭാടകരമായ കെട്ടിടങ്ങൾ നമ്മുടെ പഞ്ചായത്തിൽ കുറവാണെന്നാണ് ഇതു കാണിക്കുന്നത്. അഞ്ഞൂറോളം കെട്ടിടങ്ങൾ മോശമായ നിലവാരത്തിലുള്ളതാണ്. അതു കൂടാതെ റോഡു പുറമ്പോക്കിൽ താമസിക്കുന്ന ഇരുന്നൂറോളം കുടുംബങ്ങൾക്കുൾപ്പെടെ അഞ്ഞൂറോളം കെട്ടിടങ്ങൾ കൂടി പാർപ്പിടത്തിനായി നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകേണ്ടതുണ്ട്. വിശദമായ ഒരു പാർപ്പിട സർവ്വേയിലൂടെ മാത്രമേ കൃത്യമായ വിവരം ലഭ്യമാവുകയുള്ളൂ. നമ്മുടെ പഞ്ചായത്തിൽ ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം 109 പേർക്ക് വീടും കക്കൂസും വയ്ക്കാൻ സഹായം ലഭ്യമായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് കോളനികളാണോ, ഹൗസിംഗ് കോംപ്ലക്സുകളാണോ ഫ്ളാറ്റുകളാണോ ഒറ്റപ്പെട്ട വീടുകളാണോ കൂടുതൽ അഭികാമ്യം എന്ന കാര്യം വിശദമായ പഠനത്തിനു വിധേയമാക്കണം.

പാർപ്പിടനിർമ്മമാണരംഗത്ത് ഇന്ന് പഞ്ചായത്തിൽ പലേ പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. അവയിൽ പ്രധാനമായവ താഴെ കൊടുക്കുന്നു.

1. പാർപ്പിടനിർമ്മാണസാമഗ്രികളുടെ അമിതമായ വില വർദ്ധന.
2. ഭൂമിയുടെ അമിതവില.
3. വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ ദൗർലഭ്യം.
4. ഭവനനിർമ്മാണവായ്പകൾ ലഭ്യമാക്കുന്നതിനുള്ള നിയമങ്ങളുടെ സാങ്കേതികത്വം മൂലമുള്ള തടസ്സങ്ങളും ബുദ്ധിമുട്ടുകളും.

സാധ്യതകൾ

1. പഞ്ചായത്തിലെ ഓല മേഞ്ഞ വീടുകളെല്ലാം ഓടു മേയുവാനുള്ള ഒരു പദ്ധതി.
2. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുവാനുള്ള നടപടി.
3. വാർഡുകളിൽ സ്വന്തമായി പാർപ്പിടം ഇല്ലാത്തവർക്ക് പാർപ്പിടം നിർമ്മിച്ചു കൊടുക്കുക.
4. റോഡിന്റെറയും തോടിന്റെറയും പുറമ്പോക്കിൽ നിവസിക്കുന്നവരെ പുനരധിവസിപ്പിക്കുവാൻ പഞ്ചായത്ത് സ്ഥലം വാങ്ങുക. അവരെ പുനരധിവസിപ്പിക്കുക.
5. വീടുകൾക്ക് മെയിൻറനൻസ് ഗ്രാൻറ് നൽകുക.
6. പഞ്ചായത്തിലെ കോളനി നിവാസികളുടെ ഇപ്പോഴത്തെ ശോചൃാവസ്ഥ പരിഹിക്കുക.
7. ഭവനനിർമ്മാണവായ്പകളുടെ നടപടികൾ കാര്യക്ഷമമാക്കുക, ലോണുകളുടെ പലിശയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുക.
8. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് വീടു മേയാനുള്ള സാമ്പത്തിക സഹായം നൽകുക.
9. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീടു വെയ്ക്കുന്നതിനായി നൽകുന്ന സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത പരിഹരിക്കുക.
10. ഭവനനിർമ്മാണ സഹകരണസംഘം സ്ഥാപിച്ച് അനുബന്ധ വ്യവസായങ്ങൾ തുടങ്ങുക.
11. വീടിന് മുകളിലേക്ക് ഭീഷണിയായി ചാഞ്ഞു നിൽക്കുന്ന വൃക്ഷങ്ങൾ വെട്ടി മാറ്റുക.
12. ഓടിടാത്ത എല്ലാ കുടിലുകളും ഓടിടുന്നതിന് വേണ്ട സാമ്പത്തിക സഹായം നൽകുക.
13. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്ക് വീട് നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിക്കുക.
14. സ്വന്തമായി പാർപ്പിടം ഇല്ലാത്തവർക്ക് വീടും കക്കൂസും നിർമ്മിച്ച് വൈദ്യുതിയും എത്തിക്കുക.
15. ഊടുമണ്ണ് ഭാഗത്ത് സ്ഥലം വാങ്ങി ലക്ഷംവീടു മാതൃകയിൽ വീടു നിർമ്മിച്ചു നൽകുക.

അൺടൈഡുഫണ്ട്

വർഷം	വീട്+കക്കൂസ്	കക്കൂസ് മാത്രം
90-91		36
91-92	5	–
92-93	6	
93-94	–	–
94-95	6	–
95-96	7	1
	24	37

ജെ. ആർ. വൈ.

89-90	9	
90-91	7	
91-92	5	2
92-93	3	
93-94	10	
94-95	3	1
95-96	4	4
	41	7

ആകെ മൊത്തം വീടും കക്കൂസും - 65

ആകെ മൊത്തം കക്കൂസ് മാത്രം - 44

109 കുടുംബങ്ങൾക്കു സഹായം കിട്ടി

സാമൂഹ്യക്ഷേമം

മനുഷ്യന്റെറ അടിസ്ഥാന ആവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയുടെ സന്തുലിതമായ ലഭ്യതയും സർക്കാർ ഭാഗത്തു നിന്നുമുള്ള ക്ഷേമ പ്രവർത്തനങ്ങളുമാണ് സാമൂഹ്യക്ഷേമത്തിനാധാരം.

നമ്മുടെ പഞ്ചായത്തിൽ നടക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ, വില്ലേജ് ഓഫീസുകൾ, ബ്ലോക്കുകൾ, മുതലായവയിലൂടെയാണ് മുൻ വർഷങ്ങളിൽ നടന്നു വന്നിരുന്നത്.

എട്ടു അംഗനവാടികൾ, 2 ബാലവാടികൾ ഇവ ഈ പഞ്ചായത്തിലുണ്ട്. അംഗനവാടികവിലെ പോരായ്മകളെയും പരിമിതികളെയും കുറിച്ച് പഞ്ചായത്തിനു ബോദ്ധ്യമുണ്ട്. സാമ്പത്തിക പരിമിതി മൂലം വേണ്ടവിധം ധനസഹായം നൽകാൻ സാധിച്ചിട്ടില്ല. അംഗനവാടിയിലെ ആയ (helper) ക്ക് പ്രതിമാസം 100 രൂപ വീതം നൽകുന്നുണ്ട്.

സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ജനവിഭാഗങ്ങളി

ലും പിന്നോക്ക വിഭാഗങ്ങളിലും പെട്ടവർക്ക് പ്രസവാനുകൂല്യം എന്ന വിഭാഗത്തിൽ രൂപ 420/- 95-96-ൽ നൽകിയിട്ടുണ്ട്.

വിധവാ പെൻഷൻ 35 പേർക്ക് 100 രൂപ വീതം ലഭിക്കുന്നു.

വാർദ്ധ്യക പെൻഷൻ 15 പേർക്ക് ലഭിക്കുന്നു.

വിധവയുടെ പെണ്മക്കൾക്ക് കല്യാണചിലവിന് 2000 രൂപ നിരക്കിൽ ഒരാൾക്കു നൽകി.

വികലാംഗ പെൻഷൻ ഇല്ല.

സ്ത്രീപുരുഷ തരം തിരിവ്, വേതനങ്ങളിൽ കണ്ടു വരുന്നു.

സ്ത്രീകൾക്ക് ദിനം പ്രതി 20-25 രൂപ കിട്ടുന്ന സ്ഥാനത്ത് പുരുഷന്മാർക്ക് 40-80 നിരക്കിൽ വേതനം ലഭിക്കുന്നുണ്ട്.

പൊതു വിതരണപദ്ധതി റേഷൻ കടകൾ വഴി നിർവഹിക്കപ്പെടുന്നു.

നിർദ്ദേശങ്ങൾ

അംഗനവാടികളുടെ എണ്ണം ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കണം. നിലവിലുള്ള അംഗനവാടികവുടെ നില മെച്ചപ്പെടുത്തണം. കുട്ടികൾക്ക് പ്രതിരോധമരുന്നുകൾ നൽകുന്നതിലും ഗർഭിണികൾക്ക് പോഷകാഹാരങ്ങൾ നൽകുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.

വാർദ്ധക്യ പെൻഷൻ, വിധവ പെൻഷൻ, മുതലായ ആനുകൂല്യങ്ങൾ അർഹരായവർക്കെല്ലാം ലഭിക്കത്തക്കവിധം, നിയമങ്ങളിലെ തടസ്സങ്ങൾ നീക്കുകയും അവ ലഘൂകരിക്കുകയും വേണം.

വിധവകൾക്ക് പ്രത്യേക പരിഗണന നൽകി ചെറുകിട വ്യവസായ സംരംഭങ്ങൾ ഉണ്ടാകണം.

സുഖക്കേടുള്ള നിർദ്ധനർക്ക് ചികിത്സ നൽകുന്നതിനു പ്രത്യേകസഹായനിധി രൂപീകരിക്കണം.

വികലാംഗർക്കായുള്ള ക്ഷേമപദ്ധതി ഈ പഞ്ചായത്തിൽ ഒന്നും തന്നെയില്ല. വികലാംഗരെ കണ്ടെത്തി അർഹരായവർക്ക് വികലാംഗപെൻഷൻ ലഭിക്കാൻ നടപടി എടുക്കണം.

സാമൂഹ്യ ക്ഷേമപദ്ധതികൾ കൃത്യസമയത്തും വിട്ടു വീഴ്ച കൂടാതെയും നടത്താൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കണം.

തൊഴിൽ രംഗത്ത് വേതനം നൽകുന്നതിൽ നിലവിലുള്ള സ്ത്രീപുരുഷ തരം തിരിവ് ഇല്ലാതാക്കാൻ നടപടികൾ ഉണ്ടാകണം.

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ സ്ഥിതി

വാർഡ്	ആകെ കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലകൾ ഉള്ള കെട്ടിടങ്ങൾ	മേൽക്കൂര			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
1	589	11	133	364	28	53
2	821	14	246	490	32	39
3	685	12	205	435	22	11
4	427	5	30	294	18	80
5	780	15	180	515	20	50
6	645	10	120	455	35	25
7	719	15	116	513	40	35
8	603	12	142	382	28	39
9	613	10	165	330	21	87
10	635	8	136	378	33	80
ആകെ	6517	112	1473	4156	277	499

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം

	1991–92 5579	92–93 5699	93–94 6287	94–95 6397	95–96 6517
വർദ്ധനവ്	എണ്ണം	120	588	110	120
,,	ശതമാനം	2%	10%	2%	2%

ബാലവാടികൾ - കുട്ടികൾ

ബാലവാടികളുടെ പങ്ക്	കുട്ടികളുടെ എണ്ണം					പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം	വൈറ്റമിൻ ലഭിക്കുന്ന കുട്ടികളുടെ എണ്ണം
	1 വയസ്സിൽ താഴെ	1–2	2–3	1–3	3–5		
സുദർശന ബാലവാടി വാഴൂർ	ഇല്ല	3	7	–	25	35	38
ഇന്ദിരാ മഹിളാസമാജം നെടുമാവ്	6	–	7	–	12	26	26
തെരേമ്പാ മഹിളാസമാജം ഏരുമത്തല	3	–	–	8	13	34	13
വെള്ളാപ്പള്ളി മഹിളാസമാജം	3	–	–	8	10	–	–

സംസ്കാരം

നാട്ടിലെ ജനങ്ങളുടെ സംസ്കാരമാണ് നാടിന്റെ സംസ്കാരം. പൈതൃകമായി ലഭിക്കുന്ന സംസ്കാരം വിദ്യാഭ്യാസത്തിലൂടെ മെച്ചപ്പെടുത്തുന്നു. ഒരാളുടെ വാക്കിലും പ്രവൃത്തിയിലും, പെരുമാറ്റത്തിലും നമുക്ക് അവന്റെ സംസ്കാരം ദർശിക്കാം. ജനങ്ങളുടെ ജീവിത രീതി മാത്രമല്ല, ആ നാട്ടിലെ ആഘോഷങ്ങളും, ആരാധനാലയങ്ങളും പൊതുസ്ഥാപനങ്ങളും സംസ്കാരത്തെ വിളിച്ചറിയിക്കുന്നവയാണ്.

ഏറെ സാംസ്കാരിക പൈതൃകം അവകാശപ്പെടാവുന്ന നാടാണ് വാഴൂർ. 'ഐശ്വര്യത്തിന്റെ നാട്' അല്ലെങ്കിൽ 'അനുഗ്രഹത്തിന്റെ നാട്' എന്ന അർത്ഥമാണ് വാഴൂർ എന്ന സ്ഥലനാമത്തിന് പിന്നിലുള്ളത്.

നാനാജാതി മതസ്ഥർ ഒത്തൊരുമയോടെ കഴിയുന്ന ഒരു പ്രദേശമാണ് വാഴൂർ. ഏഴ് നൂറ്റാണ്ടുകൾക്കു മുമ്പ് നിലയ്ക്കൽ പ്രദേശത്തു നിന്ന് ഇവിടെക്ക് കുടിയേറ്റം ഉണ്ടായി. കരിമ്പും, മുതിരയും വരകും കൃഷി ചെയ്തു ജീവിച്ചു പോന്ന ഈ നാട്ടുകാർ ഒന്നര നൂറ്റാണ്ടിന് മുമ്പു മുതൽ തമിഴ്നാടുമായി കച്ചവടബന്ധം സ്ഥാപിച്ചിരുന്നു. അതിനായി കണ്ടെത്തിയ ഊടുവഴിയാണ് ഇപ്പോഴത്തെ കെ.കെ. റോഡ്.

രാഷ്ട്രീയ ഭരണരംഗങ്ങളിൽ വാഴൂരിന്റെ അഭിമാനഭാജനങ്ങൾ നിരവധി പേരുണ്ട്. കേരള രാഷ്ട്രീയത്തിലെ അതികായനായ സ്വാതന്ത്ര്യസമരസേനാനിയുമായിരുന്ന ശ്രീ. പി.റ്റി. ചാക്കോയുടെ ജന്മദേശം വാഴൂരാണ്.

മതംമാറി ജോസഫൈൻ എന്ന പേര് സ്വീകരിച്ച ചാത്തുമേനോൻ വാഴൂരിന് മറക്കാൻ കഴിയാത്ത വ്യക്തിയാണ്. ബൈബിളിന് ആദ്യമായി മലയാള പരിഭാഷ എഴുതിയത് അദ്ദേഹമാണ്. ജോസഫൈന്റെ 'അജ്ഞാനകൂടാരം' എന്ന കൃതിയെപ്പറ്റി ഉള്ളൂരിന്റെ കേരള സാഹിത്യചരിത്രത്തിൽ പരാമർശിക്കുന്നുണ്ട്. ചാത്തുമേനോന്റെ പിൻഗാമികളാണ് ഇപ്പോഴത്തെ തോപ്പിൽ കുടുംബക്കാർ.

വാഴൂരിൽ ഗ്രന്ഥശാലകളും, വായനശാലകളും, പ്രവർത്തിക്കുന്നുണ്ട്. ഗ്രന്ഥശാലകളിൽ പഞ്ചായത്തിലെ യുവജനങ്ങളിൽ നല്ല ശതമാനം അംഗങ്ങളാണ്. വായനശാലകളിൽ ദിനപത്രങ്ങളും മാസികകളും, ആഴ്ചപ്പതിപ്പുകളും ഇവിടെ വായനക്കായി ലഭിക്കുന്നു.

സ്ത്രീകൾക്കുമാത്രമായി വായനശാലകളോ ഗ്രന്ഥശാലകളോ നമ്മുടെ പഞ്ചായത്തിൽ ഇല്ല. സ്ത്രീകൾക്ക് പൊതുവേ വായനാശീലം കുറവാണ്. സമയക്കുറവും സൗകര്യക്കുറവും കാരണമാകാം.

ചട്ടമ്പിസ്വാമികളുടെ ശിഷ്യനായിരുന്ന തീർത്ഥപാദസ്വാമികളാൽ സ്ഥാപിതമായ തീർത്ഥപാദാശ്രമം ഈ പഞ്ചാത്തിലാണ്. ആശ്രമം സ്തിതിചെയ്യുന്ന പ്രദേശത്തിന് തീർത്ഥപാദപുരമെന്നും പേർ പറയുന്നു. ആശ്രമത്തോട് ചേർന്ന് ശിവക്ഷേത്രവും സുബ്രഹ്മണ്യക്ഷേത്രവും ഉണ്ട്. ഷഷ്ഠി നാളിൽ വ്രതാനുഷ്ടാനങ്ങളോടെ ധാരാളം ഭക്തജനങ്ങൾ ഇവിടെ എത്താറുണ്ട്.

കുട്ടികളുടെ കലാപരമായ വാസനകളെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി, കൊടുങ്ങൂർ ദേവിക്ഷേത്രത്തോട് ചേർന്ന് 'യുവപ്രതിഭ' ക്ലബ് പ്രവർത്തിക്കുന്നുണ്ട്. ശനി, ഞായർ ദിവസങ്ങളിൽ സംഗീതം, നൃത്തം, മൃദംഗം., തബല മുതലായവയിൽ പ്രാഗത്ഭ്യം നേടിയവർ ഇവിടെ ക്ലാസ്സുകൾ നടത്തുന്നുണ്ട്.

എച്ച്.വൈ.എം.എ., വൈ.എം.എ., ശാസ്ത്രസാഹിത്യ പരിഷത്ത് തുടങ്ങിയ സന്നദ്ധ സംഘടനകൾ വാഴൂരിൽ പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, ഊർജ്ജം തുടങ്ങിയ മേഖലകളിൽ പരിഷത് പ്രവർത്തനം പ്രശംസനീയമാണ്. സാസ്കാരിക, ആരോഗ്യരംഗങ്ങളിൽ എച്ച്.വൈ.എം.എ., വൈ.എം.എ. തുടങ്ങിയ സംഘടനകളുടെ പ്രവർത്തനം എടുത്തു പറയാവുന്നതാണ്.

ഉപഭോക്തൃ സംരക്ഷണ സമിതിയും ഒരു പരിധിവരെ ജനസേവനം നടത്തുന്നുണ്ട്.

എല്ലാമതത്തിലും പെട്ട ആരാധനാലയങ്ങൾ ഇവിടെ ഉണ്ട്. മുസ്ലിം ദേവാലയവും ഇവിടെ ഉണ്ട്. കൊടുങ്ങൂർ ദേവി ക്ഷേത്രത്തിലെ പൂരം ഉത്സവത്തോടനുബന്ധിച്ച് കഥകളി, നൃത്തം, മുതലായ കലാപരിപാടികളും ചാക്യാർ കൂത്ത് പോലുള്ള ക്ഷേത്രകലകളും നടത്താറുണ്ട്. പുളിക്കൽ കവലയിലുള്ള സെൻറ് പീറ്റേഴ്സ് ദേവാലയത്തിലെ പെരുനാൾ വളരെ പ്രസിദ്ധമാണ്. ഒരു മാസം നീണ്ടുനിൽക്കുന്ന പെരുനാളിന് നാടിന്റെ നാനാഭാഗങ്ങളിൽ നിന്ന് ജാതിമതഭേദമെന്യേ ആളുകൾ

പങ്കെടുക്കാറുണ്ട്. ആന്ധ്ര, കർണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് ശബരിമലയ്ക്കുള്ള തീർത്ഥാടകർ ഈ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ താവളമടിക്കുക പതിവാണ്. കേരളത്തിലെ പ്രാചീന ആരാധന കേന്ദ്രങ്ങളും, പ്രകൃതി സംരക്ഷണത്തിന്റെ പ്രതീകങ്ങളുമായിരുന്ന കാവുകൾ ഇന്നും വാഴൂരിന്റെ പലഭാഗത്തും കാണാം.

ഒരു പഞ്ചായത്ത് പബ്ലിക് ലൈബ്രറി കൊടുങ്ങൂരിൽ പ്രവർത്തിക്കുന്നുണ്ട്. കുറെ അധികം പുസ്തകങ്ങൾ ഉണ്ടെങ്കിലും, ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഉയരുവാൻ കഴിഞ്ഞിട്ടില്ല. ഇതിനെ മുഴുവൻ സമയം പ്രവർത്തിക്കുന്ന ഒരു സാംസ്കാരിക കേന്ദ്രമാക്കി മാറ്റേണ്ടതുണ്ട്.

വാഴൂർ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാല കന്നുകുഴിയിൽ 1949-ൽ ശ്രീ. പി.ടി. ചാക്കോയുടെ നേതൃത്വത്തിൽ സ്ഥാപിച്ചതാണ്. നല്ല ഒരു വായനക്കാരനായിരുന്ന അദ്ദേഹം കോട്ടയത്തെ എൻ.ബി.എസ്. സ്ഥാപിക്കുന്നതിന് നേതൃത്വം കൊടുത്തത്.

അദ്ദേഹത്തിന്റെ മരണശേഷം 1965 ഓഗസ്റ്റ് 1-ാം തീയതി റെജി നമ്പർ കെ.10/65 ആയി പി.ടി. ചാക്കോ മെമ്മോറിയൽ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് ചാമംപതാലിൽ പ്രവർത്തിച്ചുവരുന്നു.

ഗ്രാമസഭകളിൽ നിന്ന് ചില നിർദ്ദേശങ്ങൾ

1. നിലവിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പുതിയവ തുടങ്ങുകയും വേണം.
2. കലാകായിക പരിശീലനത്തിന് വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കുക.
3. എല്ലാവിധ കായിക പരിശീലനവും, മത്സരങ്ങളും നടത്താൻ ഉതകുന്ന ഒരു സ്റ്റേഡിയം ഉണ്ടാക്കുക.
4. വനിതകൾക്കു മാത്രമായി വായനശാലകൾ ഓരോ വാർഡിലും ഉണ്ടാക്കുക.
5. സാംസ്കാരിക മൂല്യം വളർത്താൻ സഹായിക്കുന്ന ഫിലിം പ്രദർശനങ്ങൾ വാർഡുകൾ തോറും നടത്തുക.
6. മനുഷ്യവികാരങ്ങളെ ചൂഷണം ചെയ്യുന്ന വിലകുറഞ്ഞ പ്രസിദ്ധീകരണങ്ങളെയും, പൈങ്കിളി സാഹിത്യത്തിന്റെ അതിപ്രസരണത്തേയും, തടയുന്നത് ജനങ്ങളെ ബോധവത്കരിക്കുക.
7. മദ്യം, മയക്കുമരുന്ന് മുതലായവയെ സംഘടിതമായി ചെറുക്കുക.
8. അനാവശ്യമായ ആഡംബരഭ്രമത്തിനെതിരെ ജനങ്ങളെ ബോധവത്കരിക്കുക.
9. അശ്ലീല ചിത്രങ്ങളിലൂടെയും, പരസ്യമോഡലുകളിലൂടെയും സ്ത്രീകളെ അവഹേളിക്കുന്നതിനെതിരെ ശക്തമായി പ്രതികരിക്കുക.
10. ഉന്നതമായ സാംസ്കാരിക സാന്മാർഗിക, മൂല്യങ്ങളെക്കുറിച്ച് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
11. പഞ്ചായത്ത് പബ്ലിക് ലൈബ്രറി ഒരു സാംസ്കാരിക കേന്ദ്രമാക്കി മാറ്റണം.

വാഴൂർ പഞ്ചായത്തിൽ നിലവിലുള്ള സാംസ്കാരിക കേന്ദ്രങ്ങൾ സംഘടനകൾ ഗ്രന്ഥശാലകൾ

വാർഡ്	ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേരും മേൽവിലാസവും	രജി. നമ്പർ	സ്ഥാപിച്ച വർഷം
2	1	ദി നോവൽറ്റി ക്ലബ്ബ് വാഴൂർ	936	1965
2	2	യംഗ് മെൻസ് ക്ലബ്ബ് 17-ാം മൈൽ പി.ടി. ചാക്കോ മെമ്മോറിയൽ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് ചാമംപതാൽ	കെ10/65	
10		കർഷക ഗ്രന്ഥശാലാ കന്നുകുഴി എൻ.ജി.പി.എം. തീർത്ഥപാദപുരം		
6		പഞ്ചായത്തു പബ്ലിക് ലൈബ്രറി ജനതാ ക്ലബ്ബ്	4856	1962
		ഗ്രാമോദ്ധാരണ ക്ലബ്ബ് റീഡിംഗ് റൂം	2515	1958

വനിത



ഭാരത സ്ത്രീകൾക്ക് ഉന്നതമായ സ്ഥാനം നൽകിയിരുന്നു. എങ്കിലും അവർ സർവ്വ സ്വതന്ത്രമായിരുന്നില്ല. ചരിത്രത്തിന്റെ തേരോട്ടത്തിൽ അവർക്ക് ആ ഉന്നത സ്ഥാനവും ഏവിടെയോ നഷ്ടപ്പെട്ടു. 21-ാം നൂറ്റാണ്ടിലേക്ക് ഇനി ഏതാനും വർഷങ്ങൾ മാത്രം. എങ്കിലും സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളും സ്ത്രീപീഡനങ്ങളും വർദ്ധിച്ചു വരുന്നതായിട്ടാണ് കാണുന്നത്. ഇതിനെതിരെ പ്രതികരിക്കേണ്ട സ്ത്രീകൾ സജീവമായി പൊതുരംഗത്തിറങ്ങാതെ അകത്തളങ്ങളിൽ ഒതുങ്ങിക്കൂടുകയാണ്. പുരോഗമന പ്രസ്ഥാനങ്ങൾക്ക് ഏറെ സ്വാധീനമുള്ള കേരളത്തിലും വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലൊഴികെ സ്ത്രീകളുടെ സജീവ പങ്കാളിത്തം ഇല്ല. സ്ത്രീസമത്വം ശബ്ദഘോഷങ്ങളിൽ മാത്രം ഒതുങ്ങുന്നു. അത് ഇന്നും ഒരു മരീചികമാത്രം ആണ്.

ഇന്ത്യൻ പാർലമെൻറിൽ വനിതകളുടെ പ്രാതിനിധ്യം 8 ശതമാനത്തിൽ നിയമസഭയിലെ ഇതുവരെ ഉണ്ടായിട്ടില്ല. നമ്മുടെ നിയമസഭയിലെ 141 അംഗങ്ങളിൽ 10 ൽ കൂടുതൽ സ്ത്രീകൾ ഉണ്ടായിട്ടില്ല. സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന കേരളത്തിൽ സ്ത്രീകൾക്ക്, അവഹേളനത്തിന്റേയും ദുരിതങ്ങളുടെയും, പീഡനത്തിന്റേയും നീണ്ട പട്ടിക നിരാത്താനുണ്ട്.

1991- ലെ സെൻസസ് അനുസരിച്ച് വാഴൂരിൽ സ്ത്രീകളുടെ എണ്ണം കൂടുതലാണ്. ഇവിടെ സ്ത്രീകൾ വിദ്യാഭ്യാസ ുരമായും തൊഴിൽ പരമായും സാമൂഹ്യ പരമായും പന്നോക്കം നിന്നിരുന്ന കാലമുണ്ടായിരുന്നു. ഇപ്പോൾ സ്ഥിതി മാറിയിട്ടുണ്ട്. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളുടെ എണ്ണംആശാവഹമായി കൂടിയിട്ടുണ്ട്. ഇടത്തരക്കാരായും സ്ത്രീകൾ പ്രധാനമായും വീട് ഭരണവും, ചെറിയ കൃഷികാര്യങ്ങളും, ആയി കഴിയുന്നവരാണ്. വാഴൂർ പഞ്ചായത്തിലെ 10 വാർഡിുകളിൽ 4 എണ്ണത്തിൽ വനിതാമെംബർമാരാണ്. പഞ്ചായത്ത് പ്രസിഡൻറ് വനിതയാണ്. രാഷ്ട്രീയരംഗത്ത് സ്ത്രീൾ മുമ്പന്തിയിൽ വളരെകുറവാണ്. പല മഹിള സംഘടനകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും, പൊതുരംഗങ്ങളിൽ സ്ത്രീകളുടെ നേതൃത്വം ഉറപ്പുവരുത്താൻ ഇവകാര്യമായി ഒന്നും ചെയ്യുന്നില്ല. ഭൂരിപക്ഷം സ്ത്രീകളും വീടിനുള്ളിൽ ഒതുങ്ങിക്കഴിയാൻ ഇഷ്ടപ്പെടുന്നവരാണ്. പൊതുരംഗങ്ങളിൽ പ്രവർത്തിക്കുന്നത് നമ്മുടെ സംസ്കാരത്തിന് യോജിച്ചതല്ലെന്ന് വിശ്വസിക്കുന്നവരുണ്ട്. എല്ലാരംഗങ്ങളിലും വനിതകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും, അവരെ സജീവമായി രംഗത്തു കൊണ്ടുവരുന്നതിനും, ഇവിടെ വനിതാ സംഗമങ്ങളും, അയൽക്കൂട്ടങ്ങളും, നടത്തിയിട്ടുണ്ട്.

വിദ്യാഭ്യാസരംഗം

അഖിലേന്ത്യാടിസ്ഥാനത്തിൽ സ്ത്രീയുടെ സാക്ഷരതാ നിരക്ക് 39.29 ശതമാനവും കേരളത്തിൽ 75.25 ശതമാനവും ആണ്. വാഴൂരിൽ സാക്ഷരതയിൽ സ്ത്രീകൾ മുൻപന്തിയിൽ തന്നെയാണ്. പക്ഷേ ഉന്നതവിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ കുറവാണ്. ഒരു കോളേജ് ഉൾപ്പെടെ വാഴൂരിൽ 15 വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ട്. സ്ക്കൂളുകളിൽ അദ്ധ്യാപകരിൽ സ്ത്രീകളാണ് കൂടുതൽ. കോളേജിൽ 80 അദ്ധ്യാപകരിൽ 20 പേർ മാത്രമാണ് വനിതകൾ വനിതകൾക്കുമാത്രമായി വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നും വാഴൂരിൽ ഇല്ല. എന്നാൽ വാഴൂരിലെ ആദ്യത്തെ വിദ്യാലയം പെൺകുട്ടികൾക്കു വേണ്ടിമാത്രമുള്ളതായിരുന്നു. എന്നറിയുമ്പോൾ അക്കാലത്ത് സ്ത്രീവിദ്യാഭ്യാസത്തിന് സമൂഹം കൊടുത്തിരുന്ന പ്രാധാന്യം വ്യക്തമാകുന്നു. പ്രാഥമിക വിദ്യാഭ്യാസം മിക്കവാറും എല്ലാ സ്ത്രീകൾക്കും ലഭിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട നിരക്ഷരർ ഉണ്ടായിരുന്നെങ്കിലും, സാക്ഷരതാ പ്രവർത്തനങ്ങളോടുകൂടി അവരും സാക്ഷരതായി. ഇവിടെ കുട്ടികളുടെ വിദ്യാഭ്യാസകരങ്ങളിൽ അമ്മമാരാണ് കൂടുതൽ ശ്രദ്ധിക്കുന്നതും, താത്പര്യം കാണിക്കുന്നത് സ്കൂളുകളിൽ മാതൃസംഗമങ്ങൾ നടക്കുമ്പോഴും, പഞ്ചായത്തിൽ വിജ്ഞാ

നോത്സവങ്ങൾ നടത്തുമ്പോഴും, ഇത് വളരെ പ്രകടമായി കാണാൻ കഴിയും 3 ഹൈസ്ക്കൂളുകൾ പ്രധാന അദ്ധ്യാപകർ മുന്നിലും വായനാശീലം വളർത്തവാനും പൊതു വിജ്ഞാനം നേടാനും വനിതകൾക്കായി വായന ശാലകളോ, വായനാ കേന്ദ്രങ്ങളോഇല്ല.

തൊഴിൽ രംഗം

തൊഴിൽ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം അഖിലേന്ത്യാടിസ്ഥാനത്തിൽ 22.23 ശതമാനവും കേരളത്തിൽ 15.85 ശതമാനവുമാണ്. വാഴൂരിൽ വിദ്യാഭ്യാസരംഗം കഴിഞ്ഞാൽ ആരോഗ്യരംഗത്താണ് വനിതകൾ കൂടുതലും ജോലിചെയ്യുന്നത്. മറ്റു മേഖലകളിൽ വനിതാപങ്കാളിത്തം വളരെ കുറവാണ്. പൊതുവെ തൊഴിൽ മേഖല പുരുഷന്മാരുടെ കുത്തകയാണെന്ന ധാരണ സ്ത്രീകൾക്കുണ്ട്. തങ്ങൾ അവിടെ ശോഭിക്കുകയില്ലെന്ന വിശ്വാസവും, ആത്മധൈര്യക്കുറവുമാണ് സ്ത്രീകളെ ആ രംഗത്ത് നിന്ന് പിൻതിരിപ്പിക്കുന്നത്. ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുക്കുവാനുള്ള വിമുക്തതയും കാരണമാകാം. ആത്മാർത്ഥതയും അർപ്പണബോധവധവ ക്ഷമയും പുരുഷന്മാരെക്കാൾ സ്ത്രീകൾക്ക് കൂടുതലുണ്ട്. പക്ഷേ ആത്മവിശ്വാസം കുറവാണ്. ധാർമ്മികമായ പിന്തുണ സമൂഹത്തിൽ നിന്ന് കിട്ടുന്നില്ല.

സ്ത്രീതൊഴിലാളികളിൽ ഭൂരിഭാഗവും, കർഷക തൊഴിലിലും നിർമ്മാണ തൊഴിലിലും ഏർപ്പെട്ടിരിക്കുന്നു. ചുരുക്കം ചിലർ മത്സ്യ വിപണനം കൊണ്ട് ഉപജീവനം കഴിക്കുന്നുണ്ട്. വനിതകളുടേതുമാത്രമായി DWDRA യുടെ സഹായത്താൽ 'മധുരിമ' എന്നപേരിൽ ഒരു സ്ഥാപനം 17-ാം റെമലിൽ പ്രവർത്തിക്കുന്നുണ്ട്. പാൽ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഈ സ്ഥാപനത്തിൽ അഞ്ച് സ്ത്രീകൾ ജോലിചെയ്യുന്നു. 'മംഗല്യ' എന്ന ഒരു വനിതാ സഹകരണസംഘം ഉണ്ടായിരുന്നത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

18-ാം റെമലിൽ ''വാഴൂർ ബ്ലോക്ക് വനിതാ സഹകരണസംഘം '' പ്രവർത്തിക്കുന്നുണ്ട്''. ഒരു സെയിത്സ്ഗേൾ മാത്രമാണ് അവിടെ ജോലിചെയ്യുന്നത്. കൂടാതെ ഐ.ആർ. ഡി. പിയിൽ നിന്ന് വായ്പ എടുത്ത് പശുകൃഷിയും, തയ്യൽ ക്ലാസ്സും നടത്തുന്നവർ ഉണ്ട്. പുതിയ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് മുന്നോട്ട് വരാൻ ധാരാളം സ്ത്രീകൾ തയ്യാറാണ്. പക്ഷേ സാമ്പത്തിക സഹായവും, സാങ്കേതിക ഉപദേശവും ഇവർക്ക് ആവശ്യമാണ്. 50 വനിതകൾക്ക് ജോലിസാദ്ധ്യതയുള്ള ഖാദിബോർഡിന്റെ ഒരു ചർക്കാ യൂണിറ്റ് ഈ പഞ്ചായത്തിലുള്ള മിനിസ്റ്റേഡിയത്തിൽ സ്ഥാപിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

കാർഷികരംഗം

കാർഷികരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. മുൻപ് ഇടത്തരക്കാരായ സ്ത്രീകളുടെ പ്രധാന ജോലി കൃഷിയായിരുന്നു. വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ, കപ്പ മുതലായവ കൃഷിചെയ്തിരുന്നത് സ്ത്രീകളായിരുന്നു. ഇപ്പോൾ കാർഷിക ഉല്പന്നങ്ങൾ കമ്പോളങ്ങളിൽ നിന്ന് വില കൊടുത്തുവാങ്ങുന്നഒരു സംസ്കാരമാണ് ഉള്ളത്. കാർഷിക രംഗത്ത് സാധ്യതകളേറെയുണ്ടെങ്കിലും സ്ത്രീകൾക്ക് കാര്യമായി ഒന്നും ചെയ്യുവാൻ കഴിയുന്നില്ല. റബ്ബർകൃഷി അധികമായതോടെ ചെറുകിട കൃഷിക്ക് യോജിച്ച ഭൂമി വളരെ കുറവാണ്.

ആരോഗ്യ രംഗം.

സ്ത്രീകൾക്കുമാത്രമായി ആരോഗ്യകേന്ദ്രങ്ങൾ കുറവാണ്. 3 പ്രൈമറി, ഹെൽത്ത് സബ്സന്ററുകൾ ഉണ്ട്. എങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വ്യക്തിശുചിത്വവും, പരിസര ശുചിത്വും ഈരോഗ്യത്തിന് ആവശ്യമാണെന്നുള്ള സാമാന്യ ബോധം ഇല്ലാത്ത ഒരു ന്യൂനപക്ഷമെങ്കിലും ഇവിടെ ഉണ്ട്. അംഗൻവാടികൾ ഉണ്ടെങ്കിലും പ്രവർത്തനം ശുഷ്കമാണ്. താഴെക്കിടയിലുള്ള സ്ത്രീകൾ പോഷകാഹാരക്കുറവുകൊണ്ട് അനാരോഗ്യം ബാധിച്ചവരാണ്. കുടിവെള്ള ക്ഷാമം ആരോഗ്യരംഗത്തെ ഒരു പ്രധാന പ്രശ്നമാണ്. ഇവിടെ ഉള്ള ആശുപത്രികളിൽ സ്ത്രീരോഗ വിദഗ്ധർ ഇല്ല. ആരോഗ്യത്തെക്കുറിച്ച് സ്ത്രീകൾ ബോധവതികളായില്ലെങ്കിൽ വരും തലമുറയാണ് അത് ബാധിക്കുക. ശിശു സംരക്ഷണത്തിന്റെ പ്രാഥമിക ഹാരങ്ങൾ പലർക്കും അറിയില്ല. ശിശുസംരക്ഷണകേന്ദ്രങ്ങൾ ഇവിടെ ഇല്ല.

സാംസ്ക്കാരിക രംഗം

സാംകാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. സ്ത്രീകൾ അധികവും വായനാശീലമുള്ളവരാണ്. വായനാശാലയുടെയും, ബോധവല്ക്കരണത്തിലൂടെയും മാത്രമേ സ്ത്രീകൾക്ക് സാംസ്ക്കാരിക വളർച്ച ഉണ്ടാവുകയുള്ളു. ഇവിടെ സ്ത്രീകൾക്കു മാത്രമായി വായനശാലകളോ, പഠനകേന്ദ്രങ്ങളോ ഇല്ല പരിഷ്കാരത്തിന്റെ ഉന്നതങ്ങളിൽ എത്തിനിൽക്കുന്ന ഈ നൂറ്റാണ്ടിൽ ആണ് സ്ത്രീകൾ ഏറ്റവും കൂടുതൽ അവഹേളിക്കപ്പെടുന്നത്. സ്ത്രീധനത്തിന്റെ പേരിലും, പുരുഷന്മാരുടെ മദ്യപാനം മൂലവും, പീഢനങ്ങൾ ഏൽക്കേണ്ടിവരുന്ന സ്ത്രീകൾ നമ്മുടെ പഞ്ചായത്തിൽ വിരളമല്ല. ഇവിടെ സ്ത്രീകളിൽ ഒരു വിഭാഗം മന്ത്രവാദത്തിലും ദുരാചാരങ്ങളിലും വിശ്വസി

ച്ചിരുന്ന കാലമുണ്ടായിരുന്നു. പ്രസവവേദന തുടങ്ങുമ്പോൾ വൈദ്യനെ വിളിക്കാതെ വെളിച്ചപ്പാടിനേയും മന്ത്രവാദിയേയും വരുത്തി പല ദുഷ്ക്കർമ്മങ്ങളും ചെയ്തിച്ചിരുന്നു. ഗർഭകാലത്തോടെ മരിക്കുന്ന സ്ത്രീകളുടെ സംഖ്യ അന്ന് വളരെ കൂടുതലായിരുന്നു.

ഇവിടെ 6-ാം വാർഡിൽ പ്രിയദർശനി എന്നപേരിൽ ഒരു വർക്കിന് വിമൻസ്ഹോസ്റ്റൽ പ്രവർത്തിച്ചിരുന്നു. വാഴൂർ ബ്ലോക്കിലെ 35 മഹിള സമാജങ്ങളുടെ പ്രസിഡൻറുമാരും സെക്രട്ടറിമാരും ഉൾപ്പെടുന്ന ഒരു ഭരണസമിതി ആണ് ഈ ഹോസ്റ്റൽ നടത്തിയിരുന്നത്. ബ്ലോക്കു തലത്തിൽ പ്രവർത്തിക്കുന്ന 7 മഹിളാസംഘടനകൾ ഇവിടെയുണ്ട്. പക്ഷേ പ്രവർത്തനം തൃപ്തികരമല്ല. പ്രിയദർശിനി ഹോസ്റ്റൽ ഇന്ന് ഭരണസമിതിയുടെ ഉൾപ്പോരും, കെടുകാര്യസ്ഥതയും കാരണം ഇന്ന് ഈ സ്ഥാപനം പ്രവർത്തിക്കിന്നില്ല.

അമിതമായ ആഡംബരഭ്രമവും, സാമ്പത്തിക ശേഷികണക്കിലെടുക്കാതെ ഉപഭോഗവസ്തുക്കൾ ആവശ്യത്തിനും അനാവശ്യത്തിനും വാങ്ങിക്കൂട്ടുന്ന ശീലവും സ്ത്രീകൾ ഉപേക്ഷിക്കണം.

പ്രശ്നങ്ങൾ

1. തൊഴിൽ രംഗങ്ങളിൽ വനിതകൾക്ക് പ്രാതിനിധ്യം കുറവാണ്.
2. പൊതുരംഗങ്ങളിൽ സ്ത്രീകൾ സജീവമായി മുമ്പോട്ട് വരുന്നില്ല. നേതൃത്വ പരമായി ഉയരുവാൻ അവർക്കു സാധിക്കുന്നില്ല.
3. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര സാങ്കേതിക പരിജ്ഞാനംമോ ഉപദേശമോ ലഭിക്കുന്നില്ല.
4. സാമ്പത്തിക ഞെരുക്കം പുതിയ തൊഴിൽ സംരംഭങ്ങൾക്ക് തടസ്സമാണ്. സാമ്പത്തിക സഹായം എങ്ങനെ കിട്ടുമെന്നുള്ള കാര്യങ്ങളിലും സ്ത്രീകൾ അജ്ഞരാണ്.
5. തുല്യ ജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.
6. സ്വയം തൊഴിൽ രംഗത്ത് സർക്കാർ സഹായ പദ്ധതികൾ എന്തെക്കെയുണ്ട്, അവ എങ്ങനെ നേടിയെടുക്കാം എന്നറിയില്ല.
7. സ്ത്രീകളുടെ പ്രശ്നങ്ങൾ തുറന്ന് ചർച്ച ചെയ്യുവാൻ ഒരു വേദി ഇല്ല.
8. ആരോഗ്യം, ശുചിത്വം ശിശുസംരക്ഷണം തുടങ്ങിയവയിലുള്ള ശാസ്ത്രീയമായ അറിവില്ലായ്മ ഒരു പ്രധാന പ്രശ്നം ആണ്.
9. ശിശുസംരക്ഷ കേന്ദ്രങ്ങൾ ആവശ്യത്തിനില്ല.

പരിഹാര നിർദ്ദേശങ്ങൾ

ഗ്രാമസഭയിൽ ഉയർന്നുവന്ന ചില നിരദ്ദേശങ്ങൾ.

1. ഉല്പാദനപരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കുവേണ്ടി സംഘടിപ്പിക്കുക.
   ഉദാ: അച്ചാറു പൊടികൾ, കറിപൗഡറുകൾ, അച്ചാറുകൾ തുടങ്ങിയവ ഉണ്ടാക്കാൻ സ്ത്രീകളുടെ ചെറിയ യൂണിറ്റുകൾ വാർഡുകളകൾ തുടങ്ങുക.
2. വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം മുതലായ മേഖലകളിൽ സ്ത്രീക്കളെ ബോധവൽക്കരിക്കുക. അയൽക്കൂട്ടം, മാതൃസംഗമം തുടങ്ങിയ വാർഡുതോറും സംഘടിപ്പിക്കു.
3. ആത്മവിശ്വാസവും, ആത്മധൈര്യവും ഉണ്ടാക്കാൻ കൗൺസിലിംഗ് സെൻററുകൾ ആരംഭിക്കുക. പഞ്ചായത്തിൽ ഒരു സെൻറർ മതിയാകും.
4. വനിതകളുടെ സംരക്ഷണത്തിന് നിയമോപദേശവും സഹായങ്ങളും ലഭ്യമാക്കണം,.
5. സ്ക്കൂൾ ലൈബ്രറികളും വായനശാലകളും സ്തീകൾക്കുമാത്രമായി ഉപയോഗിക്കാൻ സൗകര്യം ഉണ്ടാക്കുക.
6. ആരോഗ്യം, ശുചിത്വം,. ശിശുസംരക്ഷണം മുതലായവയിൽ വിദഗ്ദ്ധരുടെ ഉപദേശം ലഭ്യമാക്കണം.
7. റെഡിമെയ്ഡ് ഉല്പന്നങ്ങൾ ഉണ്ടാക്കുവാനും വിൽക്കുന്നതിനുമായി ചെറിയ യൂണിറ്റുകൾ തുടങ്ങുക.
8. 5-ാം വാർഡിലെ സോപ്പ് ഫാക്ടറിയിൽ നിർമ്മിക്കപ്പെടുന്ന സോപ്പുകൾ വീടുകൾ തോറും വിതരണം ചെയ്യുന്നതിന് സ്ത്രീകളെ ഏല്പിക്കുക.
9. വനിതകളുടെ ഒരു സഹകരണ സംഘം ഉണ്ടാക്കുക. പഞ്ചായത്തിലെ സ്ക്കൂളുകൾക്കു് ആവശ്യമായ ബുക്കുകൾ ബയൻറ് ചെയ്യുന്നതിനും യൂണിഫോറങ്ങൾ തയ്ച്ച് കൊടുക്കുന്നതിനും ഈ സൊസൈറ്റിയെ ഏൽപ്പിക്കാവുന്നതാണ്.
10. പാവപ്പെട്ട സ്ത്രീകൾക്ക് വിവാഹ ധനസഹായം നൽകണം.
11. തൊഴിൽ രംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകളുടെ കുട്ടികൾക്കുവേണ്ടി ശിശുപരിരക്ഷണ കേന്ദ്രം (crush) ഉണ്ടാക്കണം.
12. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ എതിർക്കുന്നതിനുവേണ്ടി സംഘടിക്കുക.
13. ആവശ്യമായ കാര്യങ്ങളിൽ നിയമോപദേശം ലഭ്യമാക്കുക.
14. സ്ത്രീകളെ പരസ്യമോഡലുകൾ ആക്കുന്നതിനെ എതിർക്കുക.
15. ബഹുജന സംഘടനകളിൽ വനിതാ പങ്കാളിത്തം

*

പട്ടികജാതി വർഗ്ഗക്ഷേമം

പട്ടികജാതി വർഗ്ഗക്ഷേമത്തിന്റെ അവകാശവാദം മുഴക്കി നേട്ടങ്ങളുടെ പിതൃത്വം ഏറ്റെടുക്കുവാൻ മത്സരിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലോ. പ്രധാന കഥാകൃത്തുക്കളുമായി ബന്ധമില്ലാതെ അനുവാചക മനസ്സുകളിൽ വിരസത ഉണ്ടാക്കാതിരിക്കാൻ തിരുകികയറ്റുന്ന ചില ഹാസ്യപ്രകടനങ്ങൾ സിനിമയിലും മറ്റു കഥകളിലുമൊക്കെ കാണുവാൻ കഴിയുന്നുണ്ട്. അതുപോലെ തന്നെയാണ് പട്ടികജാതി വർഗ്ഗക്ഷേമം.

അടിസ്ഥാനപരമായ ലക്ഷ്യബോധമില്ലാതെ, ആസൂത്രണങ്ങളുടെ വ്യക്തമായ കാഴ്ചപ്പാടുകളില്ലാതെ ഭരണഘടനാപരമായ നിയമങ്ങൾക്ക് വഴിപ്പെടാതെ പട്ടികജാതി വിഭാഗങ്ങൾക്ക് എല്ലാ നേട്ടങ്ങളും ചെയ്തുകൊടുത്തതും കൊടുക്കുന്നതും ഞങ്ങളാണെന്നുള്ള വിശ്വാസം ഈ വിഭാഗങ്ങൾക്ക് ഉണ്ടാക്കി കൊടുക്കുവാനുള്ള ശ്രമം മാത്രമാണു ഇതുവരെ നടന്നിട്ടുള്ളു.

പട്ടികജാതി വിഭാഗങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ ഒരുകുഴൽ കിണറോ, ഒരു ടാറിംഗോ നടത്തിയാൽ ക്ഷേമ പ്രവർത്തനമായി എന്ന ധാരണയിലാണ് നാളിതുവരെയും ഭരണാധികാരികൾ ചെയ്തുവരുന്നത്. ഇന്ത്യയിലെ മേൽജാതി സമൂഹങ്ങളോടുമായി മല്ലടിച്ചുകൊണ്ട് ബ്രിട്ടിഷുകാരിൽ നിന്നും നേടിയെടുത്ത കമ്മ്യൂനൽ അവാർഡിലൂടെ (സാമുദായിക സംവരണം) യാണ് ഈ വിഭാഗത്തിന്റെ മോചനത്തിനുവേണ്ടി ഡോ. അംബേദ്കർ ശ്രദ്ധിച്ചത്.

1930ലെ കമ്മ്യൂണിയർ അവാർഡും 1932-ലെ പൂനാപാക്ടും സമന്വയിപ്പിച്ചുകൊണ്ടാണ് ഇന്ത്യൻ ഭരണഘടനയിൽ ഈ വിഭാഗങ്ങൾക്കായി ഓരോ വകുപ്പുകൾ എഴുതി ചേർത്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലുള്ള ക്ഷേമപ്രവർത്തനങ്ങൾ മാത്രമാണ് പേരിനെങ്കിലും നടന്നു വരുന്നത്. ഭരണഘടനയിൽ പറയുന്ന 46 എന്ന ആർട്ടിക്കിൾ ഉണ്ടായില്ലായിരുന്നുവെങ്കിൽ ഈ വിഭാഗത്തെക്കുറിച്ചു ആർക്കെങ്കിലും ചിന്തിക്കാനാവുമായിരുന്നോ?

സ്വതന്ത്ര ഭാരതത്തിന്റെ പിറവി മുതൽ അമ്പത് വർഷം പൂർത്തീകരിച്ച കാലഘട്ടം വരെയും ഭരണഘടനയിലൂടെ ഉറപ്പാക്കിയ സംവരണം മൂലമുള്ള ക്ഷേമപ്രവർത്തനങ്ങൾ മാത്രമേ നടന്നിട്ടുള്ളു.

നൂറ്റാണ്ടുകളായി നിലനിന്നിരുന്ന സാമൂഹ്യ അനാചാരത്തിനു അല്പമെങ്കിലും ശമനമുണ്ടായത് 1936-ലെ ക്ഷേത്രപ്രവേശന വിളംബരം, വൈക്കം സത്യാഗ്രഹ സമരം തുടങ്ങിയവയിലൂടെ മാത്രമാണ്.

തീണ്ടൽ തൊടീൽ തുടങ്ങിയ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എന്നും ഇവർ വിധേയരായിരുന്നു. ഡോ. ബി.ആർ. അംബേദ്കർ, അയ്യൻകാളി, പെയ്കയിൽ ശ്രീകുമാരൻ ഗുരുദേവൻ എന്നിവരുടെ പരിശ്രമവും സമരവും മൂലമാണ് ഈ വിഭാഗത്തിന് ഒട്ടേറെ നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുള്ളത്.

വാഴൂർ ഗ്രാമപഞ്ചായത്തിൽ പ്രധാനമായും 3 അംഗീകൃത കോളനികളാണുള്ളത്. സാമൂഹിക വിദ്യാഭ്യാസ മേഖലകളിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കുന്നതിനു ഈ സമൂഹത്തിനു കഴിഞ്ഞു എങ്കിലും സാമ്പത്തിക മേഖലകളിൽ ഇനിയും മുമ്പോട്ടു കടന്നുവരുവാൻ കഴിഞ്ഞിട്ടില്ല.

വിദ്യാഭ്യാസം

നിരക്ഷരർ കുറവെങ്കിലും വിദ്യാഭ്യാസ രംഗത്തു കാര്യമായ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. എസ്.എസ്.എൽ.സി. മുതൽ പി.ഡി.സി. വരെ പഠനം തുടരുന്നെങ്കിലും തുടർന്നു പഠനത്തിനുള്ള താല്പര്യം പൊതുവിൽ കുറവാണ്. ഈ നില മാറ്റിയെടുക്കുന്നതിനും, എസ്.എസ്.എൽ.സി.യ്ക്ക് മേൽ ഉള്ള വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും

ഈ വിഭാഗങ്ങൾക്കിടയിൽ ബോധവത്കരണം നടത്തേണ്ടതുണ്ട്. സാമ്പത്തിക പിന്നോക്കാവസ്ഥ ഒരു മുഖ്യ പ്രശ്നമായി നിലനില്ക്കുന്നു എന്നതും പ്രശ്നമാണ്. 96-97 അധ്യയന വർഷത്തിൽ 200 പട്ടിക ജാതി കുട്ടികൾ പഠനം നടത്തി വരുന്നുണ്ട്.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കർഷക തൊഴിലാളികളാണ്. ടാപ്പിംഗ് രംഗത്തു പണിയെടുക്കുന്നവരും കൂലിപ്പണിക്കാരുമാണ് കൂടുതൽ. കുട്ട, വട്ടി, പായ തുടങ്ങിയ പരമ്പരാഗത മേഖലകളിൽ തൊഴിൽ ചെയ്തു വന്നവർ ഇപ്പോൾ ചുരുക്കമായേ കാണാറുള്ളു. ചെറുകിട വ്യവസായരംഗത്തേയ്ക്കു ഈ വിഭാഗങ്ങൾ കടന്നുവരുന്നതിനു സഹായകമായി നടപടികൾ സ്വീകരിക്കണം. മറ്റു തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനുധനസഹായം ചെയ്തു കൊടുക്കേണ്ടതായുണ്ട്.

പാർപ്പിടം

ആകെ 350 കുടുംബങ്ങളിൽ 50ൽ പരം കുടുംബങ്ങൾക്കാണ് സ്വന്തമായിവീടില്ലാത്തത്. നെടുമാവ് കോളനിയിലെ 18 പട്ടികജാതി കുടുംബങ്ങൾക്കു പാർപ്പിടം ലഭ്യമാക്കേണ്ടതായുണ്ട്. സർക്കാർ പദ്ധതിപ്രകാരം നിർമ്മിച്ച വീടുകൾക്കു പരിമിതമായ സൗകര്യങ്ങൾ മാത്രമേയുള്ളു. വീടുകൾക്ക് നൽകുന്ന തുകയുടെ അപര്യാപ്തത മൂലം പണി പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന കോളനികളിലെ മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിച്ചു നൽകേണ്ടതായുണ്ട്.

ദളിത് ക്രൈസ്തവർ

ഈവിഭാഗത്തിലൊന്നും പെടാത്ത 2000 ത്തോളം വരുന്ന ദളിത് ക്രൈസ്തവർ ഈ പഞ്ചായത്തിലുണ്ട്. ഇവർക്കും ആനുകൂല്യങ്ങൾ നൽകി സഹായിക്കേണ്ടത് അത്യാവശ്യവുമാണ്.

നടപ്പുപദ്ധതികൾ

1. ഭവന നിർമ്മാണം
2. ഐ.ആർ.ഡി.പി. വായ്പകൾ
3. പട്ടികജാതി വർഗ്ഗ സഹകരണ സംഘങ്ങൾ
4. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുവാനുള്ള സഹായങ്ങൾ.

പട്ടികജാതി കുടുംബങ്ങൾ 350

SC/ST	340/10
ആകെ അംഗങ്ങൾ	1400

പ്രശ്നങ്ങൾ

1. വീടു നിർമ്മിക്കുന്നതിനു നൽകുന്ന ധനസഹായം നിർമ്മാണം പൂർത്തിയാകുന്നതിനു തികയുന്നില്ല.
2. വീടുകൾക്ക് പരിമിതമായ സൗകര്യങ്ങളെ ഉള്ളു.
3. സ്ഥലം സ്വന്തമായി വാങ്ങി വീടുവയ്ക്കുന്നതിന് ധനസഹായം അപര്യാപ്തമാണ്.
4. കുടിവെള്ളവും ആവശ്യത്തിന് വൈദ്യുതിയും ലഭിക്കുന്നില്ല.
5. ശവം മറവുചെയ്യുന്നതിനു ബുദ്ധിമുട്ടുന്നു.
6. വിവിധ ക്ഷേമ പദ്ധതികൾ യഥാസമയം കിട്ടാതെ വരുന്നു.
7. തൊഴിൽ രഹിതരായ യുവതി യുവാക്കൾ കൂടി വരുന്നു.
8. മുഴുവൻ വീടുകളും അറ്റകുറ്റപ്പണികൾ നടത്തേണ്ടതായുണ്ട്.

പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമത്തിനായി ശ്രദ്ധ പതിയേണ്ട നിർദ്ദേശങ്ങളും ഗ്രാമസഭാ നിർദ്ദേശവും

1. ഭവന നിർമ്മാണ സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുളിമുറി, കക്കൂസ്, വൈദ്യുതികരണം, വീടിന്റെ അറ്റകുറ്റപണികൾ എന്നിവയ്ക്കുള്ള സഹായ ധനം നല്കുക.
2. പട്ടികജാതി സെറ്റിൽമെൻറ് കോളനി കേന്ദ്രീകരിച്ചു നേഴ്സറി സ്കൂളുകൾ ആരംഭിക്കുക.
3. പട്ടികജാതി പെൺകുട്ടികൾക്കു സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള സഹകരണ സംഘങ്ങൾക്ക് രൂപം കൊടുക്കണം.
4. കുടിവെള്ള പ്രശ്നം പരിഹരിക്കുക.
5. കൃഷിഭവൻ വഴിയുള്ള സഹായം വർദ്ധിപ്പിക്കുക.
6. ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും സർക്കാർ സർവ്വീസിലോ പൊതുമേഖലാ സ്ഥാപനത്തിലോ ജോലി ലഭ്യമാകുക.
7. പൊതുശ്മശാനം പഞ്ചായത്തുതലത്തിൽ ഉണ്ടാകണം.
8. സ്ത്രീകൾക്കു ആട്, പശു, വളർത്തുന്നതിനു വേണ്ട ധനസഹായം നൽകുക.
9. എരുമത്തല പട്ടികജാതി സെറ്റിൽമെൻറ് കോളനിയിൽ ബാലവാടിയും, അംഗൻവാടിയും സ്ഥാപിക്കുക.
10. എല്ലാ വീടുകൾക്കും വൈദ്യുതി കണക്ഷൻ സൗജന്യനിരക്കിൽ ചെയ്യുക.
11. ആരോഗ്യപരിപാലനത്തിന് കോളനികളിൽ പി. എച്ച്. സെൻററിന്റെ പ്രവർത്തനം വ്യാപിപ്പിക്കുക.

12. വീട്, കക്കൂസ്, കിണറ് എന്നിവയ്ക്ക് അനുവദിക്കുന്ന ഗ്രാൻറ് വർദ്ധിപ്പിക്കുക.
13. അഭ്യസ്ത വിദ്യർക്കു സ്വയംതൊഴിൽ കണ്ടെത്തുന്നതിനു ഉദാരമായ വ്യവസ്ഥയിൽ ബാങ്ക് ലോൺ അനുവദിക്കുക.
14. പഞ്ചായത്തിലെ പട്ടികജാതി വർഗ്ഗ കോളനികളിലേക്കുള്ള റോഡുകൾ തീർത്തും ഗതാഗതയോഗ്യമാക്കുക.
15. പട്ടികജാതി വിഭാഗങ്ങൾക്ക് സമ്മേളിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി കോളനികളിൽ സാംസ്കാരിക നിലയങ്ങളും വായനശാലകളും സ്ഥാപിക്കുക.
16. പുറമ്പോക്ക് നിവാസികളെ പുനരധിവസിപ്പിക്കുക.
17. പന്നകം തോട്ടിൽ ബണ്ട് നിർമ്മിച്ചു തെടുമാവു പുതിയ കോളനിയിൽ വെള്ളം എത്തിക്കുവാൻ സഹായം അനുവദിക്കണം.
18. കാഞ്ഞിരപ്പാറ (എരുമത്തല) പട്ടികജാതി കോളനിയിൽ ടാങ്ക് കെട്ടി പുള്ളോലിക്കൽ കണ്ടത്തിൽ കുളം കുഴിച്ചും വെള്ളം എത്തിക്കുന്നതിന് സഹായം അനുവദിക്കുക.

പട്ടിക 2

ആകെ വിദ്യാർത്ഥികൾ	LP	UP	HS	ആകെ	പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾ							പഠനം നിർത്തിയവർ						
					LP		UP		HS			LP		UP		HS		
					ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആകെ
45—2246 UP—436 LP—996	508	214	1087		18	14	16	20	93	76	237	6	1	2	2	5 9 14	6 4 10	35

പട്ടികജാതി വർഗ്ഗ ക്ഷേമ സാമൂഹ്യം, സംസ്കാരികം

ചേരമർ (പുലയർ), പറയർ, വേലൻ, പരവൻ, അരയൻ, മണ്ണാൻ, തുടങ്ങിയ വിഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ പഞ്ചായത്തിലെ ജനത.

പഞ്ചായത്തിലെ സാമൂഹ്യ വ്യവസ്ഥയെ വിലയിരുത്തുമ്പോൾ ഇന്നും അയിത്തം നിലനില്ക്കുന്നതു കാണുന്നു. അധ:കൃതർ എന്നും അടിമകളായിരിക്കണം എന്ന ചിന്ത അകലാത്തിടത്തോളം കാലം അയിത്തം പലവേഷങ്ങളിൽ നിന്നു സമൂഹത്തിൽ നടമാടും.

പഞ്ചായത്തിൽ ചിലയിടങ്ങളിലായി ജാതി ചേർത്തുപേരു വിളിക്കുന്നതുൾപ്പെടെ ജാതിയമായ വിവേചനവും അതിക്രമങ്ങളും നിലനിലക്കുന്നു.

വിവിധ ഓഫിസുകളിൽ പട്ടിക ജാതി വർഗ്ഗക്കാരുടെ പരാതികൾക്കു വേണ്ട പരിഗണന കിട്ടുന്നില്ല.

ഇവിടെ കോളനികളിലോ പൊതുവായിട്ടോ ദൃശ്യമാധ്യമങ്ങളോ, വായനശാലകളോ, ഗ്രന്ഥശാലകളോ ഇല്ല ഇത് എല്ലാ മേഖലകളിലും കടന്നു വരേണ്ടതായിട്ടുണ്ട്.

കാഞ്ഞിരപാറ പട്ടികജാതി സെറ്റിൽ മെൻറ് കോളനി.

ഇവിടെ ആകെ 35 കുടുംബങ്ങളിലായി ഏകദേശം 100 ഓളം അംഗങ്ങൾ ഉണ്ട് ഇവിടെ ഇനിയും ചില വീടുകൾക്കും ഗ്രാൻറും അനുവദിക്കാനുണ്ട് ഇനിയും 15 ഒളം കുടുംബങ്ങൾക്കും വീടും കക്കൂസും പണിതുകൊടുക്കേണ്ടതായുണ്ട് സാമൂഹ്യസംസ്ക്കാരിക, മതപരമായ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുണ്ട്. 4 പട്ടികജാതി ഉദ്യോഗസ്ഥരും അഭ്യസ്ത വാദ്യരും, സംസ്കാരികമായി ഉയർന്ന നില വാരം പുലർത്തുന്നവരുമാണ് ഇവരുടെ കലാസംസ്കാരിക രംഗത്തെ പരിഭോഷിപ്പിക്കുന്നതിനു ഒരു സംസ്കാരിക നിലയം പണിയുന്നതിനു പഞ്ചായത്തു 27000/രൂപ അനുവദിച്ചിട്ടുണ്ട്. ടി.വി. വാങ്ങിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് ഇതോടനുബന്ധിച്ചു ഒരു വായനശാലയും പ്രവർത്തിപിപക്കേണ്ടതായുണ്ട്. ഇവിടെ മുഴുവൻ വീടുകളും സ്വജന്യമായി വൈദ്യുതികരീക്കുന്നതിനും, വീടുകൾക്ക് മെയിൻറനൻസ് പണികൾ നടത്തുന്നതിനും ഗ്രാൻറു കൊടുക്കേണ്ടതായുണ്ട്. കോളനിയിൽ മതപരമായി ഉന്നത നിലവാരം പുലർത്തുന്ന പെയ്കയിൽ ശ്രീ: കുമാരൻ ഗുരം ദേവൻറ നാമദേയത്തിൽ ഒരു ആരാധനാലയവും പ്രവർത്തിക്കുന്നുണ്ട്. (പി.ആർ.ഡി. എസ്.) പ്രത്യക്ഷ രക്ഷാ ദൈവ സഭാ എന്ന് അറിയപ്പെടുന്നു. മുൻ പഞ്ചായത്തു വൈ: പ്രസിഡൻറ് ശ്രീ. എൻ. ജി. ചെല്ലപ്പൻ, മെമ്പർ, ശ്രീ തമ്പി ചന്ദ്രദാസ് എന്നിവർ ഈ കോളനി നിവാസികളാണ് മുഖ്യമായും കുടിവെള്ളക്ഷാമം പരിഹരിക്കുകയും, റോഡിൻറെ ബാക്കി ഭാഗം ടാറിംഗ് പണി നടത്തുകയും ചെയ്യണം. കോളനിയിൽ ഒരു കമ്മറ്റി പ്രവർത്തിക്കുന്നുണ്ട് ഒരു അംഗൻ വാടിയും, വനിതകൾക്കായി സഹകരണ സംഘവും സ്ഥാപിക്കണം.

നെടുമാവ് പുതിയ കോളനി (ഐ. എച്ച് ഡി.പി.)

ഈ പഞ്ചായത്തിലെ 7-ാം വാർഡിലെ പനംമ്പുന്ന തോട്ടുപുറമ്പോക്കിൽ താമസിച്ചിരുന്ന 42 കുടുംബങ്ങളെയായിരുന്നു ഇവിടെ 4 സെൻറു സ്ഥലം വീതം കൊടുത്തു താമസിപ്പിച്ചിട്ടുള്ളത്. 18 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ് മിക്ക കുടംബങ്ങൾക്കും വീടുവെയ്ക്കുന്നതിന് ഗ്രാൻറ് അനുവദിച്ചിട്ടുണ്ട് ഈ തുക കൊണ്ട് പണികൾ പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നു. കുടിവെള്ളം ഒരു മുഖ്യപ്രശ്നമാമ് ഇവിടെ പൈപ്പിലൂടെ വെള്ളം എത്തിക്കുന്നതിനും, വീടുകൾ വൈദ്യുതികരിക്കുന്നതിനും ധനസഹായം ചെയ്യുന്നുതായുണ്ട്. കോളനി റോഡ് സഞ്ചാരയോഗ്യമാക്കി തീർക്കണം. കോളനിയിലെ മുഴുവൻ വീടും വൈദ്യൂകരിക്കുന്നതിനും, സാംസ്കാരിക നിലയം, വായനശാല ടി.വി. മുതലായവ പ്രവർത്തിപ്പിക്കുന്നതിനും ഗ്രാൻറ് കൊക്കേണ്ടത് വളരെ അടിയന്തിരമായി അംഗൻവാടിയും ബാലവാടിയും സ്ഥാപിക്കണം.

17 മൈൽ പട്ടിജാതി കോളനി

ഇവിടെ 20 കുടുംബങ്ങളാണു താമസിക്കുന്നത്. എല്ലാവർക്കും വീടുകൾ ഉണ്ടെങ്കിലും ഇതിലെ ഇപ്പോഴുള്ള നില വളരെ പരിതാപകരമാണ് മിക്ക വീടുകൾക്കും മെയിൻറൻസ് ചെയ്യുന്നതിനും ഗ്രാൻറ് അനുവദിച്ചു കൊടുക്കുകയും കുടിവെള്ളം കൂടുതലായി എത്തുന്നതിനു വേണ്ട ക്രമീകരണം ചെയ്യുക. കോളനിയിലെ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ഉതകുന്ന ഒരു സ്ഥാപനം നിർമ്മിച്ചുകൊടുക്കുകയും കൊളനിയിൽ സാംസ്കാരിക നിലയം വായനശാല, ടി.വി. മുതലായവ ഉണ്ടാക്കുന്നതിനും സഹായം അനുവദിക്കണം. കോളനിയിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനു സഹായം അനുവദിക്കണം. ഒരു ആഗൻവാടിയും ബാലവാടിയും സ്ഥാപിക്കണം.

അംഗീകൃത കോളനികളുടെ ലിസ്റ്റ്.

വാർഡ്		ആകെകുടുംബങ്ങൾ	പുരുഷൻ	സ്ത്രീ
1	കാഞ്ഞിരപാറ പട്ടികജാതി സെറ്റിൽമെൻറ് കോളനി	35	60	70
2	നെടുമാവ് പുതിയ കോളനി ഐ. എച്ച് ഡി. പി.	18	30	42
3	17-ാം മൈൽ പട്ടിക ജാതി കോളനി	20	35	45

'' പട്ടികജാതി വർഗ്ഗ കുടുംബങ്ങളിൽ ഭൂരിഭാഗവും കോളനികൾക്ക് പുറത്താണ് താമസിക്കുന്നത്.

*

വിഭവസമാഹരണം

നാട്ടിൽ നടക്കുന്ന വികസന പ്രക്രിയകളെ ആശ്രയിച്ചിരിക്കും നാടിന്റെ പുരോഗതി. നമുക്ക് ലഭിക്കുന്ന വിഭവങ്ങൾ പരിമിതമാണ്. ആ വിഭവങ്ങൾ പരമാവധി സമാഹരിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് വിനിയോഗിച്ചെങ്കിൽ മാത്രമേ ആസൂത്രണം അർത്ഥവത്താകൂ. വിഭവം എന്ന വാക്കിന് പണം എന്ന അർത്ഥം മാത്രമല്ല, വിശാലമായ അർത്ഥത്തിൽ മനുഷ്യവിഭവവും വസ്തുക്കളും അവയിൽ ഉൾക്കൊള്ളും. ഇവയുടെ ഫലപ്രദമായ സമാഹരണത്തിലൂടെയും കൃത്യമായ വിനിയോഗത്തിലൂടെയും നമ്മുടെ പഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ നമുക്കു നിറവേറ്റണം. ഇന്നത്തെ നമ്മുടെ സാഹചര്യം പരിശോധിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിനു സമാഹരിക്കാവുന്ന പ്രധാന ഇനങ്ങൾ ഉപാധിരഹിത ഫണ്ട് ഒൻപതാം പദ്ധതി വിഹിതം, സ്വന്ത ഫണ്ട് സന്നദ്ധ സേവനം എന്നിവയാണ്. ഇതിനായി പഞ്ചായത്തിന്റെ ഇന്നത്തെ ധനസ്ഥിതി വിശകലനം ചെയ്യേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിന്റെ 1995-96 സാമ്പത്തിക വർഷത്തെ മൊത്തം വരവ് 3049501 (മുപ്പതു ലക്ഷത്തി നാൽപത്തി ഒമ്പതിനായിരത്തി അഞ്ഞൂറ്റി ഒന്നുരൂപാ)ഓപ്പണിംഗ് ബാലൻസ് 1063976 രൂ. 94 പൈസ ആണ് കെട്ടിട നികുതി ഇനത്തിൽ സമാഹരിക്കേണ്ട തുക 302240 രൂപയാണ്. പിരിഞ്ഞു കിട്ടിയത് 257034 രൂപയാണ്. പഞ്ചായത്തിന് കെട്ടിട നികുതി ഇനത്തിൽ പിരിഞ്ഞു കിട്ടേണ്ട തുക കൃത്യമായി കിട്ടിയിട്ടില്ല.

അടുത്ത പ്രധാന വരുമാനമാർഗ്ഗം തൊഴിൽ നികുതി ആണ്. 1995-96ൽ കുടിശിക ഉൾപ്പെടെ 381534 രൂപ ലഭിക്കേണ്ടിയിരുന്നപ്പോൾ പിരിഞ്ഞു കിട്ടിയതാകട്ടെ 178914 രൂപാ മാത്രം. പഞ്ചായത്തിന്റെ വരുമാനം സംബന്ധിച്ച വിവരങ്ങൾ പട്ടിക 1-ൽ കാണുക. ഈ പട്ടിക സൂക്ഷ്മമായി പരിശോധിച്ചാൽ ലഭിക്കേണ്ട തുകയും പിരിഞ്ഞുകിട്ടിയ തുകയും തമ്മിലുള്ള അന്തരം ആശങ്കാജനകംതന്നെയാണ്. കെട്ടിട നികുതി നിശ്ചയിക്കുന്ന കാര്യത്തിൽ നിഷ്പക്ഷവും നീതിയുക്തവുമായ മാർഗ്ഗം അവലംബിക്കുകയും ചിലവേറിയ വീടുകൾക്ക് നികുതി വർദ്ധനവ് ഉണ്ടാവുകയും വേണം.

സ്ഥിരവരുമാനം ലഭിക്കുന്ന ജോലിക്കാരിൽ നിന്നും ഈടാക്കുന്ന ഒരിനം എന്ന രീതിയിലാണ് തൊഴിൽ നികുതി സൂചിപ്പിച്ചിരിക്കുന്നത്. തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കാൻ പഞ്ചായത്ത് അധികൃതർക്ക് കഴിഞ്ഞില്ല എന്നത് ഖേദകരമാണ്. സ്ഥിരവരുമാനമുള്ള തൊഴിലാളികളെക്കൂടി തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ട കാര്യം കൂടി പരിഗണിക്കേണ്ടതാണ്.

ലൈസൻസ് ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക പരിമിതമാണ്. കൃത്യമായി കണക്കെടുപ്പും പുനരേകീകരണവും സുതാര്യതയും ഇക്കാര്യത്തിൽ ഉണ്ടാവണം.

വിനോദനികുതിയുടെ നിർണ്ണയവും സമാഹരണവും എല്ലാം കൃത്യതയോട് നടപ്പാക്കണം.

പഞ്ചായത്തിന്റെ 95-96 ലെ ചിലവിനങ്ങൾ പട്ടിക 2-ൽ കൊടുത്തിരിക്കുന്നു. പട്ടിക ഒന്നുമായി താരതമ്യപ്പെടുത്തുമ്പോൾ മനസ്സിലാകുന്ന ഒരു വസ്തുത വരവിനേക്കാൾ ചിലവ് അധികരിച്ചിരിക്കുന്നു എന്നു കാണാം. ചിലവിന്റെ കാര്യത്തിൽ ഒന്നാം സ്ഥാനം ഭരണച്ചിലവുതന്നെ. പൊതുമരാമത്തു വിഭാഗത്തിൽ ചിലവായ തുകയുടെ വലുപ്പം കുറക്കുന്നതിന് സന്നദ്ധ സേവനം പൊതുജന സംഭാവനയും സമാഹരിക്കാൻ ശ്രദ്ധിച്ചിരുന്നു എങ്കിൽ സാധിക്കുമായിരുന്നു. ആ രീതിയിലുള്ള വിഭവസമാഹരണ മേഖല പ്രയോജനപ്പെടുത്തിയിരുന്നില്ല. പൊതുജനാരോഗ്യം, ജലവിതരണം, വിദ്യാഭ്യാസം എന്നീ മേഖലയിൽ നാമമാത്ര ചിലവുകളേ ഉണ്ടായിട്ടുള്ളു എന്ന് പട്ടികയിൽ നിന്നും മനസ്സിലാക്കാം. പഞ്ചായത്തിലെ താഴ്ന്ന വരുമാനക്കാരുടെ ഉന്നമനം ലാക്കാക്കി ഈ രംഗങ്ങളിൽ ഫലപ്രദമായി പഞ്ചായത്ത് ഇടപെടണം.

ഗ്രാന്റ് വിഭാഗത്തിൽ 95-96-ൽ പഞ്ചായത്തിനു ലഭിച്ച വിഹിതം പട്ടിക 3-ൽ കാണിച്ചിരിക്കുന്നു. ജെ.ആർ. വൈ. പദ്ധതിയിൽ ലഭിച്ച പണവും അതിന്റെ വിനി

യോഗവും പട്ടിക 4-ൽ കാണിച്ചിരിക്കുന്നു. പട്ടിക 5-ൽ ലേല വരുമാനമായി ലഭിച്ച തുകയും മറ്റു വകുപ്പുകളിൽ നിന്നു ലഭിച്ച തുക പട്ടിക 6-ലും സ്ഥാവര വസ്തുക്കളുടെ വിവരം പട്ടിക 7-ലും രേഖപ്പെടുത്തിയിരിക്കുന്നു. പുറമ്പോക്കു ഭൂമി, അതിലെ വൃക്ഷങ്ങൾ എന്നിവയെ സംബന്ധിച്ച് യാതൊരു പരാമർശവും ഉണ്ടായിട്ടില്ല.

പ്രശ്നങ്ങൾ

ജനകീയാസൂത്രണത്തിന്റെ പ്രധാന വരുമാനശ്രോതസ്സായ മനുഷ്യ വിഭവത്തിന്റെ സന്നദ്ധ സേവനം, പൊതുജനങ്ങളുടെ സംഭാവന പഞ്ചായത്തിനുലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ എന്നിവ സമാഹരിക്കുന്ന വിഭവമായി കരുതുകയോ പരാമർശിക്കുകയോ ചെയ്തിട്ടില്ല. നികുതികളുടെ ശാസ്ത്രീയമായ പുനരേകീകരണമോ പൂർണമായ ഈടാക്കലോ നടന്നിട്ടില്ല. വരുമാനമുള്ള ചില വിഭവങ്ങളേയും കച്ചവടസ്ഥാപനങ്ങളേയും നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. വാഹനങ്ങൾക്കുള്ള പാർക്കിംഗ് സ്റ്റാൻഡ് വരുമാനമാർഗ്ഗമായി കാണാൻ കഴിഞ്ഞിട്ടില്ല. വിദേശ ജോലിക്കാരുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള ശ്രമവും കാണുന്നില്ല.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ജനകീയ ആസൂത്രണത്തിന്റെ കേന്ദ്രബിന്ദുവായി മനുഷ്യവിഭവത്തെകണക്കാക്കി എല്ലാ വികസനപ്രവർത്തനത്തിലും ഉപയോഗിച്ചാൽ പദ്ധതിയുടെ ചിലവിന്റെ സുതാര്യത ജനങ്ങൾക്കു മനസ്സിലാവും.
2. ജനനന്മക്കായുള്ള പ്രവർത്തനങ്ങൾക്ക് സംഭാവന നൽകാൻ സാധിക്കുന്ന വ്യക്തികളെയും സംഘടനകളെയും പഞ്ചായത്തു സമിതി കണ്ടെത്തുകയും അത്തരം ആളുകളുടെ സഹകരണവും ഭാഗഭാഗിത്വവും ഉറപ്പാക്കുകയും ചെയ്യണം.
3. ലഭിക്കേണ്ട നികുതി പൂർണ്ണമായും സമാഹരിക്കണം.
4. കെട്ടിട നികുതി നിരക്കുകൾ ശാസ്ത്രീയമായി പരിഹരിക്കണം.
5. എല്ലാ കച്ചവടസ്ഥാപനത്തെയും നികുതിയുടെ പരിധിയിൽ കൊണ്ടുവരിക.
6. കർഷകരിൽ നിന്നും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുക.
7. കൂടുതൽ ഭൂമി കൈവശമുള്ളവരിൽ നിന്നും പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ച് കൂടുതൽ നികുതി ഈടാക്കുക.
8. പഞ്ചായത്തിലെ പുറമ്പോക്കു ഭൂമി കണ്ടെത്തി അവിടെയുള്ള വൃക്ഷങ്ങൾക്ക് പഞ്ചായത്തു ഉടമസ്ഥാവകാശം ഉറപ്പുവരുത്തുക.
9. പഞ്ചായത്തിന്റെ സ്ഥാവരജംഗമവസ്തുക്കൾ സംരക്ഷിക്കുന്നതിലും അവ നഷ്ടപ്പെടാതിരിക്കുന്നതിലും ശുഷ്കാന്തി കാണിക്കണം.
10. വാഹനങ്ങൾക്ക് പാർക്കിംഗ് സ്റ്റാൻഡ് പണികഴിപ്പിച്ചു നൽകി നികുതി പിരിക്കണം.
11. നികുതി വെട്ടിപ്പ് കർശനമായി തടയണം.
12. പഞ്ചായത്തിന്റെ ചിലവുകൾ സുതാര്യമാക്കുക.
13. പഞ്ചായത്തുതല ബസ് സ്റ്റാൻഡ് നിർമ്മിച്ച് അതിൽ കൂടി കയറി ഇറങ്ങിപ്പോകുന്ന വാഹനങ്ങളിൽ നിന്നും നികുതി ഈടാക്കുക.
14. പഞ്ചായത്തിന്റെ പുറമ്പോക്ക് തടികൾ ലേലം ചെയ്ത് വിൽക്കുന്നതിന് തടസ്സമായി നിൽക്കുന്ന നിലവിലുള്ള നിയമങ്ങൾക്ക് ഇളവു വരുത്തണം.

ഉപസംഹാരം

ഈ വികസനരേഖ ജനകീയ ആസൂത്രണത്തിന്റെ അവസാന വാക്കല്ല. കൂട്ടായ്മയുടെയും സഹകരണത്തിന്റെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ നമ്മുടെ പദ്ധതികൾ ആവിഷ്കരിക്കണം. ജനപങ്കാളിത്തം എല്ലാ പ്രവർത്തനങ്ങളിലും ഉറപ്പു വരുത്തണം. ഇടുങ്ങിയ കക്ഷിരാഷ്ട്രീയ ചിന്തകൾക്ക് അതീതമായി പ്രവർത്തിനിരതരായ ജനസമൂഹമാണ് നമുക്കു ആവശ്യം. വികസനം എന്ന വാക്കിൽ കോൺക്രീറ്റുറോഡുകളും ടാർറോഡുകളും മാത്രമല്ല എന്നബോധവും ജനങ്ങൾക്ക് ഉണ്ടാവണം. നമ്മുടെ പ്രശ്നങ്ങൾ കൂട്ടായി ചിന്തിച്ച് പരിഹാരം കാണുന്നതിനും നാടിന്റെ വികസനം ഉറപ്പാക്കുന്നതിനും ഈ വികസന രേഖ ഉപയുക്തമാകട്ടെ എന്ന പ്രത്യാശയോടെ വാഴൂർ പഞ്ചായത്ത് ഈ വികസന രേഖ പൊതുജനങ്ങൾക്കു സമർപ്പിക്കുന്നു.

കെട്ടിടനികുതി	382055.10	336850.55
സർവ്വീസ് ടാക്സ്	121526.55	107686.45
തൊഴിൽ നികുതി	381534.00	178914.00
വിനോദനികുതി		6245.88
അധികവിനോദനികുതി		3274.52
കാഴ്ചനികുതി		1252.00
കാഴ്ചനികുതിയിന്മേലുള്ള സർച്ചാർജ്		313.00
ലൈസൻസ് ഫീസ്		7156.00
ലൈബ്രറി സെസ്സ്		13436.50
വസ്തു കൈമാറ്റ നികുതി 75%		159542.00
വസ്തു കൈമാറ്റ നികുതി 25%		55670.00
ഡപ്പോസിറ്റ്		27620.00
മറ്റു പലവക വരുമാനം		358959.61
ബെയിട്ട് ഗ്രാൻറ്		48121.00
എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ്		11521.00
വി.ആർ.എം. ഗ്രാൻറ്		31806.00
വി.ടി.സി. ഗ്രാൻറ്		140753.00
അൺടൈഡ് ഫണ്ട്		279030.00
ലൈബ്രറി ഗ്രാൻറ്		1710.00
ആകെ		1985524.11
0.13		1063976.94
		3049501.05

പൊതുമരാമത്ത്	331813.00
വിദ്യാഭ്യാസം	30487.80
ജല വിതരണം	1850.00
പൊതുജനാരോഗ്യം	59315.00
തെരുവുവിളക്കുകൾ	100093.00
തെരുവു വിളക്കു പുതിയതു സ്ഥാപിക്കാൻ	118162.00
അൺടൈഡു ഫണ്ട് (ജനറൽ)	302402.00
എസ്.സി./എസ്.ടി.	168868.00
മറ്റു പലവക	370972.00
ആകെ	2047271.60

അടിസ്ഥാന നികുതി

V.R.M. Rs.	V.T.C. Rs.	25% Rs.	75% Rs.	J.R.Y. Rs.	Untied Fund Rs.	Total Rs.
31806	140753	55670	207663	211300	279030	906222

ലേലവരുമാനം

1995-96

ചന്ത സ്റ്റാൾ മരങ്ങൾ	ഫല വൃക്ഷങ്ങൾ	ഷോപ്പിംഗ് കോംപ്ലക്സ്	ആകെ
237228/-	600/-	73601	74201

1995-96 ജെ.ആർ.വൈ.യിൽ ലഭിച്ച തുകയും വിനിയോഗവും

ലഭിച്ച തുക 211300
(രണ്ടു ലക്ഷത്തി പതിനോരായിരത്തി മുന്നൂറു രൂപ)

വിനിയോഗം

1. ജനറൽ വിഭാഗം	- 141600
2. എസ്.സി./എസ്.ടി. വിഭാഗം	- 69700
ആകെ	211300/-

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

തുക

വകുപ്പ്	പദ്ധതിവിഹിതം	പദ്ധതിയേതര വിഹിതം	ആകെ
മൃഗസംരക്ഷണം	1879	-	1879
ആരോഗ്യം	59,760	-	59,760
കൃഷി	2,39,265	-	2,39.285
പി.ഡബ്ലിയു.ഡി.	3,53,571	-	3,53,571
ഹരിജനക്ഷേമം	8000	510	8000
മറ്റുള്ളവ	5100	-	5100
ആകെ			6,67,575

സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ

വകവിവരം	വില്ലേജ്	വിസ്തീർണം
പഞ്ചായത്ത് കെട്ടിടം ഇരിക്കുന്ന സ്ഥലം	വാഴൂർ	65 സെ.
മിനിസ്റ്റേഡിയം ചാമംപതാൽ	വാഴൂർ	45 സെ.
പുളിക്കൽ കവല ബസ്സ്റ്റാൻറ്	വാഴൂർ	40 സെ.
പി.എച്ച്. സെൻറർ പണിയുന്നതിന് എടുത്തിരിക്കുന്ന സ്ഥലം	വാഴൂർ	1 ഏക്കർ
വെറ്റിനറി ആശുപത്രി	വാഴൂർ	72 സെൻറ്
ആയുർവേദ ആശുപത്രി	വാഴൂർ	25 സെൻറ്
പി.എച്ച് . സബ് സെൻറർ എളങ്ങോയി	വാഴൂർ	5 സെൻറ്
കാപ്പ് കാട്	വാഴൂർ	5 സെൻറ്



വാഴൂർ ഗ്രാമപഞ്ചായത്ത് വികസന രേഖ